

# ജനകീയാസൂത്രണം



## തൃക്കരുവ ഗ്രാമപഞ്ചായത്ത്



# സമഗ്ര വികസനരേഖ



"....ഐശ്വര്യപൂർണ്ണമായ ജീവിതം എന്റെ നാട്ടിലെ എന്റെ സഹോദരങ്ങൾക്ക് ഉണ്ടാകുന്നതിനായുള്ള സമരത്തിൽ അവരോടൊത്ത് കഴിഞ്ഞകാലത്ത് ഞാൻ നിന്നു; ഇനിയുള്ള കാലത്തും അവരോടൊത്ത് കൂടുതൽ കരുത്തോടെ മുന്നണിപടയാളിയാകുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ സമരത്തിൽ വൃദ്ധനായ ഞാൻ കാലിടറിവീണെന്നു വരും-ലക്ഷ്യത്തിൽ എത്താൻ എനിക്കു കഴിഞ്ഞില്ലെന്നു വരും. പക്ഷേ എന്റെ സഖാക്കൾ എന്റെ മാർഗ്ഗത്തിൽ കൂടുതൽ ആവേശത്തോടെ മുന്നേറുകയും ലക്ഷ്യത്തിൽ എത്തുകയും ചെയ്യും.
ഭാരതത്തിൽ ദരിദ്രരുടേയും, ഭാരം ചുമക്കുന്നവരുടേയും, കഷ്ടപ്പെടുന്ന എല്ലാ ഇടത്തരക്കാരന്റേയും വസന്തകാലം വിരിയുക തന്നെ ചെയ്യും. ഈ വസന്തത്തിന്റെ പിറവി കാണാൻ അതിയായി ആഗ്രഹിക്കുന്ന എനിക്ക് അതു കഴിഞ്ഞില്ലെങ്കിലും ദുഃഖമുണ്ടാകില്ല. കാരണം എന്റെ സഖാക്കൾക്ക് അതു കാണാൻ കഴിയും; അതു നിശ്ചയമാണ്."

–എ.കെ.ജി.

# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി
# തൃക്കരുവാ ഗ്രാമപഞ്ചായത്ത്

അധികാരം ജനങ്ങളിലേക്ക്

# വികസന സെമിനാർ
# സമഗ്രവികസന രേഖ

## റിപ്പോർട്ട് സമാഹരണം

സർവ്വശ്രീ : കെ. രാധാകൃഷ്ണൻ
ജി.കെ. ഗിരീശചന്ദ്രൻ നായർ
എസ്. ജമാലുദ്ദീൻ
പി.കെ. ജയരാജ്
കെ.കെ. രാജേന്ദ്രൻ
എൻ. സി. പിള്ള
പി. അരവിന്ദാക്ഷൻപിള്ള
റ്റി.ഡി. സദാശിവൻ
വിശ്വനാഥൻ പിള്ള
ജോർജ്ജ് വെൻസർ

# തൃക്കരുവാ ഗ്രാമപഞ്ചായത്ത് ഭരണസമിതി



**കെ. ചന്ദ്രശേഖരൻപിള്ള**
പ്രസിഡന്റ്
(വാർഡ് – 3)



**പി. ആർ. അനിൽകുമാർ**
വൈസ് പ്രസിഡന്റ്
(വാർഡ് – 5)



**പി.കെ. പൊന്നമ്മ**
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ
(വാർഡ് – 8)



**വി. രമാദേവി**
മെമ്പർ
(വാർഡ് – 1)



**സി. സരസ്വതിയമ്മ**
മെമ്പർ
(വാർഡ് – 2)



**എം.കെ. രാമചന്ദ്രൻപിള്ള**
മെമ്പർ
(വാർഡ് – 4)



**റസീന അസീം**
മെമ്പർ
(വാർഡ് – 6)



**കെ. വാസു**
മെമ്പർ
(വാർഡ് – 7)



**വി. രാമചന്ദ്രൻ**
മെമ്പർ
(വാർഡ് – 9)



**കെ. ബാബുദാസ്**
മെമ്പർ
(വാർഡ് – 10)



**ആർ. കെ. നാരായണ പിള്ള**
ജില്ലാ പഞ്ചായത്ത് മെമ്പർ



**അഷ്ടമുടി രവികുമാർ**
അഞ്ചാലുംമൂട് ബ്ലോക്ക് പഞ്ചായത്ത്
വൈസ് പ്രസിഡന്റ്



**എസ്. ലീന**
അഞ്ചാലുംമൂട് ബ്ലോക്ക് പഞ്ചായത്ത്
മെമ്പർ

# റിസോഴ്സ് പേഴ്സൺസ്

പി. ഏലിയാസ് (S.R.P)

കെ. രാധാകൃഷ്ണൻ (D.R.P)

ജി. കെ. ഗിരീശചന്ദ്രൻ നായർ (D.R.P)

എസ്. ജമാലുദ്ദീൻ (D.R.P)

പി.കെ. ജയരാജ് (D.R.P)

പി.കെ. പൊന്നമ്മ (D.R.P)

വി. രാമചന്ദ്രൻ (D.R.P)

കെ. ചന്ദ്രശേഖരൻപിള്ള (D.R.P)

| | ഉള്ളടക്കം | പേജ് |
|---|---|---|
| 1 | ആമുഖം | 7 |
| 2 | തൃക്കരുവാ ഗ്രാമ പഞ്ചായത്ത് - പൊതുവിവരണം | 9 |
| 3 | തൃക്കരുവാ പഞ്ചായത്തിന്റെ സാമൂഹിക - സാംസ്കാരിക ചരിത്രം | 11 |
| 4 | ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം | 15 |
| 5 | സാമൂഹിക - സാമ്പത്തിക മേഖലകൾ | |
| 5.1 | കൃഷിയും ജലസേചനവും | 21 |
| 5.2. | മൃഗസംരക്ഷണവും മത്സ്യബന്ധനവും | 32 |
| 5.3 | വ്യവസായം, ടൂറിസം | 39 |
| 5.4 | വിദ്യാഭ്യാസം | 45 |
| 5.5 | പൊതുജനാരോഗ്യവും കുടിവെള്ളവും | 53 |
| 5.6 | ഗതാഗതം, ഊർജ്ജം, മാർക്കറ്റ് | 59 |
| 5.7 | പാർപ്പിടവും സാമൂഹ്യക്ഷേമവും | 67 |
| 5.8 | സംസ്കാരം | 78 |
| 5.9 | വനിതാക്ഷേമം | 83 |
| 5.10 | സഹകരണം | 85 |
| 5.11 | പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം | 90 |
| 5.12 | വിഭവസമാഹരണം | 93 |
| 6 | ഉപസംഹാരം | 98 |




## കൊല്ലംജില്ല



# 1 ആമുഖം

കേന്ദ്രീകൃതമായ ആസൂത്രണമാണ് സ്വതന്ത്ര ഇന്ത്യയിൽ കഴിഞ്ഞ എട്ടു പഞ്ചവത്സരപദ്ധതികളിലും നടന്നുവന്നിരുന്നത്. അതുകൊണ്ടുതന്നെ ഈ പദ്ധതികളൊന്നും ജനകീയ ആവശ്യത്തിന് അനുസൃതമോ, പ്രദേശത്തിന്റെ ഭൂമിശാസ്ത്രത്തിന് അനുയോജ്യമോ ആയിരുന്നില്ല. പ്രദേശത്തിന്റെ പ്രത്യേകതകളോ, പ്രകൃതി വിഭവങ്ങളുടെ ലഭ്യതയോ, അവയുടെ വിനിമയസാദ്ധ്യതകളോ കണക്കിലെടുക്കാതെയായിരുന്നു മുൻകാലങ്ങളിൽ പദ്ധതിക്കു രൂപം നൽകിയിരുന്നത്. ഇതിൻെറ പരിണതഫലമായുണ്ടായ ഉല്പാദന മേഖലയിലെ മുരടിപ്പ്, കാർഷികമേഖലയിലെ തളർച്ച, വൈദ്യുതിക്ഷാമം, ചെറുകിട വ്യവസായങ്ങളുടെ ശോചനീയാവസ്ഥ, തൊഴിലില്ലായ്മ, വർദ്ധിക്കുന്ന ദാരിദ്ര്യം തുടങ്ങിയ പ്രശ്നങ്ങൾപരിഹരിക്കുന്നതിന് ആസൂത്രണ പ്രക്രിയയിൽ അടിമുടി ഒരഴിച്ചുപണി കൂടിയേതീരൂ എന്ന കണ്ടെത്തലാണ് ജനകീയ ആസൂത്രണപദ്ധതി നടപ്പിലാക്കാൻ കേരള സർക്കാരിനെ പ്രേരിപ്പിച്ചത്.

കഴിഞ്ഞ ചിങ്ങമാസം 1-ാം തീയതി (17-8-96) 9-ാം പഞ്ചവത്സരപദ്ധതി ജനകീയപദ്ധതിയായി പ്രഖ്യാപിച്ചുകൊണ്ട് സംസ്കാര കേരളത്തിൻെറ പ്രഥമ മുഖ്യമന്ത്രി ശ്രീ. ഇ. എം. എസ്., ഇപ്പോഴത്തെ മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാർ, മുൻ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവുമായ ശ്രീ. എ.കെ. ആൻറണി എന്നിവർ ചേർന്നു ഭദ്രദീപം തെളിച്ചതോടെയാണ് ഈ മഹൽസംരംഭം സമാരംഭിച്ചത്. ഇതു വികസന ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. അധികാരത്തോടൊപ്പം സമ്പത്തും (40% പദ്ധതി വിഹിതം) പഞ്ചായത്തുകൾക്കു നൽകുന്നതിനാൽ ജനതാല്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയുമെന്ന സ്ഥിതിവിശേഷമുണ്ടായിരിക്കുന്നു. പഞ്ചായത്തുകൾക്കുള്ള സർക്കാർ വിഹിതം (40%), കേരള സർക്കാരിൻെറ 60%ൽ പെട്ട ചില സ്കീമുകൾ, കേന്ദ്ര സർക്കാർ ഫണ്ട്, ബാഹ്യവികസന ഏജൻസികളിൽ നിന്ന് സന്നദ്ധ സംഘങ്ങൾ വഴി ലഭിക്കുന്ന വികസന ഫണ്ടുകൾ, നികുതി വരുമാനം, പണമായും വിഭവങ്ങളായും അദ്ധ്വാനമായും ലഭിക്കാവുന്ന ജനകീയ സംഭാവനകൾ തുടങ്ങി വികസന പ്രക്രിയയെ ത്വരിതപ്പെടുത്തുന്ന സ്രോതസ്സുകൾ പലതാണ്. നാട് ഇന്ന് അഭിമുഖീകരിക്കുന്ന വികസന പ്രതിസന്ധിക്ക് പൂർണ്ണമല്ലെങ്കിൽക്കൂടി ഭാഗികവും തൃപ്തികരവുമായ പരിഹാരം കാണാൻ ഈ പുത്തൻ ആസൂത്രണതന്ത്രത്തിനുകഴിയും. ബഹുജന പങ്കാളിത്തം സജീവവും ഫലപ്രദവുമാകുമ്പോൾ, നിലവിലുള്ള സ്കീമുകളുടെയും ഏറ്റെടുക്കാൻ പോകുന്ന പ്രവൃത്തികളുടെയും നടത്തിപ്പ് കാര്യക്ഷമവും സമയബന്ധിതവും, തൃപ്തികരവുമായി നിറവേറ്റപ്പെടുന്നതോടൊപ്പം, ഇന്നത്തെ ഏറ്റവും വലിയ സാമൂഹിക വിപത്തായിത്തീർന്നിട്ടുള്ള അഴിമതിയുടെ വേരുകൾ പലതുമറുത്തെറിയുവാനും കഴിയും.

ആസൂത്രണ ചുമതല നിർവ്വഹിക്കുന്നതിന് തൃക്കരുവാ ഗ്രാമ പഞ്ചായത്തിനെ പ്രാപ്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കു 1996 സെപ്തംബർ 14-ന് തുടക്കമായി. വ്യത്യസ്ത മേഖലകളിൽ പ്രാഗൽഭ്യമുള്ള, തെരഞ്ഞെടുക്കപ്പെട്ട 125 ഓളം പേരെ പങ്കെടുപ്പിച്ചുകൊണ്ട് അന്ന് പ്രാക്കുളം എൻ. എസ്സ്. എസ്സ്. എച്ച്. എസിൽ വച്ചു ഒരു ഏകദിന ശില്പശാല നടക്കുകയുണ്ടായി. ജനകീയ ആസൂത്രണ പദ്ധതിയെക്കുറിച്ച് ജനങ്ങളിൽ അവബോധമുണ്ടാക്കുന്ന പ്രവർത്തനങ്ങൾക്ക് ഗ്രാമതല റിസോഴ്സ് പേഴ്സൺസിനെ പരിശീലിപ്പിക്കുകയുണ്ടായി.

തുടർന്ന് 21-9-96 മുതൽ 2-10-96 വരെയുള്ള ദിവസങ്ങളിൽ പഞ്ചായത്തിലെ പത്തു വാർഡുകളിലും ഗ്രാമസഭകൾ വിളിച്ചു ചേർത്തു. എല്ലാ ഗ്രാമസഭകളിലും ആവേശപൂർണ്ണമായ ജനപങ്കാളിത്തവും സജീവമായ ചർച്ചകളുമുണ്ടായി. വ്യത്യസ്ത മേഖലകളിലെ വികസനപ്രവർത്തനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ നിന്നുമുണ്ടായി.

ഗ്രാമസഭകളിലെ ഗ്രൂപ്പുചർച്ചകളിൽ നിന്നുരുത്തിരിഞ്ഞ ആശയങ്ങളുടെ അടിസ്ഥാനത്തിൽ റിപ്പോർട്ടുകൾ തയ്യാറാക്കി. വികസനരേഖ തയ്യാറാക്കുന്നതിൻെറ മുന്നോടിയായി സ്ഥിതിവിവര ശേഖരണത്തിനായി 8-10-96 ന് കോർ ഗ്രൂപ്പുകൾക്കു രൂപം

നൽകി. തുടർന്നു പഠനപര്യടനം നടത്തുകയും വിഭവഭൂപടങ്ങൾ നിർമ്മിക്കുകയും ചെയ്തു.

ജനകീയാസൂത്രണ പരിപാടിയുടെ രണ്ടാംഘട്ടത്തിൻെറ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ലോക്കൽ റിസോഴ്സ് പേഴ്സൺസ്, അധ്യാപകർ, സാങ്കേതിക വിദഗ്ദ്ധർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് 17–11–96 –ന് രണ്ടാമത് ശില്പശാല നടന്നു. "വികസന റിപ്പോർട്ട് തയ്യാറാക്കുന്നതെങ്ങിനെ" എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ക്ളാസ്സുകൾ, ചർച്ച, വീഡിയോ കാസറ്റ് പ്രദർശനം എന്നിവ ശില്പശാലയിലെ മുഖ്യ ഇനങ്ങളായിരുന്നു. വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി പഞ്ചായത്തിനു വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ മേധാവികളെയും, മറ്റു വിദഗ്ദ്ധരെയും വിളിച്ചുചേർത്തു പരിപാടികൾ ചർച്ച ചെയ്യുകയുണ്ടായി.

ചുരുങ്ങിയ സമയം കൊണ്ട് വേണ്ടത്ര മുന്നൊരുക്കങ്ങളില്ലാതെ, ആസൂത്രണ വികേന്ദ്രീ കരണത്തിനായൊരുങ്ങുമ്പോൾ ഇതിൻെറ യാഥാർത്ഥ്യബോധത്തെക്കുറിച്ചു ആശങ്കപ്പെട്ടിരുന്നവർ നിരവധിയുണ്ട്. എന്നാൽ വമ്പിച്ച ജനപങ്കാളിത്തത്തോടുകൂടി ജനകീയാസൂത്രണ പരിപാടിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ വിജയകരമായി പൂർത്തിയാക്കുമ്പോൾ അത്തരം ആശങ്കകളൊക്കെ അസ്ഥാനത്താകുകയാണ്.

ജനകീയാസൂത്രണ പ്രസ്ഥാനം കേരളത്തിലെ രാഷ്ട്രീയപ്രക്രിയയിൽ ഗുണപരമായ സ്വാധീനം ഇതിനകം തന്നെ ഉണ്ടാക്കിയിരിക്കുന്നു. കക്ഷി രാഷ്ട്രീയം വികസന മേഖലകളിലേക്കും സാമൂഹ്യജീവിതത്തിന്റെ എല്ലാതലങ്ങളിലേക്കും വ്യാപിക്കുകയും തന്മൂലം ഒരുമയോടെ ചെയ്തു തീർക്കേണ്ട കാര്യങ്ങളാകെ സ്തംഭിക്കുകയും ചെയ്തതാണ് കേരളത്തിനു സംഭവിച്ച അപചയത്തിനു കാരണമെന്ന തിരിച്ചറിവുണ്ടാക്കുവാൻ ജനകീയാസൂത്രണപ്രസ്ഥാനത്തിനു കഴിഞ്ഞിരിക്കുന്നു. രാഷ്ട്രീയ മേഖലയിൽ ഏറ്റുമുട്ടലുകൾ നിലനിൽക്കുമ്പോൾത്തന്നെ, വികസനാദിമേഖലകളിൽ ജനകീയ ഐക്യം സാദ്ധ്യമാണെന്നും, നാടിൻെറ പുരോഗതിക്ക് അത്തരം സമീപനം അത്യന്താപേക്ഷിതമാണെന്നുമുള്ള തിരിച്ചറിവോടെ നടക്കുന്ന പ്രവർത്തനങ്ങൾ തീർച്ചയായും ശോഭനമായൊരു നാളെയിലേക്കുള്ള പ്രയാണത്തിന് ആക്കംകൂട്ടുക തന്നെ ചെയ്യും.

ഇന്നലെവരെ ഒഴുക്കിനൊപ്പം ഒഴുകുകയും ആട്ടിത്തെളിക്കപ്പെടുന്ന വഴികളിലൂടെ നടക്കുകയും മാത്രം ചെയ്തിരുന്ന നാം ഇനി സ്വന്തം കരുത്തിലുള്ള ആത്മവിശ്വാസം നേടി, നമ്മുടെ ലക്ഷ്യങ്ങളും വഴികളും സ്വയം നിശ്ചയിച്ചുകൊണ്ട് മുന്നേറുകയാണ്. പൂർവ്വസൂരികളുടെ പാരമ്പര്യപ്രവർത്തനങ്ങളിൽനിന്നും പ്രചോദനവും ഊർജ്ജവും ഉൾക്കൊണ്ടുകൊണ്ട്, ജനകീയ സഹകരണത്തിന്റെയും, സമന്വയത്തിന്റെയും, സൗഹൃദത്തിന്റെയും ശക്തിയോടെ ചരിത്രബോധത്തിലൂന്നി നിന്നുകൊണ്ട് നമ്മുടെ കൊച്ചുഗ്രാമത്തിന്റെ വർത്തമാനകാല പ്രതിസന്ധികളെ ഒന്നായി നേരിടാനുള്ള അവസരം ആഹ്ലാദാതിരേകത്തോടെ ഏറ്റെടുക്കുമെന്ന് നമുക്കു പ്രതിജ്ഞ ചെയ്യാം. പ്രതീക്ഷാനിർഭരവും പ്രകാശപൂരിതവുമായ നാളെ നമ്മുടേതുതന്നെയാണ്.

> എന്റെ ഏറ്റവും പുതിയ കവിത എന്റെ രാജ്യമാണ്
>
> – *ദാർവിഷ്*

# 2

# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | തൃക്കരുവാ ഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | : | തൃക്കരുവ |
| ബ്ലോക്ക് പഞ്ചായത്ത് | : | അഞ്ചാലുംമൂട് |
| താലൂക്ക് | : | കൊല്ലം |
| അസംബ്ലിമണ്ഡലം | : | കുണ്ടറ |
| പാർലമെന്റ് മണ്ഡലം | : | കൊല്ലം |
| ജില്ല | : | കൊല്ലം |
| വിസ്തീർണ്ണം | : | 18.33 ച. കി. മീ. |
| അതിരുകൾ | : | വടക്ക്, പടിഞ്ഞാറ്, തെക്ക് – അഷ്ടമുടിക്കായൽ<br>കിഴക്ക് – പെരിനാട് പഞ്ചായത്ത് |
| ജനസംഖ്യ | : | 25,891 |
| പുരുഷന്മാർ | : | 12,848 |
| സ്ത്രീകൾ | : | 13,043 |
| ജനസാന്ദ്രത | : | 1412.49 |
| അക്ഷരാഭ്യാസമുള്ളവർ | : | 91% |
| പ്രസിഡൻറിന്റെ പേര് | : | കെ. ചന്ദ്രശേഖരൻപിള്ള |
| വൈസ് പ്രസിഡന്റിന്റെ പേര് | : | പി. ആർ. അനിൽകുമാർ |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | : | പി.കെ. പൊന്നമ്മ |


N
അഷ്ടമുടികായൽ
Po
പഞ്ചായത്തതിര്
റോഡ്
പഞ്ചായത്താഫീസ്
വാർഡതിര്
CESS. Tvm

# 3

# തൃക്കരുവാ പഞ്ചായത്തിന്റെ സാമൂഹിക - സാംസ്കാരിക ചരിത്രം.

മൂന്നുവശവും പ്രകൃതിസൗന്ദര്യം അലയടിച്ചുയരുന്ന അഷ്ടമുടിക്കായലും, കായലിൻെറ വിരിമാറിലൂടെ ഒഴുകിവരുന്ന കുളിർകാറ്റിൽ നൃത്തം ചവിട്ടുന്ന കല്പവൃക്ഷങ്ങളും വയലേലകളുംകൊണ്ട് ധന്യമായ ഒരു ഗ്രാമപ്രദേശമാണ് തൃക്കരുവാ. കൊല്ലം ജില്ലയിലെ അഞ്ചാലുംമൂട് ബ്ലോക്കിൽപ്പെട്ട ഈ ഗ്രാമപഞ്ചായത്തിൽ അഷ്ടമുടി, വടക്കേക്കര, നടുവിലച്ചേരി, ഇഞ്ചവിള, ഞാറയ്ക്കൽ, തെക്കേച്ചേരി VI, VII വാർഡുകൾ, പ്രാക്കുളം VIII, IX, X വാർഡുകൾ എന്നിങ്ങനെ പത്തു വാർഡുകളാണുള്ളത്. 1991 ലെ കാനേഷുമാരി കണക്കനുസരിച്ച് 18.33 ചതുരശ്രകിലോമീറ്റർ വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യ 25,891 ആണ്.

ഐതിഹ്യങ്ങളും ചരിത്രസത്യങ്ങളും പരസ്പരം കെട്ടുപിണഞ്ഞുകിടക്കുന്ന ഒരു സാംസ്കാരിക ചരിത്രമാണ് നമുക്കുള്ളത്. ചിരപുരാതനമായ ഭാരതസംസ്കാരത്തിൻെറയും, എ. ഡി. ഒന്നാം നൂറ്റാണ്ടുമുതൽ പതിനഞ്ചാം നൂറ്റാണ്ടുവരെ കേരളത്തിലെ മലഞ്ചരക്കുകൾ വാങ്ങാൻവേണ്ടി അഷ്ടമുടിക്കായലിൽ നങ്കൂരമടിച്ചിരുന്ന ഗ്രീക്കുകാർ, റോമാക്കാർ, അറബികൾ, ചൈനാക്കാർ തുടങ്ങിയ വിദേശീയരുടെ സാംസ്കാരിക പാരമ്പര്യങ്ങളുടെയും അന്തർധാര കളോടു കൂടിയ ഒരു സമ്മിശ്ര സംസ്കാരമാണ് നമ്മുടേത് എന്നു പറയാം. അഷ്ടമുടിക്കായലിൻെറതീരത്ത് ഇന്ന് സർവ്വസാധാരണമായി കാണുന്ന ചീനവലകൾ ഇതിന്റെ ഒരു പ്രത്യക്ഷോദാഹരണമാണ്.

എ.ഡി. ഒന്നാം നൂറ്റാണ്ടുമുതൽ 13–ാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടത്തിലെ കൊല്ലം തുറമുഖം നീണ്ടകരയും, അതിൻെറ പ്രാന്തപ്രദേശങ്ങളായ പ്രാക്കുളം, അഷ്ടമുടി, കല്ലട എന്നീ പ്രദേശങ്ങളുമായിരുന്നുവെന്നതിന് ചരിത്രരേഖകളുണ്ട്. എ.ഡി. 851–ൽ കേരളം സന്ദർശിച്ച സുലൈമാൻ എന്ന അറബിസഞ്ചാരി, അഷ്ടമുടിക്കായലിൽ ധാരാളം ചൈനീസ് കപ്പലുകൾ നങ്കൂരമിട്ടുകിടക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. അബുൽഫെഡ എന്ന സഞ്ചാരി (1273 – 1331) പറയുന്നത് കുരുമുളകു രാജ്യത്തിൻെറ അങ്ങേയറ്റത്താണ് കൊല്ലമെന്നാണ്. കടലിൽ നിന്ന് ഉള്ളിലേക്ക് കയറിക്കിടക്കുന്നതും, സമതലമായ മണൽപ്രദേശത്തുള്ള തോപ്പുകളാൽ അലംകൃതവുമായ തുറമുഖമാണ് കൊല്ലമെന്നും അദ്ദേഹം പറയുന്നു. 'കൊല്ലത്തിൻെറ ചരിത്രം' എന്ന ഗ്രന്ഥത്തിൽ ഗ്രന്ഥകാരൻ ഭാസ്കരനുണ്ണിയുടെ പരാമർശം ഇങ്ങനെയാണ് "അഷ്ടമുടിക്കായലിൻെറ തീരത്ത് തൃക്കരുവാ വില്ലേജിന്റെ തെക്കുപടിഞ്ഞാറുഭാഗത്തുള്ള മുനമ്പിൻെറ പേര് 'ചാമ്പ്രാണിക്കോടി'യെന്നാണ്. ചൈനാക്കാരുടെ ചെറിയ ചമ്പ്രാണിക്കപ്പലുകൾ അടുത്തിരുന്നതുകൊണ്ടായിരിക്കണമല്ലോ ചാമ്പ്രാണിക്കോടിക്ക് ആ പേരുണ്ടായത്. തൃക്കരുവാ ഭദ്രകാളീക്ഷേത്രത്തിൻെറ ഉടമകളായിരുന്ന കുറ്റിയഴികത്തു കുടുംബക്കാർ പട്ടു നിർമ്മാണ വ്യവസായം നടത്തിയിരുന്നതായും, പട്ടുവസ്ത്രങ്ങൾ കയറ്റിയയച്ചിരുന്നതായും പറയപ്പെടുന്നു. കൂടുതൽ ഗവേഷണ വിധേയമാകേണ്ട ഒരു വിഷയമാണിത്.

നമ്മുടെ പഞ്ചായത്തിന്റെ സാംസ്കാരിക ചരിത്രം അതിപുരാതനമാണ്. പുരാണപ്രസിദ്ധമായ ദക്ഷയാഗ കഥയുമായി ബന്ധപ്പെട്ട പല ഐതിഹ്യങ്ങളുടെയും മൂടുപടമണിഞ്ഞുനിൽക്കുന്ന തൃക്കരുവാ ഭദ്രകാളീക്ഷേത്രവും അഷ്ടമുടി വീരഭദ്രസ്വാമി ക്ഷേത്രവും നമ്മുടെ സാംസ്കാരിക ചരിത്രത്തിലെ പല വൃദ്ധിക്ഷയങ്ങൾക്കും മൂകസാക്ഷികളാണ്. സാമുദായികമായ ഉച്ചനീചത്വങ്ങൾകൊണ്ടും, ക്രൂരമായ ജാത്യാചാരങ്ങളുടെ ഊരാക്കുടുക്കിൽപ്പെട്ടും നാരകീയജീവിതം നയിച്ചിരുന്ന ജനലക്ഷങ്ങളുടെ ദുരിതഭാരം ലഘൂകരിച്ച്, അവരെ മനുഷ്യരായി അംഗീകരിച്ചത് കേരളത്തിൻെറ നവോത്ഥാന നായകന്മാരായ ശ്രീനാരായണ ഗുരുവും, ചട്ടമ്പിസ്വാമികളും, അയ്യൻകാളിയുമാണ്. അവർ ഒരുമിച്ചും

ഒറ്റയ്ക്കും ഈ പഞ്ചായത്തിൻെറ പലഭാഗങ്ങളിലും പലവട്ടം സഞ്ചരിച്ച് ഉപദേശാനുഗ്രഹങ്ങൾ നൽകി. അധഃസ്ഥിതരെ ഉദ്ധരിച്ചിട്ടുണ്ട്. തൃക്കരുവാ ഭദ്രകാളീ ക്ഷേത്രത്തിലും അഷ്ടമുടി വീരഭദ്ര സ്വാമിക്ഷേത്ര ത്തിലും തലമുറകളായി 'കുരുതി' എന്ന പേരിൽ അറിയപ്പെട്ടിരുന്ന അത്യന്തം ക്രൂരമായ ജന്തുബലി എന്ന ദുരാചാരം അവസാനിപ്പിച്ചത് ഗുരുദേവ നാണ് (1893). നമ്മുടെ സാംസ്കാരിക പുരോഗതി യിലെ ഏറ്റവും ശ്രദ്ധേയമായ ഒരു നാഴികക്കല്ലാ യിരുന്നു ഈ മഹാസംഭവം.

മാർത്താണ്ഡവർമ്മയുടെ അജ്ഞാതവാസക്കാ ലത്ത് അഷ്ടമുടിക്കായലിൽ തോണിമുങ്ങി നീന്തി ക്കയറിയ യുവരാജാവിന് അഭയം നൽകിയത് പ്രാക്കുളം വലിയമഠം കുടുംബമാണ്.

തൃക്കരുവായുടെ സാംസ്കാരിക ചരിത്രത്തിൽ ത്യാഗോജ്ജ്വലമായ ഒരദ്ധ്യായമാണ് നമ്മുടെ ദേശീയപ്രസ്ഥാനവും സ്വാതന്ത്ര്യസമരവും നമുക്ക് സംഭാവന ചെയ്തിട്ടുള്ളത്. നമ്മുടെ സ്വാതന്ത്ര്യസമര ചരിത്രത്തിലെ ത്യാഗോജ്ജ്വലരും ധീരദേശാഭിമാനി കളുമായ നേതാക്കളാണ് കോട്ടൂർ വടക്കതിൽ പി.കെ. പത്മനാഭപിള്ള, കേരളാ പ്രദേശ് കോൺ ഗ്രസ്സ് കമ്മിറ്റി പ്രസിഡന്റായിരുന്ന ശ്രീ. കുമ്പളത്തു ശങ്കുപ്പിള്ള, അഡ്വക്കേറ്റ് വെള്ളാശ്ശേരിൽ പത്മനാഭ പിള്ള (കടയ്ക്കൽ ലഹളക്കേസിൽ പ്രതികളായിരു ന്നവർക്കു വേണ്ടി വാദിച്ചു), ഏ.പി. പിള്ള, കാഞ്ഞാവിൽ റ്റി. ബാലകൃഷ്ണപിള്ള എന്നിവർ. നിവർത്തന പ്രക്ഷോഭണം, മദ്യവർജ്ജന പ്രക്ഷോ ഭണം തുടങ്ങിയ ഐതിഹാസിക സമരങ്ങളിൽ പങ്കെടുത്ത ഫ്രാൻസിസ് ആറാഡൻ, പ്രാക്കുളം കുമാരൻ, സ്ഥാണുദേവൻ, കിടങ്ങിൽ ചെല്ലപ്പൻ തുടങ്ങിയ എത്രയോ പേരുകളാണ് നമുക്ക് അഭി മാനപൂർവ്വം സ്മരിക്കാൻ കഴിയുക. 'ക്വിറ്റ് ഇന്ത്യാ' പ്രക്ഷോഭണകാലത്ത് (1942) തൃക്കരുവാ ക്ഷേത്ര മൈതാനത്തുവച്ച് അഡ്വക്കേറ്റ് എം.ജി. കോശിയുടെ അദ്ധ്യക്ഷതയിൽ നടന്ന മഹാസമ്മേളനവും, പ്രസംഗമദ്ധ്യെ അദ്ദേഹത്തെ പോലീസ് അറസ്റ്റു ചെയ്തപ്പോൾ നമ്മുടെ നാട്ടുകാർ കാട്ടിയ ധീരതയും അച്ചടക്കവും നമ്മുടെ സാംസ്കാരിക ചരിത്രത്തിലെ ഒരു മഹനീയാദ്ധ്യായമാണ്.

പല ചരിത്ര സംഭവങ്ങൾക്കും സാക്ഷ്യംവഹിച്ച പഞ്ചായത്താണു നമ്മുടേത്. 1924 ലെ ചരിത്ര പ്രസിദ്ധമായ വൈക്കം സത്യാഗ്രഹത്തിൽ ഈ പഞ്ചായത്തിൽ നിന്നും പലരും പങ്കെടുത്തിട്ടുണ്ട് എന്നത് നമുക്ക് അഭിമാനകരമാണ്.

അയിത്തത്തിനെതിരെ നടന്ന ഐതിഹാസിക മായ 'പെരിനാട് ലഹള'യിൽ (കല്ലുമാല സമരം) നമ്മുടെ ഗ്രാമത്തിന്റെ സജീവ പങ്കാളിത്തമുണ്ടാ യിരുന്നു. മന്നത്തിൻെറ നേതൃത്വത്തിൽ മഹാറാണി ക്കു മെമ്മോറിയൽ സമർപ്പിക്കുവാൻ നിയുക്തമായ 12 അംഗ ഡപ്യൂട്ടേഷനിലെ ഒരംഗമായിരുന്നു പ്രാക്കുളം പരമേശ്വരൻപിള്ള എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

പെരിനാട് പ്രദേശത്ത് ആദ്യമായി ഒരു തൊഴിലാളി സംഘടന രജിസ്റ്റർ ചെയ്ത് പ്രവർ ത്തനം ആരംഭിച്ചത് തൃക്കരുവായിലാണ്. 1114 കുംഭം 1-ാംതീയതി (1939) കോട്ടൂർ വടക്കതിൽ എ. രാഘവൻപിള്ള, തെക്കതിൽ ശ്രീധരൻ, തോട്ടുവയലിൽ ഗോപാലപിള്ള, പി.കെ. കുഞ്ഞൻ, പനമ്പിലാവി മൈതീൻകുഞ്ഞ് എന്നിവർ നേതൃത്വം കൊടുത്തുകൊണ്ട് രൂപീകരിച്ച 'ആൾ പെരിനാട് ലേബറേഴ്സ് അസോസിയേഷൻ' കയർതൊഴി ലാളികൾക്കും കർഷകത്തൊഴിലാളികൾക്കും ആവേശം പകർന്ന ട്രേഡ് യൂണിയനാണ്.

1947 കാലഘട്ടത്തിലാണ് നമ്മുടെ പഞ്ചായ ത്തിൽ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ പ്രവർത്തനം ആരംഭിക്കുന്നത്. കമ്മ്യൂണിസ്റ്റുപാർട്ടി നേതാക്ക ളായ ശ്രീ. എം. എൻ. ഗോവിന്ദൻ നായർ, ശ്രീ. ടി.വി. തോമസ്, ശ്രീ. സി. എസ്. ഗോപാലപിള്ള, ശ്രീ. ജെ. ചിത്തരഞ്ജൻ, ശ്രീ തോപ്പിൽഭാസി തുടങ്ങിയവർ പ്രസ്ഥാനം കെട്ടിപ്പെടുക്കുന്നതിനു വേണ്ടി നമ്മുടെ പ്രദേശത്ത് ഒളിവിലിരുന്ന് പ്രവർ ത്തിച്ചിട്ടുണ്ട്. ശ്രീ. ടി. സ്ഥാണുദേവൻ, ശ്രീ. എൻ. രാമാനുജപ്പണിക്കർ, ശ്രീ. ആലപ്പാട്ടു വിൻസെന്റ്, ശ്രീ. വി.കെ. കേശവൻ എന്നിവർ ആദ്യകാല കമ്മ്യൂണിസ്റ്റ് പ്രവർത്തകരാണ്.

ഇന്ത്യൻ നാഷണൽ കോൺഗ്രസിൻെറ ആദ്യ കാല പ്രവർത്തനങ്ങൾക്കു നമ്മുടെ പഞ്ചായത്തിൽ നേതൃത്വം കൊടുത്തവരായിരുന്നു ശ്രീ പലകശ്ശേരി രാഘവൻ വക്കീൽ (പിന്നീട് ഡി.സി.സി. പ്രസിഡൻറും കൊല്ലം നഗരസഭയുടെ ചെയർമാനു മായി), ശ്രീ ചേക്കോട്ട് അലിക്കുഞ്ഞ്, ശ്രീ പുന്തല രാഘവൻ പിള്ള, ശ്രീ പ്രാക്കുളം കുഞ്ഞുരാമൻ, ശ്രീ കല്ലുമ്മൂട്ടിൽ മാധവൻപിള്ള, ശ്രീ പി. കുഞ്ഞു രാമൻ തുണ്ടുവയലിൽ തുടങ്ങിയവർ.

കേരളത്തിലെ തൊഴിലാളിവർഗ്ഗസമരചരിത്ര ത്തിലെ സമുജ്ജ്വലമായ ഒരു അദ്ധ്യായമാണ് 1952-ലെ 'പ്രാക്കുളം സമരം' കൂലിവർദ്ധനവിനു

വേണ്ടി കയർമേഖലയിൽ നടത്തിയ ആദ്യത്തെ സമരമാണിത്. ശ്രീ. കെ. വി. ദേവ്, ശ്രീ. ടി.കെ. രാഘവൻ, ശ്രീ. പി.കെ. കുഞ്ഞൻ, ശ്രീ. കെ. ഗോവിന്ദൻ, ശ്രീ. എം.ജി. ധനപാലൻ, ശ്രീ. ആലപ്പാട്ട് വിൻസെൻറ് എന്നിവർ ഈ സമരത്തിൽ പങ്കെടുത്തവരിൽ പ്രമുഖരാണ്. തൊഴിലുടമകളുടെ മേൽക്കോയ്മ ഒരു പരിധിവരെ ഇല്ലാതാക്കാൻ ഈ സമരം സഹായിച്ചു.

നാടിൻെറ പുരോഗതിക്ക് ശ്രീ. പ്രാക്കുളം പരമേശ്വരൻപിള്ളയും, ശ്രീ. തോട്ടുവയലിൽ ഗോപാലപിള്ളയും ചെയ്ത സേവനങ്ങൾ അതുല്യമാണ്. കാഞ്ഞാവെളിയിൽ നിന്ന് പ്രാക്കുളത്തേക്കുള്ള റോഡ് നിർമ്മിക്കാൻ കഴിഞ്ഞത് ശ്രീ. പ്രാക്കുളം പരമേശ്വരൻപിള്ള (തോട്ടുവയലിൽ) യുടെ മേധാശക്തി ഒന്നുകൊണ്ടു മാത്രമായിരുന്നു. പ്രാക്കുളം എൻ. എസ്സ്. എസ്സ്. ഹൈസ്ക്കൂളിന്റെ സ്ഥാപകനും ഇദ്ദേഹം തന്നെയാണ്.

സാഹിത്യ കലാരംഗങ്ങളിൽ തൃക്കരുവായുടെ പൈതൃകം പ്രത്യേകം സ്മരണീയമാണ്. സാഹിത്യചരിത്രത്തിൽ സ്ഥാനം പിടിച്ച മൂന്നു അതികായന്മാരാണ് നമുക്കുള്ളത്. കരുവാ കൃഷ്ണനാശാൻ, സരസകവി കണിയാങ്കട, തിരുനല്ലൂർ കരുണാകരൻ എന്നിവരാണ് അവർ. ഏറത്തു കൃഷ്ണനാശാൻ എന്ന അപരനാമത്തിൽ അറിയപ്പെട്ടിരുന്ന ആശാൻ സാഹിത്യസംബന്ധമായും ആയുർവേദപരമായും ചില ഗ്രന്ഥങ്ങൾ രചിക്കുകയും ശാകുന്തളത്തിന് ഒരു പരിഭാഷ രചിക്കുകയും ചെയ്തിട്ടുണ്ട്. ഒരു തികഞ്ഞ സംസ്കൃതപണ്ഡിതനും, വാഗ്മിയും, പത്രപ്രവർത്തകനുമായ കൃഷ്ണനാശാൻ ചട്ടമ്പിസ്വാമികളുടേയും ശ്രീനാരായണഗുരുവിൻേറയും വത്സലശിഷ്യനായിരുന്നു. അദ്ദേഹം കുപ്പണ തെക്കേ കിഴക്കതിൽ വീട്ടിൽ സ്ഥാപിച്ചിരുന്ന അച്ചുകൂടത്തിൽ നിന്ന് എ.ഡി. 1898 ൽ പ്രസിദ്ധീകരിച്ചിരുന്ന 'വിദ്യാവിലാസിനി' എന്ന മാസിക കേരളത്തിലെ സാഹിത്യനായകന്മാരുടെ വിഹാരരംഗമായിരുന്നുവെന്നു പറയാം.

സരസകവി കണിയാങ്കടയ്ക്ക് 'സരസകവിപ്പട്ടം' നൽകിയത് മഹാകവി വള്ളത്തോളാണ്. 'ചാരിത്രവിജയം' എന്നപേരിൽ ഒരു മഹാകാവ്യവും ഒരു ഡസനോളം ഖണ്ഡകാവ്യങ്ങളും എഴുതിയിട്ടുള്ള കണിയാങ്കട കവിത്രയങ്ങളുമായും മുണ്ടശ്ശേരി മാസ്റ്ററുമായും കത്തിടപാടുകളിലൂടെയും മറ്റും സൗഹൃദബന്ധം നിലനിർത്തിയിരുന്നു.

വയലാർ അവാർഡുജേതാവുകൂടിയായ പ്രസിദ്ധ കവി തിരുനല്ലൂർ കരുണാകരൻ നമ്മുടെ ഗ്രാമത്തിന്റെ അഭിമാനഭാജനമാണ്. അദ്ദേഹത്തിന്റെ കവിതകളുടെ സമാഹാരം 1994 –ൽ സാഹിത്യപ്രവർത്തക സഹകരണ സംഘം പ്രസിദ്ധീകരിച്ചിട്ടുണ്ട്. തൃക്കരുവായുടെ മണ്ണിന്റെ മണം പരത്തുന്ന 'റാണി' എന്ന തിരുനല്ലൂരിൻെറ ലഘുകാവ്യം തൃക്കരുവായുടെ പ്രശസ്തിപതാകയാണ്.

പ്രശസ്ത ആയുർവേദാചാര്യനും സ്വർണ്ണമെഡൽ ജേതാവുമായ ശ്രീ കുഞ്ഞിരാമൻ വൈദ്യരുടെ ജന്മനാട് കൂടിയാണ് തൃക്കരുവ.

ചരിത്രഗവേഷണ രംഗത്ത് സ്വന്തം വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള ഒരു ചരിത്രഗവേഷകനാണ് റിട്ടയേർഡ് ഹെഡ്മാസ്റ്റർ പെരിനാട് രാഘവൻ പിള്ള. അദ്ദേഹത്തിന്റ 'ഉണ്ണുനീലി സന്ദേശ വ്യാഖ്യാനം' ഗവേഷണവിദ്യാർത്ഥികൾക്കു വിലപ്പെട്ട സംഭാവനയാണ്.

ജനനംകൊണ്ട് അഷ്ടമുടി സ്വദേശിയല്ലെങ്കിലും, ദീർഘനാൾ ഇവിടെ താമസിച്ച് കലാസാംസ്കാരികരാഷ്ട്രീയ മണ്ഡലങ്ങളിൽ വ്യക്തിമുദ്രപതിപ്പിച്ച ഡോ. പി.കെ. സുകുമാരൻ എക്സ് എം. എൽ. എ. വീരഭദ്രക്ഷേത്ര മൈതാനത്ത് സായാഹ്നസമ്മേളനങ്ങളിൽ രാഷ്ട്രീയ – സാഹിത്യ ചർച്ചകൾക്കു നേതൃത്വം നൽകിയിരുന്നു. ഈ സദസ്സുകളിൽ സജീവ പങ്കാളിയായിരുന്ന അഷ്ടമുടി സ്വദേശികൂടിയായ വി.പി. രാമകൃഷ്ണപിള്ള ഇപ്പോൾ ഇരവിപുരം മണ്ഡലത്തെ പ്രതിനിധാനം ചെയ്യുന്ന എം.എൽ.എ. ആണ്.

തൃക്കരുവ, തൃക്കടവൂർ, പെരിനാട് പഞ്ചായത്തുകളെ കൊല്ലം നഗരവുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള തേവള്ളി പാലം പ്രാക്കുളം ഭാസി എം. എൽ. എ. ആയിരുന്നകാലത്ത് അദ്ദേഹത്തിന്റെ ആത്മാർത്ഥമായ പരിശ്രമംകൊണ്ട് നമുക്കു ലഭിച്ചിട്ടുള്ളതാണ്.

ഇന്ത്യൻ പാർലമെന്റിലെ സൂര്യതേജസ്സായ എം. എ. ബേബി എം. പി. നമ്മുടെ പഞ്ചായത്തിൻെറ പൊന്നോമനപ്പുത്രനാണെന്ന് അഭിമാനത്തോടെ സ്മരിക്കാവുന്നതാണ്.

ആതുര – വിദ്യാഭ്യാസ മേഖലകളിൽ നിസ്തുല സംഭാവന നൽകിയ കൊല്ലം ലത്തീൻ കത്തോലി

ക്കാ രൂപതയുടെ മെത്രാനായിരുന്ന റൈറ്റ്. റവ. ഡോ. ജറോം എം. ഫെർണാണ്ടസ് തിരുമേനി പ്രാഥമിക വിദ്യാഭ്യാസം നേടിയത് അഷ്ടമുടി എൽ. പി. സ്ക്കൂളിൽ നിന്നായിരുന്നു.

കേരളത്തിലെ ഒരു പ്രമുഖ ക്യസ്തീയസഭയായ യാക്കോബായ ഓർത്തഡോക്സ് സഭയുടെ ഇപ്പോഴത്തെ പരമാദ്ധ്യക്ഷൻ (കാതോലിക്കാ ബാവ) വടക്കേക്കര പുത്തൻവീട്ടിൽ മാർ ബസേലിയോസ് മാർതോമാ മാത്യൂസ് ദ്വിതീയൻ പ്രാക്കുളം എൻ. എസ്സ്. എസ്സ്. ഹൈസ്ക്കൂളിലെ പൂർവ്വ വിദ്യാർത്ഥിയാണ്. മറ്റൊരു പ്രമുഖ ക്യസ്തീയസഭയായ മാർതോമാസഭയുടെ മലബാർ കുന്നംകുളം ഭദ്രാസനാധിപൻ അഷ്ടമുടി ചെക്കാലയിൽ ക്യാപ്ടൻ ഡോക്ടർ കെ. ജെ. ചാക്കോയുടെ പുത്രൻ ഗീവർഗ്ഗീസ് മാർ തിയഡോഷ്യസ് എപ്പിസ്കോപ്പയാണ്.

സ്പോർട്സ് രംഗത്ത് പ്രശസ്തനായ ഒളിമ്പിയൻ രഘുനാഥൻ തൃക്കരുവായുടെ അഭിമാനമാണ്.

എതിരാളി അജയ്യനാണെന്നറിഞ്ഞിട്ടും വെല്ലുവിളി സ്വീകരിച്ച് നാടിൻെറ മാനംകാത്ത കോയാക്കുട്ടി ഫയൽവാൻ തൃക്കരുവാ യുടെ ധീരപുത്രനാണ്. 1954 കാലഘട്ടത്തിൽ പ്രാക്കുളം എൻ. എസ്. എസ് എച്ച്. എസിലെ വനിതാചാമ്പ്യനായത് ശ്രീമതി പി.കെ. പൊന്നമ്മയാണ്. (ഇപ്പോഴത്തെ ഗ്രാമപഞ്ചായത്ത് സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ).

നമ്മുടെ പഞ്ചായത്തുൾക്കൊള്ളുന്ന കൊല്ലം പാർലമെന്റ് മണ്ഡലത്തിനെ പ്രതിനിധീകരിക്കുന്നത് ശ്രീ. എൻ. കെ. പ്രേമചന്ദ്രനും, കുണ്ടറ അസംബ്ലിമണ്ഡലത്തെ പ്രതിനിധീകരിക്കുന്നത് ശ്രീമതി ജെ. മേഴ്സിക്കുട്ടിയമ്മയും, ജില്ലാ പഞ്ചായത്ത് പ്രതിനിധി ശ്രീ ആർ. കെ. നാരായണപിള്ളയും, അഞ്ചാലുംമൂട് ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികൾ ശ്രീ. സി. രവികുമാറും, ശ്രീമതി എസ്. ലീനയുമാണ്.

1953 ൽ നിലവിൽ വന്ന പഞ്ചായത്ത് കമ്മിറ്റിയിൽ സർവ്വശ്രീ. കെ. രാഘവൻപിള്ള, വി.കെ. രാമൻപിള്ള, ടി.കെ. നാണുവൈദ്യൻ, ടി.വി. സ്ഥാണുദേവൻ, കെ. പത്മനാഭപിള്ള, എ. ഗോപാലപിള്ള എന്നിവർ അംഗങ്ങളായിരുന്നു. ശ്രീ. തോട്ടുവയലിൽ എ. ഗോപാലപിള്ളയായിരുന്നു പ്രസിഡൻറ്.

1963 – ൽ (1963 – '79) നിലവിൽവന്ന പഞ്ചായത്തു കമ്മിറ്റിയിൽ സർവ്വശ്രീ എൻ. വേലപ്പൻ നായർ, കെ. രാമകൃഷ്ണപിള്ള, ആർ. ഗോപാലപിള്ള, എം. പരമേശ്വരൻപിള്ള, ടി.വി. സ്ഥാണുദേവൻ, എം. എൻ. ഭാസ്കരൻ, എ. ഗോപാലപിള്ള (പ്രസിഡൻറ്), എം. കെ. പുരുഷോത്തമൻ, ടി. എൻ. ശ്രീധരൻ, കെ. മീനാക്ഷി (നോമിനേറ്റഡ്) എന്നിവർ അംഗങ്ങളായിരുന്നു.

1979 – ൽ (1979 – '84) ശ്രീ. എൻ. രാമാനുജപ്പണിക്കർ പ്രസിഡൻറായും ശ്രീ. പി. വേലപ്പൻ പിള്ള വൈസ് പ്രസിഡൻറായും സർവ്വശ്രീ ഏ.ജി. നീലകണ്ഠൻ നായർ, വി. ഓമനക്കുട്ടൻ പിള്ള, എൻ. നാണു, പേലിസ് സെബാസ്റ്റ്യൻ, എം. കെ. രാമചന്ദ്രൻപിള്ള, കെ. രാമകൃഷ്ണപിള്ള, ശ്രീമതി എം. ശ്രീദേവി എന്നിവർ അംഗങ്ങളായും ഉള്ള പഞ്ചായത്ത് ഭരണസമിതി നിലവിൽവന്നു. ഈ സമിതിയുടെ ഭരണകാലത്താണ് ജില്ലയിലെ എറ്റവും നല്ല പഞ്ചായത്തിനുള്ള അവാർഡ് തൃക്കരുവാ പഞ്ചായത്തിനു ലഭിക്കുന്നത്.

1984 മുതൽ 1987 വരെ പഞ്ചായത്ത് അഡ്മിനിസ്ട്രേറ്റർ ഭരണത്തിലായിരുന്നു.

1988 – ൽ ശ്രീ വി. ഓമനക്കുട്ടൻപിള്ള പ്രസിഡന്റായും, ശ്രീ. അർജ്ജുനൻ വൈസ് പ്രസിഡന്റായും, സർവ്വശ്രീ. സി. രവികുമാർ, സി. എം. ബേക്കർ, വർഗ്ഗീസ് ഡാനിയൽ, മുഹമ്മദ്കുഞ്ഞ്, കുമാരൻ, പരമേശ്വരൻപിള്ള, ശ്രീമതി ലീല, ശ്രീമതി സുബൈദാബീവി എന്നിവർ അംഗങ്ങളായും നിലവിൽ വന്ന പഞ്ചായത്തിൻെറ കാലാവധി 1995 – ൽ അവസാനിച്ചു.

1995 ഒക്ടോബർ 4 ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിലേറിയ ശ്രീ. കെ. ചന്ദ്രശേഖരൻപിള്ള പ്രസിഡൻറായുള്ള ഭരണസമിതിയാണ് നിലവിലുള്ളത്. പി.ആർ. അനിൽകുമാർ (വൈസ് പ്രസിഡന്റ്), പി.കെ. പൊന്നമ്മ (സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ), വി. രമാദേവി, സി, സരസ്വതിയമ്മ, എം. കെ. രാമചന്ദ്രൻപിള്ള, റസീന അസിം, കെ. വാസു, വി. രാമചന്ദ്രൻ, എ. ബാബുദാസ് എന്നിവരാണ് അംഗങ്ങൾ.

# 4

# ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

## ഭൂപ്രകൃതി

അഷ്ടമുടിക്കായലിൻെറ തീരത്ത് കൊല്ലം നഗരത്തിന് വടക്കുപടിഞ്ഞാറായി മൂന്നുവശവും കായലിനാൽ ചുറ്റപ്പെട്ട് തൃക്കരുവാ ഗ്രാമപഞ്ചാ യത്ത് സ്ഥിതിചെയ്യുന്നു. പഞ്ചായത്തിൻെറ ഭൂപ്രകൃതി യെയും ജനജീവിതത്തെയും, സംസ്കാരത്തെയും അഷ്ടമുടിക്കായൽ വളരെയേറെ സ്വാധീനിക്കുന്നുണ്ട്. കായൽ പ്രദേശങ്ങളും താഴ്വരകളും തീരസമതലവും ഉയർന്ന പ്രദേശങ്ങളും ചരിവ് ഭാഗങ്ങളും ഉൾപ്പെട്ട താണ് തൃക്കരുവാ ഗ്രാമ പഞ്ചായത്ത്. തെക്കൻ ഇടനാട് മേഖലയിൽ പഞ്ചായത്ത് ഉൾപ്പെടുന്നു.

അക്ഷാംശം 8° 56' നും 8° 58' N ഉം രേഖാംശം 76° 35' ഉം രേഖാംശം 76° 35' നും 76° 37E ക്കും ഇടയിൽ കൊല്ലം ജില്ലയിലെ കൊല്ലം താലൂക്കിൽ പഞ്ചായത്ത് സ്ഥിതിചെയ്യുന്നു.

പഞ്ചായത്തിന്റെ വടക്ക്, തെക്ക്, പടിഞ്ഞാറ് ഭാഗങ്ങളിൽ അഷ്ടമുടി കായലും, കിഴക്ക് പെരിനാട് പഞ്ചായത്തുമായി 18.33 ച. കി. മീറ്ററിൽ തൃക്കരുവാ ഗ്രാമപഞ്ചായത്ത് വ്യാപിച്ചുകിടക്കുന്നു. തൊട്ടടുത്ത പട്ടണമായ കൊല്ലം 10 കിലോമീറ്റർ ദൂരെയാണ്. ഭരണപരമായി പഞ്ചായത്തിനെ 10 വാർഡുകളായി തിരിച്ചിരിക്കുന്നു.

ഭൂപ്രകൃതിയനുസരിച്ച് തൃക്കരുവ ഗ്രാമപഞ്ചാ യത്തിനെ വിവിധ മേഖലകളായി തിരിക്കാം.

1. ഉയർന്ന സമതലം
2. ചരിവ് പ്രദേശങ്ങൾ
3. തീരസമതലം
4. താഴ്വര

ഇവയുടെ വിസ്തൃതി ചുവടെ ചേർക്കുന്നു.

| ഭൂപ്രകൃതി മേഖലകൾ | വിസ്തീർണ്ണം (ഹെക്ടറിൽ) | % |
|---|---|---|
| ഉയർന്ന സമതലം ചരിവ് പ്രദേശങ്ങൾ | 1271 | 69.4% |
| താഴ്വര തീരസമതലം | 562 | 30.6% |
| ആകെ | 1833 | 100% |

*അവലംബം : വിഭവഭൂപടങ്ങൾ,പഠനപര്യടനം (CESS)*

## ഉയർന്ന സമതലങ്ങൾ

താരതമ്യേന ഉയർന്ന ഭൂവിഭാഗമാണ് ഉയർന്ന സമതലങ്ങൾ. കായലിനഭിമുഖമായി ഉയർന്ന സമ തലങ്ങൾ കാണാവുന്നതാണ്. എല്ലാ വാർഡു പ്രദേശങ്ങളിലുമായി ഉയർന്ന സമതലങ്ങൾ വ്യാപി ച്ചുകിടക്കുന്നു. പ്രധാനമായും വെട്ടുകൽ മണ്ണാണ് കാണുന്നത്. ജലലഭ്യത കുറവാണ്. പ്രധാനകൃഷി തെങ്ങുൾപ്പെടെയുള്ള മിശ്രിത വിളകളാണ്.

## ചരിവ് പ്രദേശങ്ങൾ

പഞ്ചായത്തിലെ ചരിവ്പ്രദേശങ്ങളിൽ കുത്ത നെയുള്ള ചരിവ്, മിതമായ ചരിവ്, ചെറുചരിവ് എന്നിങ്ങനെ പലതായി തരംതിരിക്കാം.

## താഴ്വരകൾ

ഉയർന്ന സമതലങ്ങളെയും തീരസമതലങ്ങ ളെയും വേർതിരിക്കുന്ന ഭാഗങ്ങളാണ് താഴ്വരകൾ. ഇവയിൽ തോടുകൾ കാണപ്പെടുന്നുണ്ട്. ആകെ


തൃക്കരുവ പഞ്ചായത്ത്
ഭൂപ്രകൃതി
അഷ്ടമുടി കായൽ
പഞ്ചായത്തതിര്
താഴ്‌വരപ്രദേശങ്ങൾ
നീർമറിരേഖ
ചരിവിന്റെ ദിശ

CESS. Tvm

വിസ്തൃതിയുടെ 30.6% താഴ്‌വര തീരപ്രദേശങ്ങളാണ്. എക്കൽ മണ്ണാണ് പ്രധാന മണ്ണിനം. പാടശേഖരങ്ങൾ താഴ്‌വരകളിലുൾപ്പെടുന്നു. വ്യാപകമായതോതിൽ പാടശേഖരം നികത്തൽ കണ്ടുവരുന്നു. ജലലഭ്യത താരതമ്യേന കൂടുതലാണ്. പ്രധാന വിള തെങ്ങാണ്.

## തീരസമതലം

കായലിനോടുചേർന്ന് 3 ഭാഗത്തായി തീരസമതലം വ്യാപിച്ചുകിടക്കുന്നു. പ്രധാനമായും മണൽ കലർന്ന എക്കൽ മണ്ണാണ് കണ്ടുവരുന്നത്. പ്രധാന കൃഷി തെങ്ങാണ്. തീരസമതലവുമായി ബന്ധപ്പെടുത്തി ധാരാളം കയർവ്യവസായ സ്ഥാപനങ്ങളുണ്ട്. പ്രധാന തൊഴിൽ കയർമേഖലയിലാണ്.

സമുദ്രനിരപ്പിൽ നിന്നുള്ള ഉയരത്തെ അടിസ്ഥാനമാക്കി പഞ്ചായത്തിനെ 20 മീറ്ററിനും താഴെ, 20 മീറ്റർ മുതൽ 40 മീറ്റർ വരെ എന്നിങ്ങനെ രണ്ടായി വേർതിരിക്കാം. മലേരിക്കൽ കുന്ന്, ഇഞ്ചവിള കുന്ന്, എലുമല എന്നിവയാണ് പഞ്ചായത്തിലെ പ്രധാന ഉയർന്ന പ്രദേശങ്ങൾ. ഏറ്റവും ഉയരംകൂടിയ ഭാഗം ഇവാൻമുക്കും സമീപ പ്രദേശങ്ങളുമാണ്.

നിമ്നോന്നതിമേഖലകളുടെ വിസ്തൃതി ചുവടെ ചേർക്കുന്നു.

| നിമ്നോന്നതമേഖലകൾ | വിസ്തീർണ്ണം (ഹെക്ടർ) | % |
|---|---|---|
| 20 മീറ്ററിനുതാഴെ | 1521 | 82.9 |
| 20 – 40 മീറ്ററിന് ഇടയിൽ | 312 | 17.1 |
| ആകെ | 1833 | 100 |

*അവലംബം : വിഭവഭൂപടങ്ങൾ, (CESS റിപ്പോർട്ട്)*

തൃക്കരുവ പഞ്ചായത്തിൻെറ ഭൂരിഭാഗവും വെട്ടുകൽ മണ്ണ്, എക്കൽ മണ്ണ് എന്നിവയിലുൾപ്പെടുന്നു. ഉയർന്ന ഭാഗങ്ങളിലും ചരിവ് പ്രദേശങ്ങളിലും വെട്ടുകൽ മണ്ണ് കാണപ്പെടുന്നു. ചരൽ മണ്ണ്, ചെമ്മണ്ണ് എന്നിവ ഇവയുടെ വകഭേദങ്ങളാണ്. താഴ്‌വരപ്രദേശങ്ങളിലും പാടശേഖരങ്ങളിലുമായി എക്കൽമണ്ണ് വ്യാപിച്ചുകിടക്കുന്നു. തീരപ്രദേശങ്ങളിൽ മണൽകലർന്ന എക്കൽമണ്ണ് കാണപ്പെടുന്നു.

ഉപരിതല മൺതരങ്ങളുടെ ഇനവും വിസ്തൃതിയും താഴെകൊടുക്കുന്നു.

| ഉപരിതല മൺതരങ്ങൾ | വിസ്തീർണ്ണം (ഹെക്ടറിൽ) | % |
|---|---|---|
| വെട്ടുകല്ല് | 1521 | 82.9% |
| എക്കൽമണ്ണ് മണൽ ഉൾപ്പെടെ | 312 | 17.1% |
| ആകെ | 1833 | 100% |

അവലംബം : വിഭവ ഭൂപടങ്ങൾ, പഠനപര്യടനം

തെക്കുപടിഞ്ഞാറൻ വടക്കുകിഴക്കൻ മൺസൂൺ കാലാവസ്ഥയാണ് പഞ്ചായത്തിൽ അനുഭവപ്പെടുന്നത്. വാർഷിക വർഷപാതം 2500 മി. മീറ്റർ ആണ്. ജൂൺ, ജൂലൈ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. മാർച്ച്, മെയ് മാസങ്ങളിലാണ് ഏറ്റവും കുറവ് മഴലഭിക്കുന്നത്. താപനില 14°C മുതൽ 24°C വരെ ലഭിക്കുന്നു.

## ജനപ്രകൃതി

1991-ലെ സെൻസസ് കണക്കുകൾ പ്രകാരം തൃക്കരുവ ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യ 25891 ആണ്. 12848 പുരുഷന്മാരും 13043 സ്ത്രീകളും ഉൾപ്പെടുന്നു. പുരുഷന്മാരെക്കാൾ 195 സ്ത്രീകൾ കൂടുതലാണ്. ജനസാന്ദ്രത ശരാശരി ചതുരശ്ര കി. മീറ്ററിന് 1412 ആണ്. പട്ടികജാതി ജനസംഖ്യ 3701 ഉം പട്ടികവർഗ്ഗ ജനസംഖ്യ 10 ഉം ആണ്. പട്ടികവർഗ്ഗങ്ങളുടെ 2 കുടുംബങ്ങൾ ഇഞ്ചവിള വാർഡിൽ താമസിക്കുന്നുണ്ട്. 5 വയസ്സിനുതാഴെയുള്ള കുട്ടികളുടെ എണ്ണം 1452 ആണ്. പഞ്ചായത്തിലെ സാക്ഷരതാ നിരക്ക് 91.% ആണ്.

## ജലപ്രകൃതി

പഞ്ചായത്തിന്റെ മൂന്നുഭാഗവും കായലിനാൽ ചുറ്റപ്പെട്ടുകിടക്കുന്നു. തോടുകൾ, കുളങ്ങൾ തുടങ്ങിയവയാണ് പഞ്ചായത്തിലെ പ്രധാന ഉപരിതല ജലസ്രോതസ്സുകൾ. 24 കുളങ്ങളും മുളക്കൽ ഏല തോട്, ചെറുകര തോട്, ചിറക്കര തോട്, മുക്കത്തു തോട്, മണപ്പുറത്തു തോട് എന്നീ തോടുകളും


500 മീ
N
പഞ്ചായത്തതിര്
റോഡ്
20 മീറ്ററിനു താഴെ
20 മീറ്ററിനും 40 മീറ്ററിനും ഇടയിൽ
CESS TVM

പഞ്ചായത്തിലുണ്ട്. (വിശദവിവരങ്ങൾക്ക് കൃഷി ജലസേചനം അദ്ധ്യായം കാണുക).

സ്വകാര്യ കിണറുകളും പൊതുകിണറുകളും ഉൾപ്പെടെ പഞ്ചായത്തിലാകെ 1379 കിണറുകളാണുള്ളത്. ഇവയിൽ 8 എണ്ണം പൊതുകിണറു കളാണ്. ആകെ 661 വറ്റുന്ന കിണറുകളും 718 വറ്റാത്ത കിണറുകളും കാണുന്നു.

| ആകെ കിണറുകൾ | സ്വകാര്യ കിണറുകൾ | പൊതു കിണറുകൾ |
|---|---|---|
| 1379 | 1371 | 8 |

| ആകെ കിണറുകൾ | വറ്റുന്നവ | വറ്റാത്തവ |
|---|---|---|
| 1379 | 661 | 718 |

*അവലംബം : വിഭവ ഭൂപടങ്ങൾ*

ജലലഭ്യത ഭൂപ്രകൃതിയുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഉയർന്ന പ്രദേശങ്ങളിലും ചരിവ് പ്രദേശങ്ങളിലും ജല ലഭ്യത താരതമ്യേന കുറ വാണ്.

ജലസമ്പത്തിന്റെ പ്രധാന ആശ്രയം മഴ യാണ്.

നടുവിലച്ചേരി, പ്രാക്കുളം കിഴക്ക്, ഇഞ്ചവിള, അഷ്ടമുടി എന്നീ പ്രദേശങ്ങളിൽ വേനൽക്കാലങ്ങളിൽ ജലക്ഷാമം രൂക്ഷമാണ്.

പാവുവയൽ, കൊന്നമുക്ക്, പ്രാക്കുളം, തോട്ടുവയൽ കിഴക്കുഭാഗം എന്നിവിടങ്ങളിലായി ദീർഘകാലം ജലം കെട്ടിക്കിടക്കുകയും തന്മൂലം കൃഷി ചെയ്യുവാൻ കഴിയാത്ത സാഹചര്യവുമാണുള്ളത്. തോടുകളുടെ നിർമ്മാണത്തിലൂടെ ജലനിർഗമന മാർഗ്ഗങ്ങൾ ഉണ്ടാക്കുകയും കൃഷിഭൂമി സംരക്ഷിക്കേണ്ടതുമാണ്.

കായൽ തീരപ്രദേശങ്ങളിൽ ഉപ്പുവെള്ളം ശുദ്ധജലവുമായി കൂടിക്കലരുന്ന മേഖലകളുണ്ട്.

നിലവിലുള്ള കുളങ്ങളുടെ ആഴവും വീതിയും കൂട്ടൽ, വശങ്ങൾ കെട്ടി സംരക്ഷിക്കൽ എന്നിവയിലൂടെ മഴക്കാലത്ത് ലഭിക്കുന്ന ജലത്തിന്റെ ഭൂരിഭാഗവും സംഭരിക്കുവാനുള്ള പ്രവർത്തനങ്ങൾ, കിണറുകളുടെ ആഴംകൂട്ടൽ, തോടുകളുടെ പുനരുദ്ധാരണവും സംരക്ഷണവും തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ലഭിക്കുന്ന മഴയുടെ ഭൂരിഭാഗവും ഉപയോഗപ്പെടുത്തി ഉപരിതല ജലസ്രോതസ്സുകളുടെ വ്യാപ്തി വർദ്ധിപ്പിക്കാവുന്നതാണ്. ജലസംഭരണികളുടെ പരിപാലനത്തിനാവശ്യമായ പദ്ധതികൾ പ്രാദേശികാടിസ്ഥാനത്തിൽ ആവിഷ്കരിച്ച് ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കാവുന്നതാണ്.

ഉയർന്ന സമതലങ്ങൾ, ചരിവു പ്രദേശങ്ങൾ എന്നിവയെ നീർമറിപ്രദേശങ്ങളുടെ അടിസ്ഥാനത്തിൽ സംരക്ഷിക്കേണ്ടതും, ജലസംരക്ഷണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുമാണ്.

ഇന്ത്യ ഏതാനും നഗരങ്ങളിലല്ല, പ്രത്യുത ഏഴുലക്ഷം ഗ്രാമങ്ങളിലാണ് പടുത്തിയർത്തപ്പെടേണ്ടതെന്ന് ഞാൻ വിശ്വസിക്കുകയും എണ്ണമറ്റ സന്ദർഭങ്ങളിൽ ആവർത്തിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷെ, പട്ടണവാസികളായ നാം ഇന്ത്യ പട്ടണങ്ങളിലാണ് പടുത്തുയർത്തപ്പെടേണ്ടതെന്നും, നമ്മുടെ ആവശ്യങ്ങൾ നിറവേറ്റാൻ വേണ്ടിയാണ് ഗ്രാമീണർ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നും വിശ്വസിച്ചിരിക്കുന്നു. ഭക്ഷിക്കുവാനും, വെയിലിൽ നിന്നും മഴയിൽ നിന്നും രക്ഷപെടുന്നതിനു വേണ്ട വസ്ത്രം ധരിക്കുന്നതിനും ആവശ്യമായത് ഈ പാവപ്പെട്ട ജനതയ്ക്കു ലഭിക്കുന്നുണ്ടോ എന്ന് അന്വേഷിക്കുവാൻ നാമൊരിക്കലും മിനക്കെട്ടിട്ടില്ല.

*– ഗാന്ധിജി*

# 5



# സാമൂഹിക - സാമ്പത്തിക മേഖലകൾ

# 5.1

# കൃഷിയും ജലസേചനവും

ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ പടിവാതിലിൽ എത്തിനിൽക്കുന്ന കേരളത്തിന് അതിന്റെ സാമ്പത്തിക വളർച്ചയുടെ ചാലകശക്തിയായി തുടരേണ്ടത് ഇനിയും കൃഷിതന്നെയായിരിക്കും. കൃഷി എന്നു പറയുമ്പോൾ അതിൽ കന്നുകാലിസമ്പത്ത്, മത്സ്യം, വനം തുടങ്ങിയവയെല്ലാം ഉൾപ്പെടും. ഈ മേഖലയിൽ വമ്പിച്ച തോതിലുള്ള ഉല്പാദനവും തൊഴിലും പ്രദാനം ചെയ്യുന്നതിലൂടെ മാത്രമേ ഗ്രാമീണ വരുമാനം ഉയർത്തിക്കൊണ്ടുവരാൻ കഴിയൂ.

ഇന്ത്യ ഒരു കാർഷിക രാജ്യമാണ്. 70% പേർ കൃഷിയും അനുബന്ധ തൊഴിലുകളുമായി ജീവിക്കുമ്പോൾ തൃക്കരുവാ ഗ്രാമപഞ്ചായത്തിലെ 10% പേർ മാത്രമാണ് ഈ രംഗത്തുള്ളത്. ഇതിൽ നിന്നും ഉല്പാദനസംസ്കാരമല്ല ഉപഭോഗസംസ്കാരമാണ് നമ്മുടേതെന്ന് വ്യക്തമായൊരു ചിത്രം തെളിയുന്നു. ഇവിടെയാണ് വിജ്ഞാന വ്യാപന പ്രക്രിയയുടെ പ്രസക്തി മനസ്സിലാക്കേണ്ടത്. കാണുന്നത് വിശ്വസിക്കുക, ചെയ്തു പഠിക്കുക, പ്രചരിപ്പിക്കുക എന്നതാണിതിന്റെ തത്വം.



ആധുനിക കൃഷിമുറകളെക്കുറിച്ച് പഠിച്ച് അതിന്റെ വിജയസാദ്ധ്യതകൾ മറ്റുള്ളവരെക്കൂടി ബോധ്യപ്പെടുത്തി പുതിയ മേന്മയുള്ള വിത്ത്, അനുയോജ്യമായ വളങ്ങൾ, ദോഷകരമാകാത്ത അളവിൽ കീടനാശിനി എന്നിവ ഉപയോഗിച്ച് ഉല്പാദനം ഇരട്ടിപ്പിക്കാൻ കർഷകരെ പരിശീലിപ്പിക്കുക എന്നതാണ് വിജ്ഞാനപ്രഖ്യാപനം കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ 1882 –ൽ ഇന്ത്യയിലാദ്യമായി കൃഷിവകുപ്പ് പ്രവർത്തനം ആരംഭിച്ചു. എന്നാൽ ബഹുരാഷ്ട്ര കുത്തകകളുടെ ചരടുവലിമൂലം വാണിജ്യവിളകൾ ഉല്പാദിപ്പിക്കുന്നതിനാണ് പ്രാധാന്യം കൊടുത്തത്. ഉദാ. റബർ, കശുമാവ്, തേയില, കാപ്പി, സുഗന്ധവിളകൾ തുടങ്ങിയവ.

രണ്ടാം ലോകമഹായുദ്ധത്തോടെ (1939 – 42) രാജ്യം വമ്പിച്ച ഭക്ഷ്യകമ്മിയിലായപ്പോൾ മാത്രമാണ് ഭക്ഷ്യവിളകളെ പ്രോത്സാഹിപ്പിക്കണമെന്ന തോന്നൽ ഉണ്ടാകുകയും കാർഷിക യൂണിവേഴ്സിറ്റികൾ സ്ഥാപിച്ച് പഠനവും ഒപ്പം ഗവേഷണവും ആരംഭിച്ചു. ഉല്പാദനം ഗണ്യമായി കൂടിയെങ്കിലും അനിയന്ത്രിതമായ ജനപ്പെരുപ്പം മൂലം സ്വയം പര്യാപ്തത കൈവരിക്കാൻ ഈ രംഗത്ത് തുടർച്ചയായ പരിശ്രമങ്ങൾ തുടർന്നുപോന്നു. 1958 –ലെ പഞ്ചായത്ത് രാജ് നിയമങ്ങൾ നടപ്പിലാക്കി തുടങ്ങിയപ്പോൾ മാത്രമാണ് ഈ രംഗത്ത് കർഷകനെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഗവേഷണമുറകൾ ആരംഭിച്ചത്.

വിദ്യാഭ്യാസം ⟷ ഗവേഷണം
↓ ↓
മാതൃകാ കർഷകൻ ⟷ മാതൃകാകൃഷിത്തോട്ടം
↘ ↙
വിജ്ഞാന വ്യാപനം

മേൽക്കൊടുത്തിരിക്കുന്ന വഴിയിൽക്കൂടി വികസന പ്രക്രിയ ഫലവത്താക്കാൻ കഴിയുമെന്ന് തെളിയിക്കാൻ ബന്ധപ്പെട്ടവർക്കുകഴിഞ്ഞു.

1987 ജൂലൈമാസത്തിൽ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും കൃഷിഭവൻ പ്രവർത്തനം ആരംഭിച്ചു.

## പശ്ചാത്തലം

തൃക്കരുവാ പഞ്ചായത്തിന്റെ മൂന്നുഭാഗവും അഷ്ടമുടി കായലാൽ ചുറ്റപ്പെട്ടുകിടക്കുന്നു. ഈ ഗ്രാമപഞ്ചായത്തിന്റെ തീരപ്രദേശമാകെ പുരാതന കൃഷി നെല്ലായിരുന്നു എന്നാണ് വായ്മൊഴിയിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്. കായലോര പ്രദേശമാകെ നെൽക്കൃഷിയായിരുന്നത്, കാലക്രമേണ ജനവാസം കൂടുകയും കുടികിടപ്പ് വ്യവസ്ഥയിൽ മാറ്റം സംഭവിക്കുകയും ചെയ്തതോടെ നിലംനികത്തി കുടിലുകൾ പണിത് താമസമാക്കിത്തുടങ്ങിയതിനാൽ മിക്കഭാഗവും കര പുരയിടമായി മാറുകയായിരുന്നു.

കാർഷികമായി വലിയ പാരമ്പര്യമൊന്നും നമ്മുടെ ഗ്രാമത്തിനവകാശപ്പെടാനില്ല. മറ്റ് തീരപ്രദേശ ഗ്രാമങ്ങൾപോലെ തന്നെ തെങ്ങാണ് സർവ്വസാധാരണം. പ്രധാനമായും കേരകൃഷിയും കുറഞ്ഞ തോതിലുള്ള നെൽക്കൃഷിയുമാണ് നമ്മുടെ നാട്ടിൽ പണ്ടു മുതലേ നിലനിന്നിരുന്നത്.

വിളപുരയിടങ്ങളിലായി (തരിശുഭൂമിയിൽ) മിക്കവരും കൂവരക്, തിന, ഇറുങ്ങ് എന്നിവയും സമൃദ്ധിയായി കൃഷിചെയ്തിരുന്നു. രണ്ടാം ലോകമഹായുദ്ധ കാലങ്ങളിൽ സാധാരണക്കാരന്റെ വിശപ്പടക്കിയ ധാന്യങ്ങളായിരുന്നു മേൽപ്പറഞ്ഞവ.

അതിനുശേഷം പ്രസ്തുത ഇടങ്ങളിൽ മരച്ചീനിക്കൃഷി തുടങ്ങി, നാടൻ ഇനങ്ങളായ നഞ്ചുവെള്ള, കോഴിപ്പൂവൻ, വർക്കലവെള്ള, ഏത്തയ്ക്കാമുട്ടൻ, നെടുമങ്ങാടൻ, ഏഴുറ്റൻ, അരിയൻ, റൊട്ടിവെള്ള, സിന്ദൂരവെള്ള എന്നിവയായിരുന്നു പ്രധാന മരച്ചീനി വിളകൾ. ഇന്ന് ഈ ഇനങ്ങളെല്ലാം അപ്രത്യക്ഷമായിരിക്കുകയാണ്.

അത്യുല്പാദനശേഷിയുള്ള എം. – 4 (സിങ്കപ്പൂർ വെള്ള) ശ്രീസഹ്യ, ശ്രീവിശാഖ് എന്നീ ഇനങ്ങളാണ് ഇന്ന് അല്പാല്പമായിട്ടെങ്കിലും കൃഷിചെയ്യുന്നത്. എലിയുടെ കടന്നാക്രമണം ഈ വിളയെ സാരമായി ബാധിക്കുന്നു. രാസവളമോ, കീടനാശിനിയോ ഉപയോഗിക്കാത്ത ഉല്പന്നങ്ങൾക്ക് ഉണ്ടായിരുന്ന രുചിയോ ഗുണനിലവാരമോ ഇന്നത്തെ ഉല്പന്നങ്ങൾക്ക് ഇല്ലായെന്നുള്ളത് ഒരു ദുഃഖസത്യമാണ്.

പണ്ടുകാലങ്ങളിൽ ഇടത്തരം ജന്മിമാരുടെ വകയായിരുന്നു കൃഷിയിടങ്ങൾ. ജനസംഖ്യ നന്നേ കുറവായിരുന്നു. അതുകൊണ്ടുതന്നെ സുഭിക്ഷമായ പ്രാദേശിക ഉപയോഗത്തിനുള്ള കാർഷികോല്പന്നങ്ങൾ ഇവിടെത്തന്നെ ഉല്പാദിപ്പിക്കപ്പെട്ടിരുന്നു. കർഷകത്തൊഴിലാളികളുടെ ജീവിത നിലവാരവും സാമൂഹ്യമായ അവസ്ഥയും വളരെ താഴെയായിരുന്നു. 1957-ലെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ സമഗ്രമായ ഭൂപരിഷ്കരണ നിയമം നമ്മുടെ പഞ്ചായത്തുപ്രദേശത്തും ഒട്ടേറെ വിപ്ളവകരമായ ചലനങ്ങൾ ഉണ്ടാക്കി. ഭൂപരിഷ്കരണ ഫലമായി കിടപ്പാടവും കൃഷിസ്ഥലവും ഒട്ടേറെപ്പേർക്കു സ്വന്തമാക്കാൻ കഴിഞ്ഞതിലൂടെ താഴെത്തട്ടിൽ ദുരിത ദുഃഖങ്ങൾ അനുഭവിച്ചിരുന്ന കർഷകത്തൊഴിലാളികളുടെ ജീവിതനിലവാരത്തിലും സാമൂഹ്യാവസ്ഥയിലും ഏറെ മാറ്റമുണ്ടായി.

കൂട്ടുകുടുംബങ്ങൾ ഇല്ലാതായതോടെ ഒന്നായിക്കിടന്നിരുന്ന കൃഷിയിടങ്ങൾ ഭാഗിക്കപ്പെട്ടത് കാർഷികമേഖലയിൽ വളരെയേറെ മാന്ദ്യമുണ്ടാക്കിയിട്ടുണ്ട്. ഭൂപരിഷ്കരണനിയമം നടപ്പിലായതുകൊണ്ട് തകർന്നുപോയ കർഷകർ ആരും തന്നെയില്ലെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. കൈവശഭൂമിയുടെ ചെറിയ ശതമാനം മാത്രമാണ് ഈ വിധത്തിൽ വിതരണം ചെയ്തിട്ടുള്ളത്. സ്വന്തം ഭൂമിയിൽ അധ്വാനിക്കാനുള്ള വൈമുഖ്യവും സുഖലോലുപമായ ജീവിതശൈലിയുമാണ് ഭൂവുടമകളായിരുന്ന പലരുടേയും ഇന്നത്തെ തകർച്ചയ്ക്കു കാരണമെന്നു ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. പലകാരണത്താൽ കാർഷികമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണത്തിലുണ്ടായ കുറവ് ഈ രംഗത്തുണ്ടായ മാന്ദ്യത്തിൽ മറ്റൊരു കാരണമാണ്.

## പഞ്ചായത്ത് നിലവാരം

തൃക്കരുവാ ഗ്രാമപഞ്ചായത്തിൽ കൃഷിയോഗ്യമായ കരപുരയിടം 607.39 ഹെ. ആണ്. നെൽക്കൃഷിക്ക് വേണ്ടി ഉപയോഗിച്ചിരുന്ന 60.50 ഹെ. 40% വിവിധ ആവശ്യങ്ങൾക്കുവേണ്ടി നികത്തിക്കഴിഞ്ഞു. ബാക്കി 36.30 ഹെ. സ്ഥലത്ത് മാത്രമേ നെൽക്കൃഷിയുള്ളൂ. ഇരിപ്പുകൃഷി ചെയ്തിരുന്ന മുളയ്ക്കൽ ഏലാ, പാവൂർ ഏലാ, പ്രാക്കുളം ഏലാ എന്നിവിടങ്ങളിൽ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നിറുത്തലാക്കിയതോടെ ഒരുപ്പൂ ആയിക്കഴിഞ്ഞു. മാറി വന്ന കാലാവസ്ഥയിൽ ജലക്ഷാമം രൂക്ഷമായതിനാൽ മുളയ്ക്കൽ ഏലായിലും, പാവൂർ ഏലായിലും ഭാഗികമായി പയർ, എള്ള് എന്നിവ കൃഷിചെയ്തുവരുന്നു. കൂടാതെ എള്ളും ഉഴുന്നും

ഇടവിളയായി കൃഷിചെയ്തുവരുന്നു. തീർത്തും പ്രകൃതിയെ ആശ്രയിച്ചല്ലാതെ ഇവിടെ കൃഷി ഉയർന്ന തോതിൽ കൊണ്ടുപോകാൻ കഴിയില്ല.

ഭൂപ്രകൃതി അനുസരിച്ച് ഈ ഗ്രാമത്തെ 4 ആയി തരംതിരക്കാം.

1. തീരസമതലം
2. ഉയർന്ന സമതലം
3. ചരിവ് പ്രദേശം
4. ചെറ് ചരിവ് പ്രദേശം

ഇവ യഥാക്രമം 35%, 18%, 30% 17% എന്നീ തോതിൽ വ്യത്യസ്തമാണ്. (കൂടുതൽ വിവരങ്ങൾ ഭൂപ്രകൃതിയിൽ കാണുക).

ഈ ഗ്രാമപഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം തെക്കേച്ചേരി (എട്ടാം വാർഡിൽ) തട്ടുവിള പ്രദേശമാണ്. ചരിവ് പ്രദേശം 8° ചരിവിലും, ചെറു ചരിവ് പ്രദേശങ്ങൾ 2° ചരിവിലുമാണ്.

തൃക്കരുവാ പഞ്ചായത്തിന്റെ ആറാം വാർഡിലും ഏഴാം വാർഡിലുമാണ് തീരസമതലം കുറവുള്ള പ്രദേശം. ഏറ്റവും കൂടുതൽ തീരസമതല പ്രദേശമുള്ളത് അഷ്ടമുടി, തെക്കേച്ചേരി തെക്ക്, പ്രാക്കുളം പടിഞ്ഞാറ് വാർഡുകളിലാണ്. ഇഞ്ചവിള വാർഡിൽ തീരസമതലം ഇല്ലായെന്നുതന്നെ പറയാം.

## മൺതരങ്ങൾ

ചരൽ മണ്ണ്, വെട്ടുകൽ മണ്ണ്, ചെമ്മണ്ണ്, മണൽ കലർന്ന പശിമരാശി മണ്ണ്, ചെളികലർന്ന മണൽമണ്ണ് എന്നീ അഞ്ച് തരങ്ങൾ ഉണ്ട്. ഇതിൽ ഫലഭൂയിഷ്ടിയേറിയത് ചരൽ മണ്ണും, മണൽ കലർന്ന പശിമരാശി മണ്ണുമാണ്. ചെമ്മണ്ണിലും, ചെളികലർന്ന മണൽമണ്ണിലും പുളിരസം കൂടുതലാണ്. വെട്ടുകൽ പ്രദേശത്ത് നീർവാഴ്ച കുറവാണ്. ചെമ്മണ്ണ് പ്രദേശങ്ങളിൽ ലവണങ്ങളുടെയും ധാതുക്കളുടെയും അംശം കുറവായതിനാൽ എല്ലാത്തരം ഇടവിളകൾക്കും യോജിച്ചതല്ല.

അവലംബം : പഠനപര്യടനം

## മണ്ണ് പരിശോധന

1988-89 ലും, 90-91 ലും, 92-93 ലും, 93-94 -ലും മാത്രം മണ്ണ്പരിശോധനകൾ നടത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 88-89 -ൽ 154 പേർക്കും, 90-91 - ൽ 421 പേർക്കും, 91-92 -ൽ 304 പേർക്കും, 92 - 93 -ൽ 250 പേർക്കും, 93-94 -ൽ 387 പേർക്കും.

വിവിധ വാർഡുകളിലെ മണ്ണിന്റെ ഗുണനിലവാരം

**1. അഷ്ടമുടി**

പൊതുവെ അമ്ലഗുണമുള്ള മണ്ണാണ്. ഫോസ്ഫറസ്സിന്റെ അളവ് കൂടുതലും, നൈട്രജനും, പൊട്ടാഷ് എന്നിവ കുറവുമാണ്.

**2. വടക്കേക്കര**

നൈട്രജൻ, പൊട്ടാഷ് ഇവ കുറവും, ഫോസ്ഫറസ് കൂടുതലാമാണ്.

**3. നടുവിലച്ചേരി, 4. ഇഞ്ചവിള**

നൈട്രജൻ, പൊട്ടാഷ് ഇവ കുറവും ഫോസ്ഫറസ് കൂടുതലുമാണ്.

**5. ഞാറയ്ക്കൽ**

നൈട്രജനും ഫോസ്ഫറസും കൂടുതലും, പൊട്ടാഷ് കുറവുമാണ്

**6. തെക്കേച്ചേരി കിഴക്ക്**

നൈട്രജനും, പൊട്ടാഷും, ഫോസ്ഫറസും കൂടുതലാണ്. പൊതുവെ ഫലഭൂയിഷ്ടമായ മണ്ണാണ്.

**7. തെക്കേച്ചേരി പടിഞ്ഞാറ്**

നൈട്രജൻ പാകത്തിനും, ഫോസ്ഫറസ്, പൊട്ടാഷ് എന്നിവ കൂടുതലുമാണ്.

**8,9,10 പ്രാക്കുളം പ്രദേശം**

നൈട്രജൻ, പൊട്ടാഷ് എന്നിവ കുറവും ഫോസ്ഫ റസ് കൂടുതലുമാണ്.

## സസ്യമൂലകങ്ങൾ

NPK (നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാഷ്)

കാൽസ്യം, മഗ്നീഷ്യം, സൾഫർ, കാർബൺ, അലൂമിനിയം, ഹൈഡ്രജൻ, ഓക്സിജൻ, സോഡിയം, ക്ലോറിൻ, അയൺ, കോപ്പർ, കോബാൾട്ട്, മോളിബ്ഡിനം.

നമ്മുടെ മണ്ണിൽ നൈട്രജൻ,ഫോസ്ഫറസ്, പൊട്ടാഷ് എന്നിവയുടെ അളവ് താരതമ്യേന കുറവാ

ണെങ്കിലും ഇരുമ്പ്, ചെമ്പ് എന്നിവയുടെ അംശം കൂടുതലായി കാണപ്പെടുന്നു. ചെമ്പിന്റെ അംശം കൂടുതൽ ഉള്ള പ്രദേശത്തുള്ള മണ്ണിൽ അമ്ലരസം കൂടുതലായിരിക്കും. ഇതിനു പ്രതിവിധിയായ ഇടകിള യ്ക്കുമ്പോഴും തെങ്ങിനു തടം തുറക്കുമ്പോഴും കുമ്മാ യം വേണ്ടവിധം ഉപയോഗിക്കേണ്ടതാണ്.

## കാലാവസ്ഥ

ഈ ഗ്രാമപഞ്ചായത്തിൽ 13 മില്ലീ മീറ്ററിനും 15 മില്ലീ മീറ്ററിനും ഇടയിൽ മഴ ലഭിക്കുന്നു. മഴ ലഭി ക്കുന്നത് പ്രധാനമായും രണ്ട് കാലങ്ങളിലാണ്. ജൂൺ – ജൂലായ് മുതൽ സെപ്തംബർ വരെ ഇടവപ്പാതിയും, ഒക്ടോബർ – നവംബറിൽ തുലാവർഷവും, ഡിസം ബർ – ജനുവരി മഞ്ഞ് കാലവും, മാർച്ച് – ഏപ്രിൽ – മെയ് വേനൽക്കാലവുമാണ്. $14^{\circ}$ മുതൽ $24^{\circ}$ വരെ സെൽഷ്യസ് ചൂടും ആകെ 2500 മി. ലി. മഴയും ലഭി ക്കുന്നു.

## വിളകൾ

മുഖ്യവിളയായ തെങ്ങിൽ ശരാശരി 80 തേങ്ങ കിട്ടിയിരുന്ന കാലഘട്ടമുണ്ടായിരുന്നു. മാറിവന്ന കാലാവസ്ഥയിലും രോഗ – കീട ബാധയിലും ശരാ ശരി 13 ആയി കുറഞ്ഞിട്ടുണ്ട്. ഇത് ഇടത്തരക്കാരുടെ ജീവിതത്തെ സാരമായി ബാധിച്ചു. 600 ഏക്കർ തെങ്ങ് കൃഷിയുണ്ടായിരുന്നത് ഫലത്തിൽ 450 ഏക്കറായി കുറഞ്ഞു. തെങ്ങിൻതോട്ടങ്ങളിൽ ഇടവിളകൾ കൃഷി ചെയ്ത് തെങ്ങിൽ നിന്നുള്ള നഷ്ടത്തിനു പരിഹാരം കാണാവുന്നതാണ്. തെങ്ങ് കൃഷിയെ സംബന്ധിച്ചിട ത്തോളം തൊഴിലാളികൾക്ക് കൂലിവർദ്ധനവുണ്ടായെ ങ്കിലും അവരുടെ ലഭ്യത കുറഞ്ഞിരിക്കുന്നു. രോഗകീട ബാധമൂലമാണ് നാളീകേര ഉല്പാദനം ഗണ്യമായി കുറഞ്ഞത് – ഏകദേശം 80% തെങ്ങിൻതോപ്പുകളിൽ ഇടവിള കൃഷിയും കുറഞ്ഞിട്ടുണ്ട്.

## നെൽക്കൃഷി

നെൽക്കൃഷി കൂടുതലും തീരസമതലപ്രദേശങ്ങ ളിലാണ്. നാടൻ കൃഷിരീതികൾ അനുവർത്തി ച്ചുപോന്നിരുന്ന കാലഘട്ടത്തിൽ ഏക്കറിന് 800 കിലോഗ്രാം നെല്ലാണ് കിട്ടിയത്. അക്കാലത്ത് കൃഷി ചെയ്തിരുന്ന വിത്തിനങ്ങൾ ഞവര, തവളക്കണ്ണൻ, ചേറാടി, കറുത്തമുണ്ടകൻ, വെളുത്തമുണ്ടകൻ, അതി ക്കിരാഴി, ആരൽ തുടങ്ങിയ നാടൻ ഇനങ്ങളായിരുന്നു. പഞ്ചവൽസര പദ്ധതികൾ ആരംഭിച്ചതിനുശേഷം പുതിയ വിത്തിനങ്ങൾ ഉല്പാദിപ്പിക്കപ്പെട്ടു. ഐ. ആർ. എട്ട്, പട്ടാമ്പി – 10, പട്ടാമ്പി – 20 എന്നിവ ആയിരുന്നു ആദ്യമായി ഉല്പാദിപ്പിക്കപ്പെട്ട സങ്കരയിനങ്ങൾ. ഇപ്പോൾ നിലനിൽക്കുന്ന സങ്കരവിത്തിനങ്ങൾ ത്രിവേണി, ജ്യോതി, പവിഴം, ഓണം എന്നിവയാണ്. ഇതിൽ നിന്നും ശരാശരി വിളവ് 1750 കിലോഗ്രാമാണ്.

രാസവളത്തന്റേയും, കീടനാശിനികളടേയും അമിത പ്രയോഗങ്ങൾ നെൽക്കൃഷിയുടെ നിലനിന്നി രുന്ന പരിതഃസ്ഥിതികൾക്ക് മാറ്റം വരുത്തി. 20 വർഷം മുമ്പ് 150 ഏക്കർ നിലമുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് കേവലം 60 ഏക്കർ നിലം മാത്രമേ അവശേഷിക്കു ന്നുള്ളൂ. 90 ഏക്കർ സ്ഥലവും പല ഉപയോഗത്തിനാ യി നികത്തപ്പെട്ടുകഴിഞ്ഞു. ഇതിൽ നിന്നും ഇന്നു ഇതിന്റെ ഒന്നര ഇരട്ടി കൃഷിസ്ഥലം കുറഞ്ഞിരിക്കു ന്നു എന്ന് മനസ്സിലാക്കാം.

കീപ്പാട്ട് വയൽ, ഇടപ്പാടി വയൽ, പയിങ്ങായി വയൽ, പാട്ടത്തി വയൽ, എലുമല വയൽ, പനച്ചേത്ത് വയൽ എന്നീ വയലുകൾ നികത്തി തെങ്ങുവച്ചുവെങ്കി ലും ഫലപ്രദമായി വളരുകയോ കായ്ക്കുകയോ ചെയ്തിട്ടില്ല.

### നെൽക്കൃഷി ഏലാതിരിച്ചുള്ളത്

പാവൂര് ഏലാ മണൽത്തരി നിറഞ്ഞതായതി നാൽ മൂന്ന് കൃഷിയും ചെയ്യാവുന്നതാണ്. എന്നാൽ കൂലിപ്രശ്നവും, തൊഴിലാളികളുടെ ക്ഷാമവും മൂലം ഒരു കൃഷി മാത്രമാണ് ഏലാ മുഴുവനും ചെയ്യുന്നത്. ഭാഗികമായി രണ്ടാം വിളയും മൂന്നാം വിളയും നടത്തുന്നണ്ട്. ഇതെ സ്ഥിതിവിശേഷമാണ് മുളയ്ക്ക ൽ ഏലായിലും, പ്രാക്കുളം ഏലായിലും. ചിറക്കരോട്ടു ചിറയിൽ ഒന്നാം വിളപോലും ഭാഗികമാണ്. മുളയ്ക്ക ൽ ഏലായിലും പാവൂർ ഏലായിലും പയർ, എള്ള് എന്നിവയും കൃഷിചെയ്തുവരുന്നു.

ഭക്ഷ്യോല്പാദനരംഗത്ത് കുറവ് വന്നതിനോടൊപ്പം തന്നെ വയലുകൾ നികത്തിയത് നീർക്കെട്ടിന് കാരണ മായി. അശാസ്ത്രീയമായ റോഡ് നിർമ്മണം വ്യാപക മായതോടെ നീർക്കെട്ടിന്റെയും പരിസ്ഥിതി പ്രശ്നങ്ങ ളുടെയും വ്യാപ്തി വർദ്ധിപ്പിക്കുന്നതിനു ഹേതുവായി.

കൃഷിയുമായി ബന്ധപ്പെട്ടുകൊണ്ട് കുളങ്ങൾ തോടുകൾ എന്നിവ സംരക്ഷിച്ച്പോന്നിരുന്ന സ്ഥിതി

ക്കു മാറ്റമുണ്ടായി. ഇപ്പോഴുള്ളവ മണ്ണിടിഞ്ഞും, നികത്തിയും നാമാവശേഷമായിക്കൊണ്ടിരിക്കുന്നു.

## ഇടവിളകൾ

നമ്മുടെ പഞ്ചായത്തിലെ മണ്ണിന്റെ സ്വഭാവം മനസ്സിലാക്കിയിടത്തോളം തെങ്ങിൻ തോട്ടങ്ങളിൽ ലാഭകരമായി കൃഷിചെയ്യാവുന്ന ഒരു ഇടവിളക്കൃഷിയാണ് വാഴ. ഒരു സെന്റ് സ്ഥലത്ത് ഒരു തെങ്ങ് എന്ന കണക്കിൽ ഒരു തെങ്ങ് ഉള്ളപ്പോൾ ഇടവിളയായി 4 വാഴ കൃഷിചെയ്യാവുന്നതാണ്. തെങ്ങിനോടൊപ്പം ആദായം കിട്ടുന്ന ഈ കൃഷിയെ എല്ലാവിധത്തിലും പരിപോഷിപ്പിക്കേണ്ടതാണ്.

## ഹ്രസ്വകാല ഇടവിളകൾ

വാഴ, മരച്ചീനി, കിഴങ്ങ് വർഗ്ഗങ്ങൾ, പച്ചക്കറികൾ തുടങ്ങിയവ

## ദീർഘകാല വിളകൾ

ജാതി, ഗ്രാമ്പു, കമുക്, മാവ്, പ്ലാവ്

## മദ്ധ്യകാല ഇടവിളകൾ

കുരുമുളക്, പൈനാപ്പിൾ, വെറ്റില

മേൽപ്പറഞ്ഞ ഹ്രസ്വകാല, മദ്ധ്യകാല ഇടവിളകൾ പഞ്ചായത്തിന്റെ പലഭാഗങ്ങളിലും കൃഷിചെയ്തു വരുന്നുണ്ട്. പ്രതീക്ഷപോലെ ഇത്തരം ഇടവിളകൾ കർഷകർ ശുഷ്കാന്തിയോടും താല്പര്യപൂർവ്വവും കൃഷിചെയ്തുവരുന്നില്ല. ഇതിന്റെ കാരണം ഇടവിളയെക്കുറിച്ചുള്ള പൊതുവായ ധാരണപ്പിശകാണ്.

പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളിലെയും തെങ്ങുകൾ താഴെപറയുന്ന രോഗങ്ങളാൽ നശിച്ചു കൊണ്ടിരിക്കുകയാണ്. കർഷകരുടെ പരിമിതമായ അറിവ് വച്ച് പറഞ്ഞിരിക്കുന്ന രോഗപ്രതിരോധ നടപടികൾ ഭാഗി കമായിട്ടെ പ്രയോഗിക്കുന്നുള്ളൂ. കൃഷി വിദഗ്ദ്ധരുടെ നിർദ്ദേശപ്രകാരം ശാസ്ത്രീയമായ രീതിയിൽ രാസവളങ്ങളോ, കീടനാശിനികളോ പ്രയോഗിച്ചുകാണുന്നില്ല. ഇതിന്റെ പ്രധാന കാരണം കീടനാശിനികളിലും, രാസവളങ്ങളിലും ഉണ്ടായിട്ടുള്ള വില വർദ്ധനവാണ്.

## ചിറകൾ

ഈ പഞ്ചായത്തിൽ രണ്ട് ചിറകൾ ഉണ്ട്. ചിറക്കരോട് ചിറയും മണ്ണൂർ ചിറയും, ഇവയിൽ മുൻകാലങ്ങളിൽ വെള്ളംകെട്ടിനിർത്തുകയും, അതിവർഷം അനുഭവപ്പെടുമ്പോൾ കുറേശ്ശേ തുറന്നുവിടുകയും ചെയ്തിരുന്നു. എന്നാൽ ചിറകളുടെ അരികിൽ വീടുകൾ വന്നപ്പോൾ ചിറകളിൽ വെള്ളം കെട്ടിനിൽക്കാൻ അനുവദിക്കാതെ മുഴുവനും തുറന്നുവിടുകയും ഭൂമിയിൽ ജലം താഴ്ന്ന് കൃഷിവിഭവങ്ങൾക്ക് കിണറുകളിൽ നിന്ന് ആവശ്യത്തിനുള്ള ജലം ലഭിക്കാതെ വരികയും ചെയ്യുന്നു.

## മണ്ണും ജലസംരക്ഷണവും

ഭൂപ്രകൃതി കണക്കിലെടുത്ത് ഉയർന്ന പ്രദേശങ്ങളിലും ചരിവ് പ്രദേശങ്ങളിലും മണ്ണൊലിപ്പ് തടയുന്നതിലൂടെ ഫലഭൂയിഷ്ടമായ മേൽമണ്ണ് നിലനിറുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. ചരിവ്പ്രദേശങ്ങളെ തട്ടുകളായി തിരിച്ച് നീർമതി പ്രദേശങ്ങളുടെ പരിപാലനത്തിലൂടെ മണ്ണ് സംരക്ഷിച്ച് നിലനിറുത്തേണ്ടതാണ്. പഞ്ചായത്തിൽ ലഭിക്കുന്ന മഴയുടെ ഭൂരിഭാഗവും പഞ്ചായത്ത് പ്രദേശങ്ങളിലെ വിവിധ ഭൂരൂപങ്ങളിൽ ആഴ്ന്നിറങ്ങുന്നതിനും ജലസ്രോതസ്സുകളുടെ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. നിലവിലുള്ള ജലസ്രോതസ്സുകളുടെ ശരിയായ മാനേജ്മെൻറിലൂടെ പഞ്ചായത്തിലെ ജലസേചനപദ്ധതികൾ ഒരു പരിധിവരെ ഉയർത്താം.

## പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

### തെങ്ങിന് ബാധിക്കുന്ന രോഗങ്ങൾ, പരിഹാരം

തെങ്ങിനെ ഗ്രസിച്ച പ്രധാന രോഗങ്ങൾ : കാറ്റ് വീഴ്ച, ഓലചീയൽ, കൂമ്പ്ചീയൽ, ചെന്നീർ ഒലിപ്പ്

ഇതിന് 1% ഗാഢതയുള്ള ബോർഡോമിശ്രിതം വർഷത്തിൽ രണ്ട് പ്രാവശ്യം തളിക്കേണ്ടതാണ്. തുലാവർഷത്തിനു ശേഷവും ഇടവപ്പാതിക്കു മുമ്പും മേൽപ്പറഞ്ഞ കീടനാശിനി ഉപയോഗിക്കുക.

കോടികൾ ചിലവഴിച്ച് ഗവേഷണം നടത്തിയെങ്കിലും കാറ്റ് വീഴ്ചയുടെ രോഗകാരണം ഇന്നും അജ്ഞാതമാണ്. അതിനാൽ ശാശ്വതമായ പരിഹാരം ഇന്നുവരെയുണ്ടായിട്ടില്ല.

കുമിൾ രോഗങ്ങൾ : ഓലചീയൽ, കൂമ്പുചീയൽ, ചെന്നീരൊലിപ്പ് എന്നിവയാണ്.

തെങ്ങിനെ ബാധിക്കുന്ന പ്രധാന കീടങ്ങൾ ചെമ്പൻ ചെല്ലി, കൊമ്പൻ ചെല്ലി, കോറിഡ്ബഗ്ഗ്, ഓലതീനിപ്പുഴുക്കൾ എന്നിവയാണ്.

തെങ്ങിനെ ബാധിക്കുന്ന മുഞ്ഞയ്ക്കെതിരെ (Meely bug) 4 ഗ്രാം സെവിൻ ഒരുലിറ്റർ വെള്ളത്തിൽ കലക്കി കുലകളിൽ തളിക്കേണ്ടതാണ്.

### നെല്ല്

ഈ പഞ്ചായത്ത് പ്രദേശങ്ങളിലെ നെല്പാടങ്ങളിൽ നെല്ലിനെബാധിക്കുന്ന രോഗങ്ങൾക്ക് ശരിയായ പ്രതിവിധി ചെയ്യേണ്ടതാണ്. എന്നാൽ അതും തെങ്ങിന്റെ രോഗപ്രതിരോധ നടപടികൾ പോലെതന്നെയാണ്. ഇതിനു ശരിയായ, ശാസ്ത്രീയമായ പ്രതിവിധി കാണേണ്ടിയിരിക്കുന്നു.

നെല്ലിനെ ബാധിക്കുന്ന കുമിൾ രോഗങ്ങൾക്കെതിരെ ഹിനോസാൻ എന്ന കുമിൾ നാശിനിയോ, ബാവിസ്റ്റിൻ എന്ന കുമിൾ നാശിനിയോ 1% വീര്യത്തിൽ കലക്കി തളിക്കേണ്ടതാണ്. ബാക്ടീരിയ രോഗം പകരാതിരിക്കാൻ നീർച്ചാലുകളിൽ ബ്ലീച്ചിംഗ് പൗഡർ വിതറുകയും രൂക്ഷമായിടത്ത് പ്ളാന്റോമൈസിൻ 1% വീര്യത്തിൽ തളിക്കേണ്ടതുമാണ്.

ഇലചുരുട്ടിപ്പുഴു തണ്ടുതുരപ്പൻ പുഴു എന്നീ കീടങ്ങൾക്കെതിരെ 2% വീര്യത്തിൽ എക്കാലിക്സ് കലക്കി തളിക്കേണ്ടതാണ്. നെല്ലിനെ ബാധിക്കുന്ന ഗാളീച്ച, ഇലപ്പേൻ എന്നിവയ്ക്കെതിരെ ഒന്നര ശതമാനം വീര്യത്തിൽ റോഗർ എന്ന കീടനാശിനി കലക്കി തളിക്കേണ്ടതാണ്. ചാഴിക്കെതിരെ (Brown Copper) മാലത്തിയോൺ അല്ലെങ്കിൽ മെറ്റാസിഡ് കലക്കി തളിക്കേണ്ടതാണ്.

### വാഴ

കുറുനാമ്പരോഗം : ഇതൊരു വൈറസ് രോഗമാണ്.

ഇലകരിയൽ രോഗം : നേന്ത്രവാഴയിലാണ് ഈ രോഗം കാണപ്പെടുന്നത്.

വാഴയിലെ കീടങ്ങൾ : മാണപ്പുഴു, പിണ്ടിതുരപ്പൻ പുഴു

### പച്ചക്കറികൾ

പ്രധാന രോഗങ്ങൾ : തൈ ചീയൽ, ഇലവാട്ടം, ഇലപ്പുള്ളിരോഗം, കീടങ്ങൾ, കാതുരപ്പൻ പുഴു, കായീച്ച, ഇലചുരുട്ടിപ്പുഴു, ഇലതീനിപ്പുഴു എന്നിവയാണ്.

പയർ വർഗ്ഗങ്ങളിൽ പ്രധാനമായിക്കാണുന്നത് ഇലമഞ്ഞളിപ്പ് എന്ന വൈറസ് രോഗമാണ്. കീടം - മിലിബഗ് (മുഞ്ഞ).

കമുകിനെ ബാധിക്കുന്ന കുമിൾ രോഗമാണ് മഹാളി - കീടം : മിലിബഗസ്.

### ഇരകുത്ത് അഥവാ കുരിച്ചിൽ

ഇരകുത്ത് അല്ലെങ്കിൽ കുരിച്ചിൽ കാണപ്പെടുന്ന മണ്ണിൽ കൃഷിക്ക് അനുയോജ്യമല്ലെന്ന് ഒരു നാടൻ വാദഗതി നിലനിൽക്കുന്നു. ഇത് പുഴുക്കുത്താണെന്നാണ് പലരുടെയും വിശ്വാസം. എന്നാൽ ജൈവാംശം കൂടുതൽ ഉള്ള മണ്ണിൽ ഇരകൾ ധാരാളം ഉണ്ടാകുകയും അവ മണ്ണ് കുത്തിയിളക്കുകയും ചെയ്യുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം (ഇത് മണ്ണിൽ വായു സഞ്ചാരം ഉണ്ടാക്കുന്നു). എന്നാൽ ഈ ഭാഗങ്ങളിൽ 'നിമ' വിരകൾ കണ്ടേക്കാം. അവ ചെറു വേരുകളിൽ തുളച്ചുകയറുകമൂലം, ചെടികൾ മുരടിക്കുക സാധാരണ മാണ്.

### നിർദ്ദേശങ്ങൾ

- കൃഷിക്കാരെ ഉൾപ്പെടുത്തി ഒരു ജനകീയ സംഘടനയ്ക്ക് രൂപംകൊടുക്കുക.
- ഓരോ പ്രദേശത്തെയും ഭൂപ്രകൃതി അനുസ്സരിച്ച് കൃഷി ആസൂത്രണം ചെയ്യുക
- കൃഷി ഓഫീസ്സിൽ നിന്നും ലഭിക്കാവുന്ന എല്ലാ സഹായവും യഥാസമയം കൃഷിക്കാർക്കുതന്നെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുക
- കൃഷിക്കാർക്ക് കൃഷി ഓഫീസിൽ നിന്നും ലഭിക്കാവുന്ന സഹായങ്ങളുടെ വിശദവിവരങ്ങൾ പഞ്ചായത്താഫീസിലും, വില്ലേജോഫീസിലും പൊതു അറിവിനായി പ്രദർശിപ്പിക്കുക.

❖ എല്ലാ കൃഷിഭൂമിയിലെ മണ്ണും വർഷത്തിലൊരിക്കൽ പരിശോധിച്ച് ഫലഭൂയിഷ്ടമായ കൃഷി ഇറക്കുന്നതിനുള്ള നിർദ്ദേശം കൊടുക്കുക. ഇതിനായി മണ്ണ് പരിശോധനാലാബിന്റെ സേവനം ഉറപ്പാക്കണം.

❖ മാതൃകാ കൃഷിത്തോട്ടത്തിന്റെ നേട്ടങ്ങൾ യഥാസമയം കർഷകരെ ബോധ്യപ്പെടുത്തുക

❖ മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും കൃഷിക്കാരെ വിളിച്ചുചേർത്ത് സഹായകമായ നിർദ്ദേശങ്ങൾ നൽകുക.

❖ ആഗ്രോക്ലിനിക്ക് സ്ഥാപിക്കുക

❖ കൃഷിഭൂമി തരിശിടാതിരിക്കാൻ കർഷകരെ നിർബന്ധിക്കുക. തരിശ് ഇടുന്ന ഭൂമി, ഭൂമിയില്ലാത്ത, കൃഷിചെയ്യാൻ താല്പര്യമുള്ള കൃഷിക്കാരെ ഏല്പിക്കാൻ വേണ്ട നടപടി സ്വീകരിക്കുക.

❖ രോഗംബാധിച്ച തെങ്ങുകളെ മുറിച്ചുകളഞ്ഞ് പകരം നല്ലയിനം തെങ്ങിൻതൈകൾ വിതരണം ചെയ്യുക.

❖ സമയാസമയം നല്ലയിനം നെൽവിത്തുകൾ ശേഖരിച്ച് കൃഷിഭവൻ വഴി വിതരണം ചെയ്യുക

❖ പച്ചക്കറി, വാഴപ്പഴം എന്നിവ നമ്മുടെ പഞ്ചായത്തിൽ തന്നെ വീട്‌വീടാന്തരം ഉല്പാദിപ്പിക്കുന്നതിനും അതുവഴി പച്ചക്കറി സ്വയം പര്യാപ്തതയിലേക്ക് എത്തിച്ചേരുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്.

❖ ഇളനീർ സംസ്കരണശാല സ്ഥാപിക്കുക

❖ പൊതുസ്ഥാപനങ്ങളിൽ തരിശായികിടക്കുന്ന ഭൂമിയിൽ പച്ചക്കറിക്കൃഷി ചെയ്യാനുള്ള അവസരം സൃഷ്ടിക്കുക

❖ നെൽപ്പാടങ്ങളിലേക്കുള്ള റോഡുകൾ കൃഷിയന്ത്രങ്ങൾ പാടങ്ങളിൽ ഇറങ്ങുന്നതിനുള്ള സൗകര്യത്തിനുവേണ്ടി വീതികൂട്ടി, വെട്ടിവൃത്തിയാക്കുകയും, മുളയ്ക്കൽ ഏലായിൽ രണ്ടാം വാർഡും മൂന്നാം വാർഡും തമ്മിൽ ബന്ധിപ്പിക്കുന്ന തരത്തിൽ വഴി നിർമ്മിക്കുകയും ചെയ്ത് അവിടുത്ത് നെൽക്കൃഷിയെ സഹായിക്കുക.

❖ കാർഷികമേളകൾ നടത്തുക, മാർച്ച് – ഏപ്രിൽ മാസങ്ങളിൽ പഞ്ചായത്തടിസ്ഥാനത്തിൽ സംഘടിപ്പിക്കണം.

❖ പൊതുസ്ഥലങ്ങളിൽ വളരുന്ന അകേഷ്യപോലുള്ള പാഴ്മരങ്ങൾ വെട്ടിമാറ്റി പകരം ഫലവൃക്ഷങ്ങളായ മാവ്, പ്ലാവ്, പുളി തുടങ്ങിയ മരങ്ങൾ നട്ടുപിടിപ്പിക്കുക.

❖ ഓരോ ഭൂമിയുടെ ചരിവ്, നിരപ്പ് എന്നിവ കണക്കാക്കി വാഴ, പൈനാപ്പിൾ ഇവ ഇടവിളയായി കൃഷിചെയ്യാവുന്നതാണ്. പൈനാപ്പിൾ കൃഷിമൂലം മണ്ണൊലിപ്പ് തടയാവുന്നതാണ്. പൈനാപ്പിൾ കൃഷി ഒരു ഹ്രസ്വകാല ആദായ കൃഷി എന്നുള്ളതിലും ഉപരി ദീർഘകാല വീക്ഷണവും ഇതിലുണ്ട്. ഇതിന്റെ നാരുകൾ സംഭരിച്ച് വ്യവസായാടിസ്ഥാനത്തിൽ പല വസ്തുക്കളും ഉല്പാദിപ്പിക്കാവുന്നതാണ്. അതുവഴി പ്രത്യേകിച്ചും വനിതകൾക്ക് തൊഴിൽ ലഭിക്കാൻ സാദ്ധ്യതയുള്ളതാണ്.

❖ അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങളുടെ വ്യാപനത്തിലേക്കായി CTCRI (Centre Crops Research Institute) ശ്രീകാര്യം, അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി എക്സ്റ്റൻഷൻ സെന്റർ വെള്ളായണി എന്നിവയുമായി ബന്ധപ്പെടേണ്ടതാണ്.

❖ ഔഷധസസ്യങ്ങളുടെ വ്യാപനത്തിനായി TBGRI പാലോടുമായി ബന്ധപ്പെട്ടു പ്രവർത്തിക്കാം.

❖ പ്രധാന കർഷകർ പോലും നല്ലയിനം ചെടികൾ വികസിപ്പിക്കാൻ (മേന്മയുള്ള) ഗ്രാഫ്റ്റിംഗ്, ലെയറിംഗ്, ബഡ്ഡിംഗ് എന്നീ രീതികൾ അവലംബിച്ചു കാണുന്നില്ല. ഇതിനെക്കുറിച്ചുള്ള ശാസ്ത്രീയമായ അറിവ് ആവശ്യമാണ്. കൃഷിഭവനിൽ സാമ്പത്തിക വിതരണമല്ലാതെ ശാസ്ത്രീയസാങ്കേതികജ്ഞാനം വ്യാപിപ്പിച്ചുകാണുന്നില്ല. ഇതിനു പരിഹാരമായി വികസനപ്രവർത്തകരെ വാർഡുതലങ്ങളിലേക്ക് വിന്യസിപ്പിക്കേണ്ടതാണ്.

❖ കൃഷിക്കാർക്ക് ആവശ്യമായ ധനസഹായങ്ങൾ പൊതുമേഖലാ ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ലഭ്യമാക്കണം.

❖ പഞ്ചായത്തിലെ ഓരോ വാർഡിലും 10 സെന്റ് അളവിൽ 10 മാതൃകാ പച്ചക്കറിത്തോട്ടങ്ങൾ വീതം

സ്ഥാപിക്കുക. ഇതിനു യോജിച്ച സ്ഥലങ്ങൾ പഞ്ചായത്തും കൃഷിഭവനും കൂടി യോജിച്ചു കണ്ടെത്തുകയും പ്രസ്തുത സ്ഥലം ദത്തെടുത്ത് മാതൃകകാണിച്ചുകൊടുത്തുകൊണ്ട് ജനങ്ങളെ ഇക്കാര്യത്തിൽ ബോധവല്കരിച്ചാൽ പച്ചക്കറി ക്കൃഷി പഞ്ചായത്തിലുടനീളം വ്യാപിപ്പിക്കാൻ കഴിയുന്നതാണ്.

- ഇതുവഴി 10 അംഗങ്ങൾ വരെയുള്ള കുടുംബത്തിന് 10 സൈന്റ് സ്ഥലത്തിൽ മതിയായ പച്ചക്കറി വിഭവങ്ങൾ ഉല്പാദിപ്പിക്കാൻ കഴിയും.
- പഞ്ചായത്ത് വക ഒരു ട്രാക്റ്റർ കൃഷിയാവശ്യത്തിനായി വാങ്ങുക.
- കൃഷി ആവശ്യത്തിനായിട്ടുള്ള ഉപകരണങ്ങൾ ഇപ്പോൾ പലരും അംഗീകാരമില്ലാത്ത സ്ഥാപനങ്ങളിൽ നിന്നാണ് വാങ്ങുന്നത്. ഇതുമൂലം നിലവാരമില്ലാത്തതായ കൃഷി ഉപകരണങ്ങളാണ് കർഷകർക്ക് ലഭ്യമാകുന്നത്. ഇതിനൊരു പരിഹാരമെന്നോണം സഹകരണ സ്ഥാപനങ്ങളായ ആഗ്രോ ഇൻഡസ്ട്രീസ് മുതലായ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വാങ്ങാൻ അധികൃതർ വേണ്ട നിർദ്ദേശം കൊടുക്കേണ്ടതാണ്.

## പൈനാപ്പിൾ കൃഷി

നമ്മുടെ ഭൂപ്രകൃതിയ്ക്ക് യോജിച്ച ഇടവിളയാണിത്. തനി വിളയായി പൈനാപ്പിൾ കൃഷി ചെയ്യുകയാണെങ്കിൽ ഒരേക്കറിൽ 16,000 തൈകൾ (സക്കേഴ്സ്) നടാം. തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളയായി കൃഷിചെയ്യുകയാണെങ്കിൽ 8000 തൈകൾ നടാവുന്നതാണ്. പൊതുവേ രോഗകീടവിമുക്തമാണ് ഈ വിള.

ശരാശരി ഒരേക്കറിൽനിന്നും 80,000 രൂപ ലഭിക്കുമ്പോൾ 60,000 രൂപയും ലാഭവിഹിതമാണ്. ഇടവിളയായി കൃഷിചെയ്യുമ്പോൾ ശരാശരി 32,000 രൂപ ലഭിക്കുമ്പോൾ 20,000 രൂപ ലാഭമാണ്. ഇതിൽ നിന്നും ഏറ്റവും കൂടുതൽ ലാഭകരമാണിതെന്ന് മനസ്സിലാക്കാം. കൃഷിപ്പണികൾ നന്നേ കുറവാണ്. രോഗപ്രതിരോധ ശക്തി ലഭിക്കുന്നതിന് ഉത്തമമായ ഒരു പഴവർഗമാണിത്. വ്യാവസായിക അടിസ്ഥാനത്തിൽ സ്ക്വാഷ് ഉണ്ടാക്കാനും, പൈനാപ്പിൾ ജാം ഉണ്ടാക്കാനും കഴിയും.

## പൂക്കൃഷി

മുല്ല, കുറ്റിമുല്ല, പിച്ചി, ജമന്തി, വാടാമല്ലി, റോസ് എന്നീ ഇനങ്ങൾ ജലസേചനം നടത്തി കൃഷി ചെയ്താൽ കുറഞ്ഞത് രണ്ട് സെന്റ് സ്ഥലത്തെങ്കിലുമുണ്ടെങ്കിൽ നമ്മുടെ ദൈനംദിന ചിലവുകളെ നിയന്ത്രിക്കാൻ ഇതു സഹായകമാകുന്നതാണ്.

## ഔഷധച്ചെടികൾ

കച്ചോലം, ഞവര, നറുനീണ്ടി, കുറുന്തോട്ടി, മാതളം, വേപ്പ്, തുളസി തുടങ്ങിയ ചെടികൾ ലാഭകരമായി കൃഷിചെയ്യാൻപറ്റിയ മണ്ണും, കാലാവസ്ഥയുമാണ് നമുക്കുള്ളത്. ഇതിലേക്കാവശ്യമായ വിത്തും തൈകളും ഉല്പാദിപ്പിച്ച് വിതരണം ചെയ്യേണ്ടതാണ്.

## എലി നശീകരണം

മിക്ക വിളകളെയും എലി കടന്നാക്രമിക്കാറുണ്ട്. ഇതിൽ മരച്ചീനി, നാളീകേരം, പയർ, മധുരക്കിഴങ്ങ്, നെല്ല് എന്നിവകൾ എലിയുടെ ആഹാരങ്ങളാണ്.

എലിയെ നിയന്ത്രിക്കുന്നതിനു എലിനശീകരണ കാമ്പയിൻ പഞ്ചായത്തടിസ്ഥാനത്തിൽ നടപ്പാക്കേണ്ടതാണ്. നിശ്ചിത അളവിൽ നിശ്ചിതദിവസം എലി സഞ്ചരിക്കാറുള്ള ഇടങ്ങളിൽ മാസത്തിൽ രണ്ട് തവണ എലിവിഷം ഉപയോഗിച്ച് എലികളെ നശിപ്പിക്കേണ്ടതാണ്. നമ്മുടെ വിളവിന്റെ 30% എലികൾ നശിപ്പിക്കുന്നു എന്നതാണ് വസ്തുത. ഇക്കാര്യത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.

പരിഹാരമായി ഒമ്പതാം പദ്ധതിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ജനകീയ കർമ്മസേനകൾ രൂപീകരിച്ചുകൊണ്ട് ഓരോ കർഷക കുടുംബങ്ങളുടേയും ഭൂവിസ്തൃതി, മണ്ണിന്റെ സ്വഭാവം എന്നിവ അനുസരിച്ച് മാസ്റ്റർ പ്ളാൻ തയ്യാറാക്കി അർഹതപ്പെട്ട ആനുകൂല്യങ്ങൾ ഉറപ്പുവരുത്തി ഓരോ കുടുംബത്തിനും ഓരോ കാർഡും വിതരണം ചെയ്യേണ്ടതാണ്. ഇതുമൂലം എല്ലാ കർഷകനും കൃഷിഭവനുമായി ബന്ധമുണ്ടാകാനും വികസന സ്വഭാവം പഠിക്കാനും കഴിയുമെന്നതിൽ സംശയമില്ല.



## പ്രധാന വിളകൾ




പട്ടിക – 1

ഭൂ ഉടമസ്ഥത

| | |
|---|---|
| 10 സെന്റിനു താഴെയുള്ള ഭൂവുടമകൾ | 5912 |
| 100 നും 5 നും ഇടയിൽ | 7215 |
| 25 നും 50 നും ഇടയിൽ | 1370 |
| 50 സെന്റിനും 1 ഏക്കറിനും ഇടയിൽ | 990 |
| 2 ഏക്കർ വരെയുള്ളവർ | 118 |
| 5 ഏക്കർ വരെയുള്ളവർ | 12 |
| 5 ഏക്കറിനുമുകളിലുള്ളവർ | 7 |
| ആകെ | 15,624 |

പട്ടിക – 2

| | |
|---|---|
| കരപുരയിടം | 607.39 ഹെക്ടർ |
| നിലം | 60.508 ഹെക്ടർ |

**വിളകൾ**

| | |
|---|---|
| തെങ്ങ് | 615 ഏക്കർ |
| വൃക്ഷവിളവുകൾ (മാവ്, കശുമാവ്, പുളി, തേക്ക്) | 275 ഏക്കർ |
| മരച്ചീനി | 60 ഏക്കർ |
| വാഴ | 55 ഏക്കർ |
| പച്ചക്കറി | 55 ഏക്കർ |
| കുരുമുളക് | 10 ഏക്കർ |
| കമുക് | 25 ഏക്കർ |
| സുഗന്ധവിളകൾ | 35 ഏക്കർ |
| ഗ്രാമ്പ്, ജാതി | 15 ഏക്കർ |

*അവലംബം : വില്ലേജാഫീസ് രേഖകൾ*

## ജലസേചനം

മഴയെ ആശ്രയിച്ചിട്ടുള്ള ഒരു കാർഷിക രീതി യാണ് പൊതുവെ ഈ ഗ്രാമത്തിൽ കണ്ടുവരുന്നത്. ഇവിടെ ലഭിക്കുന്ന മഴയുടെ 75% കാലവർഷത്തിൽ നിന്നാണ്. പരിസ്ഥിതിപ്രശ്നംമൂലം കാലാവസ്ഥയുടെ കാര്യ മായ ഏറ്റക്കുറച്ചിൽ അനുഭവപ്പെടുന്നരീതി യാണ് ഇവി ടെയുള്ളത്.

അഷ്ടമുടിക്കായലിന്റെ തീരപ്രദേശമായിട്ടുകൂടി വേനൽക്കാലത്ത് ജലക്ഷാമം അനുഭവപ്പെടുന്നു. ഏതാണ്ട് പത്ത് നാല്പത് വർഷത്തിനുമുമ്പുള്ള പല ജലസ്രോതസ്സുകളും ഇപ്പോൾ അപ്രത്യക്ഷമായ നില യിലാണ്. നിലവിൽ പണിതീർന്നതും പണിനടന്നു കൊണ്ടിരിക്കുന്നതുമായ ജലപദ്ധതികൾ ഒന്നും ഈ ഗ്രാമത്തിലില്ല.

കല്ലട പദ്ധതിയുടെ രണ്ടാം ഘട്ടം കമ്മീഷൻ ചെയ്തുകഴിയുമ്പോൾ ഈ ഗ്രാമത്തിന്റെ ചില പ്രദേശ ങ്ങളിൽ കൃഷിക്ക് പര്യാപ്തമായ രീതിയിൽ ജലം ലഭി ക്കുന്നതിനുള്ള സാദ്ധ്യതയുണ്ട്.

ഈ ഗ്രാമത്തിൽ ചെറുതും വലുതുമായ 25 കുള ങ്ങൾ ഉണ്ട്. ഇതിൽ സ്വകാര്യകുളങ്ങളും ഉൾപ്പെടുന്നു. (പട്ടിക - 2 നോക്കുക)

## പരിഹാരങ്ങൾ

ആകെയുള്ള കുടുംബങ്ങളുടെ എണ്ണത്തെ ആകെയുള്ള കൃഷിഭൂമികോണ്ട് ഭാഗിച്ചാൽ കിട്ടുന്ന ദൈർഘ്യം അനുസ്സരിച്ച് സബ്സിഡി നിരക്കിൽ കിണർ പമ്പ്സെറ്റ് എന്നിവ സ്ഥാപിക്കുക.

നമ്മുടെ പഞ്ചായത്തിലുള്ള എല്ലാ കുളങ്ങളും സന്നദ്ധസംഘടനാ പ്രവർത്തനത്തിലൂടെ ആഴത്തിൽ കുഴിച്ചാൽ ജലസേചനത്തിന് ഉപയോഗിക്കുന്നതിനോ ടൊപ്പം മത്സ്യം വളർത്തുന്നതിനും സമീപമുള്ള കിണ റുകളിൽ വെള്ളം വറ്റാതിരിക്കുന്നതിനും സഹായ കമാവും. മീൻ വളർത്തുന്നതുമൂലം കൊതുകിന്റെ ശല്യം കുറയുകയും ചെയ്യും.

പഞ്ചായത്തിലെ നീർച്ചാലുകൾ തെളിച്ച് ഓട കെട്ടിയാൽ പരിസരത്തുള്ള വെള്ളുറ്റ് മാറ്റി കൃഷിയെ സഹായിക്കാൻ കഴിയും.

മുളയ്ക്കൽ ഏലായിൽ നിന്നും അഷ്ടമുടി കായലിലേക്ക് പോകുന്ന തോടിനു കുറുകെ (ഏലാ യുടെ ഭാഗത്ത്) ക്രോസ് ബെൽറ്റ് ഇടേണ്ടതാണ്.

പാവൂര് ഏലായ്ക്കും, പനയം ഏലായ്ക്കും കടവൂർ ഏലായ്ക്കും വേണ്ടി ഇഞ്ചവിളയിൽ നിർമ്മിച്ച കുഴൽക്കിണർ അടിയന്തിരമായി പ്രവർത്തിപ്പിച്ച് ഏലായിൽ മൂന്ന് കൃഷി നടത്തി നെല്ല് ഉല്പാദനം വർദ്ധിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കണം.

മുളയ്ക്കൽ ഏലാ വികസനസമിതി നിർമ്മിച്ച ജലസേചനപദ്ധതി അനുസരിച്ചുള്ള തോട് ഇടിഞ്ഞ് പൊളിഞ്ഞ് കിടക്കുന്നത് നന്നാക്കുയും ബാക്കി പണി കിഴക്കേ അറ്റംവരെ നടത്തുകയും, കിഴക്കേ അറ്റത്ത് കാണുന്ന പനയ്ക്കൽ കുളത്തിൽ കുഴൽക്കിണർ സ്ഥാപിച്ച് മുളയ്ക്കൽ ഏലായിൽ വർഷം മൂന്നു തവണ കൃഷി നടത്തി ഉല്പാദനം വർദ്ധിപ്പിക്കാൻ വേണ്ട സൗകര്യമുണ്ടാക്കണം.

അഷ്ടമുടി ലക്ഷം വീട് കോളനി, അഷ്ടമുടി ഹൈസ്ക്കൂൾ, സ്ക്കൂളിന്റെ കിഴക്ക് വശം കാവിള ജംഗ്ഷൻ, മംഗലത്ത് കാവ് ക്ഷേത്രത്തിനു പടിഞ്ഞാറ് വശം, കാഞ്ഞിരംകുഴി ജംഗ്ഷൻ, ഞാറയ്ക്കൽ, പഞ്ചാ യത്താഫീസ്സിനു തെക്കുവശം കൊച്ചുകടമുക്ക്, പഞ്ചാ യത്താശുപത്രി പുരയിടം, മതിരശ്ശേരി, 10-ാം വാർഡ് ഹരിജൻ കോളനി, 4-ാം വാർഡ് ലക്ഷംവീട് കോളനി, എന്നിവിടങ്ങളിലായി 18 പൊതുകിണറുകൾ ഉപ യോഗശൂന്യമായി കിടക്കുന്നു. കാരണം കുടിവെള്ള ത്തിനുവേണ്ടി ഇപ്പോൾ ആശ്രയിക്കുന്നത് പൈപ്പു വെള്ളമാണ്. ആയതിനാൽ ഈ കിണറുകളിലെ വെള്ളം കൃഷി ആവശ്യത്തിനായി ഉപയോഗപ്പെടു ത്താവുന്നതാണ്. അതിനായി പ്രസ്തുത കിണറുകളിൽ പമ്പ്സെറ്റ് ഘടിപ്പിക്കേണ്ടതാണ്.

പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനു നിലവിലുള്ള ഭൂമിയുടെ വിസ്തീർണ്ണം 20 സെന്റായി നിജപ്പെടുത്തുക.

കായൽ ഓളങ്ങളിൽ നിന്നും കായൽ തീരത്തെ സംരക്ഷിക്കാൻ കരിങ്കൽ പാറകൾ കൊണ്ട് ഭിത്തി കെട്ടുക.

## കുളങ്ങൾ

ഈ ഗ്രാമത്തിൽ ചെറുതും വലുതുമായ 25 കുളങ്ങൾ ഉണ്ട്.

പട്ടിക - 1
കുളങ്ങളെ സംബന്ധിച്ച വിവരങ്ങൾ

| നമ്പർ | കുളത്തിന്റെപേര് | വാർഡ് |
|---|---|---|
| 1. | വള്ളാപ്പിൽ കുളം | 10 |
| 2. | കാവുങ്ങൽ കുളം | 8 |
| 3. | മണലിൽ ക്ഷേത്രക്കുളം | 9 |
| 4. | തോട്ടുവയലിൽ കുളം | 8 |
| 5. | തണ്ടക്കുളം | 8 |
| 6. | വേളിക്കാട്ടു കുളം | 9 |
| 7. | ഗോസ്തലക്കാവ് ക്ഷേത്രക്കുളം | 8 |
| 8. | കുറ്റിക്കുളം | 6 |
| 9. | പാട്ടത്തിൽക്കുളം | 6 |
| 10. | കരുവാക്ഷേത്രക്കുളം | 3 |
| 11. | എലുമല ക്ഷേത്രക്കുളം | 5 |
| 12. | കോയിക്കൽ കുളം | 5 |
| 13. | പണയിൽ കുളം | 6 |
| 14. | ചെറുമണ്ണൂർ കുളം | 5 |
| 15. | ഐവേലിക്കുളം | 5 |
| 16. | മുതലച്ചിറക്കുളം | 5 |
| 17. | കല്ലുമ്മൂട്ടിൽ കുളം | 2 |
| 18. | പനയ്ക്കൽ കുളം | 4 |
| 19. | വെള്ളാശ്ശേരിക്കുളം | 3 |
| 20. | മംഗലത്ത് കുളം | 3 |
| 21. | ആളൂർകുളം | 4 |
| 22. | ചെറിയാറ്റിടത്ത് കുളം | 4 |
| 23. | ഇടയാടിക്കുളം | 2 |
| 24. | വീരഭദ്രക്ഷേത്രക്കുളം | 1 |
| 25. | പഞ്ചായത്തുകുളം | 1 |

## തോടുകളെ സംബന്ധിച്ച വിവരങ്ങൾ

1. മുളയ്ക്കൽഏലാതോട് മണലിക്കടയിൽ നിന്നുതുടങ്ങി ഇഞ്ചവിളയിലവസാനിക്കുന്നു
2. ചെറുകര തോട് VIാം വാർഡിൽ തുടങ്ങി മണലിക്കടയിലവസാനിക്കുന്നു
3. ചിറക്കരോട് തോട് VII-ാം വാർഡിൽ നിന്നും തുടങ്ങി ഓലിക്കര കായലിൽ പതിക്കുന്നു.
4. മുക്കത്ത് തോട് മുക്കത്ത് സ്ക്കൂളിന്റെ പിറകുവശത്തുനിന്നും തുടങ്ങി അഷ്ടമുടിക്കായലിൽ എത്തിച്ചേരുന്നു.
5. മണപ്പുറത്ത് തോട് മണപ്പുറത്ത് നിന്നു തുടങ്ങി അഷ്ടമുടി കായലിൽ പതിക്കുന്നു.

കാർഷികവും വ്യാവസായികവുമായ വികസനം സംബന്ധിച്ച കാഴ്ചപ്പാട് പ്രാവർത്തികമാകണമെങ്കിൽ ഇന്നു കടലാസിൽ മാത്രം കിടക്കുന്ന അധികാര വികേന്ദ്രീകരണം പ്രാവർത്തികമാകണം. സംസ്ഥാനത്തിന്റെ സമൃദ്ധിയും ജനങ്ങളുടെ ക്ഷേമസൗകര്യങ്ങളും വർദ്ധിപ്പിച്ച്, കൂടുതൽ കൂടുതൽ വികസന സംരംഭങ്ങൾ നടപ്പിലാക്കാൻ സർക്കാർ ബദ്ധശ്രദ്ധമാണ്. പോരായ്മകൾ പരിഹരിച്ച് പുരോഗമനോന്മുഖവും മതനിരപേക്ഷവുമായ ഒരു നവകേരളം സൃഷ്ടിക്കാനുള്ള സർക്കാരിന്റെ ശ്രമങ്ങൾക്ക് എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണയുണ്ടാവുമെന്ന് എനിക്ക് ഉറപ്പുണ്ട്.

ഈ.കെ. നായനാർ
കേരള മുഖ്യമന്ത്രി

# 5.2 മൃഗസംരക്ഷണവും മത്സ്യബന്ധനവും

## മൃഗസംരക്ഷണം

സംസ്ഥാന സർക്കാരിൻെറ കണക്കുകൾ പ്രകാരം ഏറ്റവും കൂടുതൽ പ്രത്യുൽപ്പാദനപരമായി മുതൽമുടക്കു നടക്കുന്ന രംഗമാണ് മൃഗസംരക്ഷണവും ക്ഷീരവികസനവും. സംസ്ഥാനത്ത് വിവിധ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി മുതൽ മുടക്കുന്ന മൊത്തം തുകയുടെ 1.33 ശതമാനമാണ് ഈ മേഖലയ്ക്കുവേണ്ടി മാറ്റിവയ്ക്കുന്നത്. ഈ 1.33 ശതമാനം മുതൽമുടക്ക്, മൊത്തം ഉല്പാദന വരവിൻെറ 10.3 ശതമാനമാണു നേടിത്തരുന്നത്. മുമ്പ് ഒന്നേകാൽ ലക്ഷം ടൺ പാൽ മാത്രം ഉല്പാദിപ്പിച്ചിരുന്ന നമ്മുടെ സംസ്ഥാനം ഇന്ന് 22 ലക്ഷം ടൺ പാൽ പ്രതിവർഷം ഉല്പാദിപ്പിക്കുന്നു.

നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം സങ്കരയിനം പശുക്കൾ, എരുമകൾ, ആട്, നാടൻകോഴികളും മറ്റിനം കോഴികളും, താറാവ് എന്നിവയാണു പ്രധാനമായും വളർത്തപ്പെടുന്നത്. ഇവകൂടാതെ നാടൻ കാളകൾ, മുട്ടനാടുകൾ, പോത്തുകൾ, പന്നി, നായ്ക്കൾ, മുയൽ, പ്രാവ്, ലവ്ബേർഡ്സ് എന്നിവയും എണ്ണത്തിൽ കുറവാണെങ്കിലും വളർത്തപ്പെടുന്നുണ്ട്.

കന്നുകാലികളുടെ എണ്ണം പഴയകാലത്തെ അപേക്ഷിച്ച് നന്നേ കുറഞ്ഞിട്ടുണ്ട്. മേയാനുള്ള സ്ഥലസൗകര്യമില്ലായ്മ, തീറ്റപ്പുല്ലിൻെറയും വൈക്കോലിൻെറയും ദൗർലഭ്യം, കാർഷിക രംഗത്തുണ്ടായ യന്ത്രവൽക്കരണം, റോഡുകളും മോട്ടോർ വാഹനങ്ങളും പ്രചാരത്തിൽ വന്നതോടെ കാള/പോത്തു വണ്ടികളുടെ എണ്ണം കുറഞ്ഞത് എന്നിവ കന്നുകാലികളുടെ എണ്ണത്തിലുണ്ടായ കുറവിനു കാരണങ്ങളാണ്. എണ്ണത്തിൽ കുറവു സംഭവിച്ചിട്ടുണ്ടെങ്കിലും ക്ഷീരോൽപ്പാദനത്തിൻെറ കാര്യത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. നാടൻ പശുക്കൾക്കുപകരം സങ്കരയിനം പശുക്കളുടെ വരവാണിതിനുകാരണം. പ്രതിവർഷം 2,21,445 ലിറ്റർ പാൽ നമ്മുടെപഞ്ചായത്തിലൊട്ടാകെ ഉല്പാദിപ്പിക്കുന്നു. പഞ്ചായത്തിലെ 2,5,7,8 വാർഡുകളിലായി നാലു പാൽ സൊസൈറ്റികൾ പ്രവർത്തിക്കുന്നു.

നാടൻ പശുക്കളിൽ നിന്ന് ശരാശരി ഒന്നര ലിറ്റർ പാൽ കിട്ടിക്കൊണ്ടിരുന്ന സ്ഥാനത്ത് ഇന്ന് സങ്കരയിനം പശുക്കളിൽ നിന്ന് ശരാശരി അഞ്ചര ലിറ്റർ പാൽ ലഭിക്കുന്നുണ്ട്. ശരാശരി 25 മാസം പ്രായമുള്ള കന്നുകുട്ടികളിൽനിന്ന് ഏഴരലിറ്റർ പാൽ ഉല്പാദിപ്പിക്കാം. കൂടുതൽ ശാസ്ത്രീയമായ സമീപനവും, ജനങ്ങളിൽ അതിനെക്കുറിച്ചുള്ള അവബോധമുണ്ടാക്കാനുള്ള പ്രവർത്തനങ്ങളുമാണ് നടത്തേണ്ടത്. ശാസ്ത്രീയമായ പരിരക്ഷ നൽകിയാൽ 12 മുതൽ 20 വരെ ലിറ്റർ പാൽ തരുന്നയിനം സങ്കര വർഗ്ഗ പശുക്കൾ സംസ്ഥാനത്ത് ഇന്നുണ്ട്.

കറവക്കാരെ ലഭിക്കുന്നതിനുള്ള പ്രയാസമാണ് ക്ഷീരകർഷകർ പ്രധാനമായും നേരിടുന്ന ഒരു പ്രശ്നം. ഉയർന്ന വേതനം നൽകാൻ കന്നുകാലി ഉടമകൾ തയ്യാറായിട്ടുപോലും കൃത്യമായി കറവയ്ക്ക് ആളില്ലാത്തത് ഗുരുതരമായ ഒരു പ്രശ്നം തന്നെയാണ്. തൊഴിലില്ലാത്ത ചെറുപ്പക്കാരെ പ്രത്യേക പരിശീലനം നൽകുകയും മിൽക്കിംഗ് മെഷീൻ വാങ്ങാൻ സബ്സിഡിയോടെ ധന സഹായം നൽകുകയും ചെയ്തുകൊണ്ട് ഈ രംഗത്തേയ്ക്ക് ആകർഷിക്കാൻ കഴിഞ്ഞാൽ ഈ പ്രശ്നം പരിഹരിക്കുവാൻ കഴിയും. തുടക്കത്തിൽ ഒരു വാർഡിൽ ഒരാളെന്നനിലയിൽ പരിശീലന ത്തിന് ആളെ തിരഞ്ഞെടുക്കാവുന്നതാണ്.

കാലിത്തീറ്റയുടെ വിലക്കൂടുതൽ, തീറ്റപ്പുല്ലിൻെറയും, വൈക്കോലിൻെറയും ദൗർലഭ്യം എന്നിവയും നമ്മുടെ കന്നുകാലിക്കൃഷി നേരിടുന്ന പ്രശ്നങ്ങളാണ്. പ്രാദേശികമായി സംഭരിക്കുവാൻ കഴിയുന്ന ചക്കക്കുരു, പുളിങ്കുരു, ഓമയ്ക്ക, കൊക്കോ, കൊപ്രാപിണ്ണാക്ക് തുടങ്ങിയ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗപ്പെടുത്തി

ഒരു കാലിത്തീറ്റ നിർമ്മാണയൂണിറ്റ് പ്രവർത്തിപ്പിക്കാൻ കഴിഞ്ഞാൽ ഈ പ്രതിസന്ധി പരിഹരിക്കുവാൻ കഴിയും. കേരവിപണനരംഗത്തുള്ള പ്രതിസന്ധിക്കു പരിഹാരമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നാളികേര സംസ്കരണയൂണിറ്റിൻെറ ഒരു അനുബന്ധ യൂണിറ്റായി കാലിത്തീറ്റ നിർമ്മാണം നടത്താവുന്നതാണ്. നമ്മുടെ പ്രദേശത്ത് ലഭ്യമായ ചെമ്മീൻ തല (ചെമ്മീൻ സംസ്കരണത്തിനുശേഷമുള്ള വേസ്റ്റ്) ചെറിയ തരം കക്കാ തുടങ്ങിയവ ഉപയോഗപ്പെടുത്തി കോഴിത്തീറ്റ നിർമ്മാണവും ഇതോടനുബന്ധമായി നടത്താവുന്നതാണ്.

തെങ്ങിൻ പുരയിടങ്ങളിൽ ഇടവിളയായി തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കേണ്ടതാണ്. വൻപയർ, മക്കച്ചോളം എന്നിവയുടെ കൃഷിയും നടത്താവുന്നതാണ്.

നിലവിലുള്ള സൊസൈറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തിയും ആവശ്യമുള്ള ഇടങ്ങളിൽ പുതിയ സംഭരണകേന്ദ്രങ്ങൾ ആരംഭിച്ചും കർഷകരുടെ ഗാർഹിക ആവശ്യങ്ങൾ കഴിഞ്ഞ് അധികം വരുന്ന പാൽ സംഭരിക്കുവാനും വിതരണം ചെയ്യുവാനുമുള്ള സംവിധാനം കൂടുതൽ കാര്യക്ഷമമാക്കണം.

വീടുകളിൽ പ്രത്യേകമായോ അടുത്തടുത്തുള്ള ഏതാനും വീട്ടുകാർ ചേർന്നോ ഗോബർഗ്യാസ് പ്ലാൻറുകളും, ബയോഗ്യാസ് പ്ലാന്റുകളും നിർമ്മിക്കുന്നത് പ്രോത്സാഹിപ്പി ക്കേണ്ടതുണ്ട്. ഇതിനാവശ്യമായ സാങ്കേതിക സഹായങ്ങളും സബ്സിഡിയോടു കൂടിയ സാമ്പത്തിക സഹായങ്ങളും പഞ്ചായത്തിൽ നിന്നും നൽകണം. ഊർജ്ജ പ്രതിസന്ധി വലിയ ഒരളവുവരെ പരിഹരിക്കുവാനും ഒപ്പം പരിസര ശുചിത്വം നിലനിർത്തുവാനും കൃഷിക്ക് ആവശ്യമായ ജൈവവളം സംഭരിക്കുവാനും ഇതു കൊണ്ട് കഴിയും.

നമ്മുടെ പഞ്ചായത്തിൽ വരുന്ന പത്തു വർഷം കൊണ്ട് 'ഒരുവീട്ടിൽ ഒരു പശു' എന്ന ലക്ഷ്യമിട്ടുകൊണ്ട് മേൽത്തരം പശുക്കളെ വിതരണം ചെയ്യുവാൻ പഞ്ചായത്തുതലത്തിൽ ഒരു പദ്ധതി ഉണ്ടാക്കണം. മേൽത്തരം സങ്കരയിനം പശുക്കളെ വിലയുടെ നിശ്ചിതശതമാനം സബ്സിഡി നൽകി വിതരണം ചെയ്യുവാൻ സ്കീമുണ്ടാക്കണം.

ഉപഭോഗം കഴിഞ്ഞ് അധികം വരുന്ന പാൽ സംസ്കരിച്ച് തൈര്, വെണ്ണ, നെയ്യ് എന്നിവ ഉണ്ടാക്കുന്ന യൂണിറ്റുകൾ ക്ഷീര സഹകരണ സംഘങ്ങളോട് അനുബന്ധിച്ച് നടത്താവുന്നതാണ്.

കന്നുകാലികളെ ബാധിക്കുന്ന സാധാരണ രോഗങ്ങൾ കുളമ്പുരോഗം, അകിടുവീക്കം, പനി, വിറയൽ, തളർച്ച എന്നിവയാണ്. തെക്കേച്ചേരി വാർഡിൽ പ്രവർത്തിക്കുന്ന ഒരു മൃഗാശുപത്രിയാണ് ഇവിടെയുള്ളത്. മൃഗാശുപത്രിയുടെ സേവനം പഞ്ചായത്തിൻെറ എല്ലാ പ്രദേശങ്ങളിലും വേണ്ടത്ര ലഭിക്കുന്നില്ല. ഇത് പരിഹരിക്കുന്നതിന് രണ്ട് സബ്സെൻററുകളെങ്കിലും പ്രവർത്തിപ്പിക്കേണ്ടതാണ്. രോഗചികിത്സയും പ്രതിരോധ ചികിത്സയും കൂടുതൽ ശുഷ്കാന്തിയോടെ നടക്കുന്നുവെന്നുറപ്പുവരുത്തണം. കന്നുകാലികൾക്ക് ഇൻഷുറൻസ് പരിരക്ഷ വ്യാപകമായി തന്നെ ഏർപ്പെടുത്തണം. ഇപ്പോഴുള്ള മൃഗാശുപത്രിയോടനുബന്ധിച്ച് രോഗനിർണ്ണയം നടത്തി ചികിത്സ നിശ്ചയിക്കുന്നതിനുള്ള ആധുനിക സൗകര്യങ്ങളുള്ള വെറ്റിനറി ക്ളിനിക് സ്ഥാപിക്കണം. ഇതിനായി സംസ്ഥാന സർക്കാർ പദ്ധതികളുടെ സഹായം തേടാവുന്നതാണ്.

പശുക്കളെ വളർത്തുവാൻ സൗകര്യങ്ങളില്ലാത്ത കുടുംബങ്ങൾക്ക് ആട് വളർത്തുവാൻ വേണ്ടുന്ന പ്രോത്സാഹനം നൽകണം.

നിശ്ചിത സൗകര്യങ്ങളും ശുചിത്വപൂർണ്ണമായ ചുറ്റുപാടുകളുമുള്ള ഒരു അറവുശാല നമ്മുടെ പഞ്ചായത്തിൽ ഉണ്ടാകേണ്ടതുണ്ട്.

ഒരു പൂവൻകോഴിയും നാല് പിടക്കോഴികളുമടങ്ങിയ ഒരു യൂണിറ്റ് ഓരോ വീട്ടിലും ഉണ്ടാകണം. സബ്സിഡി റേറ്റിൽ വില ഈടാക്കിക്കൊണ്ട് പഞ്ചായത്തുവഴി കോഴികളെ വിതരണം ചെയ്യാവുന്നതാണ്. ഇതിനായി സന്നദ്ധ സംഘടനകളുടെ സേവനം ഉപയോഗിക്കാവുന്നതാണ്.

ഇറച്ചിക്കോഴി വളർത്തുന്ന യൂണിറ്റുകൾക്ക് പ്രോത്സാഹനവും ലോണുകൾ ഉൾപ്പെടെയുള്ള ധനസഹായവും നൽകുന്നതിനോടൊപ്പം ശുചിത്വ കാര്യങ്ങളിൽ ആവശ്യമായ നിഷ്കർഷയും ഉറപ്പാക്കണം. ആളുകൾ തിങ്ങിപ്പാർക്കുന്ന

ഇടങ്ങളിൽ ഇറച്ചിക്കോഴി വളർത്തുവാൻ അനുവദിക്കരുത്. ഫാമുകളോടനുബന്ധിച്ച് പന്നി വളർത്തൽ നടത്താവുന്നതാണ്. ഇറച്ചിക്കോഴി ഫാമുകളിൽ കോഴികളെ ഡ്രസ്സ് ചെയ്ത് വിൽക്കുമ്പോൾ ഉണ്ടാകുന്ന വേസ്റ്റ് പന്നികൾക്ക് തീറ്റയായി ഉപയോഗിക്കാം.

ഇറച്ചി മുയൽ, തേനീച്ച എന്നിവയെ വളർത്തുവാൻ താല്പര്യമുള്ളവരെ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

## പ്രശ്നങ്ങൾ

- ☐ കാലിത്തീറ്റയുടെ വിലക്കൂടുതൽ
- ☐ പച്ചപ്പുല്ലിൻെറയും വൈക്കോലിൻെറയും ദൗർലഭ്യം
- ☐ കന്നുകാലികൾക്കും കോഴികൾക്കുമുണ്ടാകുന്ന രോഗങ്ങൾ
- ☐ ചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തത
- ☐ സബ്സിഡികളുടെയും ലോണുകളുടെയും അപര്യാപ്തത
- ☐ തെരുവുനായ്ക്കളുടെ ശല്യം
- ☐ കറവക്കാരുടെ ദൗർലഭ്യം
- ☐ പാൽ വിതരണത്തിനുള്ള അപര്യാപ്തമായ സൗകര്യങ്ങൾ
- ☐ ശുചിത്വപ്രശ്നങ്ങൾ

## നിർദ്ദേശങ്ങൾ

- പ്രാദേശികമായി ലഭിക്കുന്ന വിഭവങ്ങൾ ഉപയോഗപ്പെടുത്തി ഒരു ചെറുകിട കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് ആരംഭിക്കുക. ഇതിനോട് ചേർന്ന് കോഴിത്തീറ്റയും ഉല്പാദിപ്പിക്കാവുന്നതാണ്.
- തീറ്റപ്പുൽ കൃഷി വ്യാപകമാക്കുക (തീറ്റപ്പുൽ, വൻപയർ, മക്കച്ചോളം)
- പ്രതിരോധ ചികിത്സയും രോഗചികിത്സയും കൂടുതൽ കാര്യക്ഷമമാക്കുക
- നിലവിലുള്ള മൃഗാശുപത്രിയിൽ ഒരു വെറ്റിനറി ക്ളിനിക് സ്ഥാപിച്ച് രോഗനിർണ്ണയത്തിനുള്ള സൗകര്യമൊരുക്കുക. മൃഗാശുപത്രിയുടെ രണ്ട് സബ്സെൻററുകൾ/ICDP സെൻറർ കൂടി പഞ്ചായത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കുക.
- ഉയർന്ന ഉല്പാദനശേഷിയുള്ള പശു, ആട്, കോഴി എന്നിവയുടെ വളർത്തൽ സാമ്പത്തിക സഹായത്തോടെ പ്രോത്സാഹിപ്പിക്കുക
- ഉപഭോഗത്തിനുശേഷം മിച്ചംവരുന്ന പാൽ, മുട്ട, ഇറച്ചി, കോഴിയിറച്ചി തുടങ്ങിയവ സംഭരിക്കുവാനും വിതരണം നടത്തുവാനുമുള്ള സൗകര്യമുണ്ടാക്കുക
- മിൽക്കിംഗ് മെഷീൻ ഉപയോഗപ്പെടുത്തുക. ഇതിനുള്ള പരിശീലനവും ധനസഹായവും നൽകുക
- നിലവിലുള്ള സൊസൈറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക. ആവശ്യമെങ്കിൽ പുതിയ സൊസൈറ്റികൾ രൂപീകരിക്കുക
- ഗോബർ ഗ്യാസ് പ്ളാൻറ്, ബയോഗ്യാസ് പ്ളാൻറ് എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ നടത്തി അവ നിർമ്മിക്കുന്നതിനുള്ള ധനസഹായത്തോടെയുള്ള പ്രോത്സാഹനങ്ങൾ നൽകുക.
- തെരുവുനായ്ക്കളെ മുഴുവൻ നിർമ്മാർജ്ജനം ചെയ്യുക. വളർത്തുനായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ് നൽകുന്നുവെന്ന് നിർബന്ധമായും ഉറപ്പുവരുത്തുക. വളർത്തുനായ്ക്കൾക്ക് സെസ്സ് ഏർപ്പെടുത്തുക
- ഈ മേഖലയിലെ വികസനത്തിനു ചിലവഴിക്കുന്ന തുക പ്രത്യുല്പാദനപരമായി പ്രയോജനപ്പെടുത്തുന്നുവെന്ന് ഉറപ്പുവരുത്തുന്ന നിബന്ധനകൾ കർശനമായി പാലിക്കുക.
- ശാസ്ത്രീയമായ ചുറ്റുപാടുകളുള്ള ഒരു അറവുശാല നിർമ്മിക്കുക
- വളർത്തുമൃഗങ്ങൾക്കുള്ള ഇൻഷുറൻസ് വ്യാപകമായി നടപ്പാക്കുക
- അധികമുള്ള പാൽ സംസ്കരിച്ച് മറ്റുല്പന്നങ്ങളാക്കുന്ന ചെറുകിട യൂണിറ്റുകൾ ക്ഷീരസൊസൈറ്റികളോടുചേർന്നു പ്രവർത്തിപ്പിക്കുക.

# മത്സ്യബന്ധനം

പ്രസിദ്ധമായ അഷ്ടമുടിക്കായലിന്റെ അനുഗ്രഹംകൊണ്ടു സമ്പന്നമാണു നമ്മുടെ ഗ്രാമ പഞ്ചായത്ത്. പഞ്ചായത്തിന്റെ മൂന്നു വശങ്ങളിലും അതിരിടുന്ന അഷ്ടമുടിക്കായലും പത്തുവാർഡു കളിലായി സ്ഥിതിചെയ്യുന്ന മുപ്പതോളം കുളങ്ങളും തോടുകളും പ്രകൃതിയുടെ വരദാനങ്ങളായുണ്ട്. തീരപ്രദേശത്ത് അധിവസി ക്കുന്ന ഭൂരിഭാഗം ആൾക്കാരും മത്സ്യബന്ധനവും അനുബന്ധ തൊഴിലുകളും ഉപജീവനമാർഗ്ഗമായി സ്വീകരിച്ചി രിക്കുന്നു. പുരാതനകാലത്ത് ഒരു പ്രത്യേകവിഭാഗം സമുദായക്കാർ മാത്രമായിരുന്നു ഈ തൊഴിലിൽ ഏർപ്പെട്ടിരുന്നത്. എന്നാൽ ഇന്ന് എല്ലാവിഭാഗങ്ങ ളിലും പെട്ട ആൾക്കാർ ഈ രംഗത്തുണ്ട്.

വള്ളവും വലയും ഉപയോഗിച്ചുള്ള മത്സ്യ ബന്ധനരീതിയാണ് പരക്കെ നടന്നുവരുന്നത്. ഇതുകൂടാതെ ചീനവല ഉപയോഗിച്ചും, കരയിൽ നിന്നു വലവീശിയും, പെട്രോമാക്സ് വെളിച്ചത്തിൽ കോരിയും കമ്പിയും ഉപയോഗിച്ചും, വടികളുടെ സഹായത്തോടെ മുങ്ങിത്തപ്പിയും, തൂപ്പ് ഉപ യോഗിച്ചും, ചൂണ്ട ഉപയോഗിച്ചും പലതരത്തിൽ മത്സ്യബന്ധനം നടത്തുന്നുണ്ട്. വീശുവല, കോരുവല, കുറ്റിവല, മടവല, നീട്ടുവല, കമ്പാവല, ചീനവല, ഞണ്ടുവല എന്നിങ്ങനെ വൈവിദ്ധ്യ മാർന്നയിനം വലകൾ മത്സ്യബന്ധനത്തിന് ഉപയോഗിച്ചുവരുന്നു.

കരിമീൻ, കണമ്പ് പുമീൻ, കൂഴാവാലി, പള്ളത്തി, ചുണ്ടൻ, കളിമീൻ, പുലാവ്, കാരൽ, ഒറത്ത (വെട്ടൻ, നിലംപതുങ്ങി), ഇലമ്പാട്ട, കുരിത്തേട്, ചൂട, പ്രാച്ചി, ഞുണ്ണാ, കടിമീൻ, പാര തുടങ്ങിയ മത്സ്യങ്ങളും തെള്ളി, നാരൻ, ഓവി തുട ങ്ങിയ ചെമ്മീൻ വർഗ്ഗങ്ങളും, ഞണ്ട്, കോറഞണ്ട്, വെളുത്തകക്കാ, കറുത്തകക്കാ, ചിപ്പികക്കാ, മുരിങ്ങ, ആമ എന്നിവയുമടങ്ങിയ മത്സ്യസമ്പത്ത് അഷ്ടമുടിക്കായലിലുണ്ട്. ചില പ്രത്യേക സീസണുകളിൽ കോര, ചാള, മത്തി, പാഞ്ഞു കടിയൻ, തിരണ്ടി, സ്രാവ് തുടങ്ങിയ കടൽ മത്സ്യ ങ്ങളും കായലിലെത്താറുണ്ട്. അഷ്ടമുടിക്കായ ലിലെ കരിമീനും,കണമ്പും, ഞണ്ടും, ചെമ്മീനും രുചിയുടെ കാര്യത്തിൽ വളരെ പ്രസിദ്ധമാണ്. അഷ്ടമുടിക്കായലിൽ മാത്രം കാണപ്പെടുന്ന മത്സ്യ യിനമാണ് കൂഴാവാലി. വലിയ തേട്, കായൽസ്രാവ്, നീർനായ, കായൽ മുതല എന്നിവ ഇന്ന് പാടെ അപ്രത്യക്ഷമായിക്കഴിഞ്ഞ ജലജീവികളാണ്.

കരിമീൻ, കണമ്പ് തുടങ്ങി എല്ലാ മത്സ്യങ്ങളും 12 മാസവും ലഭ്യമാണ്. കൂഴാവാലി ജൂൺ മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങളിൽ സുലഭമാണ്. കക്കാ, ഞണ്ട്, ചെമ്മീൻ എന്നിവ 12 മാസങ്ങളിലും ലഭ്യമാണ്. മുരിങ്ങയിറച്ചി മഴക്കാലത്തൊഴികെ എല്ലാ സമയങ്ങളിലും ലഭ്യമാണ്.

അഷ്ടമുടിക്കായലിൽ നിന്ന് മുൻകാലങ്ങളിൽ സുലഭമായി ലഭിച്ചിരുന്ന കരിമീന്റെയും മറ്റു മത്സ്യ ങ്ങളുടെയും സമ്പത്ത് ദിനംപ്രതി കുറഞ്ഞുവരുന്നു എന്നതു ഗൗരവപൂർവ്വമായ ശ്രദ്ധ അർഹിക്കുന്നു. അശാസ്ത്രീയമായ മത്സ്യബന്ധനമാർഗ്ഗങ്ങൾ തന്നെയാണ് ഇതിനു കാരണമായി ചൂണ്ടിക്കാണി ക്കുന്നത്. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ അഭിപ്രായത്തിൽ തൂപ്പ് ഉപയോഗിച്ചു മത്സ്യം പിടിക്കുന്നതും, പെട്രോമാക്സ് ഉപയോഗിച്ച് മത്സ്യം പിടിക്കുന്നതും കരിമീൻസമ്പത്തിന്റെ ശോഷണ ത്തിനു മുഖ്യ കാരണങ്ങളാണ്. വംശവർദ്ധനവി നായി ചെറിയ തടങ്ങൾ ഉണ്ടാക്കി മുട്ടയിടുന്ന കരിമീനുകൾ ഈ സമ്പ്രദായങ്ങൾ പ്രയോഗിക്ക പ്പെടുന്നതുമൂലം വംശ നാശത്തിലേക്കു നീങ്ങിക്കൊ ണ്ടിരിക്കുകയാണെന്ന് അഭിപ്രായമുണ്ട്.

പഞ്ചായത്തിന്റെ പരിധിയിൽ എകദേശം 30 ചീനവലകളുണ്ട്. ചീനവലകളിൽ ഉപയോഗിക്കുന്ന ചെറിയകണ്ണികളുള്ള വല ചെമ്മീൻകുഞ്ഞുങ്ങളുടെ വംശനാശം ഉണ്ടാക്കുന്നുവെന്ന് ചൂണ്ടിക്കാണിക്ക പ്പെടുന്നു. ചീനവലകളിൽ ഉപയോഗിക്കുന്ന ലൈറ്റുകൾ നിശ്ചിത പ്രകാശം മാത്രമുള്ള താണെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ചീനവലക്ക ണ്ണികളും നിശ്ചിത വലിപ്പത്തിൽ കുറവാകരുതെന്ന നിബന്ധനയുണ്ടാവണം. കരയിൽ നിന്നുമകലെ യായി കായലിന്റെ ഉൾഭാഗത്ത് ചീനവലകൾ സ്ഥാപിക്കുന്നതുമൂലം പരമ്പരാഗത മത്സ്യത്തൊഴി ലാളികളുമായി സംഘർഷങ്ങൾ ഉണ്ടാകുന്നുണ്ട്. ചീനവലകളുടെ സ്ഥാനം സംബന്ധിച്ചും വ്യക്ത മായ നിബന്ധനകൾ പാലിക്കപ്പെടേണ്ടതുണ്ട്.

മടവല (കൊതുകുവല) ഉപയോഗിച്ച് മുട്ട വിരിഞ്ഞിറങ്ങുന്ന ചെറിയ ചെമ്മീൻ കുഞ്ഞുങ്ങളെ കോരിയെടുക്കുന്ന സമ്പ്രദായം കർശനമായി നിരോധിച്ചില്ലെങ്കിൽ സമീപഭാവിയിൽത്തന്നെ അഷ്ടമുടിക്കായലിൽ ചെമ്മീന്റെ വംശനാശം തീർച്ചയാണ്. കോടിക്കണക്കിനുള്ള ചെമ്മീൻ കുഞ്ഞുങ്ങളാണ് ഈ വിധം നശിപ്പിക്കപ്പെടുന്നത്. തുച്ഛമായ വില മാത്രം കിട്ടുന്ന ചെമ്മീൻ കുഞ്ഞുങ്ങളെ കോരി നശിപ്പിക്കാതെ വളരാൻ വിടുകയാണെങ്കിൽ കോടിക്കണക്കിനു രൂപയുടെ മത്സ്യസമ്പത്തായി മാറുന്നതാണ്.

അഷ്ടമുടിക്കായൽ കടലുമായി ചേരുന്ന നീണ്ടകരഭാഗത്തെ വിശാലമായ അഴിമുഖം കായലിലെ മത്സ്യസമ്പത്തിന്റെ ഏറ്റവും അനുകൂലമായ പ്രകൃതിവരദാനമാണ്. പ്രത്യേക സീസണുകളിൽ കടലിലെ ചിലയിനം മത്സ്യങ്ങൾ കായലിലേക്കു കയറാറുണ്ട്. കൂടാതെ ചെമ്മീന്റെ പ്രജനനവും വളർച്ചയും കായലും കടലുമായി ബന്ധപ്പെട്ടാണു നടക്കുന്നത്. അഴിമുഖത്തോ ടടുത്ത കായൽഭാഗങ്ങളിലുള്ള കുറ്റിവലകൾ കായലിലെ മത്സ്യസമ്പത്ത് ശോഷിപ്പിക്കുന്നതിൽ ഗുരുതരമായ പങ്കുവഹിക്കുന്നുണ്ട്. വേലിയേറ്റ സമയത്തെ കുറ്റിവല ഉപയോഗം (ഏറ്റക്കെട്ട്) കടലിൽ നിന്നുള്ള മത്സ്യങ്ങളും ചെമ്മീനും കായലിലെത്തുന്നതു തടയുന്നു.

ചീനവല, കുറ്റിവല എന്നീ മത്സ്യബന്ധന സമ്പ്രദായങ്ങൾ പൊതുവേ ചിലവേറിയതാണെന്നതിനാൽ പാവപ്പെട്ട മത്സ്യത്തൊഴിലാളികളല്ല ഇവയുടെ ഗുണഭോക്താക്കൾ എന്ന വസ്തുത ശ്രദ്ധിക്കേണ്ടതുണ്ട്. ഗുണദോഷവശങ്ങൾ പരിശോധിക്കുമ്പോൾ ഈ സമ്പ്രദായങ്ങൾ മൂലം പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്കും കായലിലെ മത്സ്യസമ്പത്തിനുമുണ്ടാകുന്ന ദോഷങ്ങൾക്കാണ് അവയുടെ ഉടമകൾക്കുണ്ടാകുന്ന ഗുണത്തേക്കാൾ മുൻതൂക്കം. അതിനാൽ ചീനവല, കുറ്റിവല എന്നിവയുടെ മേൽ ശക്തമായ നിയന്ത്രണങ്ങൾ നിയമം മൂലമുണ്ടാകണം.

കടലിൽ ഫിഷിംഗ് ബോട്ടുകളിൽ മത്സ്യബന്ധനത്തിനുപോകുന്ന തൊഴിലാളികളും നമ്മുടെ ഗ്രാമത്തിലുണ്ട്. കായൽ മത്സ്യബന്ധനം, കടൽ മത്സ്യബന്ധനം, കായൽ മത്സ്യവിപണനം, കടൽ മത്സ്യവിപണനം, ചെമ്മീൻ സംസ്കരണം, കക്കാവാരൽ, ഞണ്ടും മുരിങ്ങയും ശേഖരിക്കൽ എന്നിങ്ങനെ വ്യത്യസ്ത മേഖലകളിലായി നിരവധി തൊഴിലാളികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. മത്സ്യബന്ധനം, സംസ്കരണം, മത്സ്യവിപണനം എന്നീ മേഖലകളിൽ 1752 തൊഴിലാളികൾ ഉണ്ട്. ഇതിൽ 50ശതമാനത്തോളം സ്ത്രീകളാണ്. തലച്ചുമടായും സൈക്കിളിലുമാണ് മത്സ്യവിപണന രംഗത്തെ തൊഴിലാളികൾ വില്പന നടത്തുന്നത്.

നമ്മുടെ പഞ്ചായത്തിനോടടുത്തുകിടക്കുന്ന പ്രസിദ്ധമായ നീണ്ടകര ഫിഷിംഗ് സെൻററിൽ നിന്നും വരുന്ന മത്സ്യത്തിന് ഇവിടം ഒരു വിപണിയായി മാറിക്കൊണ്ടിരിക്കുകയാണ്.

അഷ്ടമുടിക്കായലിലെ മത്സ്യസമ്പത്ത് വിശേഷിച്ച് ചെമ്മീൻ, ഞണ്ട് എന്നിവ വിദേശനാണ്യസമ്പാദനത്തിൽ ഏറ്റവും മുമ്പിലാണ്. വിദേശ കയറ്റുമതി പൂർണ്ണമായും സ്വകാര്യ ഏജൻസികൾ വഴിയായതിനാൽ മത്സ്യത്തൊഴിലാളികൾക്കോ, നാടിനോ ഇതിന്റെ നേട്ടം ഉണ്ടാകുന്നില്ല എന്നതും വളരെ ശ്രദ്ധയോടെ പരിചിന്തനം നടത്തേണ്ട വിഷയമാണ്. മത്സ്യത്തൊഴിലാളി കൾക്കും നാടിനും കൂടുതൽ പ്രയോജനം ലഭിക്കത്തക്ക രീതിയിലുള്ള പദ്ധതികളെക്കുറിച്ച് ചിന്തിക്കുന്നത് ഇനിയും വൈകിച്ചുകൂടാ.

പഞ്ചായത്തിന്റെ 1,3,7,10 എന്നീ വാർഡുകളിൽ ചെമ്മീൻ പീലിംഗ് ഷെഡുകൾ പ്രവർത്തിക്കുന്നു. 14 വയസ്സിനു മുകളിലുള്ള വനിതകളാണ് പ്രധാനമായും പീലിംഗ് നടത്തുന്നത്. ഒരുകിലോ ചെമ്മീൻ പൊളിക്കുന്നതിന് 1 രൂപ 50 പൈസ മുതൽ 2 രൂപ വരെയാണു കൂലി. സ്ഥിരമായി 10 തൊഴിലാളികളെങ്കിലും ഒരു പീലിംഗ് സെൻററിലുണ്ടാകാറുണ്ട്.

പഞ്ചായത്തിൽ അംഗീകൃത മാർക്കറ്റ് ഒരെണ്ണം മാത്രമേയുള്ളു. അതു കാഞ്ഞാവെളി (തെക്കേച്ചേരി വാർഡ്)യിൽ പ്രവർത്തിക്കുന്നു. പ്രാക്കുളത്ത് ഒരു സ്വകാര്യ വ്യക്തിയുടെ വക ചന്ത രാവിലെയും വൈകിട്ടും പ്രവർത്തിക്കുന്നു. കാഞ്ഞിരംകുഴി (4,5 വാർഡുകളുടെ അതിർത്തി)യിൽ അന്തിച്ചന്ത പ്രവർത്തിക്കുന്നു.

വിവിധ സർക്കാർ ഏജൻസികളുടെ പദ്ധതികൾ ഉപയോഗപ്പെടുത്തി സ്വന്തമായി വള്ളവും വലയും ഉണ്ടാക്കാൻ കുറെയൊക്കെ കഴിഞ്ഞതിൻെറ ഫലമായി മുതലാളിമാരുടെ ചൂഷണം ഏറെക്കുറെ ഇല്ലാതായിട്ടുണ്ട്. എന്നാൽ ചീനവല, വള്ളവും വലയും എന്നിവയ്ക്ക് സ്വകാര്യ ചെമ്മീൻ വ്യവസായികൾ ധനസഹായം നൽകു കയും തുടർന്ന് ന്യായമായ വിലനൽകാതെ തൊഴിലാളികളെ ചൂഷണം ചെയ്യുകയും ചെയ്യുന്ന അവസ്ഥ നിലവിലുണ്ട്. മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്താൻ വേണ്ടിയുള്ള ശ്രമങ്ങൾ ഇനിയും കാര്യമായി ഉണ്ടാകേണ്ടിയിരി ക്കുന്നു.

പ്രാദേശികമായ ആവശ്യങ്ങൾ നിറവേറ്റുന്നതിന്, പുറമേയുള്ള വിപണിയുടെ സാദ്ധ്യതകൾ കൂടി കണക്കിലെടുത്ത് ഒരു വലനിർമ്മാണയൂണിറ്റ് സ്ഥാപിക്കുന്നതിന് നമ്മുടെ പഞ്ചായത്തിൽ സാദ്ധ്യതകൾ ഉണ്ട്.

നമ്മുടെ പഞ്ചായത്തുകൂടി പ്രവർത്തനപരിധിയാക്കിക്കൊണ്ട് ഒരു ഉൾനാടൻ മത്സ്യസഹകരണ സംഘം അഞ്ചാലുംമൂട് (തൃക്കടവൂർ പഞ്ചായത്ത്) കേന്ദ്രമാക്കി രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും പ്രവർത്തനങ്ങൾ നടക്കുന്നില്ല. മത്സ്യത്തൊഴിലാളികൾക്കായി പഞ്ചായത്തിൽ ഒരു സഹകരണസംഘം ഇന്ന് നിലവിലില്ല. പ്രാക്കുളം, മണലിക്കട (തെക്കേച്ചേരി, നടുവിലച്ചേരി) പ്രദേശങ്ങൾ കേന്ദ്രീകരിച്ച് രണ്ടു സഹകരണസംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ചെമ്മീൻ, ഞണ്ട്, മുരിങ്ങ, വിവിധയിനം മത്സ്യങ്ങൾ എന്നിവ വളർത്തുന്നതിന് ഏറ്റവും അനുകൂലമായ സാഹചര്യങ്ങൾ നമുക്കുണ്ട്. ഇവ പ്രയോജനപ്പെടുത്തി ഉല്പാദനരംഗത്ത് വമ്പിച്ച കുതിച്ചുചാട്ടം നടത്താൻ കഴിയും. കായലിൻെറ സാമീപ്യം പ്രയോജനപ്പെടുത്തി ഓരുജലമത്സ്യക്കൃഷിയും, ചെമ്മീൻ, ഞണ്ട്, മുരിങ്ങ എന്നിവയുടെ കൃഷിയും വ്യാപകമാക്കണം. നമുക്കുള്ള മുപ്പതോളം കുളങ്ങളും തോടുകളും ശുദ്ധജലമത്സ്യക്കൃഷിക്കും ഉപയോഗിക്കാവുന്നതാണ്.

അഷ്ടമുടിക്കായലിലുള്ള വമ്പിച്ച കക്കാശേഖരം ശാസ്ത്രീയമായി ചൂഷണം ചെയ്യാനുള്ള പദ്ധതികൾ ആലോചിക്കേണ്ടതുണ്ട്. കക്കായിറച്ചി സംസ്കരിച്ചെടുക്കുവാനും കക്കാ ഓട്ടി ഉപയോഗിച്ച് വ്യവസായസംരംഭങ്ങൾ ആരംഭിക്കു വാനും നമ്മൾ മുന്നോട്ടുവരേണ്ടതുണ്ട്. നൂറുകണക്കിനു ടൺ കക്കാ ഇപ്പോൾ അന്യസംസ്ഥാനങ്ങളിലേക്കും സംസ്ഥാനത്തിനകത്തുതന്നെയുള്ള മറ്റു സ്ഥലങ്ങളിലേക്കും കയറ്റിക്കൊണ്ടുപോകുന്നുണ്ട്. അതിനു തുച്ഛമായ വിലയാണു നമുക്കു ലഭിക്കുന്നത്. വളർച്ചയെത്താത്ത ചെറിയ കക്കാപോലും ഇത്തരത്തിൽ കടത്തിക്കൊണ്ടു പോകുകയാണിന്ന്. കക്കാശേഖരിച്ച് ഇറച്ചി സംസ്കരിച്ച് വിപണനം നടത്താനുള്ള പദ്ധതികൾ ഉണ്ടാവണം. ഇറച്ചി ശേഖരിച്ചതിനുശേഷം മാത്രം കക്കാ ഓട്ടി വ്യവസായങ്ങൾക്കു ഉപയോഗിക്കേ ണ്ടതാണ്.

പട്ടിക – 1
മത്സ്യബന്ധന തൊഴിലാളികൾ

| മേഖല | എണ്ണം |
|---|---|
| കടൽ മത്സ്യബന്ധനം | 150 |
| കായൽ മത്സ്യബന്ധനം | 620 |
| മത്സ്യസംസ്കരണം | 892 |
| മത്സ്യവിപണനം | 90 |
| ആകെ | 1752 |

*അവലംബം : വിഭവസമാഹരണം*

## പ്രശ്നങ്ങൾ

- മത്സ്യസഹകരണസംഘങ്ങൾ ഇല്ല
- ഫിഷിംഗ് സെൻറർ ഇല്ല
- മത്സ്യവിപണനകേന്ദ്രം ഇല്ല
- കായലിൽ മത്സ്യസമ്പത്ത് ഗണ്യമായി കുറയുന്നു
- യന്ത്രവൽകൃതബോട്ടുകളുടെയും വള്ളങ്ങളുടെയും അശാസ്ത്രീയമായ പ്രവർത്ത നംമൂലം മത്സ്യത്തിന് മണ്ണെണ്ണയുടെയും ഡീസലിൻെറയും ഗന്ധം അനുഭവപ്പെടുന്നതു മൂലമുള്ള വിപണനമാന്ദ്യം

- ആധുനിക മത്സ്യബന്ധനസമ്പ്രദായങ്ങൾ നിലവിൽ വന്നതോടെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കു ലഭിക്കുന്ന മത്സ്യത്തിൻെറ അളവിലുണ്ടായ കുറവ്
- ഇടനിലക്കാരുടെ ചൂഷണം
- അശാസ്ത്രീയമായ മത്സ്യസമ്പത്തു ചൂഷണം
- മാർക്കറ്റുകളുടെ കുറവ്.

## പരിഹാര നിർദ്ദേശങ്ങൾ

- മത്സ്യത്തൊഴിലാളികളുടെ സഹകരണസംഘങ്ങൾ ഉണ്ടാവുകയും ശാസ്ത്രീയവും ഫലപ്രദവുമായ ക്ഷേമപ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കുകയും വേണം.
- തീരപ്രദേശങ്ങളിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ ഫിഷ്‌ലാൻറുകൾ സ്ഥാപിക്കുക
- പഞ്ചായത്തിലെ വിവിധ മേഖലകളിൽ മത്സ്യവിപണനകേന്ദ്രങ്ങൾ തുറക്കുക.
- മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനുവേണ്ടി ജനകീയ സംരക്ഷണസമിതികൾ ഉണ്ടാവണം.
- മത്സ്യസമ്പത്ത്, ഫിഷറീസ് വകുപ്പ്, മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡ് എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നമ്മുടെ പഞ്ചായത്തിൽ 'മത്സ്യഭവൻ' സ്ഥാപിക്കണം.
- കക്കാ ഓട്ടി സംഭരിച്ച്, സംസ്കരിച്ച് പൗഡറുകളും പെയിൻറുകളും മറ്റും നിർമ്മിക്കുന്ന ഒരു വ്യവസായ യൂണിറ്റ് സ്ഥാപിക്കണം.
- മുരിങ്ങയിറച്ചി, കക്കാ, ഞണ്ട്, ചെമ്മീൻ, ശുദ്ധജലമത്സ്യങ്ങൾ, ഓരുജലമത്സ്യങ്ങൾ എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കണം. അതിനുള്ള ധനസഹായം സബ്സിഡിയോടുകൂടി വ്യാപകമായി നൽകണം.
- മത്സ്യത്തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ പഞ്ചായത്തുവഴി വിതരണം ചെയ്യേണ്ടതാണ്.
- തൃക്കരുവാ ഗ്രാമപഞ്ചായത്ത് ഒരു തീരദേശ പഞ്ചായത്തായി പ്രഖ്യാപിക്കേണ്ടതാണ്.
- പഞ്ചായത്തിൽ മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന മേഖലകൾ ഉൾപ്പെടുത്തി ഒരു 'മത്സ്യഗ്രാമ'ത്തിനു രൂപം കൊടുക്കുക.
- ഉൾക്കടലിൽ മത്സ്യബന്ധനത്തിനുപോകുന്ന മത്സ്യത്തൊഴിലാളികളുടെ പേരുവിവരം രജിസ്റ്റർ ചെയ്യണമെന്നു നിയമം മൂലം നിഷ്കർഷിക്കേണ്ടതാണ്.
- മത്സ്യരോഗങ്ങളെ സംബന്ധിച്ച പഠനങ്ങളും പ്രതിരോധ/പ്രതിവിധി മാർഗ്ഗങ്ങളുമുണ്ടാകണം.
- മത്സ്യത്തൊഴിലാളികൾക്കുള്ള ഭവനനിർമ്മാണ പദ്ധതികൾ ഉൾപ്പെടെയുള്ള ക്ഷേമപരിപാടികൾ കാര്യക്ഷമമായി നടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
- മത്സ്യബന്ധനോപകരണങ്ങൾക്കു ധന സഹായം സബ്സിഡിയോടുകൂടി നൽകണം.
- വലനിർമ്മാണയൂണിറ്റ് ആരംഭിക്കാവുന്നതാണ്.
- കടലിൽ നിന്നും അഷ്ടമുടിക്കായലിലേക്കു കയറുന്ന മത്സ്യസമ്പത്തിനു തടസ്സമാവുന്ന കുറ്റിവലയുടെ 'ഏറ്റക്കെട്ട്', മത്സ്യസമ്പത്തു നശിപ്പിക്കുന്ന വിധത്തിലുള്ള ചീനവല ഉപയോഗം എന്നിവ നിയമംമൂലം നിയന്ത്രിക്കുകയും, അതു നടപ്പിലാകുന്നുവെന്നു ഉറപ്പു വരുത്തുകയും വേണം.
- അനധികൃത ട്രോളിംഗിനു കായലിൽ പ്രവേശിക്കുന്ന ഫിഷിംഗ് ബോട്ടുകളുടെമേൽ കർശന നടപടികൾ സ്വീകരിക്കുന്ന സംവിധാനം ഉണ്ടാവണം.

> ഏതൊരു ശരിയായ ജനായത്തക്രമത്തിന്റെയും അടിസ്ഥാനം പ്രാദേശിക സ്വയംഭരണ ഗവൺമെന്റായിരിക്കണം. മുകളിലുള്ള ജനായത്തത്തിന്, അത് താഴെ നിന്നുള്ള അസ്തിവാരത്തിന്മേൽ പടുത്തുയർത്തപ്പെട്ടതല്ലെങ്കിൽ ഒരു വിജയമാകാനാവില്ല
>
> – *ജവഹർ ലാൽ നെഹ്റു*

# 5.3

# വ്യവസായം ടൂറിസം

18.33 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവും 1991-ലെ കാനേഷുമാരി കണക്കനുസരിച്ച് 25,891 ജന സംഖ്യയുള്ളതുമായ തൃക്കരുവാ പഞ്ചായത്ത് വ്യാവ സായികമായി വളരെ പിന്നോക്കം നിൽക്കുന്നു. വൻ കിട ആധുനിക വ്യവസായങ്ങൾ ഒന്നുംതന്നെ നമ്മുടെ പഞ്ചായത്തിലില്ല. മത്സ്യബന്ധനവും കേര കൃഷി യുമായി ബന്ധപ്പെട്ട പരമ്പരാഗത വ്യവസായങ്ങൾ ഒക്കെ തകർച്ചയിലാണ്. മുൻകാലങ്ങളിൽ, കയർ വ്യവസായം നമ്മുടെ സമ്പദ്ഘടനയുടെ നട്ടെല്ലായി രുന്നു. അതോടൊപ്പം തന്നെ വ്യാപകമായി കൊപ്ര വെളിച്ചെണ്ണ ഉദ്പാദനവും നടന്നിരുന്നു. വ്യാപകമായ ല്ലെങ്കിലും നമ്മുടെ പഞ്ചായത്തിന്റെ ചില പ്രദേശങ്ങ ളിൽ പണ്ട് ഉണ്ടായിരുന്ന നെയ്ത് ഇപ്പോൾ പൂർണ്ണ മായും നിലച്ചിരിക്കുന്നു. പരമ്പരാഗത മത്സ്യബന്ധ നവും മത്സ്യവിപണനവും പഴയരീതിയിൽ നിന്നും ഏറെയൊന്നും മുന്നോട്ടുപോയിട്ടില്ല. ഈ മേഖലയു മായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള ചെമ്മീൻ പീലിംഗ് മാത്രമാണ് ഈ രംഗത്തെ വളർച്ചയായി പറയാനു ള്ളത്. ഏറെ സാദ്ധ്യതകളുള്ള ചെമ്മീൻ - ഞണ്ട് സംസ്കരണം, അവയുടെ കയറ്റുമതി തുടങ്ങിയ ഒന്നും തന്നെ നമ്മുടെ പ്രദേശത്ത് നടക്കുന്നില്ല. ഐസ് നിർമ്മാണ ഫാക്ടറികളും പഞ്ചായത്തിലില്ല. മുൻകാലങ്ങളിൽ പ്രബലമായിരുന്ന കയർ വ്യവസായം നിരവധി കാരണങ്ങളാൽ ദൈനംദിനം തകർച്ചയെ നേരിടുന്നു.

## കയർ മേഖല

ഈ മേഖയിൽ 14 സഹകരണസംഘങ്ങളും, 8 മാട്ടക്കമ്പനികളും പ്രവർത്തിക്കുന്നുണ്ട്. നിരവധി ചെറുകിട ഉല്പാദകർ കയർ മേഖലയിലുണ്ട്. കയർ തൊഴിലാളികളിൽ 80 ശതമാനവും സ്ത്രീകളാണ്. മൊത്തം കയർ തൊഴിലാളികളുടെ 25% സഹകരണ സംഘങ്ങളിലെ തൊഴിലാളികളാണ്. താരതമ്യേന കുറഞ്ഞ കൂലി നിരക്കിൽ പ്രവർത്തിച്ചിട്ടും കയർ സഹകരണസംഘങ്ങളെല്ലാം നഷ്ടത്തിലാണ്.

രണ്ടാം വാർഡിലെ ഒരു കയർ സഹകരണ സംഘം പൂർണ്ണമായും പ്രവർത്തനം നിലച്ചിരിക്കുക യാണ്. ഏഴാം വാർഡിലെ സഹകരണസംഘം ഒരു വർഷമായി പ്രവർത്തിക്കുന്നില്ല. പ്രാദേശികമായി ലഭ്യമായ തൊണ്ട് പോലും സംഭരിക്കുകയോ, സംസ്ക രിക്കുകയോ ചെയ്യാത്തതുമൂലം തൊണ്ട് തല്ല് മേഖലയിലെ സ്ത്രീകൾക്ക് ഒട്ടേറെ തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നു. കയർ ഉല്പാദനം നഷ്ടത്തിൽ നടക്കു മ്പോൾ, കയർ മാട്ടക്കമ്പനികൾ നല്ല ലാഭമുണ്ടാ ക്കുന്നു. കയർ മേഖലയിലെ പ്രതിസന്ധിക്ക് വേറെ യും നിരവധി കാരണങ്ങളുണ്ട്.

മുൻകാലങ്ങളിൽ നമ്മുടെ ഗ്രാമത്തിൽ ഈ വ്യവ സായം നടന്നിരുന്നത് സമീപപ്രദേശങ്ങളായ കായം കുളം, കരുനാഗപ്പള്ളി, കാർത്തികപ്പള്ളി തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും സുലഭമായി ലഭിച്ചുകൊണ്ടി രുന്ന പച്ചത്തൊണ്ട് സംഭരിച്ച് അഴുക്കി, തല്ലിയുണ്ടാ ക്കുന്ന ചകിരി പിരിച്ച് കയറുണ്ടാക്കി വില്പന നടത്തി ക്കൊണ്ടായിരുന്നു. കാലക്രമത്തിൽ തൊണ്ടിന്റെ ലഭ്യതയിൽ വന്ന കുറവും, സമീപപ്രദേശങ്ങളിലേ ക്കുള്ള വ്യവസായത്തിന്റെ വ്യാപനവും നമ്മുടെ പ്രദേശത്തെ കയർവ്യവസായത്തെ മന്ദീഭവിപ്പിച്ചു. ഈ പ്രതിസന്ധി തരണം ചെയ്യുവാൻ അയൽ സംസ്ഥാനങ്ങളിൽ നിന്നും ചകിരി നേരിട്ട് ഇറക്കുമതി ചെയ്യാൻ തുടങ്ങി. ഈ ചകിരി ചെറുകിട ഉല്പാദ കർക്കു ലഭിക്കുന്നത് ഇടത്തട്ടുകാരുടെ ചൂഷണത്തിനു വിധേയമായിട്ടാണ്. കഴിയുന്നത്ര പച്ചത്തൊണ്ട്

സംഭരിച്ച് യന്ത്രസഹായത്താൽ തല്ലി ചകിരിയാക്കി ന്യായമായ വിലയ്ക്ക് ഉല്പാദകർക്കു ലഭ്യമാക്കിയാൽ ഒരു പരിധിവരെ ഇന്നുള്ള പ്രതിസന്ധി തരണം ചെയ്യാൻ കഴിഞ്ഞേക്കും.

ഉല്പാദിപ്പിക്കപ്പെടുന്ന കയർ കാലാകാലങ്ങളിൽ മാറിവരുന്ന ഡിമാന്റിനു അനുസൃതമായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഇതിലേക്ക് ഒരു ഗുണനില വാരനിയന്ത്രണനിയമം തന്നെ ഉണ്ടാകണം. കാലാകാലങ്ങളിലെ ഡിമാന്റിനനുസരിച്ചുള്ള കയർ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ വ്യവസായയൂണിറ്റുകൾ പ്രാദേശിക തലത്തിൽ രൂപീകരിച്ച് പ്രവർത്തിപ്പിക്കുന്നത് നല്ലതാണ്.

ഈ മേഖലയിലെ തൊഴിലാളികൾക്കു ലഭിക്കുന്ന കൂലി മറ്റു മേഖലകളുമായി തട്ടിച്ചു നോക്കുമ്പോൾ വളരെ കുറവാണ്. (പട്ടിക – 1)

പട്ടിക – 1

| നമ്പർ | വിഭാഗം | കൂലി |
|---|---|---|
| 1 | കയർ പിരിപ്പു തൊഴിലാളി | 33 രൂപ |
| 2 | വണ്ടി കറക്കു തൊഴിലാളി | 29 രൂപ |
| 3 | തൊണ്ടുതല്ലുതൊഴിലാളി | 5 – 25 രൂപ |
| 4 | തൊണ്ടു മൂടൽ – എടുപ്പു തൊഴിലാളി | 36 – 50 രൂപ |

നാമമാത്രമായ കൂലിവർദ്ധനവാണ് ഈ മേഖലയിൽ പലപ്പോഴും ഉണ്ടായിട്ടുള്ളത്. അതാകട്ടെ തൊഴിൽ ദിവസങ്ങൾ നഷ്ടപ്പെടുത്തിക്കൊണ്ടുള്ള സമരങ്ങളിലൂടെ നേടിയിട്ടുള്ളതാണ്. ഈ മേഖലയിൽ ലഭിക്കുന്ന തൊഴിൽ ദിവസങ്ങളും തുച്ഛമാണ്.

4 കയർ സഹകരണസംഘങ്ങളുടെ നില മോശമല്ലാത്തതാണ്. ഈ 4 സംഘങ്ങളിലും ICDP പദ്ധതി പ്രകാരം യന്ത്രവൽക്കരണ റാട്ടുകൾ പ്രവർത്തിപ്പിക്കാനുള്ള നടപടികൾ നടന്നുവരിക യാണ്. ഇതിനാവശ്യമായ പരിശീലനം തൊഴിലാളി കൾക്ക് നൽകിവരുന്നു. ICDP പദ്ധതിയ്ക്കായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സംഘങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു.

## മത്സ്യമേഖല

സുദീർഘമായ കായൽത്തീരമുള്ള തൃക്കരുവാ ഗ്രാമപഞ്ചായത്തിൽ മത്സ്യബന്ധനമേഖലയിൽ ധാരാളം തൊഴിലാളികളുണ്ട്. മത്സ്യവിപണനം, ചെമ്മീൻ പീലിംഗ് എന്നീ രംഗങ്ങളിലും ധാരാളം തൊഴിലാളികൾ പങ്കെടുക്കുന്നു. മത്സ്യവ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും "മൃഗസംരക്ഷണവും മത്സ്യബന്ധനവും" (5–2) എന്ന അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. അന്താരാഷ്ട്ര കമ്പോളത്തിൽ മത്സ്യം, ചെമ്മീൻ, ഞണ്ട്, കക്കാ, മുരിങ്ങ എന്നിവയ്ക്കുള്ള ഡിമാന്റ് ചൂഷണം ചെയ്യുന്നത് മറ്റ് പ്രദേശങ്ങളിലുള്ള സ്വകാര്യ വ്യവസായികളാണ്. നമ്മുടെ പ്രദേശത്ത് നിന്നും ലഭിക്കുന്ന മത്സ്യസമ്പത്തിന്റെ നേരിട്ടുള്ള ഗുണഭോഗം നമ്മുടെ പ്രദേശത്തിന് ലഭിക്കുന്നില്ല. ഇടനിലക്കാരും വൻകിട സ്വകാര്യ വ്യവസായികളുമാണ് ഇതിന്റെ പ്രയോജനം അനുഭവിക്കുന്നത്. ചെമ്മീൻ കൃഷി, മത്സ്യകൃഷി, ഞണ്ട് വളർത്തൽ, കക്ക, മുരിങ്ങ എന്നിവയുടെ വളർത്തൽ തുടങ്ങി അനന്തസാദ്ധ്യത കളുണ്ട് മത്സ്യ വ്യവസായ മേഖലയിൽ. കക്കാ ഓട്ടി, മുരിങ്ങ ഓട്ടി എന്നിവ തുച്ഛമായ വിലയ്ക്ക് വൻതോതിൽ അന്യ സംസ്ഥാനങ്ങളിലേക്ക് കയറ്റിപ്പോകുന്നുണ്ട്. ഇവ ഇവിടെതന്നെ കുമ്മായം, വൈറ്റ് സിമന്റ് എന്നിവ നിർമ്മിക്കാൻ പ്രയോജന പ്പെടുത്താവുന്നതാണ്. ചെമ്മീൻ തല, ചെറിയ കക്ക തുടങ്ങി പാഴാക്കിക്കളയുന്ന വസ്തുക്കൾ ഉപയോഗപ്പെടുത്തി കോഴിത്തീറ്റ നിർമ്മിക്കാവുന്നതാണ്.

തൃക്കരുവാ പഞ്ചായത്തിൽ വിപുലമായ തോതിൽ കൊപ്രാ സംഭരണവും സംസ്കരണവും ഉണ്ടായിരുന്നു. കാഞ്ഞിരംകുഴിയിലുള്ള നാളികേര സംസ്കരണ വിപണനസംഘം ഈ മേഖലയിലെ ഒരു പ്രമുഖ സ്ഥാപനമാണ്. ഞാറയ്ക്കൽ വാർഡിലുള്ള കൊപ്രാ ആട്ട്മില്ല് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. പുതിയ യന്ത്രങ്ങൾ ഘടിപ്പിച്ച് ഉല്പാദനം വർദ്ധിപ്പിക്കാനുള്ള നടപടികൾ നടന്നുവരുന്നു. ഒരു വാർഡിൽ ചുരുങ്ങിയത് ഒരു ചാപ്രാ വീതമെങ്കിലുമുണ്ടായിരുന്നു. ചില വാർഡുകളിൽ മൂന്നും നാലും ചാപ്രാകളുമുണ്ടായിരുന്നു. എന്നാൽ ഈ വ്യവസായം ഇപ്പോൾ രണ്ടോ മൂന്നോ വാർഡുകളിലായി ചുരുങ്ങിയിട്ടുണ്ട്. കാഞ്ഞിരംകുഴിയിലുള്ള നാളികേര

സംസ്കരണ വിപണനസംഘത്തിലും വെളിച്ചെണ്ണ ഉത്പാദനം ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ അവിടെയും ഈ പ്രവർത്തനം നടക്കുന്നില്ല. നാളികേരത്തിന് തറവില നിശ്ചയിക്കാത്തതാണ് ഈ വ്യവസായം ഇന്ന് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന തകർച്ചയ്ക്കു പ്രധാന കാരണം.

കയർ മേഖലയിലും, മത്സ്യമേഖലയിലും ഒഴിച്ചാൽ മറ്റ് മേഖലകളിൽ തൊഴിലാളികളുടെ എണ്ണം വളരെ കുറവാണ്. അഷ്ടമുടി വാർഡിൽ പ്രവർത്തിക്കുന്ന ഓട്, ഇഷ്ടിക നിർമ്മാണശാലയും, ഞാറയ്ക്കൽ വാർഡിലുള്ള പ്ലൈവുഡ് നിർമ്മാണ യൂണിറ്റും, വടക്കേക്കര വാർഡിലുള്ള ബേക്കറിയുമാണ് എടുത്തുപറയാവുന്ന ചെറുകിട വ്യവസായ ശാലകൾ. 3 സാമില്ലുകളും, 5 ഫർണിച്ചർ നിർമ്മാണ കേന്ദ്രങ്ങളും, 3 കടച്ചിൽ യൂണിറ്റും ഇവിടെയുണ്ട്. 2 സാമില്ലുകളിൽ കൂലി അറുപ്പും തടിക്കച്ചവടവും നടക്കുന്നു. ഒരിടത്ത് കൂലി അറപ്പ് മാത്രം നടക്കുന്നു.

പത്തോളം ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചു എങ്കിലും ഇപ്പോൾ 3 എണ്ണം മാത്രമേയുള്ളൂ. പ്രാദേശിക ഉപഭോഗം കുറവും ബാഹ്യവിപണി കണ്ടെത്താത്തതുമാണ് ഈ യൂണിറ്റുകൾ പ്രവർത്തനരഹിതമാകുവാൻ കാരണം. ബ്രോയിലർ കോഴിവളർത്തലിനോടൊപ്പം മുട്ടക്കോഴി വളർത്തൽ യൂണിറ്റുകൾക്കും പ്രോത്സാഹനം നൽകേണ്ടതാണ്. കോഴിവിസർജ്ജ്യവും മത്സ്യ അവശിഷ്ടങ്ങളും പ്രയോജനപ്പെടുത്തി ജൈവവളം നിർമ്മിക്കാവുന്നതാണ്.

സ്റ്റെബിലൈസർ, ഇലക്ട്രോണിക്ക് ചോക്ക് തുടങ്ങിയവ നിർമ്മിക്കുന്ന ഒരു ചെറുകിട ഇലക്ട്രോണിക്സ് യൂണിറ്റ് പ്രാക്കുളം 10-ാം വാർഡിൽ ആരംഭിച്ചിട്ടുണ്ട്. റേഡിയോ, ടേപ്പ്റിക്കോർഡർ, സ്റ്റെബിലൈസർ, ഫാൻ റെഗുലേറ്റർ തുടങ്ങിയവയുടെ അസംബ്ലിംഗ് യൂണിറ്റുകളും റിപ്പയറിംഗ് യൂണിറ്റുകളും ചെറുകിട മേഖലയിൽ തുടങ്ങാവുന്നതാണ്.

ഏകദേശം 20 തുന്നൽക്കടകളും, വീടുകളിൽ തന്നെയിരുന്ന് എംബ്രോയിഡറി വർക്കുകളും മറ്റ് തുന്നൽ ജോലികളും ചെയ്യുന്ന വ്യക്തികളും, തയ്യൽ പഠിച്ചിട്ട് തൊഴിൽ ഇല്ലാതെ നിൽക്കുന്ന ആയിരത്തിൽപ്പരം വനിതകളും നമ്മുടെ പഞ്ചായത്തിലുണ്ട്. "ഔട്ട് വർക്കർ" ഉല്പാദനസമ്പ്രദായപ്രകാരം റെഡിമെയ്ഡ് വസ്ത്രനിർമ്മാണയൂണിറ്റും ഇതിനു അനുബന്ധമായി പ്ലാസ്റ്റിക് ബട്ടൺ നിർമ്മാണയൂണിറ്റും നടത്താവുന്നതാണ്.

ചുരുങ്ങിയ മുതൽമുടക്കിൽ ആരംഭിക്കുവാനും വിപണി കണ്ടെത്താൻ സാദ്ധ്യതയുമുള്ള ചെറുകിട വ്യവസായങ്ങൾ ചുവടെ ചേർക്കുന്നു.

- കോഴിവളർത്തൽ (ഇറച്ചിക്കോഴി, മുട്ടക്കോഴി)
- ആട് വളർത്തൽ (മാംസത്തിനും, പാലിനും)
- മരംകൊണ്ടുള്ള ഫർണിച്ചർ നിർമ്മാണം
- സ്ക്കൂൾ ബാഗ് നിർമ്മാണം
- അലങ്കാരപ്പണിചെയ്ത മരംകൊണ്ടുള്ള വീട്ടുപകരണങ്ങൾ
- ക്ലീനിംഗ് പൗഡറുകൾ, ലോഷനുകൾ
- ലഘു ഇലക്ട്രോണിക്സ് ഉപകരണശാല
- സ്റ്റീൽ ഫർണിച്ചർ നിർമ്മാണം
- കൂൺകൃഷി
- സിമൻറ് ഇഷ്ടികനിർമ്മാണം
- മത്സ്യക്കൃഷി
- ചെമ്മീൻകൃഷി
- മുരിങ്ങ, ഞണ്ട് വളർത്തൽകൃഷി
- കുട നിർമ്മാണം
- റെഡിമെയ്ഡ് വസ്ത്രനിർമ്മാണം
- നോട്ടുബുക്കുനിർമ്മാണം
- കറിപൗഡർ, ധാന്യപ്പൊടി, സിന്തറ്റിക് വിനഗർ, അച്ചാറുകൾ
- ഇളനീർ ഉപയോഗിച്ച് ശീതളപാനീയം.

സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പദ്ധതികൾ ഉണ്ടെങ്കിലും അവ കാര്യമായി പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല. ഇതിന് ചില കാരണങ്ങൾ സൂചിപ്പിക്കപ്പെടുന്നുണ്ട്.

- സാമൂഹികമായ പ്രശ്നങ്ങൾ
- ശാശ്വതമായ തൊഴിലും വരുമാനവും ഉറപ്പാക്കാൻ കഴിയാത്ത പദ്ധതികൾ
- വിപണികളെക്കുറിച്ച് വ്യക്തമായ അറിവില്ലായ്മ
- വ്യക്തിപരമായ കടങ്ങൾ തീർക്കാൻ വായ്പകൾ എടുക്കുന്ന പതിവ്
- സർക്കാർ ഉദ്യോഗത്തിനുവേണ്ടിയുള്ള അഭിവാഞ്ഛ
- സ്വയംതൊഴിൽ ചെയ്യുവാനുള്ള താല്പര്യമില്ലായ്മ.
- വ്യവസായസംരംഭകർക്ക് ഉതകുന്ന വിദ്യാഭ്യാസ രീതിയുടെ അഭാവം
- ബാങ്ക്‌വായ്പകൾ ലഭിക്കുന്നതിലുള്ള ബുദ്ധിമുട്ട്.

ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നൂതനമായ സ്വയംതൊഴിൽ പദ്ധതികൾ വഴി തൊഴിലില്ലായ്മ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുവാനും ആസൂത്രിതമായ ഒരു തീവ്രപരിപാടി കൊല്ലം ജില്ലയിൽ നടപ്പിലാക്കിവരികയാണ്. ഇതിൽ യുവതീ യുവാക്കൾക്കായി കമ്പ്യൂട്ടർവൽക്കരിച്ച സെൽഫ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച്, ബ്ലോക്ക് – മുൻസിപ്പാലിറ്റി തലത്തിൽ രജിസ്ട്രേഷൻ, ബ്ലോക്കുതല ബോധവൽക്കരണ സെമിനാറുകൾ, സാങ്കേതിക/മാനേജ്മെൻറ്/ വിപണന പരിശീലനം, സ്വയം സേവന സംഘങ്ങളുടെ രൂപവൽക്കരണം, ബാങ്ക് വായ്പയും വിവിധ സർക്കാർ വകുപ്പുകളുടെ ആനുകൂല്യങ്ങളും ലഭ്യമാക്കൽ, മേൽനോട്ടം, വിപണന സഹായം തുടങ്ങിയവ പെടുന്നു. ഇത്തരം കാര്യങ്ങളെക്കുറിച്ചും തുടങ്ങുവാനുദ്ദേശിക്കുന്ന വ്യവസായങ്ങളെക്കുറിച്ചും /പ്രോജക്ട് റിപ്പോർട്ടുകളെക്കുറിച്ചും വിജയസാദ്ധ്യതകളെക്കുറിച്ചും നിയമവശങ്ങളെക്കുറിച്ചും വിശദമായി സമാഹരിച്ചിട്ടുള്ള ഒരു പ്രസിദ്ധീകരണം കൊല്ലം ജില്ലയിലെ എല്ലാ പഞ്ചായത്താഫീസ്സുകളിലും ലഭ്യമാണ്. ഈ സൗകര്യം വേണ്ടവിധം പ്രയോജനപ്പെടുത്തുകയാണെങ്കിൽ തൊഴിലില്ലായ്മ ചെറിയതോതിലെങ്കിലും പരിഹരിക്കുവാനും ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുവാനും കഴിയും.

ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങൾ

- തീപ്പെട്ടി, മെഴുകുതിരി, ചന്ദനത്തിരി, കുട്ട, വട്ടി, മുറം മുതലായവ നിർമ്മിക്കുന്നതിനുള്ള കുടിൽ വ്യവസായങ്ങൾ ആരംഭിക്കുക.
- പരമ്പരാഗത വ്യവസായമായ കയർ തൊഴിലാളികളുടെ ക്ഷേമത്തിനായി ഒരു തൊണ്ടുതല്ല് യന്ത്രം സ്ഥാപിക്കുക.
- കയറിൻെറ അനുബന്ധ ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിന് ഒരു വ്യവസായയൂണിറ്റ് സ്ഥാപിക്കുക.
- ചകിരിച്ചോറും പ്ലാസ്റ്റർ ഓഫ് പാരീസും ചേർത്ത് ടൈൽസ് ഉണ്ടാക്കുവാനുള്ള യൂണിറ്റ് ആരംഭിക്കുക.
- ഇഷ്ടിക നിർമ്മാണശാല ആരംഭിക്കുക
- വിവിധോദ്ദേശ സഹകരണസംഘം സ്ഥാപിക്കുക
- മുരിങ്ങയിറച്ചിയുടെ ഓട്ടി ഉപയോഗിച്ച് ജനതാസം, ഷെൽസം, തുടങ്ങിയവ നിർമ്മിക്കുന്ന വ്യവസായശാല സ്ഥാപിക്കുക.
- കക്കാ ഓട്ടി ഉപയോഗിച്ച് കുമ്മായം ഉണ്ടാക്കുന്നതിനുള്ള നിർമ്മാണശാല തുടങ്ങുക
- ഇറച്ചിക്കോഴി, മുട്ടക്കോഴി തുടങ്ങിയവയുടെ വളർത്തുകേന്ദ്രങ്ങൾ ആരംഭിക്കുക
- കോഴിവിസർജ്ജ്യം മറ്റു ജൈവ അവശിഷ്ടങ്ങൾ, അറുക്കപ്പൊടി എന്നിവ ഉപയോഗിച്ച് കമ്പോസ്റ്റ് വളം നിർമ്മിക്കുന്ന ഒരു ശാല സ്ഥാപിക്കുക
- ചെമ്മീൻ തല, കക്കാ ഓട്ടി എന്നിവ ഉപയോഗിച്ച് കോഴിത്തീറ്റ ഉണ്ടാക്കുന്ന ഒരു ശാല തുടങ്ങുക
- ഖാദി വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക
- സമയാസമയങ്ങളിൽ തൊഴിൽ പരിശീലന കോഴ്സുകൾ നടത്തണം
- തേങ്ങാവെള്ളം ശീതളപാനീയമായി മാറ്റി ബോട്ടിലിംഗ് നടത്തുന്നതിനുള്ള യൂണിറ്റ് ആരംഭിക്കുക.
- മത്സ്യബന്ധനത്തിനുള്ള വലകെട്ട് യൂണിറ്റ് ആരംഭിക്കുക.
- ഒരു തയ്യൽ സഹകരണ സംഘം രൂപീകരിച്ച് റെഡിമെയ്ഡ് വസ്ത്രനിർമ്മാണം പ്രോത്സാഹിപ്പിക്കുക.

# ടൂറിസം വികസനം

മനോഹരമായ ഭൂപ്രകൃതിയാൽ അനുഗ്രഹീതമായ ഒരു ഗ്രാമപഞ്ചായത്താണ് തൃക്കരുവാ. വളരെ അധികം വിനോദ സഞ്ചാര സാദ്ധ്യതകളുള്ള ഭാഗങ്ങളാണ് സാമ്പ്രാണിക്കോടിയും അഷ്ടമുടിയും.

കായൽനിരപ്പിൽ നിന്നും വളരെ ഉയർന്നു കായലിലേക്കു ഒരു മുനമ്പുപോലെ തള്ളിനിൽക്കുന്ന ഭാഗമാണു സാമ്പ്രാണിക്കോടി. ഇവിടെ ഒരു ലേക്ക് വ്യൂവിംഗ് ടവർ നിർമ്മിച്ചാൽ മനോഹരമായ ഈ പ്രദേശം കണ്ട് ആസ്വദിക്കാൻ വിനോദസഞ്ചാരികൾക്കു കഴിയും. കേന്ദ്രസർക്കാരിൻെറ ഉൾനാടൻ ജലഗതാഗത പദ്ധതിയിൽ ഉൾപ്പെട്ടതാണ് അഷ്ടമുടിക്കായൽ. ജലഗതാഗതത്തിന് അനുയോജ്യമായ ആറ് ജട്ടികൾ ഈ പഞ്ചായത്തിലുണ്ട്. ഇതുവഴി വാട്ടർ ട്രാൻസ്പോർട്ടിൻെറ മൂന്നു ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ട്.

ഈ പ്രദേശങ്ങളിലെ ടൂറിസം വികസനത്തിനായി ഗ്രാമസഭാചർച്ചകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- സാമ്പ്രാണിക്കോടിയിൽ ഒരു വ്യൂവിംഗ് ടവറും ഒരു വിശ്രമ പാർലറും വേണം. അതിനോട് ചേർന്നു ഒരു യാത്രാനിവാസും വേണം.
- അഷ്ടമുടി വീരഭദ്രസ്വാമി ക്ഷേത്രത്തിനോട് ചേർന്നു ഒരു ലേക്ക് വ്യൂവിങ്ങ് സെൻറർ സ്ഥാപിക്കുക.
- ഒന്നാം വാർഡിൻെറ വടക്കേഅറ്റത്തുള്ള ബസ് സ്റ്റാന്റിനു അടുത്തുള്ള പുറംപോക്ക് കായൽ നികത്തി ഒരു ബോട്ടിംഗ് സെൻറർ സ്ഥാപിക്കണം. അതി നെ കാക്കത്തുരുത്തുമായി ബന്ധിപ്പിക്കുക.
- കാക്കത്തുരുത്തിൽ ഒരു വ്യൂയിങ്ങ് ടവർ സ്ഥാപിക്കണം. അതിനോട് ബന്ധിപ്പിച്ച് ഒരു ഇളനീർ പാർലറും കൊച്ചുകൊച്ചു വിശ്രമകേന്ദ്രങ്ങളും സ്ഥാപിക്കണം.



## വൻകിട വ്യവസായം

വൻകിട വ്യവസായങ്ങൾ ഒന്നുംതന്നെയില്ലാത്ത തൃക്കരുവാ പഞ്ചായത്തിൽ വൻകിട വ്യവസായങ്ങൾ തുടങ്ങുവാനുള്ള സാദ്ധ്യതകൾ കാണുന്നില്ല. സ്ഥല പരിമിതിയാണ് ഇതിനു കാരണം. എങ്കിലും പഞ്ചായ ത്ത് കേന്ദ്രീകരിച്ച് ഒരു കോക്കനട്ട് കോംപ്ലക്സ് സ്ഥാപി ക്കുവാൻ കഴിയും.

## വൈദ്യുതി

ആധുനിക വ്യവസായങ്ങൾക്ക് പ്രധാന ഊർജ്ജസ്രോതസ്സ് വൈദ്യുതിയാണ്. ഇപ്പോൾ തന്നെ വൈദ്യുതിയുടെ കാര്യത്തിൽ പഞ്ചായത്തിൻെറ അവസ്ഥ പരിതാപകരമാണ്. വ്യവസായ വളർച്ച യ്ക്ക് പ്രതികൂലമായി നിൽക്കുന്ന പ്രശ്നങ്ങളിൽ ഒന്ന് വൈദ്യുതിയുടെ ദൗർലഭ്യവും ഇതിൽ ഏർപ്പെടുത്തിയി രിക്കുന്ന നിയന്ത്രണങ്ങളുമാണ്. ആയതുകൊണ്ട് പഞ്ചായത്ത് പ്രദേശത്ത് കൂടുതൽ ട്രാൻസ്ഫോർ മറുകൾ സ്ഥാപിക്കുകയും വ്യവസായ പുരോഗതിക്ക് ആവശ്യമായ വൈദ്യുതിയുടെ അപര്യാപ്തത പരിഹരി ക്കുകയും വേണം.

## ചെറുകിട വ്യവസായ എസ്റ്റേറ്റ്

വൻകിട വ്യവസായങ്ങൾക്ക് സാദ്ധ്യതയില്ലാത്ത ഈ പഞ്ചായത്തിൽ ചെറുകിട വ്യവസായങ്ങൾക്ക് കൂടുതൽ പ്രാധാന്യം അർഹിക്കുന്നു. പഞ്ചായ ത്തിൻെറ വ്യാവസായിക പുരോഗതി ഉറപ്പുവരുത്തു ന്നതിന് ചുരുങ്ങിയത് രണ്ടോ മൂന്നോ ഏക്കർ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് ഒരു വ്യവസായ എസ്റ്റേ റ്റായി പ്രഖ്യാപിക്കുകയും അവിടം വ്യവസായ സംരംഭ കർക്ക് വാടകയ്ക്ക് കൊടുക്കുന്ന പദ്ധതി നടപ്പാക്കു കയും വേണം.

## നിർദ്ദേശങ്ങൾ

- ❖ പഞ്ചായത്തിൻെറ അധീനതയിലൊരു വ്യവസായ വികസന സമിതി രൂപീകരിക്കണം.
- ❖ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക
- ❖ വ്യവസായ സമുഹം, "ഔട്ട് വർക്കർ" ഉല്പാദന സമ്പ്രദായം തുടങ്ങിയ കൂട്ടായ സംരംഭങ്ങൾക്കു മുൻകൈയെടുത്ത് നടപ്പിലാക്കുക.
- ❖ ചെറുകിട വ്യവസായസ്ഥാപനങ്ങൾ പരിപോഷി പ്പിക്കുക
- ❖ പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ പുന രുദ്ധരിക്കുക
- ❖ സഹകരണ മേഖലയെ നിലവിലുള്ള ശോചനീയാ വസ്ഥയിൽ നിന്ന് മോചിപ്പിക്കുവാനുള്ള നടപടി കൾ എടുക്കുക.
- ❖ നവീന രീതിയിലുള്ള തൊണ്ടഴുക്കൽ സമ്പ്രദായം നടപ്പിലാക്കി കയർ സംഘങ്ങൾക്കാവശ്യമായ തൊണ്ടിൻെറ ലഭ്യത ഉറപ്പുവരുത്തുകയും പരിസര മലിനീകരണം തടയുകയും ചെയ്യുക
- ❖ വനിതകളുടെ പങ്കാളിത്തം തൊഴിൽരംഗത്ത് ഉറപ്പുവരുത്തുക
- ❖ വ്യവസായം തുടങ്ങുവാൻ താത്പര്യമുള്ളവരെ കണ്ടെത്തി അവർക്ക് വിദഗ്ദ്ധപരിശീലനവും സാമ്പത്തിക സഹായവും കൊടുക്കണം.
- ❖ നാളീകേരത്തെ അടിസ്ഥാനമാക്കിയുള്ള വിവിധ തരം വ്യവസായങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുക
- ❖ പഞ്ചായത്തിലെ ഗൾഫ്കുടിയേറ്റക്കാരെ വ്യവസാ യരംഗത്ത് മുതൽമുടക്കാൻ പ്രേരിപ്പിക്കുക
- ❖ ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തു വാനുള്ള ഫലപ്രദമായ സംവിധാനം വേണം.
- ❖ ഒരു നാളീകേര കോംപ്ലക്സ് സ്ഥാപിക്കുക.

> കെട്ടിപ്പടുക്കലിൽ തങ്ങൾക്കു ഫലപ്രദമായ സ്വാധീനമുള്ള തങ്ങളുടെ രാഷ്ട്രമാണ് ഏറ്റവും പാവപ്പെട്ടവർക്കടക്കം അനുഭവവേദ്യമാകുന്ന ഒരിന്ത്യ, ജനങ്ങളിൽ ഉയർന്ന വർഗ്ഗവും താഴ്ന്ന വർഗ്ഗവും ഇല്ലാത്ത ഒരിന്ത്യ, എല്ലാ സമുദായങ്ങളും സമ്പൂർണ്ണമായ യോജിപ്പിൽ വർത്തിക്കുന്ന ഒരിന്ത്യ, അങ്ങനെ ഒരിന്ത്യ യ്ക്കുവേണ്ടി ഞാൻ പ്രവർത്തിക്കും.
>
> – ഗാന്ധിജി

# 5.4 വിദ്യാഭ്യാസം

സമൂഹത്തിൻെറ സർവ്വതോമുഖമായ വളർച്ച ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പ്രതിബദ്ധതയുള്ള ഒരു തലമുറയെ സൃഷ്ടിക്കുകയെന്ന വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം ഏതളവുവരെ നിറവേറ്റപ്പെട്ടിട്ടുണ്ട് എന്നത് പരിശോധിക്കപ്പെടേണ്ടതുണ്ടെങ്കിലും, നമ്മുടെ സംസ്ഥാനത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും നടന്നെത്താവുന്ന ദൂരത്തിൽ പ്രൈമറി വിദ്യാഭ്യാസ സൗകര്യമുണ്ടെന്നത് ചെറിയ കാര്യമല്ല. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഹൈസ്ക്കൂളുകൾ ഉണ്ടെന്നുള്ളതും അഭിമാനകര മാണ്. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കും നമ്മുടെ നാട്ടിൽ പ്രായേണ കുറവാണ്. കുറഞ്ഞ ജനനനിരക്ക്, കുറഞ്ഞ ശിശുമരണനിരക്ക്, മെച്ചപ്പെട്ട ആയുർദൈർഘ്യം തുടങ്ങിയ പലകാര്യങ്ങളിലും മൂന്നാം ലോകരാഷ്ട്രങ്ങൾക്കു നമ്മുടെ രാജ്യം മാതൃകയായെന്നത് വിദ്യാഭ്യാസരംഗത്ത് ഇതിനകം തന്നെ നാം നേടിയ പുരോഗതിയുടെ ഫലം തന്നെയാണ്.



നീണ്ടകര അഴിമുഖത്തിനു കിഴക്കുഭാഗത്തുള്ള അഷ്ടമുടിക്കായലിൻെറ കിഴക്കേ തീരത്തായി, വ്യവസായ കേന്ദ്രമായ കുണ്ടറയ്ക്കു പടിഞ്ഞാറും, കൊല്ലം നഗരത്തിനു വടക്കുപടിഞ്ഞാറുമായി സ്ഥിതിചെയ്യുന്ന പ്രകൃതി മനോഹരമായ തൃക്കരുവാ ഗ്രാമം, വിദ്യാഭ്യാസപരമായി പൊതുവെ മുന്നിൽ നിൽക്കുന്നു.

കൊല്ലം വിദ്യാഭ്യാസ ജില്ലയിലെ കൊല്ലം ഉപജില്ലയിൽപ്പെട്ട ഈ പ്രദേശത്തിൻെറ ആരംഭകാല വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ച് ലിഖിതമായ രേഖകളധികം ലഭ്യമല്ലെങ്കിലും, മറ്റു പ്രദേശങ്ങളിലെന്ന പോലെ ഇവിടെയും വിദ്യാഭ്യാസരംഗത്ത് നാന്ദികുറിച്ചത് ചില വ്യക്തികളുടെ ബോധപൂർവ്വമായ പ്രവർത്തനമാണെന്ന് വാമൊഴി പഠനങ്ങൾ സൂചിപ്പിക്കുന്നു.

കൊല്ലവർഷം 1066 ൽ (AD 1890) ചെമ്മക്കാട് തട്ടാന്റയ്യത്ത് കിഴക്കതിൽ ശ്രീമാൻ അയ്യപ്പൻപിള്ള ആരംഭിക്കുകയും പിന്നീട് ശ്രീ. കെ.പി. പരമുശേഖരൻപിള്ള സാറിന് കൈമാറുകയും, പിന്നീട് മാർ കൂറിലോസ് ചാരി റ്റബിൾ ട്രസ്റ്റിനു വിൽക്കു കയും ചെയ്ത കാവറ വടക്ക തിൽ എൽ. പി. എസ്. ആണ് പഞ്ചായത്തിലെ ആദ്യത്തെ പ്രാഥമിക വിദ്യാലയം. 1904 ൽ ശ്രീമാൻ കുഞ്ഞുരാമൻ മുതലാളി ആരംഭിക്കുകയും 1907 ൽ സർക്കാരിനു കൈമാറുകയും ചെയ്തതാണ് പ്രാക്കുളം എൽ. പി. എസ്. 1917 –ൽ കാഞ്ഞാവെളിയിലെ കളിയിലിൽക്കാരുടെ പുരയിടത്തിൽ ശ്രീമാൻ പ്രാക്കുളം പരമേശ്വരൻപിള്ള ആരംഭിച്ചതാണ് പ്രാക്കുളം എൻ.എസ്.എസ്. ഹൈസ്ക്കൂൾ. കൊല്ലവർഷം 1097 ൽ (AD 1921) വിജയദശമിദിന ത്തിൽ ശ്രീനാരായണഗുരുദേവന്റെ ഉപദേശപ്രകാരം കാവിള പെരുമാൾ ഗോവിന്ദൻ ആരംഭിച്ചതാണ് ശ്രീനാരായണവിലാസം സംസ്കൃതസ്ക്കൂൾ. ആദ്യഘട്ടത്തിൽ സംസ്കൃതം ശാസ്ത്രിവരെയുള്ള ക്ളാസ്സുകളാണ് നടത്തിയിരുന്നത്. ശാസ്ത്രി പാസ്സായ വിദ്യാർത്ഥികൾ പ്രാക്കുളം ഹൈസ്ക്കൂളിൽ ചേർന്ന് 8ാം ക്ളാസ്സിൽ പഠനം തുടർന്നിരുന്നു. 1964 ൽ പ്രസ്തുത സ്ക്കൂൾ പുതിയ രീതിയിലുള്ള ഹൈസ്ക്കൂൾ – 'ശ്രീനാരായണ വിലാസം സംസ്കൃത ഹൈസ്ക്കൂൾ' ആയി ഉയർത്തി.

പട്ടിക – 2
സ്ക്കൂളുകളുടെ പൊതുവിവരം

| നമ്പർ | സ്ക്കൂൾ | ഉടമസ്ഥാവകാശം | വിദ്യാർത്ഥികൾ 1995 – 96 | | | അധ്യാപകർ 1995 – 96 | | | കോമ്പൗണ്ടിന്റെ വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം |
|---|---|---|---|---|---|---|---|---|---|---|
| | | | ആൺ | പെ | ആകെ | അനുവദിച്ചത് | നിലവലുള്ള | ഒഴിവുകൾ | | |
| 1 | എസ്. എൻ. വി. എസ്. എച്ച്. എസ്. തൃക്കരുവ | എയിഡഡ് | 63 | 64 | 127 | 11 | 11 | – | 2.75 ഏക്കർ | 75 സെൻറ് |
| 2 | എൻ. എസ്. എസ്. എച്ച്. എസ്. പ്രാക്കുളം | എയിഡഡ് | 772 | 740 | 1512 | 53 | 53 | – | 2.04 ഏക്കർ | 1 ഏക്കർ |
| 3 | ഗവ. ഹൈസ്ക്കൂൾ, അഷ്ടമുടി | സർക്കാർ | 360 | 339 | 699 | 28 | 27 | 1 | 50 സെൻറ് | ഇല്ല |
| 4 | ഇഞ്ചവിള യു. പി. സ്ക്കൂൾ | എയിഡഡ് | 144 | 171 | 315 | 15 | 15 | – | 47.5 സെൻറ് | 20 സെൻറ് |
| 5 | ഗവ. എൽ. പി. എസ്. പെരിനാട് | സർക്കാർ | 62 | 60 | 122 | 5 | 5 | – | 50 സെൻറ് | 30 സെൻറ് |
| 6 | കാവറവടക്കതിൽ എൽ. പി. എസ്. | എയിഡഡ് | 135 | 127 | 262 | 8 | 8 | – | 47.5 സെൻറ് | 10 സെൻറ് |
| 7 | ഗവ. എൽ. പി. എസ്. പ്രാക്കുളം | സർക്കാർ | 274 | 244 | 518 | 16 | 16 | – | 50 സെൻറ് | 25 സെൻറ് |
| 8 | പഞ്ചായത്ത് എൽ. പി. എസ്. പ്രാക്കുളം | എയിഡഡ് | 83 | 82 | 165 | 4 | 4 | – | 50 സെൻറ് | 20 സെൻറ് |
| | | | 1893 | 1827 | 3720 | 140 | 139 | 1 | | |

പെരിനാട് എൽ. പി. ജി. എസ്. ഉം 9–9–1962 (24–1–1138ൽ) അഷ്ടമുടി എൽ. പി. സ്ക്കൂളും ആരംഭിച്ചു. കാലക്രമത്തിൽ അഷ്ടമുടി സ്ക്കൂൾ യു.പി. എസ്. ആക്കുകയും 1981–ഓടുകൂടി ഹൈസ്ക്കൂൾ ആയി ഉയർത്തുകയും ചെയ്തു. 1114 ഇടവ മാസത്തിൽ (1938) ശ്രീ പി. ഐ. കൊച്ചുകുഞ്ഞ് ആരംഭിച്ച ഇഞ്ചവിള യു. പി. എസ്. മാത്രമാണ് നിലവിലുള്ള ഏക യു.പി. സ്ക്കൂൾ. 1959 ൽ പഞ്ചായത്തിന്റെ മാനേജ്മെന്റിൽ പ്രാക്കുളത്ത് എൽ. പി. സ്ക്കൂൾ ആരംഭിച്ചു. അതിന് 1960 ൽ അംഗീകാരം ലഭിച്ചു. പ്രാക്കുളം ഹൈസ്ക്കൂളിന് സമീപത്തായി ആരംഭിക്കുകയും കാലക്രമത്തിൽ നിർഭാഗ്യവശാൽ നിർത്തലാക്കുകയും ചെയ്ത സ്ക്കൂളാണ് എം. ജി. എസ്. യു. പി. എസ്. ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ 3 ഹൈസ്ക്കൂളുകളും ഒരു യു.പി. സ്ക്കൂളും 4 എൽ. പി. സ്ക്കൂളുകളുമാണുള്ളത്.

പട്ടിക – 1
വിദ്യാലയങ്ങൾ

| സ്ക്കൂളുകൾ | സർക്കാർ മേഖല | സ്വകാര്യ മേഖല | ആകെ |
|---|---|---|---|
| എൽ. പി. എസ് | 2 | 2 | 4 |
| യു. പി. എസ് | 0 | 1 | 1 |
| എച്ച്. എസ്. | 1 | 2 | 3 |
| ആകെ | 3 | 5 | 8 |

*അവലംബം : ദ്വിതീയ സ്ഥിതിവിവരശേഖരണം*

തൃക്കരുവാ പഞ്ചായത്തിലുള്ള എട്ടു സ്ക്കൂളുകളെ സംബന്ധിച്ച പൊതുവിവരങ്ങൾ – ഉടമസ്ഥാവകാശം, വിദ്യാർത്ഥികൾ, അദ്ധ്യാപകർ, സ്ക്കൂൾ

കോമ്പൗണ്ട്, കളി സ്ഥലം തുടങ്ങിയവ പട്ടിക 2–ൽ കൊടുത്തിരിക്കുന്നു.

എൽ. പി., യു. പി., എച്ച്. എസ്. വിഭാഗങ്ങളിലുള്ള ആകെ വിദ്യാർത്ഥികളുടെ എണ്ണം പട്ടിക 3–ൽ കൊടുത്തിരിക്കുന്നു.

പട്ടിക – 3

വിദ്യാർത്ഥികളുടെ എണ്ണം – 1995 – 96

| | സർക്കാർ മേഖല | സ്വകാര്യമേഖല | ആകെ |
|---|---|---|---|
| എൽ. പി. | 885 | 427 | 1312 |
| യു. പി. | 223 | 995 | 1218 |
| എച്ച്. എസ്. | 231 | 959 | 1190 |
| ആകെ | 1339 | 2381 | 3720 |

*അവലംബം : ദ്വിതീയ സ്ഥിതിവിവരശേഖരണം*

സർക്കാർ സ്ക്കൂളുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സ്ഥിതിവിവരക്കണക്കുകൾ താഴെ കൊടുത്തിരിക്കുന്നു.

പട്ടിക – 4

| | |
|---|---|
| ആകെ അദ്ധ്യാപകർ | 139 |
| ഗവ, സ്ക്കൂൾ അദ്ധ്യാപകർ | 48 |
| ശതമാനം | 34.53 |
| ആകെ വിദ്യാർത്ഥികൾ | 3720 |
| ഗവ. സ്ക്കൂളിലെ വിദ്യാർത്ഥികൾ | 1339 |
| ശതമാനം | 35.99 |

*അവലംബം : ദ്വിതീയ സ്ഥിതിവിവരശേഖരണം*

നമ്മുടെ പഞ്ചായത്തിൽ സ്ത്രീ പുരുഷാനുപാതം 1015 : 1000 ആണെങ്കിലും സ്ക്കൂളുകളിൽ കുട്ടികളെ ചേർക്കുന്ന കാര്യത്തിൽ ആൺകുട്ടികളാണ് 0.89% മുന്നിൽ. ഉടുപ്പുകൊണ്ടും നടപ്പുകൊണ്ടും കറുത്ത സായിപ്പന്മാരുടെ ഒരു സമൂഹത്തെ രൂപപ്പെടുത്തുവാൻ വേണ്ടിയാരംഭിച്ച മെക്കാളെ മോഡലിന്റെ പ്രേതം ഇന്നും നമ്മുടെ വിദ്യാഭ്യാസ സങ്കല്പങ്ങളെ വിട്ടുമാറാത്തത് ഇതിനൊരു കാരണമാണ്. നഗരത്തിലെ വിദ്യാലയങ്ങളോടും ആംഗലേയ മാധ്യമത്തോടുമുള്ള ഇടത്തരക്കാരായ രക്ഷിതാക്കളുടെ ഭ്രമം ശ്രദ്ധയാകർഷിക്കുന്നു. വിലകൊടുത്തു വാങ്ങാവുന്ന ഒരു ഉല്പന്നമായി വിദ്യാഭ്യാസം നിലകൊള്ളുന്നതിനാൽ, നഗരങ്ങളിലെ വിദ്യാലയങ്ങളിലേക്കുള്ള വിദ്യാർത്ഥികളുടെ ഒഴുക്കു വർദ്ധിച്ചുവരുന്നു. നമ്മുടെ പഞ്ചായത്തിൽ നിന്നും ആൺകുട്ടികളേക്കാൾ പെൺകുട്ടികളാണ് നഗരത്തിലെ സ്ക്കൂളുകളിലേക്കു പോകുന്നത്. നാമമാത്രമായെങ്കിലും സമീപ പഞ്ചായത്തുകളായ മൺട്രോത്തുരുത്തിൽ നിന്നും പെരിനാട്ടുനിന്നും വിദ്യാർത്ഥികൾ നമ്മുടെ പഞ്ചായത്തിലുള്ള സ്ക്കൂളുകളിൽ എത്തുന്നുണ്ട്.

പട്ടിക – 5

ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും താരതമ്യം 1995 – 96

| | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | പെൺ കുട്ടികൾ % |
|---|---|---|---|---|
| എൽ. പി. | 686 | 626 | 1312 | 47.71% |
| യു. പി. | 590 | 628 | 1218 | 51.56% |
| എച്ച്. എസ്. | 617 | 573 | 1190 | 49.15% |
| ആകെ | 1893 | 1827 | 3720 | 49.11% |

*അവലംബം : ദ്വിതീയ സ്ഥിതിവിവരശേഖരണം*

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിവരങ്ങൾ പട്ടിക 6–ൽ കൊടുത്തിരിക്കുന്നു.

പട്ടിക – 6

പട്ടികജാതി – പട്ടികവർഗ്ഗ വിദ്യാർത്ഥികൾ – 1995 – 96

| | ആകെ വിദ്യാർത്ഥികൾ | SC/ST വിദ്യാർത്ഥികൾ | | | |
|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | % |
| എൽ. പി. | 1312 | 118 | 90 | 208 | 15.95 |
| യു. പി. | 1218 | 99 | 122 | 221 | 18.14 |
| എച്ച്.എസ് | 1190 | 114 | 86 | 200 | 15.9 |
| ആകെ | 3720 | 331 | 298 | 629 | 16.9 |

1995 – 96 അദ്ധ്യയനവർഷത്തിൽ തോറ്റുപഠിക്കുന്ന വിദ്യാർത്ഥികൾ 8.9% മാത്രമാണ്. യോഗ്യതയുള്ള കുട്ടികൾ മാത്രമാണോ ഓരോവർഷവും വിവിധ ക്ലാസ്സുകളിൽ നിന്നും ജയിക്കുന്നത് എന്നു ചിന്തിക്കേണ്ടതുണ്ട്. വൻതോതിലുള്ള മോഡറേഷൻ നൽകി എസ്സ്. എസ്സ്. എൽ. സി. ഉൾപ്പെടെ യുള്ള വിദ്യാർത്ഥികളെ ജയിപ്പിക്കുന്നത് വിദ്യാഭ്യാസ നിലവാരം തകർക്കുന്നതിന്റെ പ്രധാനകാരണമാണ്.

പട്ടിക – 7

തോറ്റുപഠിക്കുന്ന വിദ്യാർത്ഥികൾ 1995 – 96

| | ആൺ | പെൺ | ആകെ | ശതമാനം |
|---|---|---|---|---|
| SC/ST | 39 | 43 | 82 | 22 |
| മറ്റുള്ളവർ | 135 | 113 | 248 | 6.7 |
| ആകെ | 174 | 156 | 330 | 8.9 |

*അവലംബം : ദ്വിതീയസ്ഥിതിവിവരശേഖരണവും വായ്മൊഴികളും.*

കൊഴിഞ്ഞുപോക്ക് (dropouts) നമ്മുടെ പഞ്ചായത്തിൽ 5.48 ശതമാനമാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ 1.02 ശതമാനം ഈ വിഭാഗത്തിലുണ്ട്. സാമ്പത്തിക പരാധീനതകളാണിതിനു പ്രധാനകാരണം. കൊഴിഞ്ഞുപോക്ക് കൂടുതൽ കണ്ടുവരുന്നത് മുസ്ലീം സമുദായത്തിലാണ്. മുസ്ലീം ഗേൾസ് സ്കോളർഷിപ്പ് നൽകിവരുന്നുണ്ടെങ്കിലും 12–14 ഏജ് ഗ്രൂപ്പിനിടയ്ക്ക് പലരും പഠിത്തം നിർത്തുന്നതായി കാണുന്നു.

പട്ടിക – 8

പഠനം നിർത്തിയവർ 1991 – 1996

| | SC/ST | മറ്റുള്ളവർ | ആകെ |
|---|---|---|---|
| ആൺ | 22 | 99 | 121 |
| പെൺ | 16 | 67 | 83 |
| ആകെ | 38 | 166 | 204 |
| ശതമാനം | 1.02 | 4.46 | 5.48 |

*അവലംബം : ദ്വിതീയസ്ഥിതിവിവരശേഖരണം.*

മത്സര പരീക്ഷയെ ലക്ഷ്യമാക്കിയുള്ള ബോധനം വിദ്യാഭ്യാസത്തെ ഒരു യാന്ത്രികവൃത്തിയാക്കിച്ചുരുക്കി. അദ്ധ്യയനമെന്നത് കുട്ടിയും അദ്ധ്യാപകനും തമ്മിലുള്ള വിരസമായ ഒരേർപ്പാടുമാത്രമായി. കുട്ടിയും കുട്ടിയും തമ്മിലും, കുട്ടിയും അദ്ധ്യാപകനും തമ്മിലും, രക്ഷിതാവും അദ്ധ്യാപകനും തമ്മിലും, സ്കൂളും സമൂഹവും തമ്മിലും വളർന്നുവരേണ്ടിയിരുന്ന അനിവാര്യമായ ബന്ധമൊക്കെ ഇല്ലാതായി.

നമ്മുടെ പഞ്ചായത്തിലെ എസ്സ്.എസ്സ്.എൽ.സി. വിജയശതമാനം (കഴിഞ്ഞ 5 വർഷത്തേത്) വിലയിരുത്തുമ്പോൾ മുകളിൽ പറഞ്ഞകാര്യം നമുക്ക് ബോദ്ധ്യമാകും. ഓരോ വാർഡിലും രക്ഷിതാക്കളെയും കുട്ടികളെയും വിളിച്ചുചേർത്ത് ഹൈസ്ക്കൂൾ അദ്ധ്യാപകരുടെയും അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരുടെയും സഹായത്തോടെ വിദ്യാർത്ഥികൾക്ക് വേണ്ടുന്ന സഹായം നൽകുവാൻ അതതു വാർഡുമെമ്പറന്മാരുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

പട്ടിക – 9

S.S.L.C. വിജയശതമാനം

| സ്ക്കൂൾ | 91–92 | 92–93 | 93–94 | 94–95 | 95–96 |
|---|---|---|---|---|---|
| ഗവ. H.S. അഷ്ടമുടി | 40% | 32% | 34% | 40% | 40% |
| S.N.V.S.H.S. തൃക്കരുവ | 25% | 33% | 95% | 41% | 58% |
| N.S.S.H.S. പ്രാക്കുളം | 57% | 55% | 52% | 43% | 47% |

വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ഒഴിച്ചുകൂടാൻ കഴിയാത്ത രണ്ടു ഘടകങ്ങളാണ് അക്കാദമിക സൗകര്യ ങ്ങളും (പട്ടിക – 10) ഭൗതിക സൗകര്യങ്ങളും (പട്ടിക – 11)

വിദ്യാഭ്യാസംകൊണ്ട് വ്യക്തിയുടെ സർവ്വതോമുഖമായ വികാസമാണ് ലക്ഷ്യമാക്കേണ്ടത്. "വിദ്യാഭ്യാസം എന്നതുകൊണ്ട് ഞാൻ അർത്ഥമാക്കുന്നത് വിദ്യാർത്ഥികളുടെയും മാനവരാശിയുടെയും സർവ്വതോമുഖമായ വികാസമാണ് – ശാരീരികവും, മാനസികവും, ആത്മീയവുമായ വികാസം" – എന്ന മഹാത്മാഗാന്ധിയുടെ വാക്കുകൾ നാം പ്രാവർത്തികമാക്കേണ്ടതാണ്.

## പട്ടിക – 10

### അക്കാദമിക സൗകര്യങ്ങൾ 1995 – 96

| സ്ക്കൂളുകൾ | പഠനോപകരണങ്ങൾ, മാപ്പ്, ചാർട്ട്, ഗ്ലോബ് മുതലായവ | ലൈബ്രറി | ലാബ് | റേഡിയോ | ടേപ്പ് റിക്കോർഡർ | ടി. വി. | വി. സി. ആർ / വി. സി. പി. | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർഹെഡ് പ്രൊജക്ടർ | മാതൃസംഗമം സജീവമാണോ | ആവശ്യമുള്ള ബ്ലാക്ക്ബോർഡ് |
|---|---|---|---|---|---|---|---|---|---|---|---|---|
| എസ്. എൻ. വി. എച്ച്. എസ്. തൃക്കരുവ | ഉണ്ട് | ഉണ്ട് | ഉണ്ട് | – | ഉണ്ട് | – | – | – | ഉണ്ട് | ഉണ്ട് | അതെ | – |
| ഇഞ്ചവിള യു. പി. എസ്. | ഉണ്ട് | ഉണ്ട് | ഇല്ല | – | – | – | – | – | – | – | അതെ | – |
| കാവറവടക്കതിൽ എൽ. പി. എസ്. | ഉണ്ട് | ഇല്ല | ഇല്ല | – | – | – | – | – | – | – | അതെ | – |
| പെരിനാട് എൽ. പി. ജി. എസ്. | ഉണ്ട് | ഇല്ല | ഇല്ല | – | – | – | – | – | – | – | അല്ല | – |
| തൃക്കരുവാ പഞ്ചായത്ത് എൽ. പി. എസ്. | ഉണ്ട് | ഇല്ല | ഇല്ല | – | – | – | – | – | – | – | അല്ല | – |
| ഗവ, എൽ.പി.എസ്., പ്രാക്കുളം | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | – | – | – | – | – | – | അതെ | 3 |
| എൻ. എസ്. എസ്. എച്ച്. എസ്. പ്രാക്കുളം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | – | – | – | ഉണ്ട് | ഉണ്ട് | അതെ | 5 |
| ഗവ. എച്ച്. എസ്. അഷ്ടമുടി | വേണ്ടത്ര ഇല്ല | ഉണ്ട് | ഉണ്ട് | – | – | – | – | ഉണ്ട് | ഉണ്ട് | – | അതെ | 5 |

## പട്ടിക – 11

### ഭൗതിക സൗകര്യങ്ങൾ 1995 – 96

| | | ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങളുടെ എണ്ണം | | | മുറികളുടെ എണ്ണം | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | സ്വന്തം | അർദ്ധ സ്വന്തം | താല്ക്കാലികം | സ്വന്തം | അർദ്ധ സ്വന്തം | താല്ക്കാലികം | മൂത്രപ്പുര എണ്ണം | ആവശ്യമുള്ള മൂത്രപ്പുരകളുടെ എണ്ണം | കക്കൂസുകളുടെ എണ്ണം | കുടിവെള്ളസംവിധാനം | വൈദ്യുതി | പാചക മുറി | സ്റ്റാഫ് റൂം | ബഞ്ച് | ഡസ്ക് | മേശ | കസേര | അലമാര |
| 1 | എസ്. എൻ. വി. എസ്. എച്ച്. എസ്, ഞാറയ്ക്കൽ | 8 | 7 | 2 | – | 14 | 3 | – | 2 | – | 2 | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | 20 | 20 | 5 | 5 | 2 |
| 2 | എൻ. എസ്. എസ്. എച്ച്. എസ്. പ്രാക്കുളം | 34 | 4 | – | – | 43 | – | – | 2 | – | 2 | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | 20 | 50 | 7 | 5 | 2 |
| 3 | ഗവ, എച്ച്. എസ്. അഷ്ടമുടി | 20 | 3 | 1 | – | 14 | 4 | – | 3 | 2 | 1 | കിണർ | ഉണ്ട് | ഇല്ല | ഉണ്ട് | 50 | 25 | 10 | 25 | – |
| 4 | ഇഞ്ചവിള യു. പി. എസ്. | 8 | 4 | – | – | 18 | – | – | 2 | 1 | – | കിണർ പൈപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | 10 | 10 | 5 | 5 | 1 |
| 5 | കാവറ വടക്കതിൽ എൽ. പി. എസ്. | 8 | 2 | – | – | 9 | – | – | 1 | 1 | – | പൈപ്പ് | ഇല്ല | ഉണ്ട് | ഉണ്ട് | 2 | 5 | 2 | 1 | 1 |
| 6 | പെരിനാട് എൽ. പി. എസ്. | 4 | 1 | – | – | 5 | – | – | 1 | 1 | 1 | പൈപ്പ് | ഇല്ല | ഇല്ല | ഇല്ല | – | – | – | – | 1 |
| 7 | പഞ്ചായത്ത് എൽ. പി. എസ്. | 4 | 2 | – | – | 8 | – | – | – | 1 | 1 ഉപയോഗശൂന്യ | കിണർ | ഇല്ല | ഉണ്ട് | ഇല്ല | – | – | – | – | 1 |
| [illegible] | ഗവ. എൽ. പി. എസ്. | [illegible] | [illegible] | | | [illegible] | | | [illegible] | | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] |

പോഷകമൂല്യമുള്ള ആഹാരം, കുടിവെള്ളം, ശുചിത്വം എന്നീ പ്രാഥമികകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ 5 ട്യൂട്ടോറിയൽ കോളേജുകളും 4 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളുമാണുള്ളത്. അംഗനവാടികളുടെ എണ്ണം 18 ആണ്. ഇതിൽ ഒരെണ്ണം (വാർഡ് 8) സ്വന്തമായി കെട്ടിടമില്ലാത്തതാണ്. സാങ്കേതിക വിദ്യാലയങ്ങളോ, തൊഴിലധിഷ്ഠിത വിദ്യാലയങ്ങളോ പഞ്ചായത്തിലില്ല.

പൊതുവെ വിദ്യാഭ്യാസനിലവാരത്തകർച്ചയ്ക്ക് താഴെപറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കപ്പെടേണ്ടതാണ്.

- അദ്ധ്യാപക പരിശീലനത്തിൻെറ ഗുണനിലവാരമില്ലായ്മ
- ശാസ്ത്രീയമായ ബോധനരീതികൾ ഉപയോഗിക്കാൻ അദ്ധ്യാപകർ കാണിക്കുന്ന വൈമുഖ്യം.
- അശാസ്ത്രീയമായ മൂല്യനിർണ്ണയ സമ്പ്രദായം
- മോണിറ്ററിംഗിന്റെ അപര്യാപ്തത
- പാരാ അക്കാദമിക് പ്രവർത്തനങ്ങളോടുള്ള അലംഭാവം.
- വീടുകളിലെ പഠനസാഹചര്യത്തിലെ പരിമിതികൾ
- സാമൂഹികമായ പിന്നോക്കാവസ്ഥ
- വിദ്യാഭ്യാസത്തെ സംബന്ധിച്ച് രക്ഷാകർത്താക്കൾക്കിടയിലും പൊതുവേ സമൂഹത്തിലും വ്യാപിച്ചിട്ടുള്ള തെറ്റായധാരണകൾ
- വിദ്യാഭ്യാസവും ജീവിതവുമായുള്ള ബന്ധമില്ലായ്മ.

പഞ്ചായത്ത് സ്ക്കൂൾ കോംപ്ലക്സുകളിൽക്കൂടി മാത്രമേ ഇവയൊക്കെ നമുക്ക് നേടിയെടുക്കുവാൻ കഴിയുക യുള്ളൂ. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ 1996 ഒക്ടോബർ മാസത്തിൽ നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്. സ്ക്കൂൾതല വിദ്യാഭ്യാസസമിതി, വാർഡുകമ്മിറ്റി, പഞ്ചായ ത്തു വിദ്യാഭ്യാസസമിതി, അയൽക്കൂട്ടം, പഞ്ചായ ത്തുതല അക്കാദമിക് കമ്മിറ്റി ഇതാണ് സ്ക്കൂൾ കോംപ്ലക്സിന്റെ ഘടന.

പഞ്ചായത്ത് തല വിദ്യാഭ്യാസ പദ്ധതിയിൽ നാല് പ്രമുഖ കാര്യങ്ങളാണ് ശ്രദ്ധിക്കേണ്ടത്.

- അക്കാദമിക പ്രവർത്തനങ്ങൾ
- പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ
- ഭൗതികസാഹചര്യം മെച്ചപ്പെടുത്താനുള്ള സാഹചര്യങ്ങൾ
- ജനകീയ പ്രവർത്തനങ്ങൾ

ഇന്നത്തെ അണുകുടുംബസംവിധാനത്തിൽ പ്രീപ്രൈമറി വിദ്യാഭ്യാസത്തിനു കൂടുതൽ ഊന്നൽ കൊടു ക്കേണ്ടതുണ്ട്.

**ഗ്രാമസഭകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ**

- തൃക്കരുവാ പഞ്ചായത്ത് കേന്ദ്രമായി സഹകരണ മേഖലയിൽ ഒരു കോ ഓപ്പറേറ്റീവ് കോളേജ് സ്ഥാപിക്കണം.
- തൃക്കരുവാ പഞ്ചായത്ത് കേന്ദ്രമാക്കി ഒരു I.T.I. സ്ഥാപിക്കുക.
- അഷ്ടമുടി ഹൈസ്ക്കൂളിന്റെ സ്ഥലപരിമിതി പ്രശ്നം പരിഹരിക്കുക
- പഞ്ചായത്തിലെ സ്ക്കൂളുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുക
- പഞ്ചായത്തിലെ 3 ഹൈസ്ക്കൂളുകളിലും ഹയർ സെക്കണ്ടറിയുടെ ഓരോവിഭാഗം തുടങ്ങുക. (വൊക്കേഷണൽ ഹയർ സെക്കണ്ടറി, പ്ലസ് ടു സയൻസ് വിഭാഗം, പ്ളസ് ടു ആർട്സ് വിഭാഗം).
- സ്ക്കൂൾ കുട്ടികളുടെ കായിക കലകൾ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ കളിസ്ഥലം നിർമ്മിക്കുക.
- അംഗനവാടികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക
- സ്ക്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും പ്രാഥമിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുക

- തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിലേക്കായി ഒരു കമ്പ്യൂട്ടർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിലേക്കായി വിവിധ പദ്ധതികൾ ആവിഷ്കരിക്കുക.
- ജാതിമത പരിഗണനകൾക്കതീതമായി, കൊഴിഞ്ഞു പോക്ക് തടയുന്നതിലേക്കായി സാമ്പത്തിക സഹായം അനുവദിക്കുക
- 1-ാം വാർഡിലും മൂന്നാം വാർഡിലും ഓരോ എൽ. പി. സ്ക്കൂൾ സ്ഥാപിക്കുക.
- സ്ക്കൂളുകളുടെ ചുറ്റുമതിൽ കെട്ടുക
- ഹെൽത്ത് സെന്ററിന്റെ സഹായത്തോടുകൂടി സ്ക്കൂളുകളിൽ പ്രഥമ ശുശ്രൂഷയ്ക്ക് ആവശ്യമായ സൗകര്യങ്ങളുണ്ടാക്കുക
- ഗുരുതരമായ രോഗങ്ങൾക്കുള്ള ചികിത്സാപദ്ധതി ആവിഷ്കരിക്കുക (ഉദാ . ഹൃദ്രോഗം, ബോൺ T.B, T.B. etc)
- N.C.C, J.R.C, Scouts തുടങ്ങിയ സേവനപ്രധാനമായ പാഠ്യേതര പ്രവർത്തനങ്ങൾ ആരംഭിക്കുക.
- ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക
- യഥാസമയം സ്ക്കൂളുകളുടെ അറ്റകുറ്റപ്പണികൾ നടത്തുക
- കഴിയുന്നിടത്തോളം സ്ക്കൂളുകളിൽ പ്രാദേശിക പ്രാതിനിധ്യം നൽകി അദ്ധ്യാപകരെ നിയമിക്കണം.
- അദ്ധ്യാപകരെ മറ്റുജോലികൾക്ക് നിയോഗിക്കുന്നത് ഒഴിവാക്കുക.
- മത്സരപരീക്ഷകളിൽ പങ്കെടുക്കുന്നതിലേക്ക് ദുർബലവിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സൗജന്യ പരിശീലനം നൽകുക.
- ഇംഗ്ലീഷ് ഭാഷ ഐച്ഛിക വിഷയമായി പഠിച്ച് ഡിഗ്രി കരസ്ഥമാക്കിയവരെ മാത്രമേ ഹൈസ്ക്കൂൾ ക്ളാസ്സുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിലേക്ക് അദ്ധ്യാപകരായി നിയമിക്കാവൂ.
- നാലാം ക്ളാസ്സുവരെ മാതൃഭാഷാപഠനം നിർബന്ധമാക്കുക
- പ്രാദേശിക ചരിത്രപഠനം, പാഠ്യപദ്ധതിയിൽ നിർബന്ധമായും ഉൾപ്പെടുത്തുക.
- ഏറ്റവും നല്ല വിദ്യാലയങ്ങൾക്ക് (H.S., പ്രൈമറി) പഞ്ചായത്തുവക ട്രോഫികൾ ഏർപ്പെടുത്തുക.

**സാദ്ധ്യതകൾ**

- സ്ക്കൂൾ കോംപ്ലക്സ് പ്രവർത്തനം ത്വരിതപ്പെടുത്തുമ്പോൾ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ കഴിയും
- മാതൃസംഗമങ്ങൾ (ക്ളാസ്സ് MPTA യും സ്ക്കൂൾ MPTA യും)
- അയൽക്കൂട്ടം പ്രവർത്തനക്ഷമമാക്കണം
- പഞ്ചായത്തടിസ്ഥാനത്തിൽ അദ്ധ്യാപകർക്ക് പുനഃപരിശീലനം നൽകുക.
- കായിക കലാരംഗങ്ങളിൽ ആവശ്യമായ പരിശീലനം നൽകുന്നതിലേക്കായി പരിശീലകരെ ഏർപ്പെടുത്തുക
- ഗ്രാമസഭകളിൽ നിർദ്ദേശിക്കപ്പെട്ട വൊക്കേഷണൽ ഹയർസെക്കണ്ടറി, കയർ മേഖലയും മത്സ്യബന്ധന മേഖലയും വിനോദസഞ്ചാരമേഖലയും, ഔഷധസസ്യ കൃഷിമേഖലയുമായി ബന്ധപ്പെടുത്തിയായിരിക്കണം മുൻകാലങ്ങളിൽ നിലനിന്നിരുന്നതും ഇപ്പോൾ നിർത്തലാക്കപ്പെട്ടതുമായ നോട്ടുബുക്കുല്പാദനം, തയ്യൽ തുടങ്ങിയവ പുനരാരംഭിച്ചാൽ അതിൽ നിന്നു ലഭിക്കുന്ന ആദായത്തിന്റെ ഒരു നിശ്ചിത ശതമാനം നിർദ്ധനരായ വിദ്യാർത്ഥികൾക്ക് സഹായധനമായി നൽകാൻ സാധിക്കും. സയൻസ്, ആർട്സ് ഫാക്കൽറ്റികളോടുകൂടിയ രണ്ട് +2 കോഴ്സുകളും ആരംഭിക്കാവുന്നതാണ്. തുടർ സാക്ഷരതാ പരിപാടികളും ഓരോ വാർഡിലും വയോജന വിദ്യാഭ്യാസകേന്ദ്രങ്ങളും ആരംഭിക്കേണ്ടതാണ്. അനൗപചാരിക വിദ്യാഭ്യാസം, ബദൽ

വിദ്യാഭ്യാസം എന്നിവ മുഖാന്തിരം വിദ്യാലയങ്ങളിലെ ഗുണനിലവാരം വർദ്ധിപ്പിക്കുവാൻ സാധിക്കും.

- സ്ക്കൂൾ ഹെൽത്ത് പ്രോഗ്രാം നിർബന്ധമാക്കുകയും ഹെൽത്ത് കാർഡുമായി മെഡിക്കൽ കോളേജ്, ചിത്രാ തുടങ്ങിയ റഫറൻസ് ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്ന കുട്ടികളുടെ ചികിത്സാചിലവ് പൂർണ്ണ മായും സർക്കാർ ഏറ്റെടുക്കേണ്ടതുമാണ്.
- ഇന്നത്തെ പരീക്ഷാസമ്പ്രദായം പരിഷ്കരിച്ച് റാങ്കിംഗിനു പകരം ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തേണ്ടതാണ്.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ഭാഗമായി UP വിഭാഗം മുതലുള്ള വിദ്യാർത്ഥികൾക്ക് ഓരോ കുട്ടിയുടേയും ആഭിമുഖ്യമനുസരിച്ചുള്ള അഭിരുചികളിൽ പരിശീലനം നൽകുകയും S.S.L.C കഴിയുമ്പോൾ ആ പ്രത്യേക വിഭാഗങ്ങളിലുള്ള talent ഉം ഗ്രേഡും രേഖപ്പെടുത്തി നൽകുകയും വേണം.
- വിദ്യാഭ്യാസ സമ്പ്രദായം പരിഷ്കരിക്കുന്നതിലേക്ക് രക്ഷിതാക്കളെ യഥാവസരം ബോധവത്കരിക്കുക.
- ധാർമ്മിക വിദ്യാഭ്യാസം (Moral Education) നിർബന്ധമാക്കുക.
- പഞ്ചായത്ത് അടിസ്ഥാനത്തിൽ Subject Council -കൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുക
- പഞ്ചായത്ത് അടിസ്ഥാനത്തിൽ ഏറ്റവും നല്ല കൈയക്ഷരമുള്ള വിദ്യാർത്ഥികൾക്ക് (LP, UP, HS - വിഭാഗങ്ങൾക്ക്) പഞ്ചായത്ത് വകയായി സമ്മാനം നൽകുക.

> നിങ്ങൾക്കാവശ്യമുള്ള കരുത്തും വിജയവും നിങ്ങളിൽ തന്നെയുണ്ട്: അതുകൊണ്ട് നിങ്ങളുടെ ഭാവി സ്വയം മെനഞ്ഞെടുക്കുക
>
> – സ്വാമി വിവേകാനന്ദൻ

# 5.5

# പൊതുജനാരോഗ്യവും കുടിവെള്ളവും



## പൊതുജനാരോഗ്യം

ഒരു പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യനിലവാരം അവിടത്തെ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ രംഗങ്ങളിലെ അവസ്ഥയുടെ പ്രതിഫലനമാണ്. അതുകൊണ്ടുതന്നെ ആരോഗ്യരംഗത്ത് ആവിഷ്കരിക്കുന്ന പരിപാടികളെ മറ്റു രംഗങ്ങളിൽ നിന്ന് വേർപെടുത്തികാണാൻ സാധിക്കുകയില്ല.

നമ്മുടെ പഞ്ചായത്തിലെ ആകെ ജനസംഖ്യ 25,891 ആണ്. ഇതിൽ 12848 പുരുഷന്മാരും 13043 സ്ത്രീകളുമുണ്ട്. 5 വയസ്സിൽ താഴെ പ്രായമുള്ള 1843 പേരുണ്ട്.

പട്ടിക – 1

ജനസംഖ്യ – പ്രായത്തിന്റെ അടിസ്ഥാനത്തിൽ

| പ്രായം | ജനസംഖ്യ |
|---|---|
| 0 – 5 | 1843 |
| 5 – 18 | 7514 |
| 18 – 60 | 14341 |
| 60 | 2193 |

തൊഴിലാളികളിൽ ഭൂരിഭാഗവും കയർ, മത്സ്യബന്ധനം, മത്സ്യവിപണനം, ചെമ്മീൻ സംസ്കരണം, കൃഷി മറ്റ് അസംഘടിത തൊഴിലുകൾ എന്നിവയിലാണ് ഏർപ്പെട്ടിരിക്കുന്നത്.

## ആരോഗ്യനിലവാരം

സാമ്പത്തികമായി പിന്നോക്കാവസ്ഥയിലാണെങ്കിലും താരതമ്യേന ഉയർന്ന ആരോഗ്യനിലവാരം (Health Status) മാണ് നിലനിൽക്കുന്നത്. ജനനനിരക്ക്, മരണനിരക്ക്, ശിശുമരണനിരക്ക് എന്നിവ ദേശീയ – സംസ്ഥാന ശരാശരിയിലും താഴെയാണ്.

പട്ടിക – 2

| | |
|---|---|
| ജനനനിരക്ക് 1995 | 1.35% |
| പൊതുമരണനിരക്ക് | 4.41/1000 ജനങ്ങൾ |
| ശിശുമരണനിരക്ക് | 5–8/1000 ജനനങ്ങൾ |
| മാതൃമരണനിരക്ക് | 0 |

*സ്രോതസ്സ് 1. അംഗനവാടികളിൽനിന്നുമുള്ള വിവരം*

*2. പഞ്ചായത്തിലെ ജനന മരണ രജിസ്റ്റർ*

ജനങ്ങളുടെ ആരോഗ്യ നിലവാരവും രോഗാതുരത്വവും അവരുടെ തൊഴിൽപരമായ പ്രത്യേകതകൾ, വരുമാനം, ജീവിതനിലവാരം എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. രോഗാതുരത്വത്തെയും പൊതുവിലുള്ള രോഗങ്ങളെയും കുറിച്ച് കൂടുതൽ വിശദമായ സർവെ നടത്തേണ്ടതുണ്ട്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ കാരണങ്ങൾ ചില സൂചനകൾ നൽകുന്നു.

പട്ടിക – 3

മരണകാരണം

1996 ജനുവരി 1 മുതൽ നവംബർ 30 വരെ

| മരണകാരണം | മരണങ്ങളുടെ എണ്ണം | % |
|---|---|---|
| പനി* | 23 | 27.75 |
| പ്രായാധിക്യവും പനിയും | 13 | 16.66 |
| വാതം | 10 | 12.01 |
| ആസ്തമ | 6 | 7.23 |
| ഉദരരോഗങ്ങൾ | 2 | 2.41 |
| കാൻസർ | 4 | 4.82 |
| കിഡ്നിരോഗങ്ങൾ | 2 | 2.40 |
| ഹൃദ്രോഗം, രക്തസമ്മർദ്ദം | 19 | 21.88 |
| ആത്മഹത്യ | 4 | 4.82 |
| ആകെ | 83 | 100 |

*അവലംബം : പഞ്ചായത്ത് ജനനമരണ രജിസ്റ്റർ – 1996*

*പനി എന്ന പൊതു സംജ്ഞ പലയിനം രോഗങ്ങളെ ഉൾക്കൊള്ളുന്നു. ശ്വാസതടസ്സം, കഫം എന്നിവ പ്രായമായവരിൽ പൊതുവെകാണുന്നു മരണത്തിന്റെ ഏറ്റവും പ്രധാന കാരണമായി കാണിച്ചിട്ടുള്ളതും ഇതാണ്. എന്നാൽ പനിയും, പ്രായാധിക്യവും ഒഴിച്ചു നിർത്തിയാൽ ഏറ്റവും വലിയ മരണകാരണം ഹൃദ്രോഗമാണ് എന്നത് പ്രത്യേക ശ്രദ്ധയാകർഷിക്കുന്നു. ആത്മഹത്യാനിരക്കും താരതമ്യേന വളരെ ഉയർന്നതാണ്.

## ചികിത്സാ സൗകര്യങ്ങൾ

ഗവൺമെന്റ് മേഖലയിൽ ഒരു PHCയും ഒരു ആയുർവ്വേദ ഡിസ്പെൻസറിയുമുണ്ട്. PHCയുടെ കീഴിൽ 4 സബ്സെന്ററുകൾ ഉണ്ടെങ്കിലും മൂന്നെണ്ണം മാത്രമെ പ്രവർത്തിക്കുന്നുള്ളൂ. ഒരെണ്ണം കെട്ടിടമില്ലാത്തതുമൂലം പ്രവർത്തിക്കുന്നില്ല. PHCയിൽ ഡിസ്പെൻസറി സൗകര്യം മാത്രമേയുള്ളൂ. ഗുരുതരമായ മരുന്നു ദൗർലഭ്യം കാരണം ആൾക്കാർ ഇതിനെ താരതമ്യേന കുറച്ചുമാത്രമേ ആശ്രയിക്കുന്നുള്ളൂ. കൂടുതൽ പേരും സ്വകാര്യ ഡിസ്പെൻസറികളെയും ആശുപത്രികളെയും ആശ്രയിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ ആകെ 5 അലോപ്പതി ഡോക്ടർമാരും 4 ആയുർവ്വേദ ഡോക്ടർമാരും 4 ഹോമിയോ ഡോക്ടർമാരും 4 പാരമ്പര്യ വൈദ്യന്മാരുമാണുള്ളത്. പാരമ്പര്യ വൈദ്യന്മാരെ ഒഴിച്ചുനിർത്തിയാൽ 1700 പേർക്ക് ഒരു ഡോക്ടറാണുള്ളത്.

രോഗികളെ കിടത്തി ചികിത്സിക്കാൻ 15 കിടക്കകളും 2 ഡോക്ടർമാരും മാത്രമുള്ള ഒരു സ്വകാര്യ ആശുപത്രിയാണുള്ളത്. 1726 ആളുകൾക്ക് ഒരു ആശുപത്രി കിടക്കയാണ് ഇതു സൂചിപ്പിക്കുന്നത്.

പട്ടിക – 4

| ഡോക്ടർമാരുടെ എണ്ണം | ജനസംഖ്യ ഡോക്ടർ അനുപാതം | കിടക്ക | ജനസംഖ്യ കിടക്ക അനുപാതം |
|---|---|---|---|
| 15 | 1700 | 15 | 1726 |

ലഘുവായ രോഗങ്ങൾക്കും (Minor Diseases) പ്രാഥമിക ചികിത്സകൾക്കും വേണ്ടിയാണ് സ്വകാര്യ ഡോക്ടറന്മാരെയും ഡിസ്പെൻസറികളെയും പ്രധാനമായി ആശ്രയിക്കുന്നത്. നിസ്സാര രോഗങ്ങൾക്കുപോലും ചിലപ്പോൾ അടുത്ത പഞ്ചായത്തിലുള്ള വൻകിട സ്വകാര്യ ആശുപത്രികളെയോ സ്പെഷ്യലിസ്റ്റ് ഡോക്ടറന്മാരെയോ സമീപിക്കുന്നു. കൂടുതൽ നീണ്ടു നിൽക്കുന്നതും ഗുരുതരവുമായ രോഗങ്ങൾക്ക് നഗരത്തിലെ സ്വകാര്യ ആശുപത്രികളേയും ജില്ലാ ആശുപത്രിയേയും സമീപിക്കുന്നു. പക്ഷേ, ജില്ലാ ആശുപത്രിയിലെ ഡോക്ടറന്മാരെപ്പോലും അവരുടെ വീടുകളിൽ പോയിക്കണ്ട് സ്വകാര്യരോഗികളെന്ന നിലയിൽ (Private Patients) ചികിത്സ സ്വീകരിക്കുകയാണു പതിവ്.

## സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ആരോഗ്യസംവിധാനം

ഗർഭസംബന്ധമായ പരിചരണത്തിനും കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധകുത്തിവയ്പ്പ

കൾക്കുമായി തൃക്കടവൂർ PHCയെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. 1995 –ൽ ലഭ്യമായ വിവരങ്ങളനുസരിച്ച് ഒരു വയസ്സിൽ താഴെയുള്ള കുട്ടികളിൽ 87% പ്രതിരോധ കുത്തിവയ്പുകൾക്കു വിധേയരായി. 13% പ്രതിരോധ സംവിധാനത്തിൽ വന്നിട്ടില്ല എന്നത് പ്രത്യേക ശ്രദ്ധയർഹിക്കുന്നു.

ഗർഭിണികളിൽ ഏറെപ്പേരും നഗരത്തിലെ സ്വകാര്യമേഖലയിലും സർക്കാർ മേഖലയിലുമുള്ള ഗൈനക്കോളജിസ്റ്റുകളെ സമീപിക്കുന്നു. ഭൂരിഭാഗം പ്രസവങ്ങളും ആശുപത്രിയിലാണ് നടക്കുന്നത്. ഇതുകൊണ്ടുതന്നെ മാതൃമരണനിരക്ക് പൂജ്യംനിലവാരത്തിലെത്തിയിട്ടുണ്ട്. എന്നാൽ ഗർഭപരിപാലനം ചിലവേറിയതും താണവരുമാനക്കാർക്ക് താങ്ങാൻ വയ്യാത്തതുമായിരിക്കുന്നു. ഭൂരിഭാഗം ആളുകളും സ്ത്രീരോഗ വിദഗ്ദ്ധരെ, അവർ സർക്കാർ മേഖലയിലുള്ളവരാണെങ്കിൽക്കൂടി സ്വകാര്യ ഡോക്ടർമാരായാണു കാണുന്നത്.

ശിശുക്കളുടെ ചികിത്സയ്ക്കായി സാധാരണയായി ഹോമിയോ ഡോക്ടർമാരെയാണ് കാണുന്നത്. പക്ഷെ രോഗം ഗുരുതരാവസ്ഥയിലായാൽ അലോപ്പതിയെ അഭയം പ്രാപിക്കുന്നു.

## നിർദ്ദേശങ്ങൾ

### 1. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

മരണകാരണങ്ങളുടെ അപഗ്രഥനം കാണിക്കുന്നത് ഹൃദ്രോഗം, കാൻസർ തുടങ്ങിയ രോഗങ്ങളുടെ പ്രാമുഖ്യമാണ്. ഈ രോഗങ്ങളുടെ ചികിത്സ ചിലവേറിയതും ദരിദ്രർക്ക് താങ്ങാനാവാത്തതുമാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ സംബന്ധിച്ചിടത്തോളം, രോഗം ഒരു സാദ്ധ്യത–രോഗിക്കും ആശ്രിതർക്കും – ആയി മാറുന്നു. ഭാരിച്ച ചികിത്സാചിലവ് ദാരിദ്ര്യത്തിന്റെ ആക്കംകൂട്ടുന്നു. ഇതുകൊണ്ടുതന്നെ ആരോഗ്യഇൻഷ്വറൻസ് എന്ന ആശയത്തിനു പ്രസക്തിയേറുന്നു. നമ്മുടെ പഞ്ചായത്തിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി 9–ാം പദ്ധതിക്കാലത്ത് രൂപം കൊടുത്ത് നടപ്പിലാക്കണം.

കുറഞ്ഞ നിരക്കിലുള്ള വാർഷിക പ്രീമിയത്തോടെ എല്ലാ ആൾക്കാർക്കും ഇൻഷ്വറൻസ് ഏർപ്പെടുത്താം. ദാരിദ്രരേഖയ്ക്ക് മുകളിലുള്ളവരുടെ പ്രീമിയം വ്യക്തികളിൽനിന്നും പഞ്ചായത്ത് ശേഖരിച്ചടയ്ക്കേണ്ടതാണ്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ പ്രീമിയം പഞ്ചായത്ത് അടയ്ക്കേണ്ടതാണ്. 500 രൂപയ്ക്കു മുകളിൽ ചിലവുവരുന്ന ചികിത്സകൾക്ക് ഇൻഷ്വറൻസ് കവറേജ് നൽകണം. ഇതിന്റെ വിശദാംശങ്ങൾ ഇൻഷ്വറൻസ് കമ്പനികളുമായുള്ള ചർച്ചകൾക്കുശേഷം രൂപപ്പെടുത്താവുന്നതാണ്.

### 2. ഹൃദ്രോഗികൾ, ക്യാൻസർ രോഗികൾ എന്നിവർക്കു സഹായപദ്ധതി

ഹൃദ്രോഗത്തിന്റെ ഉയർന്ന വ്യാപ്തി പ്രത്യേക പരിഗണന അർഹിക്കുന്നു. ഹൃദ്രോഗം, കാൻസർ തുടങ്ങിയ രോഗങ്ങൾ മൂലം ജോലിചെയ്ത് വരുമാനമുണ്ടാക്കാനുള്ള കഴിവ് ഇല്ലാതാകുന്ന കുറഞ്ഞ വരുമാനക്കാരായ ആൾക്കാർക്ക് മാസം നൂറുരൂപാനിരക്കിൽ സഹായധനം ഏർപ്പെടുത്തുന്നത് സഹായകരമായിരിക്കും.

### 3. ഗർഭിണികളുടെയും കുട്ടികളുടെയും സംരക്ഷണം A.N.M. പരിപാടി.

1940 കളിൽ സ്ഥാപിക്കപ്പെട്ട A.N.M. സമ്പ്രദായം ഇന്ന് അന്യമായിരിക്കുന്നു. ഗർഭപരിപാലനവും സംരക്ഷണവും പരിശീലനം ലഭിച്ച ഒരു A.N.M. ന് കൈകാര്യം ചെയ്യാവുന്നതേയുള്ളൂ. മൂന്നു വാർഡുകൾക്ക് ഒന്നെന്ന നിലയിൽ മൂന്നോ നാലോ A.N.M. മാരെ പഞ്ചായത്ത് നിയമിക്കേണ്ടതാണ്. A.N.M. മാരുടെ സഹായത്തോടെ സാധാരണ പ്രസവം (സുഖപ്രസവം) മിഡ്വൈഫറി സെന്ററുകളിൽ നടത്താവുന്നതേയുള്ളൂ. ആശുപത്രികളിലെ അനാവശ്യ ചിലവുകൾ താങ്ങാൻ ബുദ്ധിമുട്ടുള്ള ദുർബല വിഭാഗങ്ങൾക്ക് ഇത് ഏറെ സഹായകമായിരിക്കും.

A.N.M. മാർ ഗൃഹസന്ദർശനം നടത്തേണ്ടതാണ്. കുട്ടികൾക്കും ഗർഭിണികൾക്കും ഉള്ള പ്രതിരോധ കുത്തിവയ്പുകളും മിഡ്വൈഫറി സെന്ററുകളിൽ വച്ച് നടത്തേണ്ടതാണ്.

4. ഇപ്പോഴുള്ള P.H.Cയോടനുബന്ധിച്ച് 10 കിടക്കകളുള്ള ഒരു വാർഡിന്റെ നിർമ്മാണത്തിന് 1990–91 വർഷത്തിൽ കഴിഞ്ഞ പഞ്ചായത്തുസമിതി തീരുമാനമെടുത്തിരുന്നു. J.R.Y. പദ്ധതിപ്രകാരം 2,50,000 രൂപ ചിലവിൽ നിർമ്മാണ പദ്ധതിക്കു രൂപം കൊടുത്തിരുന്നു. 1995 വരെ 1,23,892 രൂപ ചിലവഴിച്ചെങ്കിലും നിർമ്മാണം അപൂർണ്ണമായ അവസ്ഥയിൽ നിർത്തി

യിട്ടിരിക്കുകയാണ്. കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ആത്യാവശ്യ സജ്ജീകരണങ്ങളോടെ പ്രവർത്തിപ്പിക്കണമെങ്കിൽ ഇന്ന് ചുരുങ്ങിയത് 5 ലക്ഷത്തോളം രൂപ ചിലവിടേണ്ട അവസ്ഥയാണ്. ഇതിനുള്ള നടപടികൾ സ്വീകരിക്കണം.

5. നിലവിലുള്ള P.H.C യുടെ പ്രവർത്തനം വിവിധ കാരണങ്ങളാൽ തൃപ്തികരമല്ല. മെഡിക്കൽ, പാരാമെഡിക്കൽ വിഭാഗങ്ങളുൾപ്പെടെയുള്ള ജീവനക്കാർ ജനങ്ങളോട് കൂടുതൽ പ്രതിബദ്ധതയോടെ പ്രവർത്തിക്കേണ്ടതുണ്ട്. ജനങ്ങൾ യജമാനന്മാരാണെന്നും, തങ്ങൾ സേവകരാണെന്നുമുള്ള ബോധം ഉദ്യോഗസ്ഥർ ഉൾക്കൊള്ളേണ്ടതുണ്ട്. PHCയുടെ മേൽ പഞ്ചായത്തിന് കൂടുതൽ അധികാരങ്ങളുണ്ടാകുകയും, ജനകീയസമിതികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾക്കു മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുകയാണ് ഇതിനു പ്രതിവിധി. ഒരു റസിഡന്റ് ഡോക്ടറുടെയും ഗൈനക്കോളജിസ്റ്റിന്റെയും 24 മണിക്കൂർ സേവനം ഏർപ്പെടുത്തി നിലവിലുള്ള PHC Upgrade ചെയ്യേണ്ടതാണ്. മിഡ്വൈഫറി സെന്ററുകളും സബ്സെന്ററുകളും PHCയുമായി കൂടുതൽ ഏകോപനത്തോടുകൂടി പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

6. ഇപ്പോൾ നിലവിലുള്ള ആയൂർവേദ ആശുപത്രിയിൽ വേണ്ടത്ര സൗകര്യങ്ങളില്ലാത്ത അവസ്ഥയുണ്ട്. ഈ ഡിസ്പെൻസറിയും കിടക്കകളുള്ള ആശുപത്രിയായി ഉയർത്തേണ്ടതാണ്. കഷായങ്ങൾ ഉണ്ടാക്കുന്നതിനും സൂക്ഷിക്കുന്നതിനും ആവശ്യമായ പാത്രങ്ങൾ നൽകേണ്ടതുണ്ട്.

7. പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കണം എന്ന ആവശ്യം ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്. താരതമ്യേന ചികിത്സാസൗകര്യങ്ങൾ കുറഞ്ഞതും, ആയൂർവേദ/അലോപ്പതി ഡിസ്പെൻസറികളിലെത്തിച്ചേരാൻ ഗതാഗത സൗകര്യം കുറവുള്ളതുമായ പ്രദേശങ്ങൾക്കു മുൻഗണന നൽകണം.

8. സന്നദ്ധ സംഘടനകളുടെ സേവനം ഉപയോഗപ്പെടുത്തി സമഗ്രമായ ഒരു മെഡിക്കൽ സർവ്വെ നമ്മുടെ പഞ്ചായത്തിൽ നടത്തണം. വാർഡടിസ്ഥാനത്തിൽ സർവ്വെ നടത്തി, ഏകോപിപ്പിച്ചെടുത്ത് ഈ പ്രവർത്തനം നടത്താവുന്നതാണ്. വിവിധ age - group കളിലുള്ള ആരോഗ്യപ്രശ്നങ്ങൾ, പ്രത്യേക തൊഴിലുകളുമായി ബന്ധപ്പെട്ടുള്ള ആരോഗ്യപ്രശ്നങ്ങൾ, പ്രതിരോധ കുത്തിവയ്പ്പുകളെക്കുറിച്ചുള്ള വിവരങ്ങൾ, രക്തഗ്രൂപ്പ് തുടങ്ങിയ വിവരങ്ങൾ ശേഖരിച്ച് പഞ്ചായത്തിലും / ആരോഗ്യകേന്ദ്രങ്ങളിലും സൂക്ഷിക്കേണ്ടതാണ്.

9. രക്തഗ്രൂപ്പുനിർണ്ണയ ക്യാമ്പുകൾ വാർഡടിസ്ഥാനത്തിൽ നടത്തി, രക്തഗ്രൂപ്പുനിർണ്ണയിക്കുകയും, രക്തദാനത്തിനു തയ്യാറുള്ളവരുടെ ഡയറക്ടറി ഓരോ വാർഡിലും തയ്യാറാക്കുകയും വേണം.

10. മെഡിക്കൽ ക്യാമ്പുകൾ വാർഡടിസ്ഥാനത്തിൽ വർഷത്തിലൊരിക്കൽ നടത്തി രോഗനിർണ്ണയം നടത്തുന്നത്, പല രോഗങ്ങളുടെയും ആരംഭാവസ്ഥയിൽത്തന്നെ കണ്ടെത്തി ചികിത്സ ആരംഭിക്കാൻ സഹായിക്കും.

11. പഞ്ചായത്തിൽ ഒരു ശുദ്ധജല വിതരണപദ്ധതി നിലവിലുണ്ടെങ്കിലും, ഇത് തികച്ചും അപര്യാപ്തമാണ്. വേനൽക്കാലത്ത് കിണറുകൾ വറ്റുകയും ശുദ്ധജല ലഭ്യത ചുരുങ്ങുകയും ചെയ്യുന്നു. കന്നുകാലികളെ കുളിപ്പിക്കുന്നതിനും വസ്ത്രം അലക്കുന്നതിനും മറ്റും പരിമിതമായി കിട്ടുന്ന പൈപ്പുവെള്ളം ഉപയോഗപ്പെടുത്താൻ ആളുകൾ നിർബന്ധിതരാവുന്നു. ജലജന്യരോഗങ്ങൾ – വിശേഷിച്ച് മഞ്ഞപ്പിത്തം – വ്യാപകമാകുന്നത് ഈ സമയത്താണ്. പഞ്ചായത്തിൽ ഇന്നു നിലവിലുള്ള ഭൂരിഭാഗം കുളങ്ങളും പൊതുകിണറുകളും ഇപ്പോൾ ഉപയോഗയോഗ്യമല്ല. ഇവ അടിയന്തിരമായി വൃത്തിയാക്കേണ്ടിയിരിക്കുന്നു. കുളങ്ങളുടെ സംരക്ഷണം കിണറുകളിലെ ജലനിലവാരം താഴുന്നതിനെ തടയാൻ സഹായിക്കും. ഇതിനു പുറമെ കന്നുകാലികളെ കുളിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഈ കുളങ്ങൾ വഴി നടക്കും. കുളങ്ങൾ ശുദ്ധജലമത്സ്യം വളർത്തുന്നതിന് ഉപയോഗിക്കുക വഴി കുളം ശുചിയാവുകയും, മത്സ്യലഭ്യത വർദ്ധിക്കുകയും,പഞ്ചായത്തിനു വരുമാനമുണ്ടാക്കാൻ കഴിയുകയും ചെയ്യും.

12. കക്കൂസുകളുടെ അഭാവം പ്രത്യേക പരിഗണന അർഹിക്കുന്നു. കായലോരങ്ങളിലുള്ള കായൽ കക്കൂസുകൾ ഒഴിവാക്കേണ്ടതാണ്. തീരപ്രദേശത്ത് വീടുകളിൽ കക്കൂസ് നിർമ്മിക്കുന്നതിന് പ്രത്യേക പ്രാധാന്യം നൽകേണ്ടതുണ്ട്.

13. നല്ലൊരു വിഭാഗം പാർപ്പിടങ്ങളും 1 മുതൽ 3 സെന്റുവരെ സ്ഥലത്തു നിലകൊള്ളുന്നുണ്ട്. ഇവയിൽ ഭൂരിഭാഗത്തിനും കക്കൂസിനുള്ള സ്ഥലം ലഭ്യമല്ല. ജയന്തി കോളനികളിലും ലക്ഷംവീട് കോളനി

കളിലും താമസിക്കുന്ന പലർക്കും പ്രാഥമികാവശ്യങ്ങൾക്ക് പൊതുസ്ഥലങ്ങളല്ലാതെ മറ്റു മാർഗ്ഗമില്ല. ഇവ ജലജന്യരോഗങ്ങളും പകർച്ചവ്യാധികളും വ്യാപകമാക്കുന്നു. പൊതു കക്കൂസുകൾ ആവശ്യമുള്ളയിടങ്ങളിൽ നിർമ്മിച്ചുനൽകണം.

14. മാർക്കറ്റുകളുടെ ശുചിത്വം കർശനമായി പാലിക്കപ്പെടണം.

15. ചെമ്മീൻ സംസ്കരണകേന്ദ്രങ്ങളിലെ ശുചിത്വസംവിധാനങ്ങൾ കർശനമായി പാലിക്കപ്പെടണം.

16. എലി നശീകരണത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

17. പച്ചക്കറിക്കൃഷിയിലും, കോഴി, ആട്, പശു എന്നിവയെ വളർത്തുന്നതും പ്രോത്സാഹിപ്പിക്കുക വഴി ഓരോ വീടിനും ആവശ്യമായ പോഷകമൂല്യമുള്ള ഭക്ഷ്യപദാർത്ഥങ്ങളുടെ കാര്യത്തിൽ സ്വയം പര്യാപ്തത ആർജ്ജിക്കാൻ കഴിയും.

18. വ്യാജമദ്യം തടയുന്നതിന് വാർഡുതലത്തിൽ ജനകീയ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.

## കുടിവെള്ളം

"വെള്ളം വെള്ളം സർവ്വത്ര
തുള്ളി കുടിപ്പാൻ ഇല്ലത്രെ"

തൃക്കരുവാ ഗ്രാമപഞ്ചായത്തിന്റെ മൂന്ന് വശങ്ങളും ജലത്താൽ ചുറ്റപ്പെട്ടു കിടക്കുന്നു. പ്രസിദ്ധമായ അഷ്ടമുടിക്കായലിന്റെ അനുഗ്രഹംകൂടി ഉണ്ടായിട്ടും കുടിവെള്ളത്തിന്റെ സ്ഥിതി മുകളിൽ പറഞ്ഞിരിക്കുന്നതുപോലെയാണ്.

വേനൽക്കാലത്ത് ഈ പഞ്ചായത്തിൽ പൊതുവെയും V,VI,VII വാർഡുകളിൽ പ്രത്യേകിച്ചും കുടിവെള്ളക്ഷാമം രൂക്ഷമാണ്. ഇവർ പലപ്പോഴും ദൂരസ്ഥലങ്ങളിലെ കിണറുകളെയും പഞ്ചായത്തിന്റെ നേതൃത്വത്തിൽ ടാങ്കുകളിൽ കൊണ്ടുവരുന്ന ശുദ്ധജലത്തെയും ആശ്രയിക്കുന്നു. ഈ ശ്രമത്തിൽ ജനസംഖ്യയുടെ 65%ത്തോളം ആൾക്കാർക്ക് ശുദ്ധജലം ലഭ്യമാണ്. ബാക്കിയുള്ളവർ കുടിവെള്ളത്തിനായി പൊതു ടാപ്പുകളെയും മറ്റ് മാർഗ്ഗങ്ങളെയും ആശ്രയിക്കുന്നു.

പഞ്ചായത്തിലെ പ്രധാന ശുദ്ധജലവിതരണ പദ്ധതി വടക്കേക്കര വാർഡിൽ സ്ഥിതിചെയ്യുന്നു. ഇവിടെ സ്ഥാപിച്ചിട്ടുള്ള ജലസംഭരണിക്ക് 90,000 ലിറ്റർ സംഭരണശേഷിയുണ്ട്. ഇതിൽനിന്നാണ് പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ശുദ്ധജലം എത്തിക്കുന്നത്.

ഈ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ജല വിതരണ സൗകര്യങ്ങൾ താഴെ പറയുന്നവയാണ്. പൊതു ടാപ്പുകൾ, സ്വകാര്യ വാട്ടർകണക്ഷനുകൾ, പൊതു കിണറുകൾ, സ്വകാര്യകിണറുകൾ.

പട്ടിക – 1

ജലവിതരണ സൗകര്യങ്ങൾ

| | |
|---|---|
| പൊതുകിണറുകൾ | 8 |
| കുഴൽകിണറുകൾ | 4 |
| പൊതുടാപ്പുകൾ | 288 |
| കുളങ്ങൾ | 23 |

*അവലംബം : ഗ്രാമപഞ്ചായത്ത് രേഖകൾ*

1995 – 96 വർഷത്തിൽ മാത്രം 1700 പേർക്ക് ജലജന്യരോഗങ്ങൾ ബാധിക്കുകയുണ്ടായി. 200 മീറ്റർ കൂടുതൽ ദൂരം നടന്ന് കുടിവെള്ളം ശേഖരിക്കുന്നവരും ഈ ഗ്രാമത്തിൽ ഉണ്ട്. V, VI, VII എന്നീ വാർഡുകളിലാണ് താരതമ്യേന ശുദ്ധജല ദൗർലഭ്യം കൂടുതലായനുഭവപ്പെടുന്നത്.

## കുളങ്ങൾ

ഗ്രാമത്തിൽ 23 ഓളം പൊതുകുളങ്ങളും, സ്വകാര്യ കുളങ്ങളും ഉണ്ട്. ഈ കുളങ്ങൾ മിക്കതും മാലിന്യങ്ങൾ നിക്ഷേപിച്ചും, കന്നുകാലികളെക്കുളിപ്പിച്ചും വൃത്തിഹീനമായ അവസ്ഥയിലാണ്.

## പ്രശ്നങ്ങൾ

❖ ചിലർ മലിന വസ്തുക്കൾ ചെറുതോടുകളിലും, കായലിലും ഒഴുക്കാറുണ്ട്. ഫാക്ടറികളിൽ നിന്നും, വർക്ക്ഷോപ്പുകളിൽ നിന്നും പുറത്തെത്തുന്ന അശുദ്ധജലം സമീപപ്രദേശത്തുള്ള കായലുകളിലും തോടുകളിലും ആണ് ചെന്നുചേരുക. ഇത്തരം അശുദ്ധജലത്തിൽ രാസവസ്തുക്കൾ കലർന്നിരിക്കും. ഈ ജലാശയങ്ങളിലെ വെള്ളം കുടിക്കാനോ, കുളിക്കാനോ, വസ്ത്രം അലക്കാനോ ഉപയോ

ഗിക്കുന്നത് ദോഷകരമാണ്. ഇത് മത്സ്യസമ്പത്തിനെ നശിപ്പിക്കുകയും സമീപപ്രദേശത്തെ വൃക്ഷങ്ങളുടേയും ചെറു ചെടികളുടേയും വളർച്ചയെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നു. പരിസരമലിനീകരണം അപകടകരമാണ്. വെള്ളം വായു എന്നിവ മലിനമാവാതെ നിലനിറുത്തുന്നു.

- ജലമലിനീകരണത്തിനു മറ്റൊരു കാരണം ബുദ്ധിശൂന്യവും വിവേചനരഹിതവുമായ കീടനാശിനികളുടേയും രാസവളങ്ങളുടേയും ഉപയോഗമാണ്.
- നമ്മുടെ കായലുകളേയും തോടുകളേയും തടാകങ്ങളേയും കുളങ്ങളേയും ശുദ്ധമായി രക്ഷിക്കാൻ കഴിയണം. അവ നമ്മുടെ വിലമതിക്കാനാകാത്ത ജല സ്രോതസ്സുകളാണ്. ഇതിനെ നാം സംരക്ഷിച്ചു നിറുത്തണം. എങ്കിൽ മാത്രമെ നമ്മുടെ ജലക്ഷാമത്തിനു പരിഹാരമുണ്ടാക്കാൻ കഴിയുകയുള്ളൂ.
- തോടുകളിലും കുളങ്ങളിലും മാലിന്യങ്ങൾ നിക്ഷേപിക്കുന്നതുമൂലം തോടുകളിലേയും കുളങ്ങളലേയും ജലം മലിനമാകുന്നു.
- കീടനാശിനികളുടേയും, രാസവളങ്ങളുടേയും വിവേകപൂർവ്വമല്ലാത്ത ഉപയോഗംമൂലമുള്ള ജലമലിനീകരണം.
- പൊതുകിണറുകൾ പലതും ഉപയോഗശൂന്യമായിരിക്കുന്നു.
- പൊതു ടാപ്പുകളിലെ വെള്ളം ദുരുപയോഗപ്പെടുത്തുന്നു
- വേനൽക്കാലത്ത് രാത്രിസമയങ്ങളിൽ ഹോസ് ഉപയോഗിച്ചും മറ്റും കുടിവെള്ളം ശേഖരിച്ച് മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നു.
- പഞ്ചായത്തിലെ മലേരിക്കക്കുന്നുപോലെയുള്ള ഉയർന്ന പ്രദേശങ്ങളിലെ ജലലഭ്യതക്കുറവ്
- ജലവിതരണത്തിന് നിലവാരമില്ലാത്ത ഉപകരണങ്ങളുടെ ഉപയോഗം,

## പരിഹാര നിർദ്ദേശങ്ങൾ

- മാലിന്യനിക്ഷേപംമൂലം ഉണ്ടാകുന്ന ഭവിഷ്യത്തിനെപ്പറ്റി ജനങ്ങളെ ബോധവൽക്കരിക്കുക
- കുളങ്ങളെയും, തോടുകളെയും, പൊതുകിണറുകളെയും മാലിന്യത്തിൽ നിന്നും സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കുക.
- പൊതു ടാപ്പുകളിൽ നിന്നുള്ള വെള്ളം ദുരുപയോഗപ്പെടുത്തുന്നത് തടയുന്നതിനാവശ്യമായ വാർഡ് തല ജനകീയ കമ്മിറ്റികൾ ഉണ്ടാക്കുക
- മലേരിക്കൽ പള്ളിക്ക് സമീപം ഒരു പൊതുകിണറും പമ്പ്സെറ്റും സ്ഥാപിച്ചാൽ മലേരിയ്ക്കൽ കുന്നിന്റെ ചുറ്റുമുള്ള പ്രദേശത്ത് ശുദ്ധജലമെത്തിക്കാൻ കഴിയും.
- കുടിവെള്ളം ലഭ്യമല്ലാത്ത പഞ്ചായത്തു പ്രദേശങ്ങളിൽ എല്ലായിടത്തും കുടിവെള്ളമെത്തിക്കാനുള്ള പദ്ധതി നടപ്പാക്കുക
- വടക്കേക്കരയുടെ മദ്ധ്യഭാഗത്തായി പുതുതായി ഒരു കുഴൽക്കിണർ സ്ഥാപിക്കുക.
- വടക്കേക്കര ഗ്രാമസഭാ അംഗങ്ങളായുള്ള കുറെ കുടുംബക്കാർ പെരിനാട് പഞ്ചായത്തിൽ ചിറ്റയത്ത് ചേരിയോട് ചേർന്നതും, പെരുമൺ ചേരിയോട് ചേർന്നതും മൺട്രോത്തുരുത്ത് പഞ്ചായത്തിലെ പേഴുംതുരുത്തിനോട് ചേർന്നതുമായ അഷ്ടമുടിക്കായലിന്റെ തീരത്ത് ഒറ്റപ്പെട്ടു താമസിക്കുന്നു. കുടിവെള്ളം, വൈദ്യുതി, ആരോഗ്യപരിപാലനം, വിവിധ സർക്കാർ ആനുകൂല്യങ്ങൾ എന്നിവ വേണ്ടരീതിയിൽ ലഭിക്കാത്ത ഇവർക്ക് പ്രത്യേക പരിഗണന നൽകേണ്ടതാണ്.
- പ്രാക്കുളം X-ാം വാർഡിലെ ഗ്രാമസഭാ അംഗങ്ങൾ ചിലർ തൃക്കടവൂർ പഞ്ചായത്തിന്റെ വടക്കുപടിഞ്ഞാറ് ഭാഗങ്ങളിൽ ചേർന്നു കിടക്കുകയാണ്. ഒറ്റപ്പെട്ടു താമസിക്കുന്ന ഈ കുടുംബങ്ങൾക്ക് കുടിവെള്ളം, വൈദ്യുതി, ആരോഗ്യപരിപാലനം, വിവിധ സർക്കാർ ആനുകൂല്യങ്ങൾ എന്നിവ എത്തിക്കാൻ വേണ്ട അടിയന്തിര നടപടി ചെയ്യേണ്ടതാണ്.
- പുതിയ പൈപ്പ് കണക്ഷനുകൾ ഗ്രാമസഭകളുടെ നിർദ്ദേശപ്രകാരം ശുദ്ധജലലഭ്യത കുറവുള്ള മേഖലകളിലേക്കു നീട്ടിക്കൊടുക്കേണ്ടതാണ്.
- V-ാം വാർഡിൽ കുഴൽ കിണർ നിർമ്മിക്കുകയും 6, 7 എന്നീ വാർഡുകളിൽ പൈപ്പുലൈൻ നീട്ടുകയും ചെയ്യുക.
- വേനൽക്കാലങ്ങളിൽ കുഴൽക്കിണറുകളിലെ ജലലഭ്യത കുറഞ്ഞുവരുന്നതിനാൽ മറ്റു ജലസ്രോതസ്സുകളിൽ നിന്നും ജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക
- കാലപ്പഴക്കം വന്ന പൈപ്പുകൾ മാറ്റി ISI സ്റ്റാൻഡേർഡ് ഉള്ള പൈപ്പുകൾ സ്ഥാപിക്കുക.

# 5.6

# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

## ഗതാഗതം

നാടിന്റെ സമഗ്ര വികസനത്തിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങളിൽ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് ഗതാഗതം. പ്രകാശ വേഗതയിൽ പോലും മനുഷ്യൻ സഞ്ചരിക്കുവാനാഗ്രഹിക്കുന്ന ഇക്കാലത്ത് അടിസ്ഥാന സൗകര്യങ്ങളെങ്കിലും ഗ്രാമീണ ജനതയ്ക്ക് നേടാൻ സുഗമമായ ഗതാഗത സൗകര്യങ്ങൾ ആവശ്യമാണ്. നാടിന്റെ സമഗ്ര വികസന മേഖലകളെ കോർത്തിണക്കാനുള്ള പ്രാധാന ഉപാധികളിലൊന്നാണ് ഗതാഗതം.

തൃക്കരുവാ പഞ്ചായത്തിന്റെ രണ്ടു ഗതാഗത മാർഗങ്ങളാണ് റോഡും കായലും. ഇന്നു റോഡു തന്നെയാണ് ഈ പഞ്ചായത്തിന്റെ പ്രധാന ഗതാഗത ഉപാധി. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർധം മുതൽക്ക് ഓണാട്ടുകരയിൽ നിന്നും ജലമാർഗമാണ് അരി ഈ പഞ്ചായത്തിലേക്ക് കൊണ്ടു വന്നിരുന്നത്. അതുപോലെ കരുനാഗപ്പള്ളി, കായംകുളം, ഇടത്വാ, നിരണം, ഹരിപ്പാട് എന്നീ മേഖലകളിൽ നിന്നും തൊണ്ടു കൊണ്ടു വന്നിരുന്നതും ജലമാർഗമായിരുന്നു. ചന്തക്കടവ്, സാമ്പ്രാണിക്കോടി, പ്രാക്കുളം എന്നിവയായിരുന്നു പ്രധാന ചരക്ക് കടവുകൾ. ഇതിന് പുറമേ തലചുമടായി കിഴക്കൻ പ്രദേശങ്ങളിൽ നിന്നും സാധനങ്ങൾകൊണ്ടു വരാറുണ്ടായിരുന്നു. കിഴക്കൻ പ്രദേശങ്ങളിൽ നിന്നും ഇങ്ങനെ അരികൊണ്ടു വന്നിരുന്ന ഈച്ചാടി കച്ചവടക്കാർ പാവുർ ഏലാ വഴിയാണ് വന്നിരുന്നത്. ഇവർക്ക് സഹായകമായി ആനപട്ടമുക്കിലും ഇഞ്ചവിളയിലും അഷ്ടമുടി വീരഭദ്രക്ഷേത്രത്തിന്റെ അടുത്തുമായി ചുമടുതാങ്ങികൾ ഉണ്ടായിരുന്നു. ഇക്കാലത്ത് കാളവണ്ടികളും കുതിരവണ്ടികളും വില്ലുവണ്ടികളും കേവ് വള്ളങ്ങളും കമ്പനി വള്ളങ്ങളും ഉണ്ടായിരുന്നു.

യാത്രാ സൗകര്യത്തിനും ജലമാർഗമായിരുന്നു പ്രധാന ആശ്രയം. കൊല്ലം പട്ടണത്തിലേക്കോ, കുരീപ്പുഴ, കാവനാട്, ചവറ, തെക്കുംഭാഗം, കോയിവിള തുടങ്ങിയ ഭാഗങ്ങളിലേക്കോ ആളുകൾ പോയിരുന്നത് വള്ളങ്ങളിലാണ്. ഇതേ കാലത്തു തന്നെ മോട്ടോർ ബോട്ടുകളും നിലവിൽ വന്നു. "കൊല്ലം- ആലപ്പുഴ, കൊല്ലം-പട്ടക്കടവ്-കടപുഴ" റൂട്ടിലായിരുന്നു മിക്ക ബോട്ടുകളും. ഏകദേശം 10 ബോട്ടുകൾ ഈ റൂട്ടിൽ സർവീസ് നടത്തിയിരുന്നു. പിൽക്കാലത്ത് ബോട്ടുടമകളിൽ നിന്നും ബോട്ടുകൾ വാങ്ങി ജലഗതാഗതം ദേശസാത്കരിക്കപ്പെട്ടു.

തേവള്ളി പാലം നിലവിൽ വരുന്നതിന് മുമ്പ് തന്നെ കണ്ടച്ചിറ ചീപ്പ് ഉണ്ടാവുകയും മങ്ങാട്ടു വഴി കൊല്ലം-കാഞ്ഞാവെളി ബസ് സർവീസ് ആരംഭിക്കുകയും ചെയ്തു. ഇതിനുവേണ്ടി ശ്രീ കരുണാകരൻ പിള്ളയുടെ നേതൃത്വത്തിൽ നടന്ന പിക്കറ്റിംഗിൽ പങ്കെടുത്ത് ശ്രീമാന്മാർ തിരുനല്ലൂർ പടിഞ്ഞാറ്റതിൽ കെ. വാസു, ചെട്ടിച്ചേരിൽ ബേബി, തയ്യിൽ വീട്ടിൽ

സുകുമാരൻ തുടങ്ങി 29 പേർ അറസ്റ്റുവരിക്കുകയുണ്ടായി. അതുപോലെ ഈ പഞ്ചായത്തതിർത്തിയിൽ കൂടിയായിരുന്നു കടവൂർ-പെരുമൺ റൂട്ടിൽ ബസ് സർവ്വീസ് നടത്തിയിരുന്നത്. കാഞ്ഞാവെളി-സാമ്പ്രാണിക്കോടി റോഡും ഇഞ്ചവിള അഷ്ടമുടി റോഡും നിലവിൽ വന്നതോടുകൂടി പ്രാക്കുളത്തേക്കും അഷ്ടമുടിയിലേക്കും ബസ് സർവ്വീസ് ആരംഭിച്ചു.

### തൃക്കരുവാ പഞ്ചായത്ത് റോഡുകൾ

തൃക്കരുവാ പഞ്ചായത്തിൽ 15 കി.മീ. പി.ഡബ്ള്യു.ഡി. റോഡും 11.750 കി.മീ. ടാറിട്ട റോഡുമാണുള്ളത്. അതോടൊപ്പം വന്മള തറമേൽമുക്കിൽ നിന്നും വള്ളക്കടവ് വരെയുള്ള 450 മീ. റോഡും ഗ്രാവൽ ഇട്ടിട്ടുണ്ട്. ഈ റോഡുകളിലൂടെ 25 -ൽപ്പരം ബസുകൾ സർവ്വീസ് നടത്തുന്നുണ്ട്. ഇത് കൂടാതെ ലോറികൾ, കാറുകൾ, മോട്ടോർ സൈക്കിളുകൾ, ഓട്ടോ റിക്ഷകൾ തുടങ്ങിയ വാഹനങ്ങൾ ഈ റോഡിലൂടെ നിരന്തരം സഞ്ചരിക്കുന്നുണ്ട്. എന്നാൽ ഇത്രയും അധികം വാഹന സഞ്ചാരത്തിന് ഈ റോഡുകൾ പര്യാപ്തമല്ല.

### റോഡുകളുടെ അവസ്ഥ

തൃക്കരുവാ പഞ്ചായത്തിലെ റോഡുകളുടെ അവസ്ഥ തീരെ ശോചനീയമാണ്. ഒരു കിലോമീറ്ററിനുള്ളിൽ ശരാശരി 10 ഗട്ടർ വീതമെങ്കിലുമുണ്ട്. ഇതുമൂലം ഉണ്ടാകുന്ന അപകടങ്ങളുടെ എണ്ണം വളരെ അധികമാണ്. റോഡരുകിലെ ടാപ്പുകളിൽ നിന്നും വരുന്ന വെള്ളം കെട്ടിക്കിടന്ന് റോഡുകളിൽ ചെറിയ പൊട്ടലുകൾ ഉണ്ടാകുന്നു. അതുപൊലെ വീടുകളിൽ വാട്ടർ കണക്ഷൻ കൊടുക്കുന്നതിന് റോഡുകൾ വെട്ടിക്കുഴിക്കുന്നു. ഇത്തരം പൊട്ടലുകളും കുഴികളും കൃത്യസമയത്ത് നന്നാക്കാത്തതുമൂലം ഇവ വലിയ ഗട്ടറുകളായി മാറുന്നു. പഞ്ചായത്തിലെ എല്ലാ ടാർ ചെയ്ത റോഡുകളും ഇതിന് ഉത്തമ ഉദാഹരണങ്ങളാണ്. തീരെ വീതികുറഞ്ഞ ഈ പഞ്ചായത്തിലെ റോഡുകളുടെ ഇരുവശങ്ങളിലും ടെലഫോൺ കേബിളുകൾ ഇടാൻ കുഴിക്കുന്ന കുഴികൾ ഗതാഗതം അസൗകര്യപ്പെടുത്തുന്നു.

### യാത്രക്കാരുടെ അസൗകര്യങ്ങൾ

യാത്രക്കാരുടെ സൗകര്യത്തിന് വേണ്ടുന്ന വെയിറ്റിംഗ് ഷെഡ് മൂന്ന് ഇടത്തേയുള്ളൂ. തൃക്കരുവാ പഞ്ചായത്തിന്റെ ഹൃദയ ഭാഗവും പഞ്ചായത്തിലെ ഏറ്റവും വലിയ വാണിജ്യ കേന്ദ്രവും കൂടിയായ കാഞ്ഞാവെളിയിൽ പോലും നല്ലൊരു വെയിറ്റിംഗ് ഷെഡില്ല. മിക്ക ബസ് സ്റ്റോപ്പുകളിലും ആളുകൾ മഴ പെയ്യുന്ന അവസരങ്ങളിൽ കയറി നിൽക്കാൻ ഇടം കിട്ടാതെ ബുദ്ധിമുട്ടുകയാണ്. കാഞ്ഞിരം കുഴിയിലും കാഞ്ഞാവെളിയിലും ആട്ടോറിക്ഷാ സ്റ്റാന്റുകളുണ്ട്. ടാക്സി കാറുകൾ കാഞ്ഞാവെളിയിൽ മാത്രമേ ഉള്ളൂ. ഇഞ്ചവിള, ഞാറയ്ക്കൽ, വടക്കേക്കര, ആറാം വാർഡ്, അഷ്ടമുടി, എന്നിവിടങ്ങളിലുള്ളവർ അഞ്ചാലുംമൂട്ടിൽ പോയാണ് ടാക്സി പിടിക്കുന്നത്. രാത്രികാലങ്ങളിൽ ഒരു രോഗിയെ ആശുപത്രിയിൽ എത്തിക്കണമെങ്കിൽ വാഹനം ലഭിക്കുന്നതിന് വലിയ പ്രയാസമാണ്. ആവശ്യത്തിന് ടാക്സി വാഹനങ്ങൾ ലഭിക്കുകയുമില്ല. അതിന് പരിഹാരമെന്നോണം പഞ്ചായത്തിനൊരു ആമ്പുലൻസ് അത്യാവശ്യമാണ്.

ഈ പഞ്ചായത്തിൽ സ്വകാര്യ ഉടമസ്ഥതയിൽ ചെറിയ 50 സിസി വാഹനങ്ങൾ മുതൽ വലിയ ബസുകൾ വരെയുണ്ട്. ഇവിടെ ഉല്പാദിപ്പിക്കുന്ന കയർ, ഓട്, കക്കാ ഓട്ടി, മത്സ്യവിഭവങ്ങൾ എന്നിവ മറ്റ് സ്ഥലങ്ങളിലേക്ക് കൊണ്ടു പോകുന്നതും, ഇവിടേക്ക് ചകിരി, സിമന്റ് മറ്റ് സാധനങ്ങൾ തുടങ്ങിയവ കൊണ്ടുവരുന്നതുമായ വലിയ ലോറികൾക്ക് സുഗമ സഞ്ചാരത്തിന് അനുയോജ്യമായതല്ല റോഡുകളുടെ ഇന്നത്തെ അവസ്ഥ.

### ജലഗതാഗതം

ഇന്ന് തീരെ അവഗണിക്കപ്പെട്ടിരിക്കുന്ന ഒരു മേഖലയാണ് ജലഗതാഗതം. കാവനാട്, മൺട്രോതുരുത്ത്, പെരുമൺ, പേഴുംതുരുത്ത്, പെരിങ്ങാലം, ചവറ, കോയിവിള, തെക്കുംഭാഗം എന്നിവിടങ്ങളിൽ ഏകദേശം പതിനഞ്ചോ മുപ്പതോ മിനിട്ട് കൊണ്ട് ജല മാർഗം എത്തിച്ചേരുവാൻ കഴിയും. എന്നാൽ ഇതിനുള്ള സൗകര്യങ്ങൾ ഇപ്പോൾ വളരെ കുറവാണ്. ഈ പഞ്ചായത്ത് വഴി ഇപ്പോൾ വാട്ടർ ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ മൂന്ന് ബോട്ടുകൾ മാത്രമേ സർവ്വീസ് നടത്തുന്നുള്ളൂ. പഴയ കാലത്തെപ്പോലെ ജലമാർഗമുള്ള ചരക്ക് കടത്ത് ഇല്ല. എന്നാൽ ജലഗതാഗതം കൂടുതൽ കാര്യക്ഷമമായി നടത്തുകയാണെങ്കിൽ ബസുകളിലുള്ള തിരക്ക് കുറയ്ക്കുവാൻ കഴിയും. വാട്ടർ ട്രാൻസ്പോർട്ട് ബോട്ടുകൾ കേടായിരുന്നാൽ അവ നന്നാക്കുവാനുള്ള സൗകര്യങ്ങൾ കൊല്ലം ജില്ലയിൽ ഇല്ല എന്നുള്ളത് പരിതാപകരമാണ്.

പഞ്ചായത്തിൽ നിലവിൽ 6 ബോട്ടുജെട്ടികളുണ്ട്. പണ്ടുണ്ടായിരുന്ന പല കടത്ത് കടവുകളും ഇന്ന് അപ്രത്യക്ഷമായിരിക്കുന്നു. അഷ്ടമുടി വാർഡിൽ ഉണ്ടായിരുന്നതും എന്നാൽ ഇന്ന് പലരും കൈവശപ്പെടുത്തിയിരിക്കുന്നതുമായ കടവുകളെ കുറിച്ചുള്ള ചർച്ച ഗ്രാമസഭയിൽ ഉയർന്നുവന്നിട്ടുണ്ട്. പഞ്ചായത്തിന്റെ അധികാരാതിർത്തിയിലും എന്നാൽ പഞ്ചായത്തിൽ നിന്നും അകന്ന് മുണ്ടയ്ക്കൽ, പെരുമൺ, പേഴുംതുരുത്ത്, കുരീപ്പുഴ തുടങ്ങിയ പ്രദേശങ്ങളോട് ചേർന്ന് കിടക്കുന്നതുമായ പ്രദേശങ്ങളിലെ ജനങ്ങൾക്ക് പഞ്ചായത്താഫീസുമായും വില്ലേജാഫീസുമായും ബന്ധപ്പെടുവാൻ ഏറ്റവും എളുപ്പം ജലമാർഗമാണ്. അതുപോലെ ടൂറിസത്തെ പരമാവധി പരിപോഷിപ്പിക്കുവാൻ നടപടികൾ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ജലഗതാഗതം പ്രത്യേക ശ്രദ്ധ ആകർഷിക്കുന്നു.

## പ്രശ്നങ്ങൾ

- പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വേണ്ടത്ര റോഡ് സൗകര്യമില്ല.
- നിലവിലുള്ളവ വീതി കൂട്ടി ഗതാഗത യോഗ്യമാക്കണം
- വളരെയധികം വാഹനസഞ്ചാരമുള്ള റോഡുകൾ ടാർ ചെയ്യണം.
- പല റോഡുകൾക്കും ഓടയില്ല. മഴവെള്ളവും മലിന ജലവും ഒഴുകി പ്പോകുവാനുള്ള സൗകര്യങ്ങളില്ല.
- യാത്രക്കാർക്ക് കയറിനിൽക്കുവാനുള്ള വെയ്റ്റിംഗ് ഷെഡുകളില്ല.
- കൃത്യസമയത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നില്ല.
- ബോട്ടുകളും കടത്തു വള്ളങ്ങളും കുറവാണ്.
- രോഗികളെ കൃത്യമായി ആശുപത്രിയിൽ എത്തിക്കുവാൻ ഒരു ആംബുലൻസ് വേണം.
- അഷ്ടമുടി വാർഡിലെ 3 പഴയ കടവുകൾ പുനസ്ഥാപിക്കുക.

കൊപ്പിത്താഴത്ത് കടവ്– 5 സെന്റ് സ്ഥലം

കിഴക്കേ തൊടിയേൽ കടവ് – 3 സെന്റ് സ്ഥലം

ഇറക്കുകടവ് – 12 സെന്റ് സ്ഥലവും കളിത്തട്ടും.

- കണിയാംകടവ് കുരീപ്പുഴ വഴി കടന്നുപോകുന്ന ബൈപാസ് പാലത്തിൽ നിന്നും സാമ്പ്രാണിക്കോടിയിലേക്ക് ഒരു അപ്രോച്ച് പാലം പണിയുക.
- ജലഗതാഗതത്തിനും റോഡുഗതാഗതത്തിനും കൂടുതൽ വാഹനങ്ങളേർപ്പെടുത്തുക.
- പ്രാക്കുളത്ത് നിന്നും തിരുവനന്തപുരത്തേക്ക് ഒരു ഫാസ്റ്റ് പാസഞ്ചർ ബസ് സർവ്വീസ് ഏർപ്പെടുത്തുക.

## സാധ്യതകൾ

- ആവശ്യമായ പ്രദേശങ്ങളിൽ സന്നദ്ധ പ്രവർത്തനങ്ങളിലൂടെ ഓടകൾ നിർമ്മിക്കുക.
- വളരെ അത്യാവശ്യമായ റോഡുകൾ മുൻഗണനാക്രമം നിശ്ചയിച്ച് ടാർ ചെയ്യുക.
- ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അവ സംരക്ഷിക്കുന്നതിനും ജനകീയ സമിതി ഉണ്ടാക്കുക.
- ആവശ്യമായ പുതിയ വഴികളും റോഡുകളും പൂർണമായ ജനപങ്കാളിത്തത്തോടുകൂടി സന്നദ്ധസേവനമായി നടത്തുക.
- ആളുകൾ കൈവശപ്പെടുത്തിയിരിക്കുന്ന വള്ളക്കടവുകളും കളിത്തട്ടുകളും പഞ്ചായത്ത് വക ഭൂമിയും തിരിച്ചെടുക്കുവാൻ നടപടികൾ സ്വീകരിക്കണം.
- ജലഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുക. ഇതിന് ആവശ്യമായ ഒരു കർമ്മപദ്ധതി തയ്യാറാക്കുക.
- കോവളം–സാമ്പ്രാണിക്കോടി റൂട്ടിൽ ഒരു ഫാസ്റ്റ് പാസഞ്ചർ ബസ് സർവ്വീസ് ഏർപ്പെടുത്തുക.
- അഷ്ടമുടി-ഗുരുവായൂർ റൂട്ടിൽ ഒരു ഫാസ്റ്റ് പാസഞ്ചർ ബസ് ഏർപ്പെടുത്തുക.

- അഷ്ടമുടി-സാമ്പ്രാണിക്കോടി-കന്യാകുമാരി റൂട്ടിൽ ഒരു ബസ് സർവ്വീസ് ആരംഭിക്കുക.
- ടൂറിസം വികസനത്തിന് പര്യാപ്തമായ രീതിയിൽ ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

## വീതികൂട്ടി ടാർ ഇടേണ്ട റോഡുകൾ

**വാർഡ് – 1**

- കണ്ണാടിമുക്ക് –ലക്ഷംവീട് കോളനി റോഡ്
- കുരുമ്പലമൂട് ജംഗ്ഷനിൽ നിന്നു് കൊപ്പിളിത്താഴ വരെയുള്ള റോഡ്
- താമിലേഴത്തു മുക്കിൽ നിന്നും മൂലേക്കോടിയിലേക്ക് പോകുന്ന റോഡ്.

**വാർഡ്–2**

- കല്ലുംമൂട്ടിൽ കടവ് റോഡ്
- ഭാവനാ ജംഗ്ഷൻ മുതൽ മുളയ്ക്കൽ ഏല വരെയുള്ള റോഡ്.
- അഷ്ടമുടി സ്കൂൾ ജംഗ്ഷൻ മുതൽ അഷ്ടമുടി ലൂർദ്ദ് പള്ളിവരെയുള്ള റോഡ്.
- അഷ്ടമുടി സ്കൂൾ ജംഗ്ഷൻ മുതൽ മണലിക്കട അലൈവ് ജംഗ്ഷൻ വരെയുള്ള റോഡ്.
- കരുവാ വിള മുക്ക് മുതൽ കായൽവാരംവരെയുള്ള റോഡ്.

**വാർഡ് –3**

- കരുവാ മുസ്ലിം പള്ളിമുക്ക് മുതൽ വിളയിൽ ജംഗ്ഷൻ വഴി മുളയ്ക്കൽ ഏലാവരെ.
- കൊച്ചുകട മുക്കിൽ നിന്നും പുളിയുടെ മൂട് മുക്ക് വഴി മണലിക്കടയുമായി ബന്ധിപ്പിക്കുന്ന റോഡ്.
- വെട്ടത്തുക്കാവ് ക്ഷേത്രജംഗ്ഷൻ മുതൽ ജവാൻ മുക്ക് വരെയുള്ള റോഡ്.

**വാർഡ് –4**

- ചക്കാലമുക്കിൽ നിന്നും മുളയ്ക്കൽ ഏലാവരെയുള്ള റോഡ്.
- ഇഞ്ചവിള സ്കൂൾ ജംഗ്ഷനിൽ നിന്നും പാവൂർ ഏലായിലേക്കുള്ള റോഡ്.
- ഇഞ്ചവിള തൈക്കാവ് മുക്കിൽ നിന്നും പെരിനാട് റെയിൽവേ സ്റ്റേഷനിലേക്കുള്ള റോഡ്.
- സ്റ്റേഡിയത്തിനടുത്ത് കൂടി കാഞ്ഞിരംകുഴി ഗുരുമന്ദിരം വരെയുള്ള റോഡ്.

**വാർഡ് –5**

- ഞാറയ്ക്കൽ ജനതാ വായനശാല ജംഗ്ഷൻ മുതൽ എലുമല റോഡുവരെ.
- ആനപട്ട മുക്ക് മുതൽ എലുമല വരെ
- കാഞ്ഞിരംവിള മുക്ക് മുതൽ ചന്തക്കടവ് വരെ.
- അഞ്ചരണ്ടിൽ മേലതിൽമുക്ക് മുതൽ കരിങ്ങോട്ട് കിഴക്കു വശംവരെ.
- പുകയിലപ്പുര മുക്ക് മുതൽ കോടാങ്കുഴി വരെ.
- കോയിക്കവിള മുക്ക് മുതൽ ചെമ്പകശ്ശേരി മുക്ക് വരെ.
- പൊരുന്നൽ മുക്കുമുതൽ കായൽവാരം വരെ

**വാർഡ് –6**

- തഴയ്ക്കാട്ട് മുക്ക് മുതൽ മണലിക്കട വരെ
- കൊന്നമുക്ക് മുതൽ മേനാക്കിൽ മുക്ക് വരെ.
- ജവാൻ മുക്കിൽ നിന്നും വെട്ടത്തുകാവ് ക്ഷേത്രം വരെ.
- പള്ളിമക്ക് മുതൽ വിളയിൽ മുക്ക് വരെ.
- കാഞ്ഞിരംകുഴി മുക്കിലെ ഗുരുമന്ദിരം മുതൽ സ്റ്റേഡിയം വഴി ക്രിസ്ത്യൻ പള്ളിവരെയുള്ള റോഡ്.
- ഓലിക്കര മുതൽ കോലേഴത്തു വരെ.

**വാർഡ്– 7**

- മൂലേവെളിയിൽ നിന്നും ആശുപത്രിയിലേക്ക് പോച്ചയിൽ കടവിലേക്കുള്ള റോഡ്.
- തറമേൽ മുക്ക് മുതൽ തെക്കോട്ട് കായൽവാരം വഴി എലുമല വരെ.

- കുന്നുകണ്ടം മുതൽ ഓലിക്കര കടവ് വഴി തെന വിള മുക്ക് വരെ.
- കുളങ്ങരമുക്ക് മുതൽ ചന്തക്കടവ് വരെ.

വാർഡ് -8

- മഠത്തിൽ മുക്കിൽ നിന്നും ഇത്തുമലവരെ
- ഗോസ്തലക്കാവ് ക്ഷേത്രത്തിന്റെ വടക്ക് നിന്നും കോടിയിൽ കായൽ വാരം വരെ.

വാർഡ് 9

- വെളിയിൽ ജംഗ്ഷൻ മുതൽ കാവുങ്കൽ കുളം വരെ.
- പുത്തേത്തുമുക്ക് മുതൽ മതിരശ്ശേരി വരെ
- മതിരശ്ശേരി മുതൽ മുക്കേൽ കടവ് വരെ.

വാർഡ് - 10

- വലിയ മഠം ജംഗ്ഷൻ മുതൽ ലക്ഷംവീട് കോളനി, ഹരിജൻ കോളനി, സെറ്റിൽമെന്റ് കോളനി വഴി ഒരു റോഡ്.
- മേലേൽ മുക്കിൽ നിന്നും ചരുവിൽ കായൽവാരം വരെ.

## വീതികൂട്ടേണ്ട വഴികൾ

വാർഡു-2

- മംഗലത്തുകാവ് അമ്പലത്തിനടുത്തു നിന്നും കായൽ വാരം വരെ.
- വലിയവിള ലക്ഷം വീട് റോഡ്
- വീരഭദ്രസ്വാമി ക്ഷേത്രം മുതൽ തീരദേശം വഴി വലിയ വിള ലക്ഷംവീട് കോളനി വരെ
- പൊരുന്നൽ പടിഞ്ഞാറുവശം വഴി മുളയ്ക്കൽ ഏലാ വരെ
- നെടിയത്ത് മുക്ക് മുതൽ മുളയ്ക്കൽ ഏലാ വരെ
- അലൈവ് മുക്ക് മുതൽ അഷ്ടജല റാണി പള്ളി യുടെ കടവ് വരെ.

വാർഡു-3

- സ്റ്റേഡിയം മുക്കിൽ നിന്നും മുളയ്ക്കൽ ഏലയോട് ചേർന്ന് കിടക്കുന്ന വളവിൽ കോളനി വരെ.
- ചെറുകര കലങ്കുമുതൽ കിഴക്കോട്ട് വയലിന്റെ കരയിൽ ക്കൂടി മുതുകാട്ടിൽ മുക്കുവരെ.
- പീടിയേലിന്റെ മുക്കിൽ നിന്നും വടക്കോട്ട് വെള്ളാശ്ശേരിയിലേയ്ക്കുള്ള വഴി.

വാർഡ്-4

- ഇഞ്ചവിള അമ്പൂർ തെക്കതിൽ ഉള്ള വഴി.
- ഇഞ്ചവിള ചെറുവാരേഴത്തു നിന്നും നിലത്തിലേയ്ക്കുള്ള വഴി.
- അഷ്ടമുടി മുക്കിൽ നിന്നും കിഴക്കോട്ട് പാവൂർ ഏലായിലേയ്ക്കുളള വഴി.
- ഇഞ്ചവിള ഓലിക്കര മുക്കിൽ നിന്നും ചെപ്പള്ളില്ലിൽ വരെ.
- കണ്ണമത്തുമുക്കിൽ നിന്നും കിഴക്കോട്ട് പാലവിള വരെ.
- നെല്ലുവിള മുക്കിൽ നിന്നും പാവൂർ ഏലാവരെ.
- ഇഞ്ചവിള ക്രിസ്ത്യൻ ചർച്ച് മുതൽ വട്ടപ്പറമ്പിൽ ഭാഗം വരെ.

വാർഡ്-5

- പൊരുന്നൽ മുക്ക് മുതൽ കായൽ വാരം വരെ
- ഞാറയ്ക്കൽ വടക്കുമുതൽ കായൽവാരം വരെ
- എസ് എൻ വി എസ് എച്ച് എസ് ന് പടിഞ്ഞാറുവശം മുതൽ പുളക്കാട്ട് മുക്ക് വരെ.
- ചെറുമണ്ണൂർ മഠംമുക്ക് മുതൽ കോളകത്തുമുക്ക് വരെ.

വാർഡ്-6

- പാട്ടത്തിൽ കുളം മുതൽ മണലിക്കട വരെ
- താഴയ്ക്കാട്ടു മുതൽ മണലിക്കട വരെ.

വാർഡ് - 7

- തറമേൽമുക്ക് മുതൽ കുളങ്ങര വരെ
- തറമേൽമുക്ക് മുതൽ തെക്കോട്ടു കായൽ വാരം വരെ.

- പുന്നവിളമുക്കിൽ നിന്നും കുന്നുകണ്ടത്തിൽ ജംഗ്ഷൻ വരെ.
- വിളയത്ത് മുക്കിൽ നിന്നും പടിഞ്ഞാറോട്ടുള്ള ഇട വഴി.
- പ്രാക്കുളം എൻ. എസ്. എസ്. എച്ച്. എസിന്റെ തെക്കുള്ള കടവിലേയ്ക്ക്.
- തെനവിള ലക്ഷംവീട് കോളനിയിലേക്കുള്ള വഴി.

വാർഡ് –8

- ഫ്രണ്ട്സ് ക്ലബ്ബ് മുതൽ വയലിൻ വടക്ക് വരെ
- ചമ്പൻകോട്ടു നിന്നും വെല്ലുമ്പറമ്പിൽ വരെ

വാർഡ് –9

- കാവുണ്ടൽ കുളം മുതൽ തണ്ടാനഴികത്ത് കായൽ വാരം വരെ.
- വെളിയിൽ മുക്കു മുതൽ തൊടിയിൽ കായൽവാരം വരെ.

വാർഡ്–10

- ചരുവിൽ കായൽ വാരം മുതൽ സാമ്പ്രാണിക്കോടി വരെ.
- ലക്ഷംവീട്ടിൽ നിന്നും 106 –ാം നമ്പർ അംഗനവാടി വരെ
- ബസ് സ്റ്റാന്റിൽ നിന്നും മേലേമുക്ക് വരെ.

## ഓടകളും തോടുകളും പണിത് സ്ലാബിട്ട് ഗതാഗത യോഗ്യമാക്കേണ്ടവ

- പാട്ടത്തിൽകുളം മുതൽ കായൽ വാരം വരെ (വാർഡ് –6)
- ആലമടചിറയിൽ നിന്നും ഓലിക്കര കായലിലേയ്ക്ക് (വാർഡ്–7)
- ഏങ്ങൂർ മുക്കിൽ തെക്കോട്ടുള്ള ഓട.
- ഇഞ്ചവിള സൊസൈറ്റിയുടെ മുമ്പിൽ നിന്നും പാവൂർ ഏലാ വരെ.

## ഊർജ്ജം

ഒരു രാജ്യത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ വളർച്ചക്ക് ആവശ്യം വേണ്ട മൂന്നു ഘടകങ്ങളിൽ ഒന്നാണ് ഊർജ്ജോല്പാദനം. അതിൽ വൈദ്യുതി വികസനത്തെ തളർത്തിയാൽ രാജ്യത്തിന്റെ വികസന പ്രവർത്തനങ്ങൾ മന്ദീഭവിപ്പിക്കുവാൻ കഴിയും. ഇന്ത്യയിലൊട്ടാകെ ഇന്ന് ഉല്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി ആവശ്യത്തിന് മതിയാകുന്നില്ല. പിന്നിട്ട ഓരോ പഞ്ചവത്സര പദ്ധതിക്കാലത്തും ആവശ്യത്തിന് വൈദ്യുതി ലഭ്യമാക്കുവാൻ വേണ്ട പദ്ധതികൾ ആരംഭിക്കുവാൻ കഴിയാതെ പോയതും, നിർമ്മാണം ആരംഭിച്ച പദ്ധതികൾ നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തിയാക്കുവാൻ കഴിയാതിരുന്നതും പദ്ധതകളിൽ വകകൊള്ളിച്ചിരുന്ന വൈദ്യുതി പദ്ധികൾക്കാവശ്യമായ സാമ്പത്തിക വിഭവങ്ങൾ കണ്ടെത്തുവാൻ കഴിയാതെ പോയതും ഈ കമ്മിക്കു കാരണങ്ങളാണ്. എട്ടാം പഞ്ചവത്സര പദ്ധതിയുടെ കരടുതയ്യാറിക്കിയത് വൈദ്യുതി മേഖലയിൽ 48,000 മെഗാവാട്ടിന്റെ ശേഷി കൂട്ടിച്ചേർക്കണമെന്ന പരിപാടിയോടെയാണ്. പദ്ധതിക്ക് അന്തിമ രൂപം നൽകിയപ്പോൾ അതു 38,000 മെഗാവാട്ടായി ചുരുക്കി. വിഭവ ദാരിദ്ര്യത്തിന്റെ പേരിൽ വീണ്ടും അത് 28000 മെഗാവാട്ടായി മാറി. ഒടുവിൽ അത് 17,500 മെഗാവാട്ടായി മാറിയിരിക്കുന്നു. 9–ാം പദ്ധതിക്കാലത്ത് 62099 മെഗാവാട്ടിനുള്ള സ്ഥാപിതശേഷി അധികമായി സൃഷ്ടിക്കണം എന്നാണ് കമ്മീഷൻ നിർദ്ദേശിക്കുന്നത്. എന്നാൽ ഇറക്കുമതി ചെയ്യുന്ന സാധനങ്ങളുടെ വില കൂടുതൽ സാമ്പത്തിക വിഷമത എന്നിവയുടെ പശ്ചാത്തലത്തിൽ പദ്ധതി ലക്ഷ്യങ്ങൾ വീണ്ടും വെട്ടിചുരുക്കുവാൻ ഇടയുണ്ട്.

അഞ്ചാലുംമൂട് വൈദ്യുത സബ് ഡിവിഷനിൽപ്പെടുന്ന ഈ പഞ്ചായത്തിന് വൈദ്യുതി ലഭിക്കുന്നത് കുണ്ടറയിലെ 110 കെ.വി. സബ് സ്റ്റേഷനിൽ നിന്നാണ്.16 ട്രാൻസ്ഫോമറുകളാണ് ഈ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ളത്. എങ്കിലും പഞ്ചായത്തിലെ കുറഞ്ഞ വോൾട്ടത പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിൽ ഗാർഹിക ആവശ്യങ്ങൾക്കും വ്യാണിജ്യാവശ്യങ്ങൾക്കുമാണ് കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നത്. അഞ്ചാലുംമൂട് സബ് ഡിവിഷനിൽ നിന്നും ലഭിച്ച കണക്കുകൾ പ്രകാരം പഞ്ചായത്തിൽ 3971 വൈദ്യുതി ഉപഭോക്താക്കളാണുള്ളത്. അതിൽ 3910 ഉപഭോക്താക്കൾ ഗാർഹിക – കാർഷിക – വാണിജ്യ മേഖലകളിലും 61 ഉപഭോക്താക്കൾ വ്യാവസായിക മേഖലയിലുമാണ്. പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി 664 സ്ട്രീറ്റ് ലൈറ്റുകളുണ്ട്. ഇതിൽ 72 ട്യൂബ് ലൈറ്റുകളും 591 ബൾബുകളും ഒരു മെർക്കുറി

വേപ്പർ ലൈറ്റുമാണ്. സ്ട്രീറ്റ്ലൈറ്റിനു വേണ്ടി പഞ്ചായത്ത് പ്രതിമാസം 7106 രൂപ അടയ്ക്കുന്നുണ്ട്. കുടിവെള്ള ആവശ്യത്തിന് പ്രവർത്തിക്കുന്ന 3 കുഴൽ കിണറുകളിലും വൈദ്യുതി പമ്പ് സെറ്റ് ഘടിപ്പിച്ചിട്ടുണ്ട്. അതുപോലെ ഗാർഹിക ആവശ്യത്തിനും കൃഷി ആവശ്യത്തിനും കൂടി ഏകദേശം 350 പമ്പുസെറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. വൈദ്യുതി ഉപഭോഗം ചെയ്യുന്ന കാര്യത്തിൽ റീ-ചാർജ്ജബിൾ ടോർച്ചുകൾക്കും ഒരു പങ്കുണ്ട്. ആധുനിക വൈദ്യുത ഗൃഹോപകരണങ്ങളുടെ ഉപയോഗത്തിനനുസരണമായി വൈദ്യുതി നൽകുന്നതിനുള്ള കഴിവ് ഇപ്പോഴുള്ള ട്രാൻസ്ഫോർമറുകൾക്കു ഇല്ല. ഇപ്പോൾ നിലവിലുള്ള ട്രാൻസ്ഫോർമറുകൾ സ്ഥിതി ചെയ്യുന്ന സ്ഥലവും വിവരണങ്ങളും പട്ടിക 1 -ൽ കൊടുത്തിരിക്കുന്നു.

പട്ടിക – 1

ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലങ്ങൾ

| നമ്പർ | സ്ഥാപിച്ചിരിക്കുന്ന സ്ഥലം | എണ്ണം |
|---|---|---|
| 1 | ആനപട്ടമുക്ക് | 1 |
| 2 | കാഞ്ഞിരംകുഴി | 1 |
| 3 | മുണ്ടയ്ക്കൽ | 1 |
| 4. | ജവാൻ മുക്ക് | 1 |
| 5. | എലുമല | 1 |
| 6. | പ്രാക്കുളം | 1 |
| 7. | വേളിക്കാട് | 1 |
| 8. | പുത്തേത്തുമുക്ക് | 1 |
| 9. | കരിശ്ശേരി | 1 |
| 10. | കെട്ടിടത്തിൽമുക്ക് | 1 |
| 11. | മേലേമുക്ക് | 1 |
| 12. | മണലിക്കട | 1 |
| 13. | കരുവാ | 1 |
| 14. | അഷ്ടമുടി | 3 |

ഗാർഹിക ആവശ്യങ്ങളിൽ പാചകത്തിന് ഉപയോഗിക്കുന്ന പ്രധാന ഊർജ്ജസ്രോതസ്സ് വിറക്, അറുക്കപ്പൊടി, കശുവണ്ടിത്തോട് മുതലായവയാണ്. മണ്ണെണ്ണയും പാചക വാതകവും ഉപയോഗിക്കുന്നുണ്ട്. റേഷൻകടയിൽ നിന്ന് ലഭിക്കുന്ന മണ്ണെണ്ണ പഞ്ചായത്തിലെ ഉപഭോക്താക്കളുടെ ആവശ്യത്തിനു തികയുന്നില്ല. ധാരാളം മണ്ണെണ്ണ സ്റ്റൗകളും ഉപയോഗിക്കുന്നുണ്ട്. ഇതിനാവശ്യമായ എണ്ണ പൊതുവിപണിയിൽ നിന്നും കൂടുതൽ വിലനല്കി വാങ്ങുന്നു. ഗാർഹിക ആവശ്യത്തിനുള്ള വിറക് പഞ്ചായത്തിനു വെളിയിൽ നിന്നുമാണ് കൊണ്ടുവരുന്നത്. വിറകിന്റെ പ്രതിസന്ധി രൂക്ഷമാണ്. ദക്ഷതകൂടിയ മണ്ണെണ്ണ സ്റ്റൗവുകളും അടുപ്പുകളും ഇപ്പോൾ ധാരാളം ഉപയോഗിച്ചുവരുന്നു.

ഗ്രാമസഭാ ചർച്ചകളിൽ ഒട്ടുമിക്കതിലും വോൾട്ടേജ് കുറവിനെപ്പറ്റി പരാതിയുണ്ടായി പുതിയ ട്രാൻസ്ഫോമറുകൾ വേണമെന്ന ആവശ്യവുമുണ്ടായി.

## പ്രശ്നങ്ങൾ

- പഞ്ചായത്തിലെ വാർഡുകളിൽ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.
- എല്ലാവാർഡുകളിലും സ്ട്രീറ്റ് ലൈറ്റുകളുടെ കുറവുണ്ട്. ഉള്ള സ്ട്രീറ്റ് ലൈറ്റുകൾ കൃത്യമായും കത്താറില്ല.
- പഞ്ചായത്തിലെ ഏക ആയുർവേദ ആശുപത്രി വൈദ്യുതീകരിക്കണം.
- അംഗണ വാടികൾ വൈദ്യുതീകരിക്കണം.
- ബയോ ഗ്യാസ് പ്ലാന്റുകൾ ഇല്ല.

## സാദ്ധ്യതകൾ

- അറ്റകുറ്റ പണികൾ യഥാസമയം നടത്തുക. കേടായ മീറ്ററുകൾ മാറ്റി പുതിയ മീറ്ററുകൾ സ്ഥാപിക്കുക.
- വിറകിന് വേണ്ടി പാഴ്മരങ്ങൾ ധാരാളം നട്ടുവളർത്തുക.
- കമ്മ്യൂണിറ്റി ബയോഗ്യാസ് യൂണിറ്റുകൾ സ്ഥാപിക്കുക.
- ദക്ഷത കൂടിയ മണ്ണെണ്ണ സ്റ്റൗകൾ കൂടുതൽ പ്രചരിപ്പിക്കുക.
- വൈദ്യുത മീറ്ററുകളിൽ കൃത്രിമം കാണിക്കുന്നത് തടയണം.
- ഹരിജൻ കോളനികൾ വൈദ്യുതീകരിക്കുക.
- ഊർജ്ജസംരക്ഷണത്തിന് അനർട്ടിന്റേയും ഐ. ആർ. ഇ. പി. പദ്ധതികളുടേയും സഹായം തേടുക.

- ❖ സൗരോർജ്ജ റാന്തൽ, മോട്ടോർ, സെൽ എന്നിവ അനർട്ടുമായി ബന്ധപ്പെട്ട് പ്രയോഗത്തിൽ കൊണ്ടുവരിക.
- ❖ ദക്ഷത കൂടിയ വിറകടുപ്പുകൾ സ്ഥാപിക്കുന്നതിന് ശാസ്ത്ര-സാഹിത്യ പരിഷത്ത് പോലുള്ള സംഘടനകളുടെ സഹായം തേടുക.

## മാർക്കറ്റ്

സാമൂഹ്യ ജീവിതത്തിൽ ഒരു പ്രധാന സ്ഥാനം മാർക്കറ്റുകൾക്കുണ്ട്. ബാട്ടർ സംവിധാനം നിലനിന്നിരുന്ന പുരാതന കാലം മുതൽക്ക് തന്നെ മാർക്കറ്റിംഗ് സംവിധാനം നിലനിന്നു വരുന്നു. നാണയ സംവിധാനത്തിൽ അധിഷ്ഠിതമായ ആധുനിക വാണിജ്യ വ്യവസ്ഥ വന്നിട്ടും മാർക്കറ്റിംഗ് സംവിധാനത്തിന്റെ സ്ഥിതി മാറിയിട്ടില്ല. ആധുനിക കമ്പോള വ്യവസ്ഥിതിയിൽ അധിഷ്ഠിതമായ ഒരു ജീവിത ശൈലി നാടെങ്ങും വ്യാപിക്കുന്ന ഈ സാഹചര്യത്തിൽ ഗ്രാമതല ആസൂത്രണത്തിൽ കമ്പോള സംവിധാനത്തിനും പ്രാധാന്യമുണ്ട്. കാർഷികമായും വ്യാവസായികമായും പുരോഗതി വ്യാപിക്കണമെങ്കിൽ പ്രാദേശിക ചന്തകൾ കൂടുതൽ വിപുലമാകണം.

തൃക്കരുവാ പഞ്ചായത്തിലെ കാഞ്ഞിരംകുഴി, കാഞ്ഞാവെളി, പ്രാക്കുളം എന്നീ സ്ഥലങ്ങളിൽ ചന്തകൾ നിലവിലുണ്ട്. ഇതിൽ കാഞ്ഞാവെളിയിലെ ചന്തയ്ക്ക് അരനൂറ്റാണ്ടിലേറെ വർഷങ്ങളുടെ പഴക്കമുണ്ട്. ഈ ചന്തയ്ക്ക് മാത്രമേ അംഗീകാരമുള്ളൂ. പ്രാക്കുളം ചന്ത സ്വകാര്യ വസ്തുവിലാണ് നടത്തുന്നത്. കാഞ്ഞിരംകുഴിയിൽ റോഡരുകിലാണ് ചന്ത പ്രവർത്തിക്കുന്നത്. ഇവിടെ ഒരു ചന്ത നടത്തുന്നതിനുള്ള സ്ഥലം പഞ്ചായത്ത് കണ്ടെത്തുകയോ, അല്ലെങ്കിൽ സ്വകാര്യ വ്യക്തികൾക്ക് നൽകുകയോ ചെയ്യണം. അങ്ങനെ ചെയ്യുന്നത് അവിടെ ഇപ്പോൾ അനുഭവപ്പെടുന്ന ഗതാഗത തടസ്സത്തിന് ഒരു പരിഹാരമാണ്. ഈ മൂന്ന് ചന്തകൾ ഉണ്ടെങ്കിലും പഞ്ചായത്തിലെ വടക്കേക്കര, അഷ്ടമുടി എന്നീ വാർഡുകളിലെ ആൾക്കാർ ഇറച്ചി, പച്ചക്കറി എന്നിവ വാങ്ങുന്നതിന് കാഞ്ഞാവെളി ചന്തയിലോ കാഞ്ഞിരംകുഴി ചന്തയിലോ അല്ലെങ്കിൽ പഞ്ചായത്തിന് പുറത്തുള്ള അഞ്ചാലുംമൂട്ടിലോ ആണ് പോകുന്നത്.

പഞ്ചായത്തിൽ പൊതുവേ മുറുക്കാൻ കടകളും പലചരക്ക് കടകളുമാണ് കൂടുതലായി കാണപ്പെടുന്നത്. കാഞ്ഞാവെളിയിലും അഷ്ടമുടിമുക്കിലും നാമമാത്രമായ തോതിൽ നടക്കുന്ന ഹോട്ടലുകളുമുണ്ട്. പഞ്ചായത്തിൽ ആകെ 10 റേഷൻകടകൾ പ്രവർത്തിക്കുന്നു. കൂടാതെ കാഞ്ഞാവെളിയിൽ ഒരു മാവേലി സ്റ്റോറും ഉണ്ട്. കാഞ്ഞാവെളിയിലും ഇഞ്ചവിളയിലുമായിട്ട് മൂന്ന് പബ്ലിക്ക് ടെലിഫോൺ ബൂത്തുകൾ പ്രവർത്തിക്കുന്നു.

നിലവിലുള്ള മാർക്കറ്റിംഗ് സംവിധാനം അപര്യാപ്തമാണെന്ന അഭിപ്രായം എല്ലാ ഗ്രാമസഭാ ചർച്ചകളിലും ഉണ്ടായിട്ടുണ്ട്. കാർഷികമേഖലയിലും ചെറുകിട വ്യവസായ മേഖലയിലും പ്രാദേശിക മാർക്കറ്റിംഗ് സംവിധാനത്തിന് ഉതകുന്ന ഉത്പ്പന്നങ്ങൾ ലഭിക്കാത്തതുകൊണ്ടാണ് ഈ സ്ഥിതി വിശേഷം കാണുന്നത്. ഈ അവസ്ഥാവിശേഷത്തിന് അടിയന്തിര പരിഹാരം കാണേണ്ടതാണ്.

### പ്രശ്നങ്ങൾ

- ⊙ മാർക്കറ്റിംഗ് സംവിധാനം പര്യാപ്തമല്ല.
- ⊙ അഷ്ടമുടിയിലെ വനിതാ കൺസ്യൂമർ സംഘം പ്രവർത്തനക്ഷമമല്ല
- ⊙ കാഞ്ഞിരംകുഴി വഴിവക്കിലെ ചന്ത പൊതുജനങ്ങൾക്ക് അസൗകര്യമാണ്. ഇത് ഗതാഗത തടസ്സവും റോഡപകടവും ഉണ്ടാക്കുന്നു.
- ⊙ കൺസ്യൂമർ സ്റ്റോറുകളുടെ അഭാവം.
- ⊙ കാഞ്ഞാവെളി മാർക്കറ്റിൽ യഥാസമയം ശുചീകരണ പ്രവർത്തനങ്ങൾ നടക്കുന്നില്ല.

### ഗ്രാമസഭാ നിർദ്ദേശങ്ങൾ

- ♦ എല്ലാ വാർഡിലും ഓരോ മാർക്കറ്റ് വീതം വേണം.
- ♦ അഷ്ടമുടിയിലെ വനിതാ കൺസ്യൂമർ സംഘം പ്രവർത്തന ക്ഷമമാക്കുക.
- ♦ കാഞ്ഞിരംകുഴിയിലെ മാർക്കറ്റ് സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുക.
- ♦ കാഞ്ഞാവെളി മാർക്കറ്റിൽ അത്യാവശ്യമായും ഒരു കോൾഡ് സ്റ്റോറേജ് സ്ഥാപിക്കണം.
- ♦ പത്താം വാർഡിലെ സാമ്പ്രാണിക്കോടിയിൽ മൂന്ന് കളനികൾ സ്ഥിതി ചെയ്യുന്നതിനാൽ അവിടെ കേന്ദ്രീകരിച്ച് ഒരു മാവേലി സ്റ്റോർ ആരംഭിക്കുക.
- ♦ മാർക്കറ്റുകളിലെ ശുചീകരണ പ്രവർത്തനങ്ങൾ അത്യാവശ്യവും കാര്യക്ഷമമാക്കുക.
- ♦ കാഞ്ഞാവെളിയിലെ മാവേലി സ്റ്റോറിൽ കൂടുതൽ സാധനങ്ങൾ എത്തിക്കുക.

# 5.7

# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

1995 -ലെ കണക്കനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ ആകെ 5209 വീടുകളാണുള്ളത്. ഇതിൽ 1014 എണ്ണം ടെറസ്സും, 2753 എണ്ണം ഓടുമേഞ്ഞതും, 1442 എണ്ണം ഓലമേഞ്ഞതുമാണ്. ഓലമേഞ്ഞ വീടുകൾ പലതും ചെറ്റപ്പുരകളോ,സീലിംഗ് പലക അടിച്ചവയോ ആണ്. ഇതിനു പുറമെ 550 വീടുകളുടെ നിർമ്മാണം പൂർത്തീകരണഘട്ടത്തിലാണ്. ഓലയുടെ ക്ഷാമവും വിലക്കയറ്റവും കൂലിക്കൂടുതലും നിമിത്തം വർഷംതോറും ഓലമേഞ്ഞ വീടുകൾ കെട്ടിമേയുക എന്നത് വളരെ പ്രയാസമേറിയതായിത്തീർന്നിട്ടുണ്ട്. പഞ്ചായത്തിൽ കോൺക്രീറ്റ് വീടുകളുടെ നിർമ്മാണം വർദ്ധിച്ചുവരുന്നു. സർക്കാരിന്റെ വിവിധ ഭവനനിർമ്മാണ പദ്ധതികൾ പ്രകാരം 1996 വരെ 260 -ൽ പ്പരം വീടുകൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്.



വിവിധ ഭവനനിർമ്മാണ പദ്ധതികൾ പ്രകാരം നിർമ്മിക്കപ്പെട്ട വീടുകൾ - പഞ്ചായത്തു തലത്തിൽ

പട്ടിക നമ്പർ - 1

| പഞ്ചായത്തു സമിതി 1990-96 വരെ നിർമ്മിച്ചു നൽകിയത് | പുനരധിവാസ ഭവനനിർമ്മാണ പദ്ധതി 1985-92 | | | | ആകെ |
|---|---|---|---|---|---|
| | ഒന്നാം ഘട്ടം | രണ്ടാം ഘട്ടം | മൂന്നാം ഘട്ടം | കൈരളി | |
| 28 | 140 | 24 | 60 | 8 | 260 |

### ഭവനരഹിതർ

നമ്മുടെ പഞ്ചായത്തിൽ ഭവനരഹിതരായ 480 പേരുണ്ട്. ഇവർ ഇപ്പോൾ മറ്റു കുടുംബങ്ങളോടൊപ്പമാണു കഴിയുന്നത്. സ്വന്തമായി വീടുവയ്ക്കാൻ സ്ഥലമില്ലാത്ത 350 പേരുണ്ട്. വടക്കേക്കര, നടുവിലച്ചേരി, തെക്കേച്ചേരി (VII) വാർഡ്, പ്രാക്കുളം (IX) വാർഡുകളിലാണ് ഭവനരഹിതർ കൂടുതലുള്ളത്. സ്വന്തമായി ഭൂമിയും വീടുമില്ലാത്തവരിൽ ഭൂരിപക്ഷവും പട്ടികജാതിക്കാരും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള തൊഴിലാളികളുമാണ്. സ്വന്തമായി വീടില്ലാത്തവർക്ക് വീടു നിർമ്മിച്ചു നൽകുന്നതിനോടൊപ്പം, നിലവിലുള്ള കുടിലുകൾക്കു പകരം സ്ഥിരം വീടുകൾ നിർമ്മിച്ചു നൽകേണ്ടതുണ്ട്. കുടിലുകളിൽ താമസിക്കുന്നവരിൽ ഏറെയും കയർ - മത്സ്യമേഖലകളിലെ തൊഴിലാളികളാണ്.

### ഭവനനിർമ്മാണത്തിന്റെ സ്വഭാവം

കോൺക്രീറ്റ് വീടുകൾ നിർമ്മിക്കുന്നതിലാണ് ഭൂരിപക്ഷം പേർക്കും താല്പര്യം. തടിയുടെ വിലക്കൂടുതൽ, ലഭ്യതക്കുറവ്, സുരക്ഷിതത്വക്കുറവ്, കൂലിക്കൂടുതൽ എന്നിവയാണ് സാധാരണക്കാരെപ്പോലും കോൺക്രീറ്റുവീടുകൾ നിർമ്മിക്കാൻ പ്രേരിപ്പിക്കുന്ന ഘടകങ്ങൾ. കെട്ടിട നിർമ്മാണത്തിനുവേണ്ടി ഭീമമായ തുകകൾ ചിലവഴിക്കുന്നുണ്ട്. ഗൾഫ് പണത്തിന്റെ സ്വാധീനമാണ് ഇതിനു പ്രധാന കാരണം. കെട്ടിനിർമ്മാണസാമഗ്രികൾ ഒന്നുംതന്നെ പ്രാദേശികമായി ലഭ്യമല്ലാത്തതുകൊണ്ടും നിർമ്മാണച്ചെലവ് വളരെ കൂടുതലുമാണ്. വിദഗ്ദ്ധരുടെയും ഹൗസിംഗ് സൊസൈറ്റികളുടെയും അഭാവം ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങളാണ്.

## പാടം നികത്തിയുള്ള കെട്ടിടനിർമ്മാണം.

പാടം നികത്തി കെട്ടിടം നിർമ്മിക്കുന്ന പ്രവണത പഞ്ചായത്തിൽ വർദ്ധിച്ചുവരികയാണ്. കരഭൂമിയുടെ കുറവും, ഭീമമായ വിലവർദ്ധനവും പാടം നികത്തി വീടുനിർമ്മിക്കുവാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നു. മുള യ്ക്കൽ ഏലാ, പാവൂർ ഏലാ എന്നിവ ഉദാഹരണങ്ങ ളാണ്. നെൽക്കൃഷി നഷ്ടമായതുകൊണ്ട് ഉടമസ്ഥർ പാടം വില്ക്കാൻ തയ്യാറാവുന്നു.

## കോളനികൾ

നമ്മുടെ പഞ്ചായത്തിൽ ആകെ 20 കോളനികളാ ണുള്ളത്. ഇതിൽ 5 എണ്ണം ലക്ഷംവീടുകോളനികളും, 7 എണ്ണം ജയന്തികോളനികളും, 7 എണ്ണം ഹരിജൻ കോളനികളും, 1 എണ്ണം സെറ്റിൽമെന്റ് കോളനി യുമാണ്. കോളനി സമ്പ്രദായം പല സാമൂഹ്യ - ആരോഗ്യപ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്. നിലവിലുള്ള കോളനികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ സംസ്ഥാനസർക്കാരിന്റെ സഹായത്തോടെയും, പഞ്ചായത്തു തലത്തിൽ പ്രത്യേകിച്ചും പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. കോളനി സമ്പ്രദായം പഞ്ചായത്തിൽ തുടർന്നും നടപ്പാക്കാതിരിക്കുന്നതാ ണ് അഭികാമ്യം.

## പുതിയ ഭവനനിർമ്മാണ പദ്ധതി

പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരിഹരിക്കു ന്നതിന് ബൃഹത്തായ ഒരു പദ്ധതിയ്ക്കു രൂപം നൽ കേണ്ടതുണ്ട്. "പത്തുവർഷം കൊണ്ട് എല്ലാവർക്കും ഭവനം" എന്ന പദ്ധതി നടപ്പിലാക്കണം. കുടിലുകൾ നിർമ്മാർജ്ജനം ചെയ്യുന്നതിനോടൊപ്പം സ്വന്തമായി വീടില്ലാത്ത ദുർബലജനവിഭാഗങ്ങൾക്ക് വീടുനിർമ്മി ച്ചുകൊടുക്കുന്നതായിരിക്കണം പദ്ധതിയുടെ ലക്ഷ്യം. നിലവിലുള്ള ഭവനനിർമ്മാണ പദ്ധതികൾ പ്രകാരം വായ്പകൾ ലഭിക്കുന്നതിനു പ്രയാസം നേരിടുന്നതു കൊണ്ടുള്ള ഒരു പദ്ധതി ആയിരിക്കണം നടപ്പിലാക്കു ന്നത്. പ്രതിമാസം ഒരു ചെറിയ തുക (150 രൂപ) തിരിച്ചടയ്ക്കാൻശേഷിയുള്ള ദുർബലജനവിഭാഗങ്ങൾ ക്കുവേണ്ടി ആയിരിക്കണം പദ്ധതി. ഈ പദ്ധതിയ്ക്ക് ജനകീയ ഭവനനിർമ്മാണ പദ്ധതി എന്നു നാമകരണം ചെയ്യാവുന്നതാണ്. പദ്ധതിപ്രകരം 25,000 രൂപ (20,000 രൂപ വായ്പയായും 5,000 രൂപ സബ്സിഡിയായും) നൽകാവുന്നതാണ്. വായ്പതുകയായ 20,000 രൂപ 6% പലിശനിരക്കിൽ പഞ്ചായത്തിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. 2 സെന്റിൽ കുറയാത്ത ഭൂമി യുള്ള ദുർബലവിഭാഗത്തിൽപ്പെട്ട ഏതൊരാളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. ആകെ വീടുകളുടെ 10% പട്ടിക ജാതി/പട്ടികവർഗ്ഗവിഭാഗ ങ്ങൾക്കായി മാറ്റി വയ്ക്കേണ്ടതാണ്.

സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമി വാങ്ങി വീടുനിർമ്മിച്ചു നൽകുന്ന ഒരു പദ്ധതിയ്ക്ക് സംസ്ഥാ ന സർക്കാരിന്റെ സഹായം തേടേണ്ടതാണ്.

## പ്രശ്നങ്ങൾ

- കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില വർദ്ധന വും ഭൂമിയുടെ ലഭ്യതക്കുറവും.
- വിദഗ്ദ്ധരായ നിർമ്മാണത്തൊഴിലാളികളുടെ ദൗർലഭ്യം.
- വായ്പകൾ ലഭിക്കാനുള്ള ബുദ്ധിമുട്ട്.
- കോളനികളിൽ പശ്ചാത്തലസൗകര്യങ്ങളുടെ കുറവും ആരോഗ്യപ്രശ്നങ്ങളും.
- കുറഞ്ഞ ചെലവിൽ വീടു നിർമ്മിച്ചു നൽകാനുള്ള വിദഗ്ദ്ധരുടെ അഭാവം.
- ഹൗസിംഗ് സൊസൈറ്റികളുടെ അഭാവം.

## നിർദ്ദേശങ്ങൾ

- ഹൗസിംഗ് സൊസൈറ്റി രൂപീകരിക്കണം.
- നിർമ്മിതി കേന്ദ്രത്തിന്റെ ഒരു ഓഫീസ് പഞ്ചായ ത്തുതലത്തിൽ തുടങ്ങണം.
- കുറഞ്ഞവിലയ്ക്ക് കെട്ടിടനിർമ്മാണ സാമഗ്രികൾ ലഭിക്കാനുള്ള സാഹചര്യം.
- തൊഴിലാളികളുടെ വൈദഗ്ധ്യം ഉയർത്താൻ പരി ശീലനസൗകര്യങ്ങൾ ഉണ്ടാകണം.
- കെട്ടിടനിർമ്മാണത്തിന് അമിതമായ തുക ചില വഴിക്കുന്നതിനെ നിരുത്സാഹപ്പെടുത്തുക.
- ദുർബലവിഭാഗങ്ങൾക്കുവേണ്ടി ഭവനനിർമ്മാണ പദ്ധതികൾ പഞ്ചായത്തു തലത്തിൽ നടപ്പാ ക്കണം..
- വർഷംകൊണ്ട് പഞ്ചായത്തിലെ മൊത്തം കുടിലു കളും നിർമ്മാർജ്ജനം ചെയ്യാനുള്ള പദ്ധതി തയ്യാ റാക്കണം.

# സാമൂഹ്യക്ഷേമം

പ്രകൃതിരമണീയമായ തൃക്കരുവാ പഞ്ചായത്തിന്റെ മൂന്നുഭാഗവും അഷ്ടമുടിക്കായലിനാൽ ചുറ്റപ്പെട്ടു കിടക്കുന്നു. ഏതാണ്ട് 18.33 ച. കി. മീറ്റർ വിസ്തൃതിയും 25891 ജനസംഖ്യയുമുണ്ട്. ഇതിൽ 13043 സ്ത്രീകളും 12848 പുരുഷന്മാരുമാണ്. കയർ, മത്സ്യം, കൃഷി എന്നീ മേഖലകളിലായി ജീവിതം തള്ളിനീക്കുന്നവരിൽ ബഹുഭൂരിപക്ഷവും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള അർദ്ധപട്ടിണിക്കാരാണ്.

ഈ ചുറ്റുപാടിൽ തൊഴിൽപരമായും, സാമ്പത്തികപരമായും പിന്നോക്കം നിൽക്കുന്ന ഈ ഗ്രാമത്തിന്റെ സർവതോമുഖമായ മാറ്റത്തിന് ആക്കംകൂട്ടുന്ന ഒരു സാമൂഹ്യപ്രക്രിയ ഈ ഒമ്പതാം പഞ്ചവത്സര പദ്ധതിയിലെങ്കിലും ഉണ്ടാകേണ്ടതാണ്. പ്രത്യേകിച്ചും 'ഒമ്പതാം പദ്ധതി ജനകീയ പദ്ധതി' ആകുമ്പോൾ.

ഏവർക്കും തൊഴിൽ, എല്ലാപേർക്കും ഭവനം ഈ ആവശ്യങ്ങൾ മുൻനിർത്തി സാമൂഹിക പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു.

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യനിർമ്മാർജ്ജനപദ്ധതിയും സംഘടിത – അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമപദ്ധതികളും നിലവിലുണ്ട്. ഈ ക്ഷേമപദ്ധതികൾ പൂർണ്ണമായും കേന്ദ്രസംസ്ഥാന ഗവൺമെന്റുകളുടെ ദാരിദ്ര്യനിർമ്മാർജ്ജനക്ഷേമനിധി അവാർഡുകൾവഴി നടപ്പാക്കുന്നവയുമാണ്. ഇതിനുപുറമെ പട്ടികജാതി വികസനത്തിനും ഉന്നമനത്തിനുമായി പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനും വനിതാവികസന കോർപ്പറേഷനും പ്രവർത്തിക്കുന്നു.

മേൽപ്പറഞ്ഞ പദ്ധതികളിൽ ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികൾ മുഖേനയുള്ള സഹായങ്ങൾ വലിയൊരളവിലില്ലങ്കിലും പഞ്ചായത്തിൽ ലഭ്യമാണ്. നാമമാത്രമായ മറ്റ് പദ്ധതികളും പഞ്ചായത്തിൽ ലഭിക്കുന്നുണ്ട്.

നിലവിലുള്ള പദ്ധതിയെപ്പറ്റി പറയുമ്പോൾ അതിന്റെ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ അർഹതപ്പെട്ടവർക്ക് കിട്ടാത്ത അവസ്ഥ, ഉദ്യോഗസ്ഥതലത്തിലുള്ള പോരായ്മ, ആവശ്യത്തിനും സമയത്തിനും കിട്ടാതിരിക്കുന്ന സ്ഥിതിവിശേഷം എന്നീ ന്യൂനതകളും അവശേഷിക്കുന്നു.

## പൊതുസ്ഥിതി

### പാർപ്പിട സൗകര്യം

ഈ പഞ്ചായത്തിൽ 95/96 വർഷത്തിലെ കണക്കനുസരിച്ച് ആകെ 5209 വീടുകൾ ഉണ്ട്. ടെറസ് 1014, ഓട് 2753, ഓല 1442 എന്നിങ്ങനെയാണ് വീടുകളുടെ തരംതിരിച്ചുള്ളകണക്ക്. ഇതിൽ ഓലമേഞ്ഞവ പലതും ചെറ്റപ്പുരകളോ സീലിംഗ് പലകകൊണ്ടുള്ളതോ ആകുന്നു. കൂടാതെ താർ ഷീറ്റ്, ആസ്ബസ്റ്റോസ് ഷീറ്റ് എന്നിവകൊണ്ട് മേഞ്ഞവയ 2% വരും.

ആകെയുള്ള വാസസ്ഥാനങ്ങളിൽ 27.68% കുടിലുകളാണ്. 150 വീടുകൾ പണിപൂർത്തീകരിച്ചു വരുന്നു. 400 വീടുകൾകൂടി അടിത്തറകെട്ടിക്കഴിഞ്ഞു.

ഗൾഫ് രാജ്യങ്ങളിൽ പോയിട്ടുള്ളവർ കൂടുതലായിട്ടുള്ള ഭാഗത്തും, സർക്കാർ ജോലിക്കാർ കൂടുതലുള്ളഭാഗത്തുമാണ് ടെറസ് കെട്ടിടങ്ങൾ അധികവും. ശേഖരിക്കപ്പെട്ട വിവരമനുസ്സരിച്ച് ഞാറയ്ക്കൽ, തെക്കേച്ചേരി VIIാം വാർഡ്, പ്രാക്കുളം IXാം വാർഡ് എന്നീ സ്ഥലങ്ങളിലാണ് കൂടുതൽ കെട്ടിടങ്ങൾ കാണപ്പെടുന്നത്.

ഓടിട്ട വീടുകൾ 45% വരും. ഓലമേഞ്ഞ വീടുകൾ താരതമ്യേന കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഒലക്ഷാമവും, വിലക്കയറ്റവും, ജോലിക്കൂലിയും കണക്കാക്കുമ്പോൾ വർഷംതോറും ഉണ്ടാകുന്ന സാമ്പത്തികഭാരം താങ്ങാവുന്നതിനും അപ്പുറമാണ്. ആയതിനാൽ ഓടിടുന്നതിലാണ് കൂടുതൽ പേർക്കും താല്പര്യം.

ഈ ഗ്രാമപഞ്ചായത്തിൽ ഭവനനിർമ്മാണസഹകരണസംഘമില്ല. വളരെ അത്യാവശ്യമായ ഒരു ഘടകമാണിത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് നമ്മുടേത്. നിർമ്മാണത്തിനാവശ്യമുള്ള സാമഗ്രികൾ, നിർമ്മാണ മേൽനോട്ടത്തിനാവശ്യമുള്ള സാധനസാമഗ്രികൾ, നിർമ്മാണമേൽനോട്ടം, തൊഴിലാളികൾ, സാമ്പത്തിക സഹായങ്ങൾ എന്നിവ സമയോചിതമായി ലഭ്യമാക്കാനും വിദേശത്തു ജോലിചെയ്യുന്നവരുടെ പ്ലാൻ അനുസ്സരിച്ച് സമയബന്ധിതമായി പണിപൂർത്തീകരിച്ചുകൊടുക്കാനും ഇത്തരം ഒരു സംഘത്തിലൂടെ കഴിയും. ഫലപ്രദമായി പ്രവർത്തിച്ചാൽ ഇത്തരമൊരു

സഹകരണസംഘത്തിന് വിദേശനിക്ഷേപങ്ങൾ ആകർഷകമായ പലിശനിരക്കിൽ സ്വരൂപിക്കാനും ആവശ്യക്കാർക്ക് പണം ലഭ്യമാക്കാനും സാധിക്കും. കൂടാതെ ധാരാളം തൊഴിലവസരങ്ങൾ സൃഷിടക്കുവാനും തൊഴിലാളികൾക്ക് ജോലി സ്ഥിരത ഉറപ്പാക്കാനും മിതമായ നിരക്കിൽ കെട്ടിട നിർമ്മാണ ഉപകരണങ്ങളും സാമഗ്രികളും നൽകാനും കഴിയും.

## കോളനികൾ

ഈ പഞ്ചായത്തിൽ ലക്ഷംവീട് കോളനികൾ 5 എണ്ണമുണ്ട്. ഇതിൽ എല്ലാ സമുദായത്തിൽപ്പെട്ടവരും താമസിക്കുന്നു. കൂടാത് 7 ജയന്തിക്കോളനികളും, 7 പട്ടികജാതി കോളനികളും ഒരു സെറ്റിൽമെന്റ് കോളനിയും ഉൾപ്പെടെ പഞ്ചായത്തിൽ 20 കോളനികൾ ഉണ്ട്. ഇതിലേറെയും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരാണ്. (5. II പട്ടിക 1 കാണുക)

## പ്രശ്നങ്ങൾ

കോളനികളിൽ വേണ്ടത്ര പ്രാഥമിക സൗകര്യങ്ങൾ ലഭ്യമല്ല. പകർച്ചവ്യാധികൾ, വിദ്യാഭ്യാസ നിലവാരമില്ലായ്മ, മദ്യത്തിനു അടിമപ്പെടൽ, സാംസ്കാരികമായ ഉന്നമനമില്ലായ്മ എന്നിങ്ങനെ വിവിധതരം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവരാണ് ഏറിയപങ്കും. ആയതിനാൽ ആവശ്യമായ പരിഷ്കരണം വളരെ അത്യാവശ്യമാണ്.

സ്റ്റേഡിയത്തിനു യോജിക്കാത്ത മണ്ണുച്ചിറയിൽ നീർച്ചാലുനിർമ്മിച്ച് മണ്ണിട്ടുനികത്തിയാൽ സർക്കാരിൽ നിന്നും വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഓഫീസ് സമുച്ചയം നിർമ്മിക്കാവുന്നതാണ്. പകരം അനുയോജ്യമായ സ്ഥലം കണ്ടെത്തി സ്റ്റേഡിയം നിർമ്മിക്കേണ്ടതാണ്.

കെട്ടിടനിർമ്മാണത്തിനു പറ്റിയ മേൽത്തരം ഓട്, ചുടുകട്ട എന്നിവ നിർമ്മിക്കുന്ന ഒരു ഫാക്ടറി അഷ്ടമുടിയിൽ പ്രവർത്തിക്കുന്നു. കൂടാതെ ഈ നാടിന്റെ പലഭാഗത്തുമുള്ള കടവുകളിൽ നിന്നും ആറ്റുമണൽ ലഭ്യമാണ്. കൂരനിർമ്മാണത്തിനാവശ്യമായ തോതിൽ തെങ്ങിൻതടികൾ ലഭ്യമാണ്. എന്നാൽ ആവശ്യാനുസരണം ചുടുകട്ട, മേച്ചിൽ ഓട്, മണൽ, മെറ്റിൽ, പാറ, കമ്പി, സിമന്റ് എന്നിവ മറ്റ് ഭാഗങ്ങളിൽ നിന്നും കൊണ്ട് വരേണ്ടതായിട്ടുണ്ട്.

ആയതിനാൽ ചുടുകട്ട, ഓട്, ഹോളോബ്രിക്സ് എന്നിവ നിർമ്മിക്കുന്ന ഫാക്ടറികൾ തുടങ്ങിയാൽ വിജയ സാദ്ധ്യത ഏറെയുണ്ട്. (പട്ടിക 2 കാണുക)

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം നടത്തുന്ന മേഖലയാണ് അങ്കണവാടി. ഈ പഞ്ചായത്തിൽ 10 വാർഡുകളിലായി 15 അങ്കണവാടികൾ, 3 ബാലവാടികൾ, 18 മഹിളാ സമാജങ്ങൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. 1000 സ്ത്രീകൾക്ക് ഒരു അങ്കണവാടിയെന്ന ഐ.സി.ഡി.എസിന്റെ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞ പഞ്ചായത്താണ് നമ്മുടേത്.

പുത്തൻ വിദ്യാഭ്യാസത്തിന്റെ കടന്നുകയറ്റം ഈ പഞ്ചായത്തിലും കാണപ്പെടുന്നു. നിലവിലുള്ള അങ്കണവാടികളിലെ പ്രാഥമിക സൗകര്യത്തിന്റെ അഭാവം ജീവിനക്കാരിൽ പ്രയാസവും കുട്ടികളിലും രക്ഷിതാക്കളിലും അസന്തുഷ്ടിയും ഉളവാക്കുന്നു.

സ്വന്തമായി കെട്ടിടമില്ലാത്തതും സ്ഥലമില്ലാത്തതും, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി നടത്താത്തതും കളിയുപകരണങ്ങൾ ഇല്ലാത്തതും വലിയ പ്രശ്നമായി അവശേഷിക്കുന്നു. വരുംതലമുറയെ വാർത്തെടുക്കുന്ന കളരിയായി നാം കാണുന്ന അങ്കണവാടികളിലെ ജീവനക്കാരുടെ സ്ഥിതിയും ദയനീയംതന്നെയാണ്. വർക്കർ, ഹെൽപ്പർ എന്നീ രണ്ടു തസ്തികകളാണ് നിലവിലുള്ളത്. ഇവർ രാവിലെ 9 മണിമുതൽ മൂന്നരമണി വരെ ജോലിചെയ്യുന്നുണ്ട്. കൂടാതെ ആരോഗ്യപരിപാലനപരിപാടികളുടെ ഭാഗമായി ഗൃഹസന്ദർശനം ഉൾപ്പെടെയുള്ള ജോലികൾ നടത്തേണ്ടതായിട്ടുണ്ട്. പ്രയാസം സഹിച്ചു നാടിന്റെ പുരോഗതിയ്ക്കായി പ്രവർത്തിക്കുന്ന ഇത്തരം ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ ശാസ്ത്രീയമായി പരിഷ്കരിക്കേണ്ട കാലം അതിക്രമിച്ചിരി ക്കുന്നു.

## വിവിധ പെൻഷനുകൾ

സാമൂഹ്യ ക്ഷേമ പദ്ധതിപ്രകാരം വിവിധ പെൻഷനുകൾ ഈ പഞ്ചായത്തിൽ നിരവധിപേർക്കു ലഭിക്കുന്നുണ്ട്. കയർത്തൊഴിലാളികൾ 407 പേർക്കും, അഗതികൾ 39 പേർക്കും വിധവകൾ 154 പേർക്കും, കർഷകത്തൊഴിലാളികൾ 67 പേർക്കും, വികലാംഗർ 15 പേർക്കും അവശകലാകാരന്മാർ 5 പേർക്കും, ക്ഷയരോഗികൾ 38 പേർക്കും ക്യാൻസർ രോഗികൾ 15 പേർക്കും ഒരു കുഷ്ഠരോഗിക്കും പെൻഷൻ ലഭിക്കുന്നുണ്ട്.

മേല്പറഞ്ഞ പെൻഷൻ ആനുകൂല്യങ്ങൾ പലപ്പോഴും കൃത്യമായി കിട്ടാറില്ല. മാസങ്ങളോളം കുടിശിക പല പെൻഷൻകാർക്കും കിട്ടാനുണ്ട്. ഇ

ആനുകൂല്യങ്ങളെ ആശ്രയിച്ചുകഴിയുന്ന പെൻഷൻകാർക്ക് ഇതൊരു വല്ലാത്ത ബുദ്ധിമുട്ടായിതീർന്നിട്ടുണ്ട്. പെൻഷനുകൾ അനുവദിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിലേക്കായി, അപേക്ഷകളോടൊപ്പം നല്കുന്ന സർട്ടിഫിക്കറ്റുകൾ ഉദ്യോഗസ്ഥർ നൽകുന്ന രീതി അവസാനിപ്പിച്ച് പഞ്ചായത്ത് പ്രസിഡന്റുമാർ നൽകേണ്ടതാണ്. പ്രസ്തുത പെൻഷൻ ആനുകൂല്യങ്ങൾ പഞ്ചായത്ത് വഴി കൃത്യമായി കൊടുക്കാനുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്. (പട്ടിക – 3 കാണുക. കൂടുതൽ വിവരങ്ങൾ അന്യത്ര)

## കയർ തൊഴിലാളി പെൻഷന്റെ അപര്യാപ്തത

1987 –ൽ 60 വയസ്സ് തികഞ്ഞവർക്ക് മാത്രമേ പെൻഷൻ അനുവദിച്ചിട്ടുള്ളൂ. അതിനുശേഷം കൊടുത്തിട്ടുള്ള അപേക്ഷകൾ പരിഗണിച്ചിട്ടില്ലായെന്നാണ് അറിയാൻ കഴിഞ്ഞത്. അർഹതയുള്ള ആയിരത്തിലധികം കയർതൊഴിലാളികൾ ഇനിയും സഹായം പ്രതീക്ഷിച്ചു കഴിയുന്നു. സാമ്പത്തികമായ ബുദ്ധിമുട്ടു കാരണമാണ് ഈ അവസ്ഥ എന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു.

## പെൻഷനുകൾ

### വിധവാപെൻഷൻ

പ്രായപൂർത്തിയായ ആൺകുട്ടികളുണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കില്ല. ഇതിൽമാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

### വികലാംഗപെൻഷൻ

വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റിന് ബുദ്ധിമുട്ടുണ്ട്. ജില്ലാ ആശുപത്രിയാണ് സർട്ടിഫിക്കറ്റ് നൽകേണ്ടത്. വികലാംഗരെ സംബന്ധിച്ചിടത്തോളം യാത്ര ദുരിതമാണ്. ആയതിനാൽ വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം ഹെൽത്ത് സെന്ററിലെ പ്രധാന മെഡിക്കലോഫീസർക്ക് നൽകണം. ഈ പഞ്ചായത്തിൽ 320 ഓളം വികലാംഗർ ഉണ്ടെങ്കിലും 75 പേർക്കാണ് പെൻഷൻ ലഭിക്കുന്നത്. യോഗ്യതയുള്ള മറ്റുള്ളവർക്കും പെൻഷൻ ലഭിക്കാനുള്ള നടപടിയുണ്ടാകേണ്ടതാണ്.

### കർഷകത്തൊഴിലാളി പെൻഷൻ

അനർഹരായ ധാരാളം പേർക്ക് ലഭിക്കുന്നുണ്ട്. അർഹരായ മുഴുവൻ പേർക്കും പെൻഷൻ ലഭിക്കുന്നില്ല. അർഹരായവരെ തെരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിനു നൽകണം. അർഹരായവരെ തിരഞ്ഞെടുത്ത് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തണം.

## തൊഴിലില്ലായ്മാ വേതനം

ഈ പഞ്ചായത്തിൽ അനർഹമായി തൊഴിലില്ലായ്മാ വേതനം കൈപ്പറ്റുന്നവരുടെ കണക്ക് വളരെ കൂടുതലാണ്. നമ്മുടെ പഞ്ചായത്തിൽ 488 പേർക്ക് തൊഴിലില്ലാവേതനം ലഭിക്കുന്നുണ്ട്. ഇതിൽ അനർഹമായി കിട്ടിക്കൊണ്ടിരിക്കുന്ന തൊഴിലില്ലായ്മാവേതനം പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

## ബ്ലോക്ക് ഡവലപ്മെൻറാഫീസ്

സാമൂഹ്യക്ഷേമരംഗത്ത് കാര്യമായി പ്രവർത്തിച്ചുകൊണ്ട് പഞ്ചായത്ത് സഹായം ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത് ബ്ലോക്ക് ഡവലപ്മെന്റാഫീസാണ്. ഇത് അഞ്ചാലുംമൂട്ടിലാണ് സ്ഥിതിചെയ്യുന്നത്. ഈ ബ്ലോക്കിന്റെ കീഴിൽ തൃക്കരുവാ, തൃക്കടവൂർ, കിളികൊല്ലൂർ, ശക്തികുളങ്ങര പഞ്ചായത്തുകളാണുള്ളത്.

## വനിതാവികസന കോർപ്പറേഷൻ

വനിതാവികസന കോർപ്പറേഷന്റെ ആസ്ഥാനം തിരുവനന്തപുരത്താണ്. പഞ്ചായത്തിലെ സാധാരണ സ്ത്രീകൾക്ക് ഈ വഴിയുള്ള ആനുകൂല്യങ്ങൾ ലഭിക്കാറില്ല. സത്യത്തിൽ പൊതുരംഗത്ത് പ്രവർത്തിക്കുന്ന പല സ്ത്രീകൾക്കും ഇതിനെക്കുറിച്ച് അറിയില്ല എന്നതാണ് സത്യം. വനിതകൾക്ക് അന്യമാണ് ഈ കോർപ്പറേഷൻ.

## ട്രൈസം

18 മുതൽ 35 വയസ്സുവരെയുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം. ഇത് മുഖേന പരിശീലനം ലഭിച്ച 20 പേർ ഈ പഞ്ചായത്തിലുണ്ട്. ഇതിൽ സ്വയംതൊഴിൽ കണ്ടെത്തിയവർ 4 ഉം ഇതര തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ 12 ഉം ശേഷിക്കുന്നവർ 4 പേരുമാണ്. (പട്ടിക കാണുക)

### DWCRA പദ്ധതി

സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിനു വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA. പട്ടിക കാണുക.

ഈ പദ്ധതി പ്രകാരം (94 – 95) കയർ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. 15 അംഗങ്ങൾ ഇതിലുണ്ട്. പ്രവർത്തനം സുഗമമായി നടക്കുന്നതായിട്ടാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. (വി. ഇ. ഒ. യുടെ റിപ്പോർട്ട്).

## RAP പരിപാടി

ഗ്രാമീണ കൈത്തൊഴിലാളികൾക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന ഒരു പരിപാടിയാണിത്. IRDP സർവ്വെ പ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള വരുടെ എണ്ണം 1838 ഉം സഹായം ലഭിച്ചവരുടെ എണ്ണം 205 ഉം. ഇനി സഹായത്തിനർഹതയുള്ള വരുടെ എണ്ണം 1633 ഉം ആണ്.

## വിലയിരുത്തൽ

അർഹമായ മുഴുവൻപേർക്കും ആനുകൂല്യം കിട്ടുന്നില്ലെന്നും അനർഹരായ കുറെ പേർ ആനുകൂല്യം കൈപ്പറ്റുന്നതായും ഈ ക്ഷേമപദ്ധതിയെ സംബന്ധി ച്ച് വിലയിരുത്തുമ്പോൾ ബോധ്യപ്പെടുന്നു.

നിത്യവൃത്തിയ്ക്കു ബുദ്ധിമുട്ടുന്ന അവശർക്ക് നൽകുന്ന ഈ പദ്ധതികൾ കൃത്യമായി കിട്ടുന്നില്ലെന്നു ള്ളത് വലിയ പ്രശ്നം തന്നെയായി അവശേഷിക്കുന്നു. വളരെ മുമ്പ് അപേക്ഷകൊടുത്തതും പാസായിട്ടുള്ള തുമായ ധനസഹായങ്ങൾ പലതും വിതരണം നടത്തി യിട്ടില്ലായെന്നതാണ് യാഥാർത്ഥ്യം. 10 ഗ്രാമസഭക ളിലും ഉയർന്നുവന്ന ആവലാതിയും പരാതിയുമാണ് ഇവിടെ എടുത്തുകാണിച്ചിട്ടുള്ളത്. ഫണ്ടിന്റെ അപര്യാപ്തതയാണിതിനുകാരണം എന്നാണ് അധി കാരികളുടെ ഭാഷ്യം. ഈ പദ്ധതികളുടെ ചുമതല ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടതും എത്രയും പെട്ടെന്ന് പരിഹാരമാർഗ്ഗം ഉണ്ടാകേണ്ട തുമാണ്.

## പാടം നികത്തി കെട്ടിടം പണിയുന്ന പ്രവണത

കരഭൂമിയേക്കാൾ സാമ്പത്തിക ഞെരുക്കം അനു ഭവിക്കുന്നവർ പാടം വാങ്ങി നികത്തി വീട്വയ്ക്കാറുണ്ട്. ഈ പ്രവണത മുളയ്ക്കൽ ഏലാ, പാവുർ ഏലാ ഭാഗങ്ങളിൽ കൂടുതലായി കാണുന്നു. വീട് വയ്ക്കാൻ സ്വന്തമായി ഭൂമി ഇല്ലാത്തവർ ധാരാളമുള്ള ഒരു പഞ്ചായത്താണിത്. ഭൂമിയുടെ ഉപഭോഗം കൂടുത ലായതിനാൽ ക്രമാതീതമായി വിലകൂടിക്കൊണ്ടിരി ക്കുന്നു. ആകയാൽ പാടം നികത്തൽ ലാഭകരമായ വ്യവസായമായി മാറിക്കൊണ്ടിരിക്കുന്നു. ഈ പ്രവ ണത നിരുത്സാഹപ്പെടുത്തുന്നതിനാവശ്യമായ കർമ്മ പരിപാടികൾ ആവിഷ്കരിക്കേണ്ടതാണ്. അല്ലെങ്കിൽ അനതിവിദൂര ഭാവിയിൽ ഈ പഞ്ചായത്തിൽ പാട ശേഖരങ്ങൾ ഇല്ലാതാകുകയും പരിസ്ഥിതി പ്രശ്നങ്ങൾ ഉളവാകുകയും ചെയ്യും.

## പാർപ്പിടമില്ലാത്തവർ

സ്വന്തമായി വീടില്ലാത്തവർ 480 പേർ കുടുംബ ങ്ങളായി മറ്റ് കുടുംബങ്ങളോടൊത്തും വാടകവീട്ടിലു മായി കഴിയുന്നു. സ്വന്തമായി സ്ഥലമില്ലാത്തവർ 350 പേരുണ്ട്. ഇതിൽക്കൂടുതൽ പേരും ബന്ധപ്പെട്ട മറ്റ് അംഗങ്ങളോടൊത്തുകഴിയുന്നു.

തെക്കേച്ചേരി ഏഴാം വാർഡിലും പ്രാക്കുളം ഒമ്പതാം വാർഡിലും, നടുവിലച്ചേരി, വടക്കേക്കര എന്നിഭാഗങ്ങളിലുമായി ധാരാളം പേർ ഭവനരഹിത രായും, ഭൂരഹിതരായും ഉണ്ട്. ഈ വിഭാഗത്തിൽ പെട്ട വർക്ക് നിർമ്മിതി മോഡൽ വീടുകൾ നിർമ്മിച്ചുകൊടു ക്കുകയും ചെറ്റപ്പുരകളിൽ താമസിക്കുന്നവർക്ക് ഓട് മേഞ്ഞ വീടുകൾ വച്ചുകൊടുക്കുകയും ചെയ്യേണ്ടിയി രിക്കുന്നു.

വീടില്ലാത്തവർ മിക്കവരും ഹരിജൻ ദാരിദ്ര്യരേഖ യ്ക്ക് താഴെയുള്ള തൊഴിലാളിവർഗ്ഗത്തിൽപെട്ടവർ, തൊഴിലന്വേഷകരായെത്തിയിട്ടുള്ള തമിഴ്നാട്ടുകാർ തുടങ്ങിയവരാണ്. ഇതിൽ അന്യനാട്ടുകാർ കൂടുതലും വാടകവീടുകളിൽ താമസിക്കുന്നു.

കയർ മേഖലയിൽ പണിയെടുക്കുന്നവരും, മത്സ്യ ബന്ധന വിപണന മേഖലയിൽ പെട്ടവരും കൂടുതലായും കുടിലുകളിലാണ് താമസിക്കുന്നത്.

## നിർമ്മാണത്തൊഴിലാളികൾ

സമർത്ഥരായ പല തൊഴിലാളികളും ഗൾഫ് നാടുകളിലാണ് പണിയെടുക്കുന്നത്. എങ്കിലും കെട്ടിട നിർമ്മാണത്തൊഴിൽ, പ്ലംബിംഗ്, മൊസൈക്ക്, വയറിം ഗ് എന്നിമേഖലകളിൽ ധാരാളം യുവാക്കൾ രംഗത്തേ യ്ക്കു വരുന്ന പ്രവണതയുണ്ട്. ഇത് ഒരുപക്ഷേ കൂലിയിലുള്ള വർദ്ധനകൊണ്ടായിരിക്കാം. എന്നിരു ന്നാലും അഭ്യസ്തവിദ്യരുടെ ഇടയിലുള്ള ഈ മാറ്റം പ്രതീക്ഷാനിർഭരമാണ്.

നിർമ്മാണത്തൊഴിലാളികളായ കൽമേശിരിക്ക് 125 രൂപയും മൈക്കാടിന് 100 രൂപയും, കാർപെന്റർ ക്ക് 125 രൂപായും ലഭിക്കുന്നുണ്ട്. വയറിംഗ്, പ്ലംബിംഗ്, മൊസൈക്ക് എന്നീ വിഭാഗങ്ങളിലും ആകർഷകമായ വേതനം ലഭിക്കുന്നു.

## വൃദ്ധമന്ദിരം

ഈ പഞ്ചായത്തിൽ വൃദ്ധമന്ദിരം ഇല്ല. ഇത് വളരെ അത്യാവശ്യമാണ്. പല കുടുംബങ്ങളിലും കഷ്ടതയനുഭവിക്കുന്ന വൃദ്ധമാതാപിതാക്കളുടെ സംരക്ഷണമേറ്റെടുത്തുകൊണ്ട് അവരെ വൃദ്ധമന്ദിരങ്ങളിൽ പാർപ്പിക്കേണ്ടതാണ്.

## മാവേലിസ്റ്റോർ

ഈ പഞ്ചായത്തിൽ ഒരു മാവേലിസ്റ്റോർ മാത്രമാണ് പ്രവർത്തിക്കുന്നത്. ഇതിന്റെ പ്രവർത്തനം അത്രകണ്ട് കാര്യക്ഷമമല്ല. സിവിൽ സ്പ്ലൈസ് കോർപ്പറേഷൻ വഴി നൽകുന്ന സാധനങ്ങളാണ് ഇവിടെ വിതരണം ചെയ്യുന്നത്. നിത്യോപയോഗ സാധനങ്ങൾ റേഷൻ കാർഡിന്റെ അടിസ്ഥാനത്തിലാണ് വിതരണം നട ത്തുന്നത്. മിതമായ വിലയ്ക്കാണെങ്കിലും വളരെ പരിമിതമായ തോതിലുള്ള വിതരണമേ നടക്കുന്നുള്ളു. ഇത് തികച്ചും അപര്യാപ്തമാണ്. പലപ്പോഴും മുളക് മല്ലി മുതലായ നിത്യോപയോഗസാധനങ്ങൾ ലഭ്യമാകാറില്ല.

അനുദിനം നിത്യോപയോഗ സാധനങ്ങളുടെ ക്രമാതീതമായ വിലവർദ്ധനവ് അനുഭവപ്പെടുന്ന സാഹചര്യത്തിൽ ഇത്തരം സ്റ്റോറുകളിലൂടെ ആവശ്യാനുസരണം അത്യാവശ്യസാധനങ്ങൾ യാതൊരു മാനദണ്ഡവുമില്ലാതെ വിതരണം നടത്തേണ്ടതാണ്. ഈ പഞ്ചായത്തിലെ 10 വാർഡുകളിലും മാവേലി സ്റ്റോറുകൾ വ്യാപിപ്പിക്കേണ്ടതാണ്.

## റേഷൻ കടകൾ (പൊതുവിതരണകേന്ദ്രം)

ഈ പഞ്ചായത്തിൽ 10 റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ട്. റേഷൻഷോപ്പ് പൊതുവിതരണ കേന്ദ്രങ്ങൾ ആയതോടെ പരാതികൾ ഏറെയുണ്ട്. 1966 –ലെ റേഷനിംഗ് ആക്ട് പ്രകാരമുള്ള റേഷൻ ഷോപ്പ് എന്നാക്കിമാറ്റുന്നതാണ് ഉചിതമെന്നു തോന്നുന്നു. ഇതിന്റെ അധികാരം പൂർണ്ണമായി പഞ്ചായത്ത് ഏറ്റെടുത്താൽ ഈ മേഖലയിലെ പരാതി പരിഹരിക്കാൻ കഴിയും. റേഷൻ കാർഡുടമകളുടെ ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച് പരിഹാരം കാണാൻ ഏർപ്പാടാക്കണം.

## റേഷൻ കടയുടമകളുടെ പ്രശ്നങ്ങൾ

കടയുടമകളുമായി സംസാരിച്ചപ്പോൾ താഴെപറയുന്ന പ്രശ്നങ്ങൾ അവർ അവതരിപ്പിച്ചു.

വിതരണകേന്ദ്രങ്ങളിൽ നിന്നും റേഷൻ സാധനങ്ങൾ ഷോപ്പിൽ എത്തുമ്പോൾ കുറവ് അനുഭവപ്പെടുന്നു. പ്രത്യേകിച്ച് ഒരു ബാരൽ എണ്ണയിൽത്തന്നെ 10 ലിറ്ററിന്റെ കുറവ്.

വിതരണകേന്ദ്രത്തിലെ തൊഴിലാളിക്കൂലി സഹിക്കാവുന്നതരത്തിലുള്ളതല്ല

ട്രാൻസ്പോർട്ടിംഗ് ചാർജ്ജ് വർദ്ധനവ്

ലാഭവിഹിതം പര്യാപ്തമല്ല

നേരുത്തെ അഞ്ചാലുംമൂട്ടിൽ ഉണ്ടായിരുന്ന മണ്ണെണ്ണവിതരണകേന്ദ്രം പുനഃസ്ഥാപിക്കാൻ വേണ്ട നടപടി സ്വീകരിക്കണം

മൈദ, റവ മുതലായ റേഷൻ സാധനങ്ങൾ എല്ലാ റേഷൻ ഉടമകൾക്കും ലഭ്യമായരീതിയിൽ വിതരണത്തിനെത്തുന്നില്ല. ഇത് കാർഡുടമകളിൽ പരാതികൾ ഉണ്ടാക്കുന്നു.

മേല്പറഞ്ഞ പ്രശ്നങ്ങൾ പരിഹരിച്ചാൽ മാത്രമെ റേഷൻ വിതരണം കാര്യക്ഷമമാക്കാൻ സാധിക്കൂ.

## ബാങ്കിംഗ് രംഗം

ഈ പഞ്ചായത്തിൽ ഒരു ദേശസാത്കൃത ബാങ്കും, ഒരു സർവ്വീസ് സഹകരണബാങ്കും ഒരു നാളികേര സംസ്കരണ വിപണനകേന്ദ്രവും പ്രവർത്തിക്കുന്നു.

ദേശസൽകൃത ബാങ്കിൽ നിന്നും സ്കീമുകൾ അനുസരിച്ച് വായ്പ ലഭ്യമാക്കുന്നതിൽ തീർത്തും ഉദാസീനമായ ഒരു നയമാണ് കൈക്കൊണ്ട്വരുന്നത്. ഗുണഭോക്താക്കാൾക്ക് പ്രയോജനമുണ്ടാക്കുന്ന തരത്തിലുള്ള പ്രവർത്തനമുണ്ടാക്കാൻ അധികാരികൾ ബാങ്കിനെ പ്രേരിപ്പിക്കേണ്ടതാണ്.

സഹകരണബാങ്കുകൾക്ക് ഈ മേഖലയിൽ ഗുണഭോക്താക്കളെ പരമാവധി സഹായിക്കാൻ ജില്ലാ – സംസ്ഥാന സഹകരണബാങ്കുകൾ വഴി സർക്കാർ നടപടി സ്വീകരിക്കണം. ഗുണഭോക്താക്കളെ കണ്ടെത്താൻ വർഷംതോറും സർവെ നടത്തണം.

## പ്രശ്നങ്ങൾ

- ഒരു ഭവനനിർമ്മാണ സഹകരണസംഘം ഈ പഞ്ചായത്തിൽ ഇല്ല

- ലക്ഷംവീടുകളിലും, ജയന്തിക്കോളനികളിലും സെറ്റിൽമെന്റ് കോളനികളിലും പ്രാഥമികാവശ്യങ്ങൾ നിറവേറ്റാനുള്ള സൗകര്യം, വൈദ്യുതി, വെള്ളം എന്നി വയുടെ സൗകര്യവും പൂർണ്ണമല്ല.
- പ്രസ്തുത കോളനികളിൽ സാംസ്കാരിക ജീർണ്ണത
- കോളനികളിൽ പ്രാഥമികാരോഗ്യപ്രവർത്തനത്തിന്റെ കുറവ്
- കെട്ടിട നിർമ്മാണ സാമഗ്രികൾ ഉല്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾ ആവശ്യത്തിനില്ല
- അങ്കണവാടികളുടെ അസൗകര്യങ്ങൾ കെട്ടിടങ്ങളുടെ സ്ഥിതി മെച്ചപ്പെട്ടതല്ല
- കുട്ടികളെ ആകർഷിക്കുന്ന തരത്തിലുള്ള പഠനോപകരണങ്ങൾ, വിനോദത്തിനുപറ്റിയ സാഹചര്യമില്ലായ്മ
- ജീവനക്കാരിലുള്ള അസന്തുഷ്ടി
- പെൻഷൻ പദ്ധതിമൂലം ലഭിക്കുന്ന സഹായധനങ്ങൾ സമയത്തിനു ലഭ്യമാകുന്നില്ല
- അനർഹരായ ആൾക്കാർ, പെൻഷൻ ആനുകൂല്യങ്ങൾ, തൊഴിലില്ലായ്മാവേതന എന്നിവ കൈപ്പറ്റുന്നു.
- തൊഴിൽ രംഗത്തുള്ള തൊഴിലാളികളെ മുഴുവനും ക്ഷേമനിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല.
- ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനമില്ലായ്മ
- പാടം നികത്തി കെട്ടിടനിർമ്മാണം
- ക്രമാതീതമായിട്ടുള്ള വിലവർദ്ധനവ്, പ്രത്യേകിച്ചും നിത്യോപയോഗസാധനങ്ങളുടെ.
- മാവേലിസ്റ്റോർ മുഖാന്തിരം വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങളുടെ പരിമിതമായ വിതരണം
- റേഷൻകടകളിൽ ആവശ്യത്തിനു ഗോതമ്പ്, മൈദ, റവ എന്നിവ ലഭ്യമല്ല
- അഭ്യസ്തവിദ്യരുടെ ഇടയിലെ ആശങ്ക
- നിലവിലുള്ള വിദ്യാഭ്യാസരീതിയുടെ വികലത
- ഉപഭോഗ സംസ്കാരം വളരുന്നു
- അനുകരണഭ്രമം വർദ്ധിക്കുന്നു
- സാമൂഹിക പ്രതിബദ്ധത കുറഞ്ഞുവരുന്നു.

## നിർദ്ദേശങ്ങൾ

- ഒരു ഭവനിർമ്മാണ സഹകരണസംഘം പഞ്ചായത്തിൽ സ്ഥാപിക്കുക
- വീടും സ്ഥലവും ഇല്ലാത്തവർക്ക് അത് ലഭ്യമാക്കുക
- കോളനികളുടെ സ്ഥിതി മെച്ചപ്പെടുത്തുക – വെള്ളം വെളിച്ചം, ആരോഗ്യപരിപാലനരീതി മുതലായവ
- സാംസ്കാരിക അവബോധം അവരിൽ ഉണ്ടാക്കാനുള്ള നടപടി സ്വീകരിക്കുക
- കെട്ടിട നിർമ്മാണസാമഗ്രികൾ നിർമ്മിക്കുന്ന ഒരു ഫാക്ടറി സ്ഥാപിക്കുക
- അങ്കണവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. ജീവനക്കാരുടെ സേവന – വേതനം ശാസ്ത്രീയമായി പരിഷ്കരിക്കുക. തുല്യജോലിക്കു തുല്യവേതനമെന്നാക്കുക. മിനിമം യോഗ്യത പ്രീപ്രൈമറി ടീച്ചേഴ്സ് ട്രെനിംഗ് ആയി നിശ്ചയിക്കുക. സീനിയോറിറ്റി അനുസരിച്ച് അങ്കണവാടി അധ്യാപികമാരെ സൂപ്പർവൈസർമാരായി പ്രമോട്ട് ചെയ്യുക.
- അങ്കണവാടിവഴി വിതരണം ചെയ്യുന്ന മരുന്ന് തുടങ്ങിയ സാധനങ്ങളുടെ ലിസ്റ്റിന്റെ പകർപ്പ് പഞ്ചായത്ത് പ്രസിഡന്റിനെ ഏല്പിക്കുക. അങ്കണവാടികളുടെ മാസാന്ത്യറിപ്പോർട്ട് പഞ്ചായത്ത് പ്രസിഡന്റിനു നൽകി അംഗീകാരം വാങ്ങേണ്ടതാണ്. അങ്കണവാടി വർക്കർ എന്നുള്ള പേരുമാറ്റി അങ്കണവാടി ടീച്ചർ എന്നാക്കുക. അങ്കണവാടി കെട്ടിടങ്ങളുടെ ഇപ്പോഴുള്ള ശോചനീയാവസ്ഥ മാറ്റി, വൈദ്യുതീകരിച്ചിട്ടില്ലാത്ത അങ്കണവാടികൾ വൈദ്യുതീകരിക്കുക
- കുട്ടികളുടെ പഠനത്തിനും, വിനോദത്തിനും ആവശ്യമായ പഠനോപകരണങ്ങളും കളിക്കോപ്പുകളും എല്ലാ അങ്കണവാടികളിലും ലഭ്യമാക്കുക.
- ആരോഗ്യവകുപ്പിലെ ബന്ധപ്പെട്ട ജീവനക്കാരുടെ സേവനം കുട്ടികൾക്ക് ഉറപ്പുവരുത്തുക. ആഹാരം ആവശ്യമുള്ള അളവിലും ഗുണനിലവാരത്തിലും കുട്ടികൾക്കു വിതരണം ചെയ്യുക.
- അവശത അനുഭവിക്കുന്ന വിഭാഗക്കാർക്കു കിട്ടുന്ന സാമ്പത്തിക സഹായം യഥാസമയം വിഴ്ച വരുത്താതെ വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമം സ്വീകരിക്കുക

- വികലാംഗത്വം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് കൊടുക്കാനുള്ള അധികാരം ഹെൽത്ത് സെന്ററിലെ പ്രധാന ഡോക്ടർക്കു നൽകുക
- അർഹരായ പലർക്കും ഇപ്പോഴും വിവിധ പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമല്ല. അത് ലഭ്യമാക്കാൻ വേണ്ട അടിയന്തിര നടപടി സ്വീകരിക്കുക
- ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നിലവിലുള്ള നിയമങ്ങൾ ഉദാരമാക്കുക
- സാമ്പത്തിക സഹായം ലഭിക്കുന്നതിന് ഓരോ ഇനത്തിലുംപെട്ടവരെ കണ്ടെത്തുന്നതിനു വാർഡുകൾതോറുമുള്ള വീടുകളിൽ നേരിട്ട് സർവ്വേ നടത്തിയാൽ അവശത അനുഭവിക്കുന്ന അർഹതയുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കാൻ കഴിയും. കൂടാതെ പഞ്ചായത്ത് തലത്തിൽ ഇക്കൂട്ടരുടെ ഒരു രജിസ്ട്രേഷൻ വിംങ് പ്രവർത്തിച്ചാൽ ആവശ്യക്കാർ പേര് രജിസ്റ്റർ ചെയ്യുകയും മുനഗണനാക്രമത്തിൽ പെൻഷൻ അനുവദിക്കാനും കഴിയും. അന്തിമ തീരുമാനം ഇക്കാര്യത്തിലെടുക്കേണ്ടത് വാർഡ് മെംബർമാരായിരിക്കണം.
- ഫാമിലി പ്ലാനിംഗ് സ്വീകരിച്ച അവശത അനുഭവിക്കുന്ന സ്ത്രീകളെയും, പുരുഷന്മാരെയും സാമ്പത്തികസഹായം ലഭിക്കേണ്ട പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണ്.
- വാർദ്ധക്യകാല പെൻഷൻ പദ്ധതി മാത്രമേ ജില്ലാ പഞ്ചായത്തിന് ഇതുവരെ കൈമാറിയിട്ടുള്ളു. പ്രസ്തുത പെൻഷൻ വിതരണത്തിൽപോലും കൃത്യത കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.
- വൃദ്ധമന്ദിരം സ്ഥാപിക്കേണ്ടതാണ്.
- വിവാഹപ്രായം കഴിഞ്ഞു നിൽക്കുന്ന പെൺമക്കളുടെ വിവാഹം നടത്തിക്കാൻ കഴിയാതെ സാമ്പത്തികമായി ബുദ്ധിമുട്ടുന്ന ദുർബലവിഭാഗക്കാരായ മാതാപിതാക്കളെ സഹായിക്കാൻ സന്നദ്ധ സംഘടനകളുടെയും, ബഹുജനസംഘടനകളുടെയും സഹായത്തോടെ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ സമൂഹവിവാഹപരിപാടി ആസൂത്രണം ചെയ്യേണ്ടതാണ്. ഇതിലേക്ക് അർഹതയുള്ള യുവതികളെയും, സന്മനസുള്ള യുവാക്കളുടെയും രജിസ്ട്രേഷൻ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കേണ്ടതാണ്. സന്നദ്ധ സംഘടനകളും ബഹുജന സംഘടനകളും മറ്റ് സാമൂഹ്യ പരിഷ്കർത്താക്കളും അടങ്ങുന്ന ഒരു കമ്മിറ്റി ഇതിനായി രൂപീകരിക്കേണ്ടതാണ്.
- വിദ്യാഭ്യാസ നിലവാരമനുസ്സരിച്ച് തൊഴിൽ ലഭിക്കാൻ അർഹതയുള്ളവരെ പിൻതള്ളി കടന്നുകൂടുന്ന അനർഹരെ ഒഴിവാക്കുന്നതിനു ആവശ്യമായ നടപടികൾ ജനകീയാസൂത്രണ പദ്ധതിപ്രകാരം നടപ്പാക്കുക
- സാമൂഹ്യവിപത്തുകൾ സൃഷ്ടിക്കാൻ സാദ്ധ്യതയുള്ള സാമൂഹ്യവിരുദ്ധരുടെ പട്ടിക വാർഡുതലത്തിൽ തയ്യാറാക്കി സൂക്ഷിക്കുകയും താക്കീതെന്ന നിലയിൽ ബോധവൽക്കരണം നടത്തുകയും ചെയ്യുക.
- ഭൂരഹിതർക്ക് അന്ത്യവിശ്രമംകൊള്ളാൻ ഒരു പൊതുശ്മശാനം സ്ഥാപിക്കുക
- പൊതുപരിപാടികളും വിവാഹങ്ങളും നടത്താൻ പറ്റിയ കമ്മ്യൂണിറ്റി ഹാൾ പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് സ്ഥാപിക്കുക.
- ഒരു പരാതി സെൽ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ സ്ഥാപിക്കുക
- സ്റ്റേഡിയത്തിന് യോഗ്യമല്ലാത്ത മണ്ണൂച്ചിറ വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്കു വേണ്ടി കെട്ടിടങ്ങൾ നിർമ്മിക്കുകയും, ബാക്കിയുള്ള സ്ഥലത്ത് ഗവ. മേഖലയിൽ ഒരു ഐ. റ്റി. ഐ. സ്ഥാപിക്കേണ്ടതുമാണ്. പകരം ചിറക്കരോടുചിറയിൽ സ്റ്റേഡിയം സ്ഥാപിക്കുക.
- മാനസാന്തരം വന്ന കുറ്റവാളികളെ സമൂഹത്തിന്റെ പൊതുധാരയിലേക്ക് കൊണ്ടുവരാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുക. ലീഗൽ മെട്രോളജിയുടെ പ്രവർത്തനം കർശനമാക്കുക
- കുട്ടികളെക്കൊണ്ട് പണിചെയ്യിപ്പിക്കുന്നതുൾപ്പെടെയുള്ള എല്ലാ ശിശുപീഡനങ്ങളും തടയുക
- ചിൽഡ്രൻ ഇൻനീഡ് ഓഫ് കെയർ ആന്റ് പ്രൊട്ടക്ഷൻ സ്ക്കീം അനുസരിച്ച് ഒരു ശിശുസംരക്ഷണാലയം സ്ഥാപിക്കുക.
- ശിശുക്കളുടെ ജന്മനായുള്ള വൈകല്യങ്ങൾ മുൻകൂട്ടി കണ്ടെത്തുകയും അവരെ വേണ്ടവിധം പരിചരിക്കുന്നതിനു കുടുംബാംഗങ്ങളെ പ്രാപ്തരാ

ക്കുന്നതിനു യോജിച്ച പരിശീലനം നൽകുന്ന ഒരു കമ്മ്യൂണിറ്റി ബേയ്സ്ഡ് റിഹാബിലിറ്റേഷൻ (സി. ബി. ആർ.) എന്ന പദ്ധതി ഐ. സി. ഡി. എസ്. വഴി നടപ്പാക്കുക.

- സ്ത്രീധന നിരോധനത്തിന്റെ പ്രസക്തിയും, സാദ്ധ്യതകളും നിയമപരമായ നടപടികളും ഗ്രാമീണ ജനതയിൽ എത്തിക്കാൻ ബോധവൽക്കരണക്യാമ്പുകൾ സംഘടിപ്പിക്കുക.
- മദ്യദുരന്തത്തെ ഒഴിവാക്കാൻ സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുക
- കേരളാ റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫയർ സൊസൈറ്റി രൂപീകരിക്കുക. ഇതുവഴി വനിതകളുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ സാധിക്കും.
- മത്സ്യത്തൊഴിലാളി ക്ഷേമത്തിന് മത്സ്യവിപണന സംസ്കരണ വനിതാസഹകരണ സംഘം സ്ഥാപിക്കുക.
- മന്ദബുദ്ധികളായിട്ടുള്ളവർ, വികലാംഗർ എന്നീ കുട്ടികളെ സ്കോളർഷിപ്പ് നൽകി വിദ്യാഭ്യാസം ചെയ്യിപ്പിക്കുകയും അംഗീകൃത വ്യവസായ സ്ഥാപനങ്ങളിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പാക്കുകയും ചെയ്യുക.
- വിമുക്ത ഭടന്മാരുടെ വിധവകൾക്ക് സാമൂഹ്യക്ഷേമ പദ്ധതിയിലുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുക.
- ഉപഭോക്തൃമേഖല കാര്യക്ഷമമാക്കുക. ഉപഭോക്തൃ സംരക്ഷണസമിതി രൂപീകരിക്കുക.
- ബീഡിത്തൊഴിലാളി, തയ്യൽതൊളിലാളി എന്നിവരുടെ മക്കളുടെ വിദ്യാഭ്യാസത്തിനു വേണ്ട ധനസഹായം ഉറപ്പാക്കേണ്ടതാണ്.
- മേൽപ്പറഞ്ഞ തൊഴിലാളികൾക്ക് നിലവിലുള്ള സാമ്പത്തിക സഹായം വളരെ പരിമിതമാണ്. അത് വർദ്ധിപ്പിക്കേണ്ടതും അവർക്കായി ഒരു സാമൂഹ്യസഹകരണ സംഘം പഞ്ചായത്തടിസ്ഥാനത്തിൽ രൂപീകരിക്കേണ്ടതുമാണ്.
- ഒരു വാർഡിന് ഒരു മാവേലിസ്റ്റോർ എന്ന കണക്കിൽ പത്തു വാർഡുകളിലും മാവേലിസ്റ്റോറുകൾ സ്ഥാപിക്കുക
- പ്രൈമറി വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുക.

പട്ടിക - 1

| | |
|---|---|
| ആകെ വീടുകൾ | 5209 |
| ടെറസ് | 1014 |
| ഓട് | 2753 |
| ഓല | 1442 |
| ആസ്ബസ്റ്റോസ് / താർ ഷീറ്റ് ഉപയോഗിച്ചുള്ള വീടുകൾ | 2% |
| മറ്റ് വിധത്തിലുള്ള വീടുകൾ | 150 |
| കുടിലുകൾ | 27.68 |

*അവലംബം : ഗ്രാമപഞ്ചായത്ത് രേഖകൾ*

പട്ടിക - 2

| | |
|---|---|
| അംഗനവാടികൾ | 15 |
| ബാലവാടികൾ | 3 |
| മഹിളാസമാജങ്ങൾ | 18 |

പട്ടിക - 3
വിവിധപെൻഷൻ പദ്ധതി

| നമ്പർ | പെൻഷന്റെ പേര് | എണ്ണം |
|---|---|---|
| 1. | കയർതൊഴിലാളി പെൻഷൻ | 407 |
| 2 | അഗതിപെൻഷൻ | 39 |
| 3 | വിധവാപെൻഷൻ | 154 |
| 4. | കർഷകപെൻഷൻ | 67 |
| 5. | വികലാംഗപെൻഷൻ | 75 |
| 6. | അവശകലാസാഹിത്യകരാന്മാർക്കുള്ള പെൻഷൻ | 5 |
| 7. | തൊഴിലില്ലായ്മ വേതനം | 488 |
| 8. | ക്ഷയരോഗികൾക്കുള്ള പെൻഷൻ | 38 |
| 9. | ക്യാൻസർരോഗികൾക്കുള്ള പെൻഷൻ | 15 |
| 10. | കുഷ്ഠരോഗികൾക്കുള്ള പെൻഷൻ | 1 |
| | ആകെ | 1289 |

*അവലംബം : ദ്വിതീയ വിവരകണക്ക്, വിവിധ ഓഫീസുകളിൽ നിന്ന്*

### തൃക്കരുവാ ഗ്രാമപഞ്ചായത്ത്

### ഐ. ആർ. ഡി. പി. സർവ്വെ പ്രകാരം – ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ വിവരം

| വാർഡ് 1 മുതൽ 10 വരെ | |
|---|---|
| സർവ്വെയിൽ കണ്ടെത്തിയ ആകെ കുടുംബക്കാർ | 1838 |
| ഇതിൽ SC/ST കുടുംബങ്ങൾ | 73 |
| ഇതുവരെ സാമ്പത്തികസഹായം ലഭിച്ച ആകെ കുടുംബങ്ങൾ | 205 |
| ഇതിൽ SC/ST കുടുംബങ്ങൾ | 57 |
| സഹായംകൊണ്ട് ദാരിദ്ര്യരേഖയ്ക്ക് | |
| മുകളിൽ എത്തിയ കുടുംബങ്ങൾ | 161 |

(പൂർണ്ണമല്ല)

*അവലംബം : ദ്വിതീയ സ്ഥിതിവിവരക്കണക്ക്*

### കക്കൂസുകളെ സംബന്ധിക്കുന്ന വിവരം

| വാർഡ് 1 മുതൽ 10 വരെ | |
|---|---|
| സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം (IRDP സർവ്വെ പ്രകാരം) | 1159 |
| വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം (1992 –നു ശേഷം) | 110 |
| പൂർത്തീകരിച്ചവയുടെ എണ്ണം | 104 |
| ഇനി കക്കൂസുകൾ ഇല്ലാത്ത കുടുംബങ്ങൾ | 1049 |

വളരെക്കാലമായി കാത്തിരുന്ന ഒരു പരിവർത്തനമാണ് ജനങ്ങൾ ഉത്തരവാദിത്തത്തോടെ അധികാരം ഏറ്റെടുക്കണമെന്നുള്ളത്. താൻ കൂടിയാണ് സർക്കാർ എന്ന് ഓരോ പൗരനും വിശ്വാസം വരണം. ജനപങ്കാളിത്തം ചോദിച്ചുവാങ്ങൽ മാത്രം ആകരുത്. എന്റെ രാജ്യം, ഞാനും കൂടിയായ ജനകീയത എന്ന ബോധത്തോടെ മുക്കാൽ പങ്കു ജോലിയും ജനങ്ങൾ ചെയ്തുകൊടുക്കാൻ മാതൃകയുണ്ടാക്കണം.

ഗുരു നിത്യചൈതന്യയതി

# 5.8 സംസ്കാരം

തൃക്കരുവാ പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട സാംസ്കാരിക സ്ഥാപനങ്ങൾ വിദ്യാലയങ്ങളാണ്. പ്രാക്കുളം എൻ. എസ്സ്. എസ്സ്. ഹൈസ്ക്കൂൾ, എസ്. എൻ. വി. സാൻസ്ക്രിറ്റ് ഹൈസ്ക്കൂൾ (ഞാറയ്ക്കൽ), ഗവൺമെൻറ് ഹൈസ്ക്കൂൾ (അഷ്ടമുടി) എന്നീ മൂന്നു ഹൈസ്ക്കൂളുകളും, കാവറ വടക്കതിൽ എൽ. പി. സ്ക്കൂൾ, ഗവൺ മെൻറ് എൽ. പി. സ്ക്കൂൾ (പ്രാക്കുളം), തൃക്കരുവാ പഞ്ചായത്ത് എൽ. പി. സ്ക്കൂൾ (പ്രാക്കുളം), എൽ. പി. എസ്. ഇഞ്ചവിള എന്നീ നാലു എൽ. പി. സ്ക്കൂളുകളും, ഇഞ്ചവിള യു.പി. സ്ക്കൂൾ എന്ന പേരിൽ ഒരു മിഡിൽ സ്ക്കൂളും ഉൾപ്പെടെ എട്ടു വിദ്യാലയങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. ഇവ കൂടാതെ ഓരോവാർഡിലും അംഗനവാടികൾ/ബാലവാടികൾ (15 + 3) പ്രവർത്തിച്ചുവരുന്നു.

ഈ പഞ്ചായത്തിൽ പ്രചാരത്തിലിരുന്ന പല കലാരൂപങ്ങളും ഇന്ന് നാമാവശേഷമായിരിക്കുകയാണ്. അഷ്ടമുടിയിൽ വളരെ വർഷങ്ങൾക്കുമുമ്പ് ആറുന്നേൽ കുഞ്ചുപിള്ള, തുണ്ടിൽ കുഞ്ഞൻപിള്ള, കോൺട്രാക്ടർ നാണുപിള്ള, കിഴക്കുംഭാഗത്ത് പരമുപിള്ള, കുറ്റിയിൽ വേലു ആശാൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ ഒരു കഥകളി സംഘം സജീവമായി പ്രവർത്തിച്ചിരുന്നു. നർമ്മ രസപ്രധാനമായ ഏഴാമത്തുകളി, കാക്കാരശ്ശി നാടകം, സീതകളി എന്നിവയും ഇവിടെ പ്രചാര ത്തിലുണ്ടായിരുന്നു. ശ്രീരാമൻ, സീത, ലക്ഷ്മണൻ, രാവണൻ തുടങ്ങിയ എല്ലാ പ്രധാന വേഷങ്ങളും കെട്ടി, പാട്ടുപാടി അഭിനയിക്കുന്ന പട്ടികജാതി ക്കാരുടെ ഒരു കലാരൂപമാണ് സീതകളി. സീതകളിയിൽ കുതിരക്കാരനായി അഭിനയിച്ച പള്ളിത്താഴതിൽ കുഞ്ഞോല (85) ഇന്നും പഴയ ഓർമ്മകളുമായി ജീവിച്ചിരുപ്പുണ്ട്. അന്നു സീതകളിയിൽ ഏർപ്പെട്ട ഏതാനും പേർ ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ട്. അവർക്കുവേണ്ട പ്രോത്സാഹനം നൽകിയാൽ ഈ നാടോടി കലാരൂപം വീണ്ടെടുക്കാവുന്നതാണ്.

ഈ പഞ്ചായത്തിൽ നിരവധി വായനശാലകളും ഗ്രന്ഥശാലകളും ക്ളബ്ബുകളുമുണ്ട്. ഇവയിൽ പലതും നാമമാത്രമായ പ്രവർത്തനം മാത്രമുള്ളവയാണ്. നല്ലരീതിയിൽ പ്രവർത്തിക്കുന്ന സംഘടനകൾക്കു കൂടുതൽ പ്രോത്സാഹനം നൽകേണ്ടതാണ്.

പഞ്ചായത്തിൽ പേരിനുമാത്രം ഒരു സാംസ്കാരികനിലയം കാഞ്ഞാവെളിയിൽ പ്രവർത്തിച്ചുവരുന്നു. സ്വന്തമായി ഒരു ഓഡിറ്റോറിയവും അതിനോടുചേർന്ന് സജീവമായി പ്രവർത്തിക്കുന്ന ഒരു സാംസ്കാരികനിലയവും ഉണ്ടാക്കുവാൻ പഞ്ചായത്തു ഭരണസമിതി മുൻകൈ എടുക്കേണ്ടതാണ്.

പഞ്ചായത്തിൽ പൊതു റേഡിയോ/ടെലിവിഷൻ സെറ്റുകൾ ഇല്ല. സാംസ്കാരിക സംഘടനകൾ ചിലവ സ്വന്തമായി റേഡിയോ, ടെലിവിഷൻ സെറ്റുകൾ പ്രവർത്തിപ്പിച്ചുവരുന്നുണ്ട്.

കലാസാംസ്കാരിക സംഘടനകളിൽ ചിലവ അമച്വർ നാടകരംഗത്തു പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

സാംസ്കാരിക സ്ഥാപനങ്ങൾ ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് അഭിവൃദ്ധിപ്പെട്ടുകാണുന്നില്ല. ഏറ്റവും നല്ല വിദ്യാലയത്തിന് പഞ്ചായത്തുതലത്തിൽ ട്രോഫികൾ ഏർപ്പെടുത്തുന്നതും, കൂടുതൽ വിദ്യാർത്ഥികൾക്കു പ്രോത്സാഹന സമ്മാനങ്ങൾ നൽകുന്നതും അഭികാമ്യമായിരിക്കും. സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ പി. റ്റി. എ. മുൻകൈയെടുത്ത് പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് 'സ്പെഷ്യൽ കോച്ചിംഗ്' നൽകുന്നതു നന്നായിരിക്കും.

ഏറ്റവും നന്നായി പ്രവർത്തിക്കുന്ന സാംസ്കാരിക സംഘടനകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുള്ള സഹായങ്ങളും പ്രോത്സാഹനവും നൽകേണ്ടതാണ്. സാംസ്കാരിക സമിതികളെ പഞ്ചായത്തുതലത്തിൽ ഏകോപിപ്പിച്ചുകൊണ്ട് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നത് ഏറ്റവും അഭിലഷണിയ മാണ്.

ഇപ്പോൾ നിർജ്ജീവമായിരിക്കുന്ന പഞ്ചായത്തു ലൈബ്രറി എല്ലാ പഠനസൗകര്യങ്ങളോടുംകൂടിയ ഒരു റഫറൻസ് ലൈബ്രറിയായി ഉയർത്തുകയും കാര്യക്ഷമമായി നടത്തുകയും വേണം. ഗ്രന്ഥസമാഹരണത്തിന് പൊതുജന സഹായംകൂടി തേടാവുന്നതാണ്. കൂടാതെ ഇപ്പോൾ പഞ്ചായത്തിലുള്ള ഗ്രന്ഥശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഏറ്റവും നല്ല ഗ്രന്ഥശാലയ്ക്ക് ഇൻസെന്റീവ്

| നമ്പർ | വാർ | സംഘടനകൾ | വായനശാ | ഗ്രന്ഥശാല | ദിനപ്പത്രം | കെട്ടിടം | റ്റി.വി./ റേഡിയോ |
|---|---|---|---|---|---|---|---|
| 1 | 1 | അഷ്ടമുടി പുരോഗമന കലാസാഹിത്യസംഘം | ഉണ്ട് | ഇല്ല | 4 | വാടക | ഇല്ല |
| 2 | 1 | ലേബ്ലേറ്റ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് | ഉണ്ട് | ഇല്ല | 1 | വാടക | ഇല്ല |
| 3 | 1 | ആരാധന മാതൃഭൂമി സ്റ്റഡിസർക്കിൾ | ഉണ്ട് | ഉണ്ട് | 1 | സ്വന്തം | ഇല്ല |
| 4 | 1 | റിസൺ ആർട്സ് & സ്പോർട്സ് ക്ലബ്ബ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 5 | 1 | യുവധാര | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 6 | 1 | കലാവേദി | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 7 | 2 | കാർത്തിക ആർട്സ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 8 | 2 | ജൂബിലി ആർട്സ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 9 | 2 | മമത ആർട്സ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 10 | 2 | യുവവേദി | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 11 | 3 | അലൈവ് ആർട്സ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 12 | 3 | ബ്രദേഴ്സ് ആർട്സ് & സ്പോർട്സ് ക്ലബ്ബ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 13 | 4 | ഇഞ്ചവിള റിക്രിയേഷൻ ക്ലബ്ബ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 14 | 4 | കൈരളി ആർട്സ് & സ്പോർട്സ് ക്ലബ്ബ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 15 | 4 | റൂറൽ ലൈബ്രറി | ഉണ്ട് | ഉണ്ട് | 2 | ഉണ്ട് | റ്റി.വി. |
| 16 | 4 | മണ്ടേല ആർട്സ് & സ്പോർട്സ് ക്ലബ്ബ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 17 | 5 | ജനതാ വായനശാല & ലൈബ്രറി | ഉണ്ട് | ഉണ്ട് | 1 | ഉണ്ട് | ഇല്ല |
| 18 | 5 | മോഡേൺ ആർട്സ് തിയേറ്റേഴ്സ് | ഉണ്ട് | ഇല്ല | 2 | ഉണ്ട് | റ്റി.വി. |
| 19 | 5 | പെരിനാട് പ്രോഗ്രസ്സീവ് ആർട്സ് തീയേറ്റേഴ്സ് | ഇല്ല | ഇല്ല | ഇല്ല | നിർമ്മാണത്തിൽ | ഇല്ല |
| 20 | 5 | ദീപ ആർട്സ് & സ്പോർട്സ് ക്ലബ്ബ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 21. | 5 | സൗഹൃദ ആർട്സ് & സ്പോർട്സ് ക്ലബ്ബ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 22 | 5 | സമഭാവന ആർട്സ് & സ്പോർട്സ് ക്ലബ്ബ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 23 | 6 | ഫീനിക്സ് കായിക കലാകേന്ദ്രം | ഇല്ല | ഇല്ല | ഇല്ല | വാടക | ഇല്ല |

| | | | | | | | |
|---|---|---|---|---|---|---|---|
| 24 | 6 | ജുവാൻ ആർട്സ് & സ്പോർട്സ് ക്ലബ്ബ് | ഉണ്ട് | ഇല്ല | 2 | വാടകക്കെട്ടിടം | ഇല്ല |
| 25 | 6 | എ. കെ. ജി. കലാകേന്ദ്രം, മണലിക്കട | ഇല്ല | ഇല്ല | ഇല്ല | നിർമ്മാണത്തി | - |
| 26 | 7 | യുവധാര ആർട്സ് | ഇല്ല | ഇല്ല | ഇല്ല | നിർമ്മാണം പൂർത്തിയായി | ഇല്ല |
| 27 | 7 | വന്മള രശ്മി ആർട്സ് & സ്പോർട്സ് ക്ലബ്ബ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 28 | 7 | ജനകീയ കലാകേന്ദ്രം, ഓലിക്കരകടവ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 29 | 7 | ഉദയ ആർട്സ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 30 | 7 | ദീപം ആർട്സ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 31 | 7 | പ്രതിഭ ആർട്സ് & സ്പോർട്സ് ക്ലബ്ബ് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | റ്റി.വി |
| 32 | 7 | ശാസ്ത്രസാഹിത്യ പരിഷത്ത് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 33 | 7 | ഉദയാ ബാലവേദി വേളിക്കാട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 34 | 7 | പി. എഫ്. എ. കുട്ടിക്കട | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 35 | 7 | ദർശന | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 36 | 8 | ശ്രുതി ആർട്സ് & സ്പോർട്സ് ക്ലബ്ബ് | ഉണ്ട് | ഇല്ല | 1 | താൽക്കാലിക ഷെഡ് | ഇല്ല |
| 37 | 8 | വിഷുപ്പക്ഷികൾ | ഉണ്ട് | ഇല്ല | 1 | വാടക | ഇല്ല |
| 38 | 8 | ഫ്രണ്ട്സ്. ക്ലബ്ബ് | ഉണ്ട് | ഉണ്ട് | 4 | സ്വന്തം | റ്റി.വി |
| 39 | 8 | ബി. ജെ. സി. സി. പ്രാക്കുളം | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 40 | 9 | തരംഗിണി ആർട്സ് & സ്പോർട്സ് ക്ലബ്ബ് | ഉണ്ട് | ഇല്ല | 2 | താൽക്കാലിക ഷെഡ് | ഇല്ല |
| 41 | 9 | ഓളം ആർട്സ് & സ്പോർട്സ് ക്ലബ്ബ് | ഇല്ല | ഇല്ല | ഇല്ല | - | ഇല്ല |
| 41 | 9 | ഉദയാ ആർട്സ് & സ്പോർട്സ് ക്ലബ്ബ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 43 | 10 | ചാച്ചാജി യൂത്ത് സെന്റർ | ഉണ്ട് | ഉണ്ട് | 3 | സ്വന്തം | റ്റി.വി |
| 44 | 10 | രജത സാംസ്കാരിക വേദി | ഉണ്ട് | ഇല്ല | 3 | വാടക | ഇല്ല |
| 45 | 10 | നവചേതന | ഇല്ല | ഇല്ല | - | ഇല്ല | ഇല്ല |

ഗ്രാന്റോ പ്രോത്സാഹന സമ്മാനമോ നൽകുന്നത് നന്നായിരിക്കും. ഓരോ ഗ്രന്ഥശാലയിലും റീഡേഴ്സ് ഫോറം രൂപീകരിച്ച് ഗ്രന്ഥങ്ങളെപ്പറ്റി ചർച്ചനടത്തുന്നതും അഭികാമ്യമാണ്.

സ്ത്രീകളുടെ വായനാശീലം വർദ്ധിപ്പിക്കുവാൻ വാർഡുകൾ തോറും വായനാശീലത്തിൻെറ മഹത്വം മനസ്സിലാക്കിക്കൊടുക്കുവാൻ സെമിനാറുകൾ സംഘടിപ്പിക്കുന്നതു കൊള്ളാം. ഗ്രന്ഥശാലകൾ പുസ്തകങ്ങൾ വീടുകളിൽ എത്തിക്കുവാൻ വേണ്ട സംവിധാനം (Mobile issue system) ഏർപ്പെടുത്തിയാൽ നല്ല പുരോഗതി ഉണ്ടാകുന്നതാണ്.

ഏറ്റവും ശക്തമായ ദൃശ്യമാദ്ധ്യമം എന്ന നിലയിൽ ടെലിവിഷൻ കുട്ടികളുടെ വിദ്യാഭ്യാസത്തെ ദോഷകരമായി ബാധിക്കാതിരിക്കണമെങ്കിൽ, നമുക്ക് ഒരു ദേശീയ നയവ്യത്യാസം തന്നെ ഇക്കാര്യത്തിൽ ഉണ്ടായേ മതിയാവൂ.

ഈ പ്രദേശത്തു പ്രചാരത്തിലിരുന്ന നാടൻ പാട്ടുകളും ഐതിഹ്യങ്ങളും രേഖപ്പെടുത്തുവാൻ പഴയതലമുറയിൽപ്പെട്ട പ്രായംചെന്നവരുമായി പഞ്ചായത്തുതലത്തിൽ ഇൻറർവ്യൂ നടത്തി അവ ടേപ്പുചെയ്യിക്കുകയും, പിന്നീട് അവ ഗ്രന്ഥരൂപത്തിൽ പ്രസിദ്ധപ്പെടുത്തുകയും വേണം. ഇതിനുവേണ്ടി ഒരു വിദഗ്ദ്ധസമിതിയെ നിയോഗിക്കുന്നത് അഭിലഷണീയമായിരിക്കും.

പഞ്ചായത്തുതലത്തിലുള്ള കലാമത്സരങ്ങളിൽ ജനപങ്കാളിത്തം വളരെ കുറവാണ്. പഞ്ചായത്തു യുവജനമേളകളുടെ നടത്തിപ്പ് പൂർണ്ണമായും കലാസമിതികളുടെ ആഭിമുഖ്യത്തിൽ ആക്കാൻ വേണ്ട സംവിധാനം ഉണ്ടാക്കുന്നത് ഇതിനൊരു പരിഹാരമായിരിക്കും.

അഷ്ടമുടി വീരഭദ്രസ്വാമി ക്ഷേത്രം, കരുവാ ഭദ്രകാളി ക്ഷേത്രം, പ്രാക്കുളം കുമാരമംഗലം ക്ഷേത്രം, ഐപ്പുഴ സെൻറ് എലിസബത്ത് പള്ളി, സെൻറ് തോമസ് ഓർത്തഡോക്സ് സിറിയൻ പള്ളി, ഇഞ്ചവിള മാർത്തോമാ പള്ളി, അഷ്ടമുടി അഷ്ടജലറാണി ദേവാലയം, കരുവ ജുമാ മസ്ജിദ് എന്നിവയാണ് നമ്മുടെ പഞ്ചായത്തിലെ പ്രധാന ആരാധനാ കേന്ദ്രങ്ങൾ.

തൃക്കരുവായിലെ ചിരപുരാതനമായ ഉത്സവങ്ങൾ തൃക്കരുവാ ഭദ്രകാളീ ക്ഷേത്രത്തിലും, അഷ്ടമുടി വീരഭദ്രസ്വാമിക്ഷേത്രത്തിലുമാണ് നടന്നുവരുന്നത്. പലകരക്കാർ ചേർന്നു നടത്തിയിരുന്ന തൃക്കരുവാ ക്ഷേത്രത്തിലെ ഉത്സവം ഒരു മാസത്തോളം നീണ്ടുനിന്നിരുന്നതായി പറയപ്പെടുന്നു. വീരഭദ്രസ്വാമി ക്ഷേത്രത്തിലെ 'ഉരുൾ നേർച്ച' പ്രസിദ്ധമാണ്. മറ്റു ക്ഷേത്രങ്ങളിലും പള്ളികളിലും വാർഷികോത്സവങ്ങളും പെരുന്നാളുകളും നടത്തിവരുന്നു. തൃക്കരുവാ ജുമാ മസ്ജിദിൽ ആണ്ടുതോറും നബിദിനാഘോഷങ്ങൾ നടത്താറുണ്ട്.

ഉത്സവ നടത്തിപ്പുകളിൽ സമുദായ സഹകരണത്തിൻെറയും മതമൈത്രിയുടെയും മഹനീയ രംഗങ്ങൾ ദൃശ്യമാണ്. മതപരമായ സഹവർത്തിത്വം നമ്മുടെ പഞ്ചായത്തിൻെറ മുഖമുദ്രയാണ്.

യുവജനമേള പഞ്ചായത്ത് അടിസ്ഥാനത്തിൽ നടത്തിവരുന്നു. പഞ്ചായത്തിലെ കലാസമിതികളുടെ നേതൃത്വത്തിൽ പഞ്ചായത്തിൻെറ നിയന്ത്രണത്തിൽ യുവജനമേള നടത്തുന്നത് കൂടുതൽ ഫലപ്രദമായിരിക്കും. മേളകൾ കൂടുതൽ ജനകീയമാക്കുവാനും വർദ്ധിച്ച പങ്കാളിത്തം ഉറപ്പുവരുത്തുവാനും ഇതുമൂലം കഴിയും.

മതമൈത്രിയുടെ മധുരസ്മരണകൾ മാത്രമുള്ള പഞ്ചായത്താണു നമ്മുടേത്. തൃക്കരുവാ ഭദ്രകാളി ക്ഷേത്രം, കരുവാ മുസ്ലിം ജുമാ അത്തു പള്ളി, സിറിയൻ ഓർത്തഡോക്സ് പള്ളി എന്നിവയുടെ ഒരു ആത്മീയ ത്രികോണമാണ് തൃക്കരുവയുടെ ഹൃദയസ്ഥാനം എന്നുപറയാം. ജാതികൃതമായ ഇരുളടഞ്ഞ ഭൂതകാലാവസ്ഥ ഏറിയപങ്കും ഇന്നു മാഞ്ഞുപോയിക്കൊണ്ടിരിക്കുകയാണ്. ഭരണഘടനാധിഷ്ഠിതമായ മനുഷ്യാവകാശ സമത്വചിന്ത കൂടുതൽ ഉദ്ദീപ്തമാകുന്നതോടെ എല്ലാ ഇരുളുകളും പാടേ അപ്രത്യക്ഷമാകുമെന്ന് പ്രത്യാശിക്കാം.

കലാസമിതികൾ മിക്കവയും വാർഷികാഘോഷങ്ങൾ നടത്താറുണ്ട്. വാർഷികാഘോഷങ്ങളിൽ മാത്രമൊതുങ്ങുന്ന അവയുടെ പ്രവർത്തനരീതി മാറ്റേണ്ടതുണ്ട്. സ്കൂൾ വാർഷികങ്ങൾ ഇല്ലെന്നു തന്നെ പറയാം.

തോൽപന്തുകളി, കിളിത്തട്ടുകളി, ഖോഖോയുടെ മറ്റൊരു രൂപമായ കുടുകുടുകളി, ഗോലികളി, കുട്ടിയും കോലും കളി തുടങ്ങിയ മിക്ക കായിക വിനോദങ്ങളും ഇന്ന് നിലവിലില്ല. കിളിത്തട്ടുകളി പുനരാരംഭിച്ചാൽ ക്രിക്കറ്റുകളിയിൽ മുങ്ങിത്താഴുന്ന യുവശക്തി കൂടുതൽ ക്രിയാത്മകമായി തിരിച്ചുവിടാൻ കഴിയും. വീരഭദ്രക്ഷേത്രത്തിലെ ഇരുപത്തിയെട്ടാം ഓണമഹോത്സവത്തോടനുബന്ധിച്ചു നടന്നിരുന്ന ജലോത്സവം ഇന്നു മൺമറഞ്ഞിരിക്കുക

യാണ്. അതുവീണ്ടെടുക്കുന്നത് ഈ പ്രദേശത്തിന് നാനാവിധത്തിൽ പ്രയോജനകരമായിരിക്കും.

സാംസ്കാരിക രംഗത്ത് ആർജ്ജിതമായ മൂല്യങ്ങളേയും നേട്ടങ്ങളേയും പുറകോട്ടടിപ്പിക്കുന്ന ഒരു കാലാവസ്ഥയാണ് സമൂഹത്തിൽ പൊതുവെയുള്ളത്. ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ തള്ളിക്കയറ്റം നമ്മുടെ അഭിരുചികളെ നിഷേധാത്മകമായ തലത്തിൽ സ്വാധീനിച്ചിട്ടുണ്ട്. അറിവിൻെറയും ഭാവനയുടെയും വിശാലവും നൂതനവുമായ ഒരു ലോകം തുറന്നിടേണ്ട 'ദൂരദർശൻ' പോലുള്ള സർക്കാർ നിയന്ത്രിത മാധ്യമങ്ങൾ പോലും മൂന്നാംകിട സീരിയലുകൾ പ്രക്ഷേപണം ചെയ്യാനുള്ള ഉപാധികളായി മാറുകയാണ്. പൈങ്കിളി വാരികകളും, സിനിമകളും ചെറുപ്പക്കാരുടെ ജീവിത വീക്ഷണത്തെ വികലമായി കരുപ്പിടിപ്പിക്കുന്നതിൽ പ്രധാനമായ ഘടകമാണ്. പഴയ വായനശാല സംസ്കാരത്തെ തിരിച്ചുപിടിക്കുന്നതിനാവശ്യമായ സാംസ്കാരിക അവസ്ഥ ബോധപൂർവ്വം സൃഷ്ടിക്കുകയാണ് ഇതിനെ നേരിടാനുള്ള മാർഗ്ഗം. കൂട്ടായ്മയുടെ പുനഃസൃഷ്ടിയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഗ്രാമപ്പൊലിമയുടെ ആത്മാവ് ഈ കൂട്ടായ്മയാണ്. ഇന്ന് പണക്കൊഴുപ്പിൻെറയും ഉപഭോഗതൃഷ്ണയുടെയും പരസ്യക്കമ്പനികളുടെയും പിടിയിലായിക്കൊണ്ടിരിക്കുകയാണ് നമ്മുടെ സാംസ്കാരിക വിചാരങ്ങൾ

മാധ്യമരംഗത്ത് അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന ഒരു കാലാവസ്ഥയാണുള്ളത്. മൈക്രോചിപ്പുകൾ നമ്മുടെ അടുക്കളകൾ വരെ കീഴടക്കിക്കഴിഞ്ഞിരിക്കുന്നു. മാറിക്കൊണ്ടിരിക്കുന്ന ഈ ലോകത്തോടൊപ്പം നമ്മളും മാറിയേതീരു. എന്നാൽ ഈ മാറ്റത്തോടൊപ്പം തന്നെ നമ്മുടെ സംസ്കാരവും പാരമ്പര്യവും തനിമയും സംരക്ഷിക്കാൻ നമുക്കു കഴിയണം. ഈ ദൗത്യം ഗ്രാമതലങ്ങളിൽ ഏറ്റെടുക്കുവാൻ നമുക്കു കഴിഞ്ഞില്ലെങ്കിൽ വരും തലമുറയുടെ മുന്നിൽ നാം കുറ്റക്കാരായി വിധിയെഴുതപ്പെടും.

## കായിക സംസ്കാരം

ചാമ്പ്യന്മാരെ സൃഷ്ടിക്കലും മെഡൽ നേടലുമല്ല കായിക പ്രവർത്തനത്തിൻെറ മുഖ്യലക്ഷ്യം. ഇച്ഛാശക്തിയുള്ള അരോഗദൃഢഗാത്രരായ ഒരു ജനതയെ വാർത്തെടുക്കലാണ് പ്രബുദ്ധമായ കായിക സംസ്കാരത്തിൻെറ സാമൂഹ്യ കടമ. സമൂഹത്തിൽ ആകെയുള്ള കായികപ്രവർത്തനത്തിൻെറ ഫലമായി മുഴുവൻ ജനങ്ങളിലും വളർത്തിയെടുക്കുവാൻ കഴിയുന്ന സ്വഭാവവിശേഷങ്ങളുടെ ആകെത്തുകയെയാണ് നാം കായിക സംസ്കാരമെന്നു പറയുന്നത്.

നമ്മുടെ ഈ കൊച്ചു സംസ്ഥാനത്തു നിന്നും ഇന്ത്യൻ കായികരംഗത്തേക്കു മോശമല്ലാത്ത സംഭാവനയുണ്ടായിട്ടുണ്ടെങ്കിലും അവയൊന്നും വ്യക്തമായ ലക്ഷ്യബോധമുള്ള ഒരു കായികനയത്തിൻെറ ഫലമായിട്ടുണ്ടായതല്ല. ദേശീയ അന്തർദ്ദേശീയ രംഗങ്ങളിലേക്കുയർന്നുവന്ന ഭൂരിപക്ഷം കേരളീയതാരങ്ങളും സ്വപ്രയത്നം കൊണ്ട് ഉയർച്ചനേടിയവരാണ്. അതിനാൽ കായികസംസ്കാരവികസനത്തിന് ഒരു ബഹുജന പ്രസ്ഥാനം രൂപപ്പെടുത്തേണ്ടതുണ്ട്.

കായികരംഗത്ത് നമ്മുടെ പഞ്ചായത്തിൽ നിന്നും എടുത്തുപറയത്തക്ക പല സംഭാവനകളുമുണ്ട്. ദേശീയ പ്രസിദ്ധിയാർജ്ജിച്ച ശ്രീമാൻ രഘുനാഥൻ, സർവ്വകലാശാലാ പ്രതിഭകളായ സുധീർ, ശംഭുദാസ്, ജറോം തുടങ്ങിയവർ ഇതിനു മകുടോദാഹരണങ്ങളാണ്. കൂടാതെ നിരവധി പേർക്കു തൊഴിൽ ലഭിക്കുന്നതിനു തൃക്കരുവയിൽ വളർത്തിയെടുത്ത കായിക സംസ്കാരം പ്രേരകമായിട്ടുണ്ട്.

യുവതലമുറയെ കായികരംഗത്തേക്കു വേണ്ടത്ര ആകർഷിക്കാൻ കഴിയാത്തതിൻെറ കാരണം സ്കൂൾ തലത്തിലുള്ള പരിപാടികളുടെ കാര്യക്ഷമതയില്ലായ്മയാണ്.

ഈ രംഗത്തു പഞ്ചായത്തു തലത്തിൽ ചെയ്യാൻ കഴിയുന്ന നിർദ്ദേശങ്ങൾ അന്യത്ര ചേർക്കുന്നു.

- ☐ പ്രാദേശിക കായിക സംഘടനകളെ പ്രോത്സാഹിപ്പിക്കുക. സ്പോർട്സ് കിറ്റുകൾ നൽകുക
- ☐ കായിക പ്രതിഭകളെ ബഹുമാനിക്കുന്നതിനുള്ള വേദികൾ ഒരുക്കുക
- ☐ സ്ക്കൂൾ തലത്തിൽ കായികതാരങ്ങളെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും വേണ്ട നടപടികൾ രൂപീകരിക്കുക.
- ☐ കേന്ദ്രകായികസമിതിയുടെ ആഭിമുഖ്യത്തിൽ ഒരു സ്ഥിരം കോച്ചിംഗ് കേന്ദ്രം സ്ഥാപിക്കുക.
- ☐ സ്ക്കൂൾ കുട്ടികൾക്കു അവധിക്കാലത്തു യോഗ്യതയുള്ള കോച്ചുകളുടെ സഹായത്തോടെ പരിശീലനം നൽകുക
- ☐ പഞ്ചായത്തു വക സ്റ്റേഡിയം ആധുനീകരിച്ചു സൗകര്യപ്പെടുത്തുക.



ജാതിഭേദം, മതദ്വേഷം
എതുമില്ലാതെ സർവ്വരും
സോദരത്വേന വാഴുന്ന
മാതൃകാസ്ഥാനമാണിത്.
- ശ്രീനാരായണഗുരു

# 5.9 വനിതാക്ഷേമം

ഐക്യ രാഷ്ട്രസഭ 1975 അന്താരാഷ്ട്ര വനിതാ വർഷമായി ആചരിച്ചിട്ടും, മുൻ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിൽ സ്ത്രീകൾക്കായുള്ള ദേശീയ സമിതി രൂപീകരിച്ചു പ്രവർത്തനങ്ങൾ നടത്തിയിട്ടും ജീർണ്ണിച്ച ആചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും പുരുഷ മേധാവിത്വത്തിന്റെയും കീഴിൽ ഞെരിഞ്ഞമർന്ന് ദുരിതം അനുഭവിച്ചുകൊണ്ടിരിക്കുന്ന സ്ത്രീയുടെ അവസ്ഥയ്ക്കു ഇന്നും കാര്യമായ മാറ്റം ഒന്നും ഉണ്ടായിട്ടില്ല.

പുരുഷന്റെ തണലിലും നിഴലിലും കഴിയുന്ന സ്വകാര്യസ്വത്തുമാത്രമാണ് ഭാരതസ്ത്രീ എന്ന പഴയ പ്രമാണം തച്ചുടച്ച് സ്ത്രീസ്വാതന്ത്ര്യത്തിനുവേണ്ടി വാദിക്കുന്നവർ പലരും വസ്ത്രധാരണത്തിലും പെരുമാറ്റത്തിലും, ജീവിതചര്യയിലും ഒക്കെ പുരുഷ സ്വഭാവം ആർജ്ജിക്കുന്നതാണ് ഏറ്റവും വലിയ സ്ത്രീസ്വാതന്ത്ര്യം എന്ന ധാരണയാണ് നിർഭാഗ്യവശാൽ വച്ചുപുലർത്തുന്നത്.

ഏതെങ്കിലും ഒരു വനിത ബഹിരാകാശ സഞ്ചാരം നടത്തിയതുകൊണ്ടോ പ്രധാനമന്ത്രിയായതുകൊണ്ടോ സ്ത്രീപുരുഷസമത്വം നേടിക്കഴിഞ്ഞു എന്നു വാദിക്കുവാൻ ആവില്ല.

തൃക്കരുവാ ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ പുരുഷന്മാരെക്കാൾ വനിതകളാണു മുന്നിട്ടു നിൽക്കുന്നത്. (പുരുഷന്മാർ 12848, സ്ത്രീകൾ 13043) ഇതിൽ നല്ല ഒരുശതമാനം കയർമേഖലയിലും, മത്സ്യമേഖലയിലും പണിയെടുക്കുന്ന തൊഴിലാളി സ്ത്രീകളാണ്. അഭ്യസ്ഥ – വിദ്യരായ വനിതകളിൽ നല്ലൊരുവിഭാഗം തൊഴിൽരഹിതരാണ്. എന്നാൽ അദ്ധ്യാപകമേഖലയിലും തുന്നൽ മേഖലയിലും വനിതകളാണ് പുരുഷന്മാരേക്കാൾ മുമ്പന്തിയിൽ. സർക്കാർ ഓഫീസുകളിലും ഏറെക്കുറെ ഇതേനിലവാരമാണ്. പരമ്പരാഗത വ്യവസായമായ കയർ മേഖലയുടെ തകർച്ചയിൽ സ്ത്രീതൊഴിലാളികളുടെ തൊഴിലവസരങ്ങൾ നഷ്ടപ്പെടുത്തി.

സാമൂഹ്യപ്രവർത്തനരംഗത്ത് വനിതകളുടെ പങ്ക് വേണ്ടത്രകാണുന്നില്ല. മഹിളാസമാജങ്ങളോ, വനിതാസംഘടനകളോ നമ്മുടെ ഗ്രാമത്തിൽ വേണ്ടത്ര പ്രവർത്തിക്കുന്നില്ല. പൊതുവേ ജോലികൾ ഏറ്റെടുക്കാനുള്ള വിമുഖത സ്ത്രീകളുടെ ഭാഗത്തും ഉത്തരവാദിത്ത മേല്പിക്കാനുള്ള താല്പര്യക്കുറവ് പുരുഷന്മാരുടെ ഭാഗത്തും ഉണ്ട്. സ്ത്രീകളുടെ ആത് വിശ്വാസക്കുറവും, വീട്ടുജോലികളുടെ ആധിക്യവും, പിന്നാമ്പുറങ്ങളിൽ ഒതുങ്ങിക്കഴിയാൻ അവരെ പ്രേരിപ്പിക്കുന്ന ഘടകങ്ങളാണ്.

കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടയിൽ കേരളത്തിലുണ്ടായ ബലാൽസംഗങ്ങളുടെ കണക്കുകൾ സംസ്കാര സമ്പന്നരായ ഏവരെയും ഞെട്ടിക്കുന്നതാണ്. സംസ്ഥാന പോലീസിന്റെ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കു പ്രകാരം 1990 –ൽ 197 ഉം, 1991 –ൽ 211 ഉം, 1992 –ൽ 277 ഉം, 1993 –ൽ 211 ഉം, 1994 –ൽ 197 ഉം, 1995 –ൽ 266 ഉം കേസ്സുകളാണ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. ഇതിലും എത്രയോ അധികമാണ് യഥാർത്ഥത്തിൽ ഉള്ളത്. സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ നമ്മുടെ പഞ്ചായത്തിൽ പൊതുവെ കുറവാണ്. സ്ത്രീധനം, ഭർത്താക്കന്മാരുടെ മദ്യപാനം എന്നിവയുടെ പേരിൽ ദുരിതമനുഭവിക്കുന്ന സ്ത്രീകൾ ഇല്ലാതെയില്ല.

ഗ്രാമപഞ്ചായത്തിലെ ആരോഗ്യകേന്ദ്രങ്ങളിൽ ചികിത്സയ്ക്കായി എത്തുന്നതിൽ ബഹുഭൂരിപക്ഷവും സ്ത്രീകളാണ്. പൊതുവെ കയർ – മത്സ്യ – കാർഷിക മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളാണ് ഇവർ. തൊഴിലാളി സ്ത്രീകളുടെ അനാരോഗ്യകരമായ തൊഴിൽ – ജീവിതസാഹചര്യ ങ്ങളെക്കുറിച്ച് കൂടുതൽ പഠനങ്ങളും പരിഹാര മാർഗ്ഗങ്ങളും ഉണ്ടാവേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

- ✡ രൂക്ഷമായ തൊഴിലില്ലായ്മ
- ✡ കൂലിനിരക്കിലെ വിവേചനം

- ✡ സ്വയം തൊഴിൽ സംരംഭങ്ങളിലെ താല്പര്യ മില്ലായ്മ
- ✡ പൊതുരംഗത്തേയ്ക്കു വരാനുള്ള സ്ത്രീകളുടെ വിമുഖത
- ✡ കാർഷിക മേഖലയിലും, കയർമേഖലയിലും സ്ത്രീ തൊഴിലാളികളുടെ തൊഴിലവസരങ്ങൾ കുറയുന്നു.
- ✡ തൊഴിൽ നിയമങ്ങൾ, അവസരങ്ങൾ എന്നിവയെക്കുറിച്ചുള്ള അറിവില്ലായ്മ
- ✡ സർക്കാർ സഹായപദ്ധതികളെക്കുറിച്ചുള്ള ധാരണക്കുറവ്
- ✡ അങ്കണവാടി അദ്ധ്യാപകരുടെ വേതന പോരായ്മ
- ✡ അങ്കണവാടികളിലെ സൗകര്യമില്ലായ്മ
- ✡ മഹിളാസമാജങ്ങളും, സംഘടനകളും പ്രവർത്തിക്കുന്നില്ല
- ✡ സ്ത്രീകൾക്കായുള്ള വ്യവസായയൂണിറ്റുകളോ സംരംഭങ്ങളോ നിലവിലില്ല.
- ✡ സ്വയം ശക്തിയാർജ്ജിച്ച് ധീരമായി രംഗത്തിറങ്ങാനുള്ള താല്പര്യം സ്ത്രീകളിൽ കുറവായിക്കാണുന്നു.

## പരിഹാരനിർദ്ദേശങ്ങൾ

- ✦ വനിതാ ക്ഷേമസഹകരണസംഘം രൂപീകരിക്കുക
- ✦ വനിതകൾക്കായുള്ള തൊഴിൽസംരംഭങ്ങൾ ഉണ്ടാകേണ്ടതാണ്.
- ✦ തുല്യജോലിക്കു തുല്യവേതനം ഉറപ്പാക്കുക
- ✦ മഹിളാസമാജങ്ങൾ, സംഘടനകൾ എന്നിവയുടെ ക്രിയാത്മകപ്രവർത്തനം ഉണ്ടാകേണ്ടിയിരിക്കുന്നു.
- ✦ വിധവാ പെൻഷൻ, അഗതിപെൻഷൻ, മാതൃസഹായപദ്ധതിയിലെ ആനുകൂല്യങ്ങൾ, വിധവകളുടെ പെൺകുട്ടികളുടെ വിവാഹാനുകൂല്യം എന്നിവ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കുക.
- ✦ സ്ക്കൂളുകളിലെ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക.
- ✦ തീപ്പെട്ടി, ചന്ദനത്തിരി, അച്ചാർ, സ്ക്വാഷ്, ജാം, കറിപൗഡർ, റെഡിമെയ്ഡ് വസ്ത്രം, കരകൗശലവസ്തുക്കൾ, നോട്ടുബുക്കുകൾ, ആശംസാ കാർഡുകൾ എന്നിവ നിർമ്മിക്കുന്ന ചെറുകിട യൂണിറ്റുകൾ ആരംഭിക്കുന്നതിന് വനിതകൾക്കുവേണ്ട പ്രോത്സാഹനവും സഹായവും നൽകുക.
- ✦ ലൈംഗികവിദ്യാഭ്യാസവും, മിക്സഡ് ക്ലാസ്സ് സമ്പ്രദായവും ഏർപ്പെടുത്തുന്നത് വികലമായ ലൈംഗികസങ്കല്പങ്ങൾ ഒരു പരിധിവരെ ഇല്ലാതാക്കാൻ സഹായിക്കും.
- ✦ വനിതാക്ഷേമത്തിനായി പ്രവർത്തിക്കുന്ന ഒരു പഞ്ചായത്തുതല കമ്മിറ്റി രൂപീകരിക്കുക.
- ✦ പുകയില്ലാത്ത അടുപ്പുകളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുക.

"നമ്മളീയടുക്കളപ്പുകക്കുരുക്കിൽ നിന്നും
നാട്ടിലേക്കിറങ്ങണം, വെളിച്ചമേറ്റുവാങ്ങണം
നാളെയല്ല,നമ്മളിന്നു തലയുയർത്തി നിൽക്കണം
വീടുമാത്രമല്ല പെണ്ണ് നാടുമേറ്റെടുക്കണം
നാട്ടുകൂട്ടമൊന്നുചേർന്നു നന്മപങ്കുവയ്ക്കണം
അമ്മയായി നമ്മളി മനുഷ്യരെ പുലർത്തണം"

> ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയായി പ്രഖ്യാപിച്ചത് ഒരു നല്ല ആശയമായാണ് എനിക്കു തോന്നുന്നത്. പരസ്പര ചർച്ചയിലൂടെ സാധാരണക്കാരന്റെ പ്രശ്നങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ ഈ പദ്ധതി സഹായിക്കും. അതുവഴി പ്രശ്നങ്ങൾക്ക് ഒരു ജനകീയാടിത്തറ സംജാതമാവുകയും, അതു പരിഹരിക്കുമ്പോൾ സാധാരണക്കാർക്ക് ഏറെ പ്രയോജനം ചെയ്യുകയും ചെയ്യും.
>
> എ.കെ. ആന്റണി.

# 5.10 സഹകരണമേഖല

സഹകരണപ്രസ്ഥാനത്തിന്റെ മൂല്യവും വ്യാപ്തിയും അനുഭവിച്ചറിഞ്ഞ ഒരു ജനതയായിരുന്നു മുമ്പുണ്ടായിരുന്നത്. വ്യക്തിപരമായ ഈടിന്മേൽ വായ്പകൾ നൽകിയിരുന്നു. കാലം മാറിയതോടെ, സഹകരണവും കച്ചവടാടിസ്ഥാനത്തിലായി. സഹകരണ സ്ഥാപനങ്ങൾ സഹകാരികൾക്കു കാര്യമായ പ്രയോജനമൊന്നുമുണ്ടാക്കിക്കൊടുക്കാത്ത പ്രസ്ഥാനങ്ങളായി വിശ്വാസ്യത നഷ്ടപ്പെടുത്തിയ അവസ്ഥയിലായി.

സർ എഡ്വേർഡ് ലോവറിന്റെ റിപ്പോർട്ട് അനുസരിച്ച് 1904 -ൽ നടപ്പിലാക്കിയ സഹകരണ നിയമത്തോടുകൂടിയാണ് സഹകരണപ്രസ്ഥാനം (ക്രെഡിറ്റ് സൊസൈറ്റികൾ മാത്രം) ഇന്ത്യയിൽ പ്രവർത്തനം ആരംഭിച്ചത്. 1912 ലെ നിയമത്തോടെ നോൺ ക്രെഡിറ്റ് സൊസൈറ്റികളും സ്ഥാപിക്കപ്പെട്ടു. കാർഷികവായ്പാസഹകരണസംഘങ്ങളാണ് ഈ നിയമപ്രകാരം ആദ്യമായി രജിസ്റ്റർ ചെയ്യപ്പെട്ടത്. കർഷകരെ ഋണബാദ്ധ്യതയിൽ നിന്നും, ചൂഷണത്തിൽ നിന്നും രക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രസ്തുത സഹകരണസംഘങ്ങൾ സ്ഥാപിക്കപ്പെട്ടത്. ഇന്ത്യയിലാകെ നോക്കുമ്പോൾ ശക്തമായ ക്രെഡിറ്റ് മേഖലയുള്ളത് കേരളത്തിലാണ്.

1919 – ൽ ഇന്ത്യയിൽ നിലവിൽ വന്ന സഹകരണ നിയമമനുസരിച്ചാണ് നമ്മുടെ സംസ്ഥാനത്തിലും സഹകരണ സ്ഥാപനങ്ങൾ പ്രവർത്തനമാരംഭിച്ചത്. 1956 ലെ സംസ്ഥാന സഹകരണ നിയമം നിലവിൽ വരുന്നതിനുമുമ്പുതന്നെ തൃക്കരുവാ പഞ്ചായത്തിൽ സഹകരണപ്രസ്ഥാനം ആരംഭിച്ചുകഴിഞ്ഞിരുന്നു. 1929 ലാണ് ഇവിടത്തെ ആദ്യസഹകരണ സംരംഭമായ 'പെരിനാട് ലക്ഷ്മി വിലാസം വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക്' പ്രവർത്തനം തുടങ്ങിയത്.

തൃക്കരുവാ പഞ്ചായത്തിലൊട്ടാകെ 33 സഹകരണസംഘങ്ങളാണ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. ഇതിൽ 14 കയർ സഹകരണസംഘങ്ങൾ, 4 ക്ഷീര സഹകരണസംഘങ്ങൾ, 4 സ്കൂൾ സഹകരണ സംഘങ്ങൾ, ഒരു ക്രെഡിറ്റ് സൊസൈറ്റി, ഒരു കോക്കനട്ട് പ്രോസസിംഗ് & മാർക്കറ്റിംഗ് സൊസൈറ്റി എന്നിവ ഉൾപ്പെടുന്നു. സഹകരണസംഘങ്ങളുടെ പട്ടിക താഴെ ചേർത്തിരിക്കുന്നു. ഇവകൂടാതെ രണ്ടു മത്സ്യത്തൊഴിലാളിക്ഷേമവികസന സംഘങ്ങൾ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നുണ്ട്.

പട്ടിക – 1

സഹകരണസംഘങ്ങൾ.

| നമ്പർ | സംഘത്തിന്റെ പേര് | രജി. നമ്പർ |
|---|---|---|
| 1. | പെരിനാട് ലക്ഷ്മിവിലാസം സർവ്വീസ് സഹകരണബാങ്ക് | ക്യൂ 1841 |
| 2. | പെരിനാട് കോക്കനട്ട് പ്രോസസ്സിങ്ങ് & മാർക്കറ്റിംഗ് സഹകരണ സംഘം | ക്യൂ 47 |
| 3. | പ്രാക്കുളം ലേബർ കോൺട്രാക്റ്റ് സഹകരണസംഘം | ക്യൂ 1273 |
| 4. | കൊല്ലം ജില്ലാ സ്കില്ഡ് ലേബേഴ്സ് & ടെക്നീഷ്യൻസ് ലേബർ കോൺട്രാക്റ്റേഴ്സ് സഹകരണ സംഘം | ക്യൂ 1029 |
| 5. | തെക്കേച്ചേരി ഖാദി വില്ലേജ് ഇൻഡസ്ട്രീസ് സഹകരണസംഘം | ക്യൂ 112 CIND |
| 6. | തൃക്കരുവാ ഹരിജൻ സഹകരണസംഘം ക്ലിപ്തം | ക്യൂ 908 |

| | | |
|---|---|---|
| 7. | ഞാറയ്ക്കൽ ക്ഷീരോല്പാദക സഹകരണസംഘം | ക്യു 220 |
| 8. | വടക്കേക്കര ക്ഷീരോല്പാദക സഹകരണസംഘം | ക്യു 149 |
| 9. | പ്രാക്കുളം ക്ഷീരോല്പാദക സഹകരണസംഘം ക്ലിപ്തം | ക്യു 13 (D) Apcos |
| 10. | ക്ഷീരോല്പാദക സഹകരണസംഘം, കാഞ്ഞാവെളി | |
| 11. | അഞ്ചാലുംമൂട് ബ്ലോക്ക് വനിതാ സഹകരണസംഘം | ക്യു 954 |
| 12. | അഷ്ടമുടി വാർഡ് മാച്ച് ഇൻഡസ്ട്രിയൽ സഹകരണസംഘം | KVIND (Q) 256 |
| 13. | തൃക്കരുവാ വില്ലേജ് വ്യവസായ സഹകരണസംഘം | സി. 111 |
| 14. | തൃക്കരുവാ കൺസ്യൂമർ സഹകരണസംഘം | ക്യു 946 |
| 15. | ഞാറയ്ക്കൽ വ്യവസായ സഹകരണസംഘം | CIND (Q) 131 |
| 16. | SNVSHS സഹകരണ സംഘം ക്ലിപ്തം | ക്യു 564 |
| 17. | ഇഞ്ചവിള യു.പി.എസ്. സഹകരണസംഘം ക്ലിപ്തം | ക്യു 628 |
| 18. | അഷ്ടമുടി എച്ച്. എസ്. സഹകരണസംഘം ക്ലിപ്തം | ക്യു 521 |
| 19. | എൻ. എസ്. എസ്. എച്ച്. എസ്. സഹകരണസംഘം | ക്യു 722 |
| 20. | പ്രാക്കുളം വെസ്റ്റ് കയർ വ്യവസായ സഹകരണസംഘം | ക്യു 853 |
| 21. | ഇഞ്ചവിള വെസ്റ്റ് കയർ വ്യവസായ സഹകരണസംഘം | ക്യു 875 |
| 22. | ഞാറയ്ക്കൽ കയർ വ്യവസായ സഹകരണസംഘം | ക്യു 270 |
| 23. | വടക്കേക്കര വെസ്റ്റ് കയർ വ്യവസായ സഹകരണസംഘം | ക്യു 842 |
| 24. | ഇഞ്ചവിള വാർഡ് കയർ സഹകരണസംഘം | ക്യു 850 |
| 25. | നടുവിലച്ചേരി കയർ സഹകരണസംഘം | ക്യു 848 |
| 26. | നടുവിലച്ചേരി – വടക്കേക്കര കയർ സഹകരണസംഘം | ക്യു 291 |
| 27. | സാമ്പ്രാണിക്കോടി കയർ സഹകരണസംഘം | ക്യു 496 |
| 28. | ഇഞ്ചവിള കയർ സഹകരണസംഘം | ക്യു 627 |
| 29. | പ്രാക്കുളം കയർ സഹകരണസംഘം | ക്യു 541 |
| 30. | പ്രാക്കുളം ഈസ്റ്റ് കയർ സഹകരണസംഘം | ക്യു 639 |
| 31. | ഞാറയ്ക്കൽ ഈസ്റ്റ് കയർ സഹകരണസംഘം | ക്യു 638 |
| 32. | തെക്കേച്ചേരി കയർ വ്യവസായ സഹകരണസംഘം | ക്യു 849 |
| 33. | അഷ്ടമുടി കയർ വ്യവസായ സഹകരണസംഘം | ക്യു 542 |

പെരിനാട് ലക്ഷ്മി വിലാസം വില്ലേജ് സർവ്വീസ് സഹകരണബാങ്ക് 1929 -ൽ (കൊല്ലവർഷം 1104) ആണ് കാഞ്ഞാവെളിയിൽ പ്രവർത്തനം ആരംഭിച്ചത്. ഇപ്പോൾ 5019 അംഗങ്ങളാണുള്ളത്. നല്ലരീതിയിൽ പ്രവർത്തിച്ചുവന്ന ഈ സ്ഥാപനത്തിന്റെ ഇപ്പോഴത്തെ സ്ഥിതി പരിതാപകരമാണ്. മുൻകാല കടവും, വായ്പ എടുത്തവർ തിരിച്ചടയ്ക്കാതിരിക്കുന്നതുമാണ് ഈ അവസ്ഥയ്ക്കു പ്രധാന കാരണങ്ങൾ. ഇന്ന് 7,61,773 രൂപ നഷ്ടത്തിലാണ് പഞ്ചായത്തിലെ ഈ ഏക ക്രെഡിറ്റ് സ്ഥാപനം. രണ്ടു സ്ഥിരം ജീവനക്കാരും ഒരു താൽക്കാലിക ജീവനക്കാരനുമുണ്ട്. ഇന്നത്തെ പരിതാപകരമായ അവസ്ഥ ദൂരീകരിക്കാൻ, സഹകരണ ബാങ്കിനെ വിഭജിക്കുകയും ഒന്നു മുതൽ 5 വരെ വാർഡുകൾക്ക് ഒരു ക്രെഡിറ്റ് സൊസൈറ്റി ആരംഭിക്കുകയും വേണം.

നാല് ക്ഷീരസഹകരണസംഘങ്ങളുടെ താരതമ്യേന നല്ലരീതിയിലുള്ള പ്രവർത്തനം സഹകരണ രംഗത്ത് പലതും ചെയ്യാൻ പ്രേരണ നൽകുന്നുണ്ട്. നമ്മുടെ നാട്ടിലെ പാൽ ഉല്പാദനത്തിന്റെ നാലിൽ മൂന്നുഭാഗവും ഈ സംഘങ്ങൾ വഴിയാണ് വിറ്റഴിക്കുന്നത്. നാല് സംഘങ്ങളിലായി 1,71,444.800 ലിറ്റർ പാൽ സംഭരിക്കുന്നുണ്ട്. ഇതിൽ 99,753.600 ലിറ്റർ പ്രാദേശിക വില്പനയ്ക്കാണ് ഉപയോഗിക്കുന്നത്. മിൽമയ്ക്ക് ഈ പഞ്ചായത്തിൽ നിന്നും 70,691.200 ലിറ്റർ പാൽ മാത്രമാണു നൽകുന്നത്. 50000 ലിറ്റർ പാൽ ഈ ക്ഷീര സഹകരണസംഘങ്ങളിൽ വരാതെ തന്നെ വിറ്റഴിയുന്നുണ്ട്. ഒരുവർഷം നമ്മുടെ പഞ്ചായത്തിൽ 2,21,445 ലിറ്റർ പാൽ ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്. ഉല്പാദനക്ഷമത കൂടിയ കാലിവർഗ്ഗങ്ങളെ സഹകരണാടിസ്ഥാനത്തിൽ വളർത്തിയാൽ നമ്മുടെ നാട്ടിലെ പാലിന്റെ ക്ഷാമം ഇല്ലാതാക്കാൻ കഴിയുന്നതാണ്.

കാഞ്ഞിരംകുഴി ആസ്ഥാനമായി 1959 -ൽ സ്ഥാപിച്ച ഒരു കോക്കനട്ട് പ്രോസ്സസിംഗ് & മാർക്കറ്റിംഗ് സഹകരണസംഘം മാത്രമാണ് നിലവിലുള്ളത്. 694 അംഗങ്ങളോടുകൂടി തൃക്കരുവാ, തൃക്കടവൂർ, പെരിനാട്, മൺട്രോത്തുരുത്ത്, കുണ്ടറ എന്നി പഞ്ചായത്തുകൾ പ്രവർത്തനപരിധിയായി പ്രവർത്തിക്കുന്ന പ്രസ്തുത സംഘത്തിന്റെ ഇന്നത്തെ അവസ്ഥ തുലോം പരിതാപകരമാണ്. പിരിഞ്ഞു കിട്ടിയ ഓഹരിമൂലധനവും സർക്കാർ ഓഹരിമൂലധനവും കൂടി 8,01,330 രൂപ പ്രവർത്തനമൂലധനമുള്ള സംഘത്തിന് ഇപ്പോൾ 1,15,604 രൂപ 93 പൈസ കടമുണ്ട്. നിക്ഷേപങ്ങളൊന്നുമില്ലാത്ത സംഘം ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

നമ്മുടെ പഞ്ചായത്തിലെ മൂന്ന് ഹൈസ്ക്കൂളും ഒരു യു.പി. സ്ക്കൂളും കേന്ദ്രീകരിച്ച് നാല് സ്ക്കൂൾ സഹകരണസംഘങ്ങളാണ് പ്രവർത്തിക്കുന്നത്. സ്ക്കൂൾ സഹകരണ സംഘങ്ങൾ വഴി പുസ്തകങ്ങൾ മാത്രമാണ് വിൽക്കപ്പെടുന്നത്. പുസ്തകങ്ങൾക്ക് പുറമേ കുറഞ്ഞവിലയ്ക്ക് നോട്ടുബുക്കുകളും പേപ്പർ, പേന, പെൻസിൽ തുടങ്ങി അത്യാവശ്യ സാധനങ്ങളും നൽകുവാൻ വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. ഈ നാല് സംഘങ്ങളും ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. (പട്ടിക 2 നോക്കുക).

പട്ടിക 2 – സ്ക്കൂൾ സഹകരണസംഘങ്ങൾ

| നമ്പർ | പേര് | ആരംഭിച്ച വർഷം | പ്രവർത്തന പരിധി | അംഗങ്ങ | ഓഹരി മൂലധനം (രൂപ) | പ്രവർത്ത മൂലധനം (രൂപ) |
|---|---|---|---|---|---|---|
| 1 | എസ്. എൻ. വി. എസ്. എച്ച്. എസ്. സഹകരണസംഘം ക്യു. 564 | 1976 | ടി. സ്ക്കൂളും സമീപ പ്രൈമറി സ്ക്കൂളുകളും | 154 | 20000 | 1685.77 |
| 2 | ഇഞ്ചവിള യു.പി.എസ്. സഹകരണ സംഘം ക്യു 628 | 1976 | ടി. സ്ക്കൂളും സമീപ പ്രൈമറി സ്ക്കൂളുകളും | 603 | 20000 | 1324 |
| 3 | അഷ്ടമുടി ഹൈസ്ക്കൂൾ സഹകരണ സംഘം ക്യു. 521 | 1976 | ടി. സ്ക്കൂളും സമീപ പ്രൈമറി സ്ക്കൂളുകളും | 3037 | 20000 | 23831 |
| 4 | എൻ. എസ്. എസ്. എച്ച്. എസ്. സഹകരണസംഘം ക്യു. 722 | 1976 | ടി. സ്ക്കൂളും സമീപ പ്രൈമറി സ്ക്കൂളുകളും | 758 | 20000 | 11261 |

ഈ പഞ്ചായത്തിൽ ആകെ 14 കയർവ്യവസായ സഹകരണസംഘങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. നമ്മുടെ പരമ്പരാഗത വ്യവസായമായ കയർ ഇന്ന് കരകയറാൻ കഴിയാത്ത ദുരവസ്ഥയെ അഭിമുഖീകരിക്കുകയാണ്. കയറുല്പന്നത്തിന് ആവശ്യമായ അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യമാണ് മുഖ്യ കാരണം. പച്ചത്തൊണ്ടിൽ നിന്ന് ചകിരി ഇവിടെ ത്തന്നെ ഉല്പാദിപ്പിക്കുകയാണെങ്കിൽ ഈ ദുരവസ്ഥ ഒരു പരിധിവരെ ദുരീകരിക്കുവാൻ സാധിക്കും. കയറുല്പാദനത്തിനോടൊപ്പംതന്നെ ഈ സഹകരണ സംഘങ്ങളിൽ കയറുല്പന്നങ്ങൾകൂടി നിർമ്മിക്കുകയും അവയ്ക്ക് വിപണികണ്ടെത്തുകയും ചെയ്താൽ സംഘങ്ങളെ നഷ്ടത്തിൽ നിന്നും മോചിപ്പിക്കുവാൻ സാധിക്കും. ഞാറയ്ക്കൽ 290 ാം നമ്പർ സംഘവും, ഞാറയ്ക്കൽ ഈസ്റ്റ് 638 ാം നമ്പർ സംഘവും, നടുവിലച്ചേരി,വടക്കേക്കര 2910ം നമ്പർ സംഘവും പ്രാക്കുളം ഈസ്റ്റ് 639 ാം നമ്പർ സഹകരണ സംഘവും മാത്രമാണ് ഇന്ന് താരതമ്യേന പ്രവർത്തന ക്ഷമമായിട്ടുള്ളത്. ഇവ നാലും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്, എങ്കിലും ഇപ്പോൾ യന്ത്രവത്കൃത റാട്ടുകൾ ഉപയോഗിക്കുന്നതിനുള്ള പരിശീലനം നൽകിവരികയാണ്. മറ്റ് പത്ത് സംഘങ്ങളും പ്രവർത്തനരഹിതമാണ്. ഈ സംഘങ്ങളെയെല്ലാം അമാൽഗമേറ്റ് ചെയ്ത് പ്രവർത്തനം ത്വരിതപ്പെടുത്തി ലാഭകരമാക്കി മാറ്റാവുന്നതാണ്. ആവഴിക്കുള്ള പ്രവർത്തനത്തിന് പഞ്ചായത്ത് മുൻകൈയെടുക്കേണ്ടതാണ്.

തൃക്കരുവാ പഞ്ചായത്തിലുള്ള ഏക വനിതാ സഹകരണസംഘമായ അഞ്ചാലുംമൂട് ബ്ളോക്ക് വനിതാ സഹകരണസംഘം നമ്പർ ക്യൂ 954 തൃക്കരുവ, തൃക്കടവൂർ പഞ്ചായത്തുകൾ പ്രവർത്തന പരിധിയായി 1988 -ൽ 104 അംഗങ്ങളോടും 33538 രൂപ പ്രവർത്തനമൂലധനത്തോടുംകൂടി പ്രവർത്തനം ആരംഭിച്ചു. എന്നാൽ ഇപ്പോൾ പ്രവർത്തനം ഇല്ല. ആകെ 9 സംഘങ്ങൾ പ്രവർത്തനരഹിതമായിട്ടുണ്ട്. (പട്ടിക - 3 നോക്കുക)

പഞ്ചായത്തിന്റെ മൊത്തത്തിലുള്ള പുരോഗതിക്ക് സഹകരണസ്ഥാപനങ്ങളുടെ സംഭാവന തുലോം പരിമിതമാണ്.

## പ്രശ്നങ്ങൾ

- ❑ കയർ സഹകരണ സംഘങ്ങളുടെ ശോചനീയമായ അവസ്ഥ
- ❑ കുറഞ്ഞ തൊഴിൽദിനങ്ങളും കുറഞ്ഞ കൂലിയും
- ❑ സാമ്പത്തിക കെടുകാര്യസ്ഥത
- ❑ അസംസ്കൃത സാധനമായ തൊണ്ട്, ചകിരി എന്നിവയുടെ ലഭ്യതക്കുറവ്
- ❑ കയർഫെഡിൽനിന്നും യഥാസമയം കയറിനു വിലലഭിക്കുന്നില്ല

പട്ടിക - 3

പ്രവർത്തനരഹിതമായ സംഘങ്ങൾ

| നമ്പർ | സംഘത്തിന്റെ പേർ |
|---|---|
| 1. | അഞ്ചാലുംമൂട് വനിതാ സഹകരണസംഘം No. Q954 |
| 2. | അഷ്ടമുടി വാർഡ് മാച്ച് ഇൻഡസ്ട്രിയൽ സഹകരണസംഘം No. KVIND (Q) 256 |
| 3. | തൃക്കരുവ വില്ലേജ് വ്യവസായ സഹകരണ സംഘം C 111 |
| 4. | ഞാറയ്ക്കൽ വ്യവസായ സഹകരണസംഘം Q 131. |
| 5. | തൃക്കരുവ കൺസ്യൂമർ സഹകരണസംഘം Q 946 |
| 6. | പ്രാക്കുളം ലേബർ കോൺട്രാക്ട് സഹകരണസംഘം Q1273 |
| 7. | കൊല്ലം ജില്ലാ ലേബേഴ്സ് & ടെക്നീഷ്യൻസ് ലേബർ കോൺട്രാക്ടേഴ്സ് സഹകരണസംഘം Q 1029 |
| 8. | തെക്കേച്ചേരി ഖാദി വില്ലേജ് ഇൻഡസ്ട്രീസ് സഹകരണ സംഘം Q 112 CIND |
| 9. | തൃക്കരുവാ ഹരിജൻ സഹകരണസംഘം Q908 |

- ഭരണസമിതികളുടെ പിടിപ്പുകേട്.
- പാല് ആവശ്യത്തിനു ലഭിക്കാത്തതുകൊണ്ട് ക്ഷീരോല്പാദകസഹകരണ സംഘങ്ങളുടെ നില മെച്ചപ്പെടുന്നില്ല.
- വിദ്യാർത്ഥികൾക്ക് ആവശ്യമുള്ള എല്ലാ സാധനങ്ങളും സ്കൂൾ സൊസൈറ്റികൾവഴി കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്നില്ല.

## ഗ്രാമസഭകളിൽ ലഭ്യമായതും അടുത്ത അഞ്ചു വർഷംകൊണ്ട് സഹകരണമേഖലയിൽ പ്രാവർത്തികമാക്കേണ്ടതുമായ നിർദ്ദേശങ്ങൾ

- ഒരു കൈത്തറിസഹകരണസംഘം ആരംഭിക്കുക
- ചെമ്മീൻ, മത്സ്യസംസ്കരണസംഘം ആരംഭിക്കുക
- തെക്കേച്ചേരിയിൽ ഒരു ക്ഷീരവ്യവസായ സഹകരണസംഘം ആരംഭിക്കുക
- സഹകരണമേഖലയിൽ മത്സ്യ, പച്ചക്കറിസ്റ്റാൾ ആരംഭിക്കുക
- ഹോളോബ്രിക്സ്, റബർ പ്ലാസ്റ്റിക് അനുബന്ധ വ്യവസായങ്ങൾ, കോട്ടൺ നൂൽ എന്നിവയുടെ ഉല്പാദനം സഹകരണമേഖലയിൽ ആരംഭിക്കുക.
- കൺസ്യൂമർ, ബാങ്കിംഗ് വ്യവസായമേഖലകളിൽ പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ ആരംഭിക്കുക.
- സഹകരണമേഖലയിൽ ഒരു വ്യവസായ യൂണിറ്റ് സ്ഥാപിക്കുക
- ഒരു ഫുഡ് പ്രോസസ്സിംഗ് യൂണിറ്റ് സഹകരണ മേഖലയിൽ ആരംഭിക്കുക.
- റെഡിമെയ്ഡ് വസ്ത്രനിർമ്മാണശാല സഹകരണമേഖലയിൽ ആരംഭിക്കുക
- മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനായി സഹകരണമേഖലയിൽ ഒരു കോൾഡ്സ്റ്റോറേജ് സ്ഥാപിക്കുക.
- കരകൗശലവസ്തുക്കളുടെ നിർമ്മാണവും വിപണനവും മുന്നിൽക്കണ്ട് സഹകരണമേഖലയിൽ ഒരു കരകൗശലയൂണിറ്റ് ആരംഭിക്കുക
- തൃക്കരുവാ പഞ്ചായത്തിൽ ഇപ്പോൾ ഉള്ള ഏക വായ്പാസംഘമാണ് ലക്ഷ്മി വിലാസം ബാങ്ക്. പക്ഷെ ഇതുവഴി പഞ്ചായത്തിലെ ജനങ്ങൾക്ക് പൂർണ്ണമായി വായ്പാസൗകര്യം ലഭിക്കുന്നില്ല. ആയതിനാൽ 1 മുതൽ 5 വരെയുള്ള വാർഡുകളെ കേന്ദ്രീകരിച്ച് കാഞ്ഞിരംകുഴിയിൽ ഒരു വായ്പാ സഹകരണസംഘംകൂടി ആരംഭിക്കുക.
- അഞ്ചാലുംമൂട്ടിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉൾനാടൻ മത്സ്യസഹകരണസംഘത്തിൽ ഉൾപ്പെട്ടതാണ് നമ്മുടെ പഞ്ചായത്ത്. എന്നാൽ പ്രസ്തുത സംഘം പ്രവർത്തനരഹിതമാണ്. പ്രസ്തുത സംഘം നിയമാവലി പ്രകാരം പ്രവർത്തനക്ഷമമാക്കുക.
- മണലിക്കട, പ്രാക്കുളം എന്നീ പ്രദേശങ്ങൾ ഉൾക്കൊള്ളിച്ച് ആരംഭിക്കുന്ന മത്സ്യബന്ധന സഹകരണസംഘത്തിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തുക
- ക്ഷീരോത്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഉത്പാദനക്ഷമതകൂടിയ പശുക്കളെ വളർത്തുന്നതിന് സാമ്പത്തിക സഹായം പഞ്ചായത്തിൽ നിന്നും നൽകുക. ഒരുവർഷം 1000 രൂപ വീതം 200 പേർക്ക് നൽകുക. അടുത്ത 5 വർഷംകൊണ്ട് 1000 പേർക്ക് സഹായം നൽകാൻ സാധിക്കും ഇവരെയുൾപ്പെടുത്തി സഹകരണസംഘങ്ങൾ ഉണ്ടാക്കുകയും ടി സംഘങ്ങൾ മുഖാന്തിരം ഉല്പാദനം വർദ്ധിപ്പിക്കുവാൻ സാധിക്കുകയും ചെയ്യും.
- കയർ സഹകരണസംഘങ്ങൾക്ക് മതിയായ സാമ്പത്തിക സഹായം നൽകുകയും അസംസ്കൃത സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുകയും ചകിരി ശേഖരിച്ച് കുറഞ്ഞവിലയ്ക്ക് നൽകുകയും ചെയ്യുക.
- സ്കൂൾ സൊസൈറ്റികൾക്ക് കുറഞ്ഞവിലയ്ക്ക് സാധനങ്ങൾ നൽകുക.
- കേരഫെഡിൽ നിന്നും കൊപ്രാസഹകരണ സംഘത്തിന് യഥാസമയം വില ലഭ്യമാക്കുക.
- നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഡയറി എക്സ്റ്റൻഷൻ ഓഫീസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക. ഉല്പാദനക്ഷമത കൂടിയ പശുക്കളേയും അവയുടെ കുട്ടികളേയും അവയുടെ സംരക്ഷണത്തിനാവശ്യമായ ഔഷധങ്ങളും ശുഷ്കാന്തിയോടെ വിതരണം ചെയ്തു പ്രവർത്തിക്കുക.

> ചെടികളും ലതകളും ഒരിക്കലും അവയുടെ പൂക്കളെ ഒളിച്ചുവയ്ക്കാറില്ല. അതുപോലെ മനുഷ്യനും ഒന്നും ഒളിച്ചുവയ്ക്കാതിരിക്കുക. തന്റെ ആവശ്യം കഴിഞ്ഞു ഉള്ളവ മറ്റുള്ളവർക്കായി പങ്കിടുക
>
> – രാമകൃഷ്ണപരമഹംസൻ

# 5.11 പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

വളരെക്കാലം അടിച്ചമർത്തപ്പെട്ട ഒരു ജനത. നിരവധികാലം ചൂഷണത്തിനു വിധേയമായിരുന്ന ഒരു വിഭാഗം. ഭൂപരിഷ്കരണനിയമത്തിന്റെ ആനുകൂല്യത്താൽ കിടികിടപ്പവകാശവും മിച്ചഭൂമിയുടെ ലഭ്യതയും മൂലം ഒരു പരിധിവരെ സാമൂഹിക പുരോഗതി കൈവരിക്കാൻ ഈ വിഭാഗത്തിനു കഴിഞ്ഞിട്ടുണ്ട്.

മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്നും പൂർണ്ണമായും മോചനം നേടാൻ കഴിഞ്ഞിട്ടുണ്ട്. ''ജാതിഭേദം മതദ്വേഷമേതുമില്ലാതെ സർവരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത്'' എന്ന ഗുരുദേവന്റെ വാക്കുകകൾ അന്വർത്ഥമാക്കുമാറ് ഇവർ എല്ലാ ജാതിമതസ്ഥരുടേയും എല്ലാത്തരം ചടങ്ങുകളിലും പങ്കെടുക്കുകയും സാമൂഹ്യക്ഷേമത്തിനായി പ്രയത്നിക്കുകയും ചെയ്തുവരുന്നു.

വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുന്നതിനു ഈ വിഭാഗത്തിനു കഴിഞ്ഞിട്ടില്ല.

ഈ വിഭാഗത്തിന്റെ ഉയർച്ചയ്ക്കുവേണ്ടി സർക്കാർ നടപ്പിലാക്കിവരുന്ന പല പദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനു കഴിഞ്ഞിട്ടില്ലായെന്ന സത്യം അവശേഷിക്കുന്നു.

എങ്കിലും സർക്കാർ നൽകുന്ന നിരവധി ആനുകൂല്യങ്ങൾ ഈ വിഭാഗത്തിന് ഭാഗികമായ നേട്ടങ്ങൾ കൈവരിക്കാൻ സഹായമായിട്ടുണ്ട്. പ്രത്യേകിച്ചും എങ്കിലും നിരവധി പ്രശ്നങ്ങൾ അവശേഷിക്കുന്നു.

ഈ ഗ്രാമത്തിൽ ഇവർക്കായി പ്രത്യേകം കോളനികൾ ഉണ്ട്. കൂടാതെ ഒറ്റപ്പെട്ട കുടുംബങ്ങളായും അധിവസിക്കുന്നുണ്ട്. ഇപ്രകാരം താമസിക്കുന്നവർക്കു കോളനിവാസികൾക്കു സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ പലതും ലഭിക്കാതെപോകുന്നു. ഇവർക്കു വൈദ്യുതിയും കുടിവെള്ളവും മറ്റു പ്രാഥമിക സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നതിൽ പഞ്ചായത്ത് ഊന്നൽ നൽകേണ്ടതാണ്.

ഈ പഞ്ചായത്തിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട പത്തുപേർ രണ്ടു കുടുംബങ്ങളിലായി താമസിച്ചു വരുന്നു.

### കോളനികളുടെ പട്ടിക

| വാർഡ് നമ്പർ | കോളനിയുടെ പേര് | വീടുകളുടെ എണ്ണം |
|---|---|---|
| 1 | അഷ്ടമുടി ജയന്തി കോളനി | 27 |
| 3 | ജയന്തി കോളനി | 42 |
| 4 | പാവൂർ കോളനി | 10 |
| 5 | എലുമല കോളനി* | 25 |
| 4 | മണ്ണൂച്ചിറ കോളനി* | 12 |
| 5 | കരുവാഴത്തു കോളനി | 12 |
| 8 | മാമ്പുഴ കോളനി | 11 |
| 3 | കൊട്ടാരത്തിൽ ഹരിജൻ കോളനി | 17 |
| 7 | തിനവിള കോളനി* (തെക്കേച്ചേരി ലക്ഷംവീട്) | 40 |
| 7 | വന്മള ലക്ഷംവീട് കോളനി | 25 |
| 6 | മണലിക്കട ലക്ഷംവീട് കോളനി | 10 |
| 7 | താഴെവിളമേലേവിള കോളനി* | 30 |
| 10 | സാമ്പ്രാണിക്കോടി ഹരിജൻകോളനി* | 52 |
| 10 | ലക്ഷംവീട് ഹരിജൻ കോളനി* | 19 |
| 10 | സെറ്റിൽമെന്റ് കോളനി, പ്രാക്കുളം* | 13 |
| 7 | തോട്ടുമുഖം കോളനി | 14 |
| 4 | മുളയ്ക്കൽ, ഇഞ്ചവിള* | 12 |

* സർക്കാർ അംഗീകാരം ലഭിച്ച കോളനികൾ

കലാ–സാംസ്കാരിക രംഗത്ത് തിളങ്ങിയിട്ടുള്ള പലരും ഈ വിഭാഗത്തിൽ ഉണ്ട്. അതിൽ സീതകളി യിൽ പ്രാവീണ്യം നേടിയ പള്ളിത്താഴതിൽ ശ്രീമാൻ കുഞ്ഞോല (85)യുടെ പേര് പ്രത്യേകം പ്രസ്താവ്യമാണ്. കായികരംഗത്ത് അഭിമാനാർഹമായ നേട്ടം കൈവരിച്ച ശ്രീമാൻ രഘുനാഥന്റെ പേരും ഇത്തരുണത്തിൽ സ്മരണിയമാണ്.

## വിദ്യാഭ്യാസം

കുട്ടികളെക്കൊണ്ട് വിദ്യാഭ്യാസം ചെയ്യിക്കുന്നതി നുപകരം കുട്ടികളെക്കൊണ്ട് ജോലിചെയ്യിപ്പിക്കുന്ന തിൽ താല്പര്യമാണ് പൊതുവെ ഇവരിൽ കാണപ്പെടു ന്നത്.

SSLC യ്ക്കുശേഷം പഠിക്കുന്നതിനു പലകുട്ടിക ളും താല്പര്യം കാണിക്കുന്നില്ല. രക്ഷാകർത്താക്കളുടെ താല്പര്യക്കുറവും ഇതിലുണ്ട്. കുടുംബങ്ങളുടെ പരാ ധീനതകൾ ഒരു പരിധിവരെ വിദ്യാഭ്യാസത്തിനു തടസ്സ മായിനിൽക്കുന്നു.

എങ്കിലും ഈ പഞ്ചായത്തിൽ ഈ വിഭാഗത്തിൽ 2 എഞ്ചിനീയറിംഗ് ബിരുദധാരികളും ഒരു മൃഗഡോ ക്ടറും, 2 അഗ്രിക്കൾച്ചറൽ ബിരുദധാരികളുമുണ്ട്.

## തൊഴിൽ

പട്ടികജാതി – പട്ടികവർഗ്ഗ കുടുംബങ്ങളിൽ ഭൂരിപക്ഷവും മുൻകാലങ്ങളിൽ കാർഷികമേഖലയിൽ തൊഴിലെടുത്ത് ഉപജീവനം നടത്തിയിരുന്നവരായി രുന്നു. എന്നാൽ അടുത്തകാലത്തായി കാർഷികമേഖ ലയിൽ വന്ന തകർച്ച ഈ വിഭാഗത്തിനു തൊഴിൽ നഷ്ടപ്പെടുകയും തുടർന്ന് മറ്റു മേഖലകളിലേക്ക് പോകുവാൻ നിർബന്ധിതരാകുകയും ചെയ്തു. ഇതിൽ ഭൂരിഭാഗവും കയർരംഗത്തേക്കും കെട്ടിടനിർ മ്മാണരംഗത്തും ഉള്ള തൊഴിൽ മേഖലകളിൽ വ്യാപൃ തരായി.

## പ്രശ്നങ്ങൾ

- വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. കോളനി കളിൽ നിരക്ഷരത. വിദ്യാർത്ഥികൾ കൊഴിഞ്ഞു പോകുന്നു.
- ജിവിതം കൂടുതൽ പ്രതിസന്ധിയിലേക്ക് നീങ്ങുന്നു.
- എല്ലാവർക്കും സ്വന്തമായി വീടില്ല
- വീടുവയ്ക്കാന് സ്ഥലമില്ല
- വീടുവയ്ക്കാൻ നൽകുന്ന ധനസഹായംകൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ വരുന്നു. സഹായം പലപ്പോഴും ദുർവിനിയോഗം ചെയ്യുന്നു
- പൂർണ്ണമായ പ്രാഥമിക സൗകര്യങ്ങൾ ഇല്ല
- കൈവശഭൂമിയ്ക്കുപട്ടയം ലഭിച്ചിട്ടില്ല
- കോളനികൾ പൂർണ്ണമായും വൈദ്യുതീകിച്ചിട്ടില്ല
- കോളനികളിൽ കുടിവെള്ളം ആവശ്യത്തിനില്ല
- ആരോഗ്യസംവിധാനം കാര്യക്ഷമമല്ല
- മിക്ക കോളനികളിലും സാംസ്ക്കാരികമായ അവ ബോധം കുറഞ്ഞുവരുന്നു
- ഐ. ആർ. ഡി. പി. പദ്ധതികളുടെയും മറ്റ് സഹാ യപദ്ധതികളുടെയും ഗുണഫലങ്ങൾ പ്രത്യക്ഷ ത്തിൽ കാണുന്നില്ല.
- പട്ടികജാതി/പട്ടികവർഗ്ഗ വികസനകോർപ്പറേ ഷനും പട്ടിക ജാതി/പട്ടികവർഗ്ഗ ക്ഷേമവകുപ്പും അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് നൽകുന്ന വായ്പകളും ധനസഹായവും ലക്ഷ്യപ്രാപ്തിയിലെ ത്തുന്നില്ല.
- പട്ടികവർഗ്ഗത്തിൻെറ ക്ഷേമത്തിനായി നടപ്പാക്കു ന്ന പദ്ധതികളെ സംബന്ധിച്ച അറിവ് വേണ്ടത്ര ഇല്ല.
- പരമ്പരാഗത വ്യവസായമായ കയർ രംഗത്ത് തൊഴിൽ കുറഞ്ഞുവരുന്നു
- കാർഷിക മേഖലയിൽ തൊഴിൽ സാദ്ധ്യത വിരള മാകുന്നു.

## ശ്രദ്ധപതിയേണ്ട നിർദ്ദേശങ്ങൾ

- കാർഷിക മേഖലയും, കയർമേഖലയും അഭിവൃദ്ധി പ്പെടുത്തി, തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക
- പട്ടികജാതി – പട്ടികവർഗ്ഗ സൊസൈറ്റി സ്ഥാപി ക്കുക
- പഞ്ചായത്ത് കോളനികളിലെ പെൺകുട്ടികളെ തൊഴിൽ പരിശീലിപ്പിക്കുകയും അവരുടെ സഹക രണസംഘങ്ങൾ രൂപീകരിക്കുകയും ചെയ്യുക.

- കുടിവെള്ളമെത്താത്ത കോളനികളിലും - പട്ടികജാതി/പട്ടികവർഗ്ഗ കുടുംബക്കാർ താമസിക്കുന്ന മറ്റു ഭാഗങ്ങളിലും പൂർണ്ണമായും കുടിവെള്ളമെത്തിക്കുക.
- വൈദ്യുതിപ്രശ്നം പരിഹരിക്കുക.
- എല്ലാ കോളനികളിലും പ്രാഥമിക കാര്യങ്ങൾക്കുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുക. ഒപ്പം ശുചീകരണത്തെപ്പറ്റി ബോധവൽക്കരണം നടത്തുക.
- സഹകരണമേഖലയിൽ ഒരു ഹോളോബ്രിക്സ് യൂണിറ്റ് ആരംഭിക്കുക.
- ഇപ്പോൾ പട്ടികജാതി/പട്ടികവർഗ്ഗക്കാരായ അഭ്യസ്തവിദ്യർക്കു സർക്കാർ ഏജൻസികൾ നൽകി വരുന്ന വായ്പകളും, സഹായധനങ്ങളും ഏകോപിപ്പിച്ച് പഞ്ചായത്തുമുഖേന വിതരണം ചെയ്യുക.
- വ്യവസായ പരിശീലനം നൽകുകയും പരിശീലനം ലഭ്യമായവർക്ക് വ്യവസായം തുടങ്ങാൻ ആവശ്യമായ വായ്പ പൂർണ്ണമായും അനുവദിക്കുകയും ചെയ്യുക. വായ്പകൾ ഉദ്ദേശിച്ച കാര്യത്തിനുതന്നെ ഉപയോഗിക്കുന്നുണ്ടോയെന്നു പരിശോധിക്കുകയും, വായ്പകൾ ദുരുപയോഗം ചെയ്യുന്നത് തടയുകയും ചെയ്യുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിനു നൽകുക.
- വീടുനിർമ്മാണത്തിനുള്ള സഹായം വർദ്ധിപ്പിക്കുക. വീടിൻെറ സൗകര്യം വർദ്ധിപ്പിക്കുന്നതിനു ഉപഭോക്താക്കൾക്ക് അനുവാദം കൊടുക്കുക.
- വീട് പുതുക്കിപ്പണിയുന്നതിനും, അറ്റകുറ്റപ്പണികൾക്കും പലിശരഹിതവായ്പകൾ ലളിതമായ വ്യവസ്ഥയിൽ നടപ്പിലാക്കുക.
- എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പഞ്ചായത്ത് സമിതികളെ ചുമതലപ്പെടുത്തുക.
- പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ഇപ്പോൾ സർക്കാർ നൽകുന്ന വിവിധ സഹായസഹകരണങ്ങളുടെ തോത് വർദ്ധിപ്പിക്കുക. ഉദാ. തൊഴിലിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടത്തിൽപ്പെട്ടു മരിക്കുന്നവരുടെ കുടുംബങ്ങൾക്ക് ഇപ്പോൾ നൽകി വരുന്ന സാമ്പത്തിക സഹായം.
- സാമൂഹ്യനീതി ഉറപ്പാക്കുക.
- കോളനിപുരയിടങ്ങളിലെ മണ്ണൊലിപ്പ് തടയുന്നതിന് ആവശ്യമായ നടപടികൾക്ക് രൂപം നൽകുക.
- പട്ടികജാതി വികസനവകുപ്പിൻെറ സഹായത്തോടെ 3 മുതൽ 5 വരെ പ്രായമുള്ള കുട്ടികൾക്ക് ബാലവാടികളും നഴ്സറികളും കോളനികളിൽ ഏർപ്പെടുത്തുക. ഇത് രണ്ടോ മൂന്നോ കോളനികൾക്ക് സംയുക്തമായിട്ടും ചെയ്യാവുന്നതാണ്.
- പഞ്ചായത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഒരു സ്ക്കൂൾ സ്ഥാപിക്കുക.
- പട്ടികജാതിയിലുള്ള കായിക - കലാ അഭിരുചിയുള്ള കുട്ടികളെ പ്രോത്സാഹിക്കുന്നതിനായി ഒരു റിവോൾവിംഗ് ഫണ്ട് സ്വരൂപിക്കുകയും അവർക്കു വേണ്ട പരിശീലനം നൽകുകയും ചെയ്യുക.
- 5 മുതൽ 10 വരെയുള്ള സ്റ്റാൻഡേർഡുകളിൽ ഒരു പ്രീ മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുക.
- കോളനികളിൽ ബോധവൽക്കരണ ക്ലാസ്സുകൾ ആരംഭിക്കുകയും അതിനോനുബന്ധിച്ച് ടി. വി. സെറ്റുകൾ സ്ഥാപിക്കുകയും ചെയ്യുക.
- അഭ്യസ്തവിദ്യരായവരുടെ സേവനം കോളനികളിലെ വിദ്യാഭ്യാസനിലവാരം ഉയർത്താൻ പ്രയോജനപ്പെടുത്തുക.
- എസ്സ്. എസ്സ്. എൽ. സി. വരെയും തുടർന്നും പഠനം നടത്തുന്നതിന് പ്രോത്സാഹനം നൽകുന്നതിനു ആവശ്യമായ പദ്ധതികൾ ഗ്രാമപഞ്ചായത്ത് ആസൂത്രണം ചെയ്യുക.
- വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാൻറ്, സ്റ്റൈപൻഡ് എന്നിവ കാലോചിതമായി വർദ്ധിപ്പിക്കുക.
- ഖാദി സഹകരണസംഘം രൂപീകരിക്കുക.
- ഒരു വനിതാ സഹകരണ സംഘം രൂപീകരിക്കുക
- ഒരു വീട്ടിൽ പാർക്കുന്ന ഒന്നിലധികം കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുക. അതിനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുക.

> കേന്ദ്രത്തിലിരിക്കുന്ന ഇരുപതാളുകളാൽ നിർവ്വഹിക്കപ്പെടാവുന്നതല്ല ശരിയായ ജനായത്തം. അത് ഒരോ ഗ്രാമ ത്തിലേക്കും ജനങ്ങളാൽ താഴെനിന്ന് നിർവ്വഹിക്കപ്പെടണം
>
> – ഗാന്ധിജി

# 5.12 വിഭവസമാഹരണം

ഒരു നാടിന്റെ സമ്പത്ത് അവിടുത്തെ ഭൂമിയും പ്രകൃതിവിഭവങ്ങളുമാണെങ്കിൽ ഈ സമ്പത്തിന്റെ ഉപഭോഗം നമ്മുടെ പഞ്ചായത്തിൽ ഇനിയും നടന്നു കാണുന്നില്ല. വിഭവസമാഹരണത്തിനുതകുന്ന ഫല പുഷ്ടമായ ഭൂമിയിൽ ഏറിയപങ്കും കാര്യമായ ഒരു കൃഷിയും ഇല്ലാതെ ഇട്ടിരിക്കുന്നു അഭ്യസ്തവിദ്യരായ യുവതീയുവാക്കളുടെ അദ്ധ്വാനശേഷി ഇവിടെ മുരടിക്കുന്നു. തൊഴിലില്ലായ്മ വർദ്ധിച്ചിരിക്കുന്നു. 18.33 ച. കി. മീറ്റർ വിസ്തീർണ്ണമുള്ള 25,891ൽ പരം ജന ങ്ങൾ അധിവസിക്കുന്ന തീര ദേശമായ ഈ ഗ്രാമം അഷ്ടമുടിക്കായലിന്റെ തീരത്ത് സ്ഥിതി ചെയ്യുന്ന തിനാൽ ഇവിടുത്തെ ജനങ്ങളുടെ പ്രധാനതൊഴിൽ കയർസംബന്ധവും പരമ്പരാഗത രീതിയിലുള്ള മത്സ്യ ബന്ധനവും വിപണനവും നാമമാത്രമായ കൃഷിയും മറ്റു കൂലിപ്പണികളുമാണ്.

ഒരു പ്രദേശത്തിന്റെ വികസനത്തിന് ആക്കംകൂട്ടു ന്നതരത്തിലുള്ള വ്യവസായങ്ങളും അതുവഴി തൊഴിൽ സാദ്ധ്യതകളും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർ ത്തനങ്ങൾ ഇനിയും നടത്തേണ്ടിയിരിക്കുന്നു. ഇതു സാദ്ധ്യമാകാതെ വിഭവസമാഹരണത്തിനുള്ള വഴികൾ വിരളമാണ്. കയർ രംഗവും മത്സ്യബന്ധനവും ഇന്ന് പ്രതിസന്ധിയിലാണ്. കാർഷികരംഗത്ത് കാര്യമായ ഒരു പുരോഗതിയും ലഭിച്ചിട്ടില്ല. ഈരംഗത്ത് ചിലവഴി ക്കേണ്ടിയിരുന്ന വൻ തുകകളുടെ ദുരുപയോഗം മൂലം പദ്ധതികൾ കടലാസിൽ മാത്രം പൂർത്തീകരി ക്കപ്പെട്ടിരിക്കുന്നു. പ്രധാന കൃഷിയായിരുന്ന തെങ്ങ് കാറ്റുവീഴ്ചയും മറ്റു രോഗങ്ങളും കാരണം നാശത്തെ നേരിട്ടുകൊണ്ടിരിക്കുന്നു. ഇതിന് അടിയന്തിരമായി പരിഹാരം കാണേണ്ടതാണ്. തെങ്ങുകൃഷിയുടെ തകർച്ച കയർ വ്യവസായത്തെ ബാധിച്ചു. അസം സ്കൃത വസ്തുവായ തൊണ്ടിനു ക്ഷാമമായി. പുറം നാട്ടിൽനിന്നുവരുന്ന ചകിരിയുടെ അമിതമായ വില കാരണവും ഉല്പന്നത്തിന്റെ വിലക്കുറവും നിമിത്തം കയർ വ്യവസായം ഏതാണ്ട് തകർന്നിരിക്കുന്നുവെന്നു പറയാം. പ്രധാനമായ മറ്റു വരുമാനമാർഗ്ഗങ്ങൾ ഒന്നും ഇല്ലാത്ത പഞ്ചായത്താണ് നമ്മുടേത്. അല്പം നികുതിയും സർക്കാർ ഗ്രാന്റുമാണ് നമ്മുടെ വരുമാനം. ആയതിലേക്ക് താഴെപറയുന്ന നിർദ്ദേശങ്ങൾ പരിഗണനാ അർഹി ക്കുന്നു.

## കയർ :

ഈ പഞ്ചായത്ത് അതിർത്തിയിൽ എത്ര റാട്ടു കൾ ഇന്നു പ്രവർത്തിക്കുന്നുവോ അത്രയും റാട്ടുകൾ ആണ്ടിൽ 300 ദിവസം പ്രവർത്തിപ്പിക്കാനാവശ്യമായ ചകിരി ഇവിടെത്തന്നെ ഉല്പാദിപ്പിച്ച് (പച്ചത്തൊണ്ട് തല്ലി അല്ലെങ്കിൽ ചകിരിയിറക്കി) ഇപ്പോൾ നില വിലുള്ള കയർസംഘങ്ങൾ വഴി ഉല്പാദകർക്ക് വിതര ണം ചെയ്യണം. ഉല്പാദിപ്പിക്കുന്ന കയർ സംഘം ശേഖ രിക്കുകയും വിപണനം നടത്തുകയും വേണം. ഇങ്ങ നെയായാൽ ഇടത്തട്ടുകാരെ ഒഴിവാക്കാനും ഉല്പാദകർ ക്കും തൊഴിലാളികൾക്കും ന്യായമായ വിലയും കൂലിയും ലഭിക്കുന്നതിനുമിടവരുന്നു. മാത്രമല്ല കയറി ന് വർഷംതോറും സർക്കാർ പ്രഖ്യാപിക്കാറുള്ള 20% റിബേറ്റ് ഉല്പാദകർക്കും തൊഴിലാളികൾക്കും ചെറിയൊ രംശം സംഘത്തിനും പഞ്ചായത്തിനും കൈവരിക്കാൻ കഴിയും.

## തൊഴിൽ നികുതി

ഈ ഇനത്തിൽ 91610.00 രൂപ കഴിഞ്ഞവർഷം ലഭിച്ചിട്ടുണ്ട്. ഇത് സർക്കാർ അർദ്ധസർക്കാർ മേഖല യിൽ പണിയെടുക്കുന്നവരിൽ നിന്ന് മാത്രമുള്ളതാണ്. വരുമാനമുള്ള തൊഴിലുള്ള എല്ലാവരേയും ക്ഷേമനിധി, ഇൻഷുറൻസ് തുടങ്ങിയ സ്കീമുകളിൽ ഉൾപ്പെടുത്തു കയും അവരിൽ നിന്ന് തൊഴിൽനികുതി ഈടാക്കു കയും വേണം.

## അറവുശാല

കഴിഞ്ഞവർഷം 98,550 രൂപയാണ് ആടുമാട് ഇറച്ചിവിൽക്കുന്നതിനുള്ള ലൈസൻസ് ഫീയായി പഞ്ചായത്തിനു ലഭിച്ചത്. പഞ്ചായത്തിനു സ്വന്തമായി അറവുശാലയില്ലാത്തതിനാൽ പലഭാഗത്തുവച്ചും ആടുമാടുകളെ അറുക്കുന്നതായും അതിന്റെ

അവശിഷ്ടങ്ങൾ പരിസ്ഥിതിപ്രശ്നങ്ങൾ ഉണ്ടാക്കുന്നതായും അറിയുന്നു. ആയതിനാൽ ഒരു അറവുശാല പഞ്ചായത്തിൽ ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. ആയതിലേക്ക് മൃഗഡോക്ടറുടെ സേവനം ഉപയോഗപ്പെടുത്തണം. ഈ രീതിയിൽ പഞ്ചായത്തിനു കൂടുതൽ വരുമാനമുണ്ടാക്കാൻ സാധിക്കും.

## ഗ്രന്ഥശാല

ഗ്രന്ഥശാലയുടെ പ്രവർത്തനം കാര്യക്ഷമമല്ല. 552 രൂപ മെമ്പർഷിപ്പിനത്തിൽ ലഭിച്ചിട്ടുണ്ട്. കൂടുതൽ അംഗങ്ങളെ ചേർക്കുകയും മൊബൈൽ യൂണിറ്റ് സ്ഥാപിക്കുകയും വേണം. ആയതിനായി മെമ്പർഷിപ്പ് കാമ്പയിൻ നടത്തി കൂടുതൽ അംഗങ്ങളെ ചേർക്കണം.

## റോഡ് റോളർ

30,000 രൂപ ചിലവഴിച്ചു വാങ്ങിയ റോഡ്റോളർ പഞ്ചായത്തിന്റെ അധീനതയിൽ ഇപ്പോൾ ഇല്ല. അത് പഞ്ചായത്തിൽ കൊണ്ടുവന്ന് വാടകയ്ക്കു നൽകണം. ഇത്രയും നാൾ ഉപയോഗിച്ചതിന് വാടകയും വാങ്ങണം.

## കെട്ടിട നികുതി

ഇപ്പോൾ നിലവിലുള്ള കെട്ടിടനികുതി ചുമഴ്ത്തിയിരിക്കുന്ന മാനദണ്ഡം ജനങ്ങൾക്ക് ബോദ്ധ്യമല്ല. നമ്മുടെ പഞ്ചായത്തിനുയോജിച്ച മാനദണ്ഡം ഏതാണെന്നു കണ്ടെത്താനും അതനുസരിച്ചു അസസ്സ് ചെയ്യാനും കഴിയണം. വീടിന്റെ സൗകര്യങ്ങൾ, സുഖഭോഗ വസ്തുക്കൾ, ആഡംബരങ്ങൾ ഇവകൂടി മാനദണ്ഡമാക്കണം. ഇത്തരം നികുതികൾ ചുമത്തുന്നതിലേക്കും ആയത് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിലേക്കും ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നത് നന്നായിരിക്കും. ഇത് ആക്ഷേപങ്ങളും അഴിമതിയും ഇല്ലാതാക്കാൻ സഹായകമാകും. കെട്ടിട നികുതിയിനത്തിൽ കഴിഞ്ഞവർഷം 1,51,765.00 രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്. ഒരു സബ് കമ്മിറ്റിയുടെ സഹായത്തോടെ മാനദണ്ഡപ്രകാരം പുനഃപരിശോധിച്ചാൽ 10% വർദ്ധനവ് ഈ കാര്യത്തിൽ വരുത്തുവാൻ കഴിയും. നികുതി ഒരു പ്രത്യേക സമയ പരിധിയ്ക്കുള്ളിൽ പിരിച്ചെടുക്കുവാനുള്ള സംവിധാനം ഉണ്ടാകണം.

## വിനോദനികുതി

ഈ ഇനത്തിൽ 51,020.50 രൂപാ കഴിഞ്ഞവർഷം പിരിഞ്ഞുകിട്ടിയിട്ടുണ്ട്. രണ്ട് സിനിമാ തിയേറ്ററുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. കൂടുതൽ കാര്യക്ഷമമായി പ്രവർത്തിച്ചാൽ ഈ വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയും. മണ്ണൂർ ചിറയിൽ ഇപ്പോഴുള്ള സ്റ്റേഡിയം ഉദ്ദേശിച്ച ഫലം ഉളവാക്കാനുതകുന്നില്ല. ആയത് പഞ്ചായത്തിനു വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ ഓഫീസ് സമുച്ചയം നിർമ്മിക്കുന്നതിനായി ഉപയോഗിക്കുകയും ജവാൻമുക്കിൽ കൃഷി ചെയ്യാതെ കിടക്കുന്ന വയൽ വാങ്ങി ഗ്യാലറികൾ ഉള്ള ഒരു സ്റ്റേഡിയം നിർമ്മിച്ചാൽ Shopping Complex ഉം അതിനോട് ചേർന്ന് പ്രവർത്തിപ്പിക്കാം. ഗതാഗതസൗകര്യമുള്ളതിനാൽ മറ്റു പരിപാടികളും അവിടെ നടത്താൻ കഴിയും. നികുതിയും ചുമത്താം.

## മാർക്കറ്റ്

43942 രൂപ Gate fee ഇനത്തിൽ ലഭിച്ചു. പ്രാക്കുളത്ത് ഒരു Private Market ആണ് നില വിലുള്ളത്. ആയതിലേക്ക് രൂപ 1200 മാത്രമാണ് ലഭിച്ചത്. അവിടെയും പഞ്ചായത്തടിസ്ഥാനത്തിൽ ഒരു മാർക്കറ്റുണ്ടാകണം. കാഞ്ഞിരംകുഴിയിലെ അനധികൃതമാർക്കറ്റ് മലിനീകരണത്തിനിട നൽകാത്ത നിലയിൽ അധികൃതമാക്കി ഏറ്റെടുത്തു നടത്തണം.

## വാടക.

പഞ്ചായത്തു ബിൽഡിംഗിൽ പ്രവർത്തിക്കുന്ന കടകൾക്ക് നിലവിലുള്ള വാടക അപര്യാപ്തമാണ്. അത് പരിഷ്കരിക്കണം. 19464 രൂപയാണ് ആ ഇനത്തിൽ കഴിഞ്ഞവർഷം പിരിഞ്ഞുകിട്ടിയത്. അത് പരിഷ്കരിക്കുന്നതിലൂടെ വരുമാനം വർദ്ധിപ്പിക്കാം.

## ബാങ്ക് ഫൈനാൻസിയേഴ്സ്

ഒരു Schedule Bank ഉം ഒരു സഹകരണ ബാങ്കും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. കയർ സഹകരണസംഘം ഹരിജൻ സഹകരണ സംഘം തുടങ്ങിയവയും പ്രവർത്തിക്കുന്നുണ്ട്. ഈ സംഘങ്ങളുടെ പ്രവർത്തനം ഒന്നും തന്നെ തൃപ്തികരമല്ല, നിക്ഷേപങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വായ്പ വളരെ കുറവാണ്. സാങ്കേതിക തടസ്സങ്ങളും വായ്പാ

വിതരണത്തിൽ പ്രശ്നം സൃഷ്ടിക്കുന്നുണ്ട്. ഈ സന്ദർഭത്തിലാണ് അധികൃതവും അനധികൃതവുമായ സ്വകാര്യ ധനകാര്യസ്ഥാപനങ്ങൾക്ക് പ്രാധാന്യം വർദ്ധിച്ചത്.

- കയർ ഉല്പന്നങ്ങൾ, ചകിരിച്ചോറ് ഉപയോഗിച്ചുള്ള ഉല്പന്നങ്ങൾ തുടങ്ങിയവ പഞ്ചായത്തടിസ്ഥാനത്തിൽ നിർമ്മിക്കുവാനുള്ള സ്ഥാപനങ്ങൾ ഉണ്ടാകേണ്ടതാണ്. ഇത് തൊഴിലില്ലായ്മ പരിഹരിക്കാനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനും വരുമാനം ഉണ്ടാക്കാനും ഉതകും.
- വികസന പ്രവർത്തനങ്ങൾക്കാവശ്യമായിവരുന്ന മാനുഷികശേഷി സന്നദ്ധസംഘടനകൾ, കലാസാംസ്കാരിക സംഘടനകൾ തുടങ്ങിയവവഴി സംഭരിക്കേണ്ടതാണ്. ഓരോ പ്രവർത്തനങ്ങൾക്കും അതാത് പ്രദേശത്തെ സംഘടനകളിൽ നിന്നും കുറഞ്ഞത് 10 പേരുടെയെങ്കിലും നിർബന്ധവും സൗജന്യവുമായ സേവനം ഉറപ്പാക്കണം. കൂടുതൽപേരെ ആത്മാർത്ഥമായി പങ്കെടുപ്പിക്കുന്ന സംഘടനകളെ അംഗീകരിക്കുകയും അർഹിക്കുന്ന പ്രോത്സാഹനം നൽകുകയും വേണം.
- തരിശുഭൂമികൾ കണ്ടെത്തി കൃഷിചെയ്യാൻ പ്രോത്സാഹിപ്പിക്കണം. പച്ചക്കറിക്കൃഷിക്കു പറ്റിയ സ്ഥലങ്ങൾ കണ്ടെത്തി സന്നദ്ധരായവരെക്കൊണ്ട് കൃഷിചെയ്യിക്കണം. ആയതിലേക്ക് ആവശ്യമായ വിത്തും വളവും സൗജന്യനിരക്കിലോ സൗജന്യമായോ നൽകണം. കൃഷി ഉദ്യോഗസ്ഥരുടെ സേവനം കൃഷിസ്ഥലങ്ങളിൽ ഉറപ്പാക്കണം.
- ഉല്പന്നങ്ങൾ വിറ്റഴിക്കാൻ ഒരു വിപണനകേന്ദ്രം പഞ്ചായത്തടിസ്ഥാനത്തിൽ തുടങ്ങണം.
- പഞ്ചായത്തടിസ്ഥാനത്തിൽ ഒരു വ്യവസായ യൂണിറ്റ് തുടങ്ങുകയും ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനാവശ്യമായ വിപണി കണ്ടെത്തുകയും വേണം (eg. Electric & Electronics).
- നമ്മുടെ പഞ്ചായത്തിൽ അനധികൃത പണമിടപാടുകാർ ധാരാളം പ്രവർത്തിക്കുന്നുണ്ട്. അമിതമായ പലിശ സാധാരണക്കാരിൽ നിന്നും ഈടാക്കുന്നുമുണ്ട്. ആയതിന് പരിഹാരമായി ഒരു ധനകാര്യസ്ഥാപനം തുടങ്ങുന്നത് നന്നായിരിക്കും. രാവിലെ 6 മണിമുതൽ 10 മണിവരെയും വൈകിട്ട് 4 മണിമുതൽ 8 മണിവരെയും പ്രവർത്തിക്കുന്നതായിരിക്കണം. ഞായർ തുടങ്ങിയ പൊതു ഒഴിവുദിവസങ്ങളിലും ഇത് പ്രവർത്തിക്കണം. Instalment ആയി പണം തിരികെ നൽകുന്നതിനും സ്വർണ്ണപണ്ടത്തിന്മേൽ പണം കടംകൊടുക്കുന്നതിനും വ്യവസ്ഥയുണ്ടാകണം. സാങ്കേതിക തടസ്സങ്ങൾ ഉണ്ടാകരുത്. ഇത് ഒരു പ്രധാന വരുമാനമാർഗ്ഗമാണ്.
- ബാങ്കുകളിലെ നിക്ഷേപങ്ങൾ, ദേശീയ സമ്പാദ്യപദ്ധതി തുടങ്ങിയവയിൽ കൂടുതൽ ആൾക്കാരെ ആകൃഷ്ടരാക്കുകയും നിക്ഷേപത്തിന്റെ 80% വരെയും പഞ്ചായത്തിലെ വികസനപ്രവർത്തനങ്ങൾക്ക് ചെലവഴിക്കത്തക്ക നിലയിൽ വായ്പാവ്യവസ്ഥകൾ പരിഷ്ക്കരിക്കണം.
- പഞ്ചായത്തിലെ പുറമ്പോക്കുകൾ കൈവശക്കാരിൽ നിന്നും തിരിച്ചെടുക്കുക. അല്ലെങ്കിൽ കൈവശക്കാരിൽ നിന്നും ഒരു നിശ്ചിതമാനദണ്ഡത്തിൽ പണം ഈടാക്കി പട്ടയംകൊടുക്കാനുള്ള വ്യവസ്ഥയുണ്ടാക്കുക.
- ജനങ്ങളുടെ പൊതുസ്വത്തായ കായൽ നികത്തി സ്വകാര്യമായിവച്ചനുഭവിക്കുന്നവരിൽനിന്നും അനധികൃതമായി അവർ നികത്തിയെടുത്ത സ്ഥലത്തിന്റെ വിസ്തൃതികണ്ടുപിടിച്ച് ഒരു നിശ്ചിതസംഖ്യ സെന്റൊന്നിന് എന്ന ക്രമത്തിൽ ഈടാക്കി പട്ടയം നൽകാനുള്ള ഏർപ്പാടുണ്ടാക്കണം. Revenue വകുപ്പിന്റെ അനുവാദവും വാങ്ങണം. ഈ ഇനത്തിൽ ചുരുങ്ങിയത് ഒരുകോടിരൂപയെങ്കിലും സ്വരൂപിക്കാം. ഈ തുക മുമ്പുപറഞ്ഞ പ്രവർത്തനങ്ങൾക്കുപയോഗിക്കാവുന്നതാണ്.
- ഏതാണ്ട് 700 - ൽ പരം പേർ പുറംനാടുകളിൽ പണിയെടുക്കുന്നവരായി ഈ പഞ്ചായത്തിലുണ്ട്. അവരിൽ നിന്നും പഞ്ചായത്ത് Bond-ന്മേൽ 50 ലക്ഷംരൂപാ 5½ വർഷക്കാലത്തേക്ക് ബാങ്ക് റേറ്റിൽ പലിശകൊടുക്കത്തക്കവ്യവസ്ഥയിൽ കടംവാങ്ങുക. 25 ലക്ഷം സഹകരണവികാസ്പത്രയിൽ നിക്ഷേപിക്കുക. 25 ലക്ഷംരൂപാകൊണ്ട് കാഞ്ഞിരംകുഴിഭാഗത്ത് ഒരു Shopping Complex ഉം Community Hall ഉം സ്ഥാപിക്കുക. അതിൽ നിന്നുള്ള വരുമാനം നൽകുന്നതിലേക്കും നിക്ഷേപിച്ച 25 ലക്ഷം 50 ലക്ഷമായി മടക്കിക്കിട്ടുമ്പോൾ

ബാദ്ധ്യത തീർക്കാവുന്നതുമാണ്. തുടർന്നങ്ങോട്ടു ള്ള വരുമാനവും സ്ഥാപനവും പഞ്ചായത്തിന്റെ മുതൽക്കൂട്ടായിരിക്കും.

- പഞ്ചായത്തതിർത്തിയിലുള്ള ട്യൂട്ടോറിയലുകൾ, നഴ്സറികൾ ഇവകളുടെ വരുമാനത്തിന്റെ 5% പഞ്ചായത്ത് ടാക്സ് ആയി ഈടാക്കണം.
- ആരാധനാലയങ്ങളിലെ വരുമാനം തിട്ടപ്പെടുത്തി വരുമാനത്തിന്റെ 10% നാടിന്റെ വികസനപ്രവർത്ത നങ്ങൾക്കായി ഈടാക്കണം.
- വളർത്തുനായ്ക്കൾക്കുള്ള ലൈസൻസും കുത്തിവ യ്പും നിർബന്ധമാക്കുകയും ആണ്ടിൽ 100 രൂപ സെസ് ഏർപ്പെടുത്തുകയും വേണം.
- മോട്ടോർ ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽനിന്നും സെസ്സ് ഏർപ്പെടുത്തണം.
- കേബിൾ ടി.വി. ഓപ്പറേറ്ററിൽ നിന്നും connection ഒന്നിന് ഒരു നിശ്ചിതസംഖ്യ പഞ്ചായത്ത് ഈടാ ക്കണം.
- പഞ്ചായത്ത് റോഡ് കായലിൽ ചെന്നവസാനി ക്കുന്ന കടവുകൾ ലേലംചെയ്തു കൊടുക്കണം. അതിനോടുചേർന്നുള്ള പുറമ്പോക്കുസ്ഥലം പഞ്ചായത്തധീനതയിലാക്കണം. രണ്ടു കടവുകൾ ലേലംചെയ്തവകയിൽ 4660 രൂപ കഴിഞ്ഞവർഷം ലഭിച്ചു. കോൽപ്പാടത്തുകടവ്, സംഘക്കടവ്, അഷ്ടമുടിക്കടവ്, മുക്കേൽക്കടവ്, സാമ്പ്രാണി ക്കോടി തുടങ്ങിയവ ലേലംചെയ്തുകൊടുക്കണം.
- പുറമ്പോക്കിൽ നിൽക്കുന്ന ഫലവൃക്ഷങ്ങൾ കുത്ത കപ്പാട്ടവ്യവസ്ഥയിൽ ലേലംചെയ്യുകയും വൻ വൃക്ഷങ്ങൾ ലേലംചെയ്ത് മുറിച്ചുകൊടുക്കേണ്ടതു മാകുന്നു.
- കൊഞ്ച്, ഞണ്ട്, കക്ക, മുരിങ്ങ ഇവ സംസ്കരിച്ച് വ്യാപാരം നടത്തുന്നവരിൽ നിന്നും നികുതി ഈടാ ക്കണം.
- അന്യസംസ്ഥാനങ്ങളിൽ നിന്നും ചകിരി യഥേഷ്ടം കൊണ്ടുവന്ന് വില്പന നടത്തുന്നവരിൽ നിന്നും ലോഡ് ഒന്നിന് എന്ന ക്രമത്തിലും കയർമാട്ടു കാരിൽ നിന്നും ക്വിന്റൽ ഒന്നിന് എന്ന ക്രമത്തിലും സെസ്സ് ഈടാക്കാം.
- സ്വകാര്യ അനധികൃത പണമിടപാടുകാരിൽ നിന്നും (ചിട്ടി, ബ്ലേഡ്, പണയം etc) സെസ്സ് ഈടാക്കാം.
- പഞ്ചായത്തതിർത്തിയിൽ പ്രൈവറ്റ്ബസ്സ് സ്റ്റാന്റ് ചെയ്യുന്നതിന് ദിവസം ഒരു നിശ്ചിതസംഖ്യ ഈടാക്കാം
- നമ്മുടെ പഞ്ചായത്തിൽ ലൈസൻസ് സമ്പ്രദായം പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല. ആയത് പൂർണ്ണ മായും നടപ്പാക്കണം.
- ചെറുകിട വ്യവസായയൂണിറ്റുകളിൽ നിന്നും കരം ഈടാക്കാം.
- ഗ്രാന്റുകൾ സർക്കാർതലത്തിലനുവദിക്കുന്നത് ജനസംഖ്യ, തൊഴിൽസാദ്ധ്യതകൾ, സ്ത്രീകൾ, അഭ്യ സ്തവിദ്യരായ തൊഴിലില്ലാത്തവരുടെ എണ്ണം, പട്ടികജാതിക്കാർ തുടങ്ങിയ മാനദണ്ഡം ഉപയോ ഗിച്ച് വിതരണം ചെയ്യാനുള്ള ഏർപ്പാടുകൾ ഉണ്ടാ കണം.
- വരുമാനമുള്ള മുഴുവൻ ആൾക്കാരിൽ നിന്നും നികുതി ഈടാക്കാൻ സാധിക്കണം.
- നികുതിദായകർ ജനങ്ങളായതിനാൽ അതിന്റെ ഉപയോഗവും ജനങ്ങൾക്ക് ബോദ്ധ്യപ്പെടണം. ആയതിലേക്ക് പക്ഷപാതരഹിതവും നിഷ്പക്ഷ വുമായ ഒരു രീതിയായിരിക്കണം അവലംബിക്കേ ണ്ടത്. വികസനപ്രവർത്തനങ്ങളിൽ ജനപങ്കാളി ത്തം ഉറപ്പുവരുത്തണം. ഏറ്റവും വലിയ വിഭവമായ മനുഷ്യ വിഭവം ആ പങ്കാളിത്തത്തിലൂടെ മാത്രമേ ഉറപ്പിക്കാനാകുകയുള്ളൂ.
- പഞ്ചായത്തിൽ ആവശ്യക്കാർക്കുമുഴുവൻ പൈപ്പ് കണക്ഷൻ നൽകണം.
- വിവാഹങ്ങൾക്ക് രജിസ്ട്രേഷൻഫീസ് ഏർപ്പെടു ത്തുക.

## വരവ് സംബന്ധിച്ച വിവരങ്ങൾ 1995 – 96

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിടനികുതി | 151765.00 | 151765.00 | NIL |
| സർവ്വീസ് ചാർജ്ജ് | 51120.45 | 51120.45 | |
| തൊഴിൽ നികുതി | 90610.10 | 90610.10 | |
| വാഹനനികുതി | – | – | |
| വിനോദനികുതി | 28724.00 | 28724.00 | – |
| അഡി. വിനോദനികുതി | 17454.00 | 17454.00 | – |
| പ്രദർശന നികുതി | 3874.10 | 3874.10 | |
| പ്രദർശന നികുതിയിലുള്ള സർച്ചാർജ്ജ് | 968.50 | 968.50 | |
| ചന്തവരവ് | 1,16,517.10 | 1,16,517.10 | |
| ലൈസൻസ് ഫീസ് | 8594.00 | 8594.00 | |
| കെട്ടിടനികുതി സർചാർജ്ജ് | – | – | |
| വസ്തുകൈമാറ്റ നികുതി 75% | 2,33,113.00 | 2,33,113.00 | |
| വസ്തുകൈമാറ്റ നികുതി 25% | 1,10,000.00 | 1,10,000.00 | |
| സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ | 1,49,495.10 | 1,49,495.10 | |
| സംഭാവന | – | – | |
| ഡെപ്പോസിറ്റ് | 12,934.10 | 12,934.10 | |
| മറ്റുള്ളവ | 3,39,095.85 | 3,39,095.85 | |
| ആകെ | 12,14,265.30 | 13,14,265.30 | NIL |

# ഉപസംഹാരം

കേരള സംസ്ഥാനം ഒമ്പതാം പഞ്ചവത്സര ദ്ധതി ഒരു പരീക്ഷണപദ്ധതിയായി കൈകാര്യം ചെയ്യുകയാണ്. മൊത്തം പദ്ധതി അടങ്കലിന്റെ 40% തല പഞ്ചായത്തിന്റെ നേതൃത്വത്തിലുള്ള വികസന ിപാടികൾക്കായി മാറ്റിവയ്ക്കുന്നുണ്ട്. 1997 മാർച്ച് സത്തിൽ അവസാനിക്കുന്ന എട്ടു പഞ്ചവൽസര ദ്ധതികളിലുമായി 14800 കോടി രൂപയുടെ പദ്ധതി ചലവിന്റെ സ്ഥാനത്ത് 9-ാം പദ്ധതിക്കാലത്ത് 15,000 ാടി രൂപ ചിലവാക്കാൻ സംസ്ഥാനത്തിനു കഴിയും. ിഞ്ഞ 48 വർഷക്കാലത്തിനിടയ്ക്ക് ചെലവഴിച്ച ാത്തം തുകയെക്കാൾ കൂടുതൽ തുക വരുന്ന 5 ർഷക്കാലത്തെ 9-ാം പദ്ധതിയിൽ വിനിയോഗിക്കാം. 0 മുതൽ 5000 കോടി രൂപവരെ ജനകീയ പങ്കാളി ത്തോടെയുള്ള ആസൂത്രണപദ്ധതികൾ അർപ്പണ ബാധത്തോടെ നടത്തുവാൻ ചിലവഴിക്കുമ്പോൾ രളത്തിലെ സാമൂഹ്യരംഗത്ത് വിപ്ലവകരമായ മാറ്റ ങ്ങളുണ്ടാക്കുവാൻ നമുക്കു കഴിയും. കഴിയണം.

പകൽ വെളിച്ചത്തിൽ വിളക്കുമായി നടന്ന റെ സത്യാന്വേഷികളുടെ കൂട്ടായ്മയാണ് ഈ പ്പോർട്ട്. വെളിച്ചങ്ങളെല്ലാം എത്ര ഇരുണ്ടതായിരു ു എന്നു ഇവിടെ കണ്ടെത്തുന്നു. പുതിയ പ്രഭാതം ാടി അലഞ്ഞിരുന്ന പഴയ യാത്രക്കാർ ഊഹിക്കുക ത്രം ചെയ്തിരുന്ന കുഴികളും കുരുക്കുകളും ഇവിടെ ിരിച്ചറിഞ്ഞു തുടങ്ങുന്നു.

തിരിച്ചറിഞ്ഞ പ്രശ്നങ്ങളുടെ പട്ടിക പൂർണ്ണമല്ലെ റിയാം. നിർദ്ദേശിക്കപ്പെട്ട പരിഹാരമാർഗ്ഗങ്ങൾ രാണു നടപ്പിലാക്കുക എന്നതു പ്രധാനപ്പെട്ട ശ്നം തന്നെയാണ്. നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ കസനമേഖലയെയും സേവനമേഖലയെയും മെച്ച പ്പെടുത്താൻ ഈ സമഗ്രവികസന രേഖയിലൂടെ നാം ുന്നോട്ടുവച്ച നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തേണ്ടതും ം തന്നെയാണ്.

പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണ ിൽ ഊന്നൽ കൊടുത്തുകൊണ്ടുള്ള ഒരു വികസന ർഗ്ഗരേഖയാണ് ഈ റിപ്പോർട്ട്. സ്ഥിതിവിവരശേഖര ണം പൂർണ്ണമായിട്ടില്ല. ഒരു സമഗ്രസ്ഥിതിവിവരശേഖ രണം തുടർ പ്രവർത്തനം എന്ന നിലയിൽ നമ്മുടെ ഗ്രാമത്തിലെ സാംസ്കാരിക സന്നദ്ധ സംഘടനകളുടെ സഹായത്തോടുകൂടി ഉൽതന്നെ നടത്തുന്നതാണ്.

ജനകീയാസൂത്രണം, ജനോപകാരപ്രദമായ ജന കീയ പദ്ധതികൾ വേഗത്തിൽ സുതാര്യതയോടെ ഫല പ്രദമായി നടപ്പാക്കാനുള്ള സാമൂഹ്യായുധമാണ്. നമ്മുടെ പഞ്ചായത്തിലെ ജനത കക്ഷിരാഷ്ട്രീയത്തിന തീതമായി ഒരു വികസന രാഷ്ട്രീയ ലക്ഷ്യത്തോടെ പ്രവർത്തിച്ചാൽ നമ്മുടെ 'വികസനരേഖ' പൂർണ്ണ മായും നടപ്പിലാക്കാൻ കഴിയുമെന്ന കാര്യത്തിൽ രണ്ട ഭിപ്രായത്തിനിടയില്ല.

ഈ പ്രതീക്ഷ ക്രമാനുഗതം നിറവേറ്റാൻ കഴിയു മെന്ന പ്രത്യാശയോടെ ഈ 'സമഗ്രവികസനരേഖ' തൃക്കരുവാ ഗ്രാമപഞ്ചായത്ത് വികസനസെമിനാറിന് മുമ്പാകെ ക്രിയാത്മകമായ ചർച്ചയ്ക്കും നിർദ്ദേശങ്ങൾ ക്കും വേണ്ടി സമർപ്പിക്കുന്നു.

> ജനകീയാസൂത്രണത്തിലൂടെ കേരളത്തിന്റെ സാമ്പത്തികമുഖം മാറ്റിയെടുക്കുവാൻ സാധിക്കും. ഉല്പാദനപ്രക്രിയയിൽ പ്രായോഗികാനുഭവങ്ങളുള്ള ദരിദ്രവിഭാഗങ്ങളെയും, ആ പ്രക്രിയയുടെ രാഷ്ട്രീയ വും, വൈജ്ഞാനികവും, സാങ്കേതികവുമായ അറി വുള്ള വിദഗ്ദ്ധരെയും തമ്മിൽ ബന്ധപ്പെടുത്തലാ ണ് ജനകീയാസൂത്രണത്തിന്റെ കാതലായ ഭാഗം. അതു ഉല്പാദനമേഖലയെ തീർച്ചയായും ത്വരിതപ്പെ ടുത്തും.
>
> അധികാര വികേന്ദ്രീകരണവും കേരളത്തിലെ ഒമ്പതാം പദ്ധതിയും ഇന്ത്യയിലെ ഇതര സംസ്ഥാന ങ്ങൾക്കു മാതൃകയാവും. ആത്യന്തികമായ വികസ നമാവണം ലക്ഷ്യം. അതിനു രാഷ്ട്രീയമായ വിട്ടു വീഴ്ചകൾക്കു തയ്യാറാവണം. കക്ഷിരാഷ്ട്രീയത്തി നതീതമായ ഒരു വികസന രാഷ്ട്രീയം ഉണ്ടാവണം.
>
> ഇ.എം.എസ്.

# അണിയറ ശില്പികൾ

കെ. ചന്ദ്രശേഖരൻപിള്ള – ചെയർമാൻ
കെ. രാധാകൃഷ്ണൻ – കൺവീനർ (DRP)
ജി.കെ. ഗിരീശചന്ദ്രൻ നായർ (DRP)
പി.കെ. ജയരാജ് (DRP)
എസ്. ജമാലുദീൻ (DRP)
സുഭാഷ്ചന്ദ്രബോസ് (CESS)
എൻ. രാമാനുജപ്പണിക്കർ
കെ. ഗോപിനാഥൻപിള്ള
പി. അരവിന്ദാക്ഷൻപിള്ള
റ്റി.എസ്. ബാലകൃഷ്ണപിള്ള
എം. കബീർ
കെ. ചന്ദ്രബാബു
അബുബേക്കർകുട്ടി
കെ. രാമചന്ദ്രൻപിള്ള
കുട്ടൻപിള്ള
ഡോ. എം.കെ. ശ്രീദേവി
എൽ. സരസ്വതീഭായി
റ്റി. സതി സദാശിവൻ
കെ.കെ. രാജേന്ദ്രൻ
റ്റി.ഡി. സദാശിവൻ
കണ്ണമത്തു മുഹമ്മദ്കുഞ്ഞ്
ജോർജ്ജ് വെൻസർ
കെ. സുദേവൻ
കെ.കെ. രവീന്ദ്രൻ നായർ
അബ്ദുൽ ലത്തീഫ്
വിശ്വനാഥപിള്ള
എൻ.സി. പിള്ള
രാമസ്വാമി
ജെ. ബൈജു
ജോൺസൻ ബാബു
അങ്കണവാടി ജീവനക്കാർ

*ഇവരെ നന്ദിയോടെ സ്മരിക്കുന്നു.*

# അധികാരം ജനങ്ങളിലേക്ക്
# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

ഒമ്പതാം പദ്ധതിയുടെ 35-40 ശതമാനം തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്

ആസൂത്രണത്തിലും നിർവ്വഹണത്തിലും വിപുലമായ ജനപങ്കാളിത്തം

ജനലക്ഷങ്ങൾ ഒത്തൊരുമയോടെ കർമ്മരംഗത്തേക്ക്

ആസൂത്രണം താഴെത്തട്ടിൽ നിന്നും മുകളിലോട്ട്



**ഗ്രാമങ്ങളെ അവയുടെ ദാരിദ്ര്യത്തിൽ നിന്നു**

**മോചിപ്പിക്കുന്നതിൽ ഞാൻ വിജയിക്കുമ്പോൾ**

**ഞാൻ സ്വാതന്ത്ര്യം കൈവരിച്ചിരിക്കും**

ഇല്ലസ്ട്രേഷൻ : കെ.വി.ജ്യോതിലാൽ
ടൈപ്പ്സെറ്റിംഗ് : കോറസ് ഡിറ്റിപി
അച്ചടി : ചമയം, അഞ്ചാലുംമൂട്